# കരയോഗ സൗഹൃദം

സത്യം പരം ധീമഹി
Rs. 6
മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം
Pages 68
വാല്യം - 12
ലക്കം - 8
കർക്കടകം - 1194
ആഗസ്റ്റ് 2019



## എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറത്തിന്റെ 21-ാമത് വാർഷികാഘോഷം
















എറണാകുളം കരയോഗത്തിന്റെ 2019 ലെ നവരാത്രി ആഘോഷ മത്സരങ്ങൾ പ്രസിഡന്റ് ശ്രീ.കെ.പി.കെ.മേനോൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു



രാമായണമാസാചരണത്തിന്റെ ഭാഗമായി ശ്രീ.എൻ.ടി.കാർത്തികേയന്റെ നേതൃത്വത്തിൽ എറണാകുളം കരയോഗം സംഘടിപ്പിച്ച സമ്പൂർണ്ണ രാമായണ പാരായണം.



രുദ്രവിലാസം യു പി സ്കൂൾ വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങളും യൂണിഫോമും പ്രധാനാദ്ധ്യാപിക കരയോഗം പ്രസിഡന്റ് ശ്രീ. കെ.പി.കെ. മേനോനിൽ നിന്നും ഏറ്റുവാങ്ങുന്നു



എഡിറ്റോറിയൽ

# സ്വാതന്ത്ര്യദിന ചിന്തകൾ

1947 ആഗസ്റ്റ് 15. ഭാരതചരിത്രത്തിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തിയിരിക്കുന്ന സുദിനം. വൈദേശികരുടെ കിരാതവാഴ്ചയിൽ നിന്നും ഭാരതം മോചിതമായ പുണ്യദിനം -അടിമത്വത്തിന്റെ ചങ്ങല അറുത്തെറിഞ്ഞ് സ്വാതന്ത്ര്യത്തിന്റെ പൊൻപുലരിയിലേക്ക് കാലെടുത്തു വെച്ച, സ്വാഭിമാനത്തിന്റെ പ്രതീകമായ ത്രിവർണ്ണ പതാക റെഡ്ഫോർട്ടിൽ ഉയർത്തിയ അവിസ്മരണീയ ദിനം. ഇതാ ഈ വർഷത്തെ ആഗസ്റ്റ് 15 സമാഗതമായിരിക്കുന്നു. സ്വതന്ത്രഭാരതത്തിന്റെ 73-ാം പിറന്നാൾ. നാം ഇന്ന് അനുഭവിക്കുന്ന ഈ സ്വാതന്ത്ര്യം നമുക്ക് നേടിത്തന്ന, അതിനുവേണ്ടി അക്ഷീണം പടപൊരുതുകയും ജീവത്യാഗം ചെയ്യുകയും ചെയ്ത ആയിരക്കണക്കിനുള്ള സ്വാതന്ത്ര്യസമര യോദ്ധാക്കളുടെ വീരസ്മരണയ്ക്കു മുമ്പിൽ ആദരാജ്ഞലികൾ അർപ്പിച്ചുകൊണ്ട് നമുക്കുവേണ്ടി ബലിദാനികളായ ആ പുണ്യാത്മക്കളുടെ ഭാവനയിൽ ഉണ്ടായിരുന്ന ഭാരതത്തെ കെട്ടിപടുക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ എന്നൊന്ന് പരിശോധിക്കാം. ഇത്രയും കാലത്തിനുശേഷം ഒരു തിരിഞ്ഞു നോട്ടം ഒരു വിലയിരുത്തൽ ആവശ്യമില്ലേ?

72 വർഷങ്ങൾക്കു മുമ്പുള്ള നാടിന്റെ അവസ്ഥയിൽ നിന്നും നാം ഒട്ടേറെ മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വളരെയേറെ മുന്നേറിയിട്ടുണ്ട് എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്. ശാസ്ത്രസാങ്കേതിക മേഖലകളിൽ, പ്രതിരോധ മേഖലകളിൽ, ഗതാഗത മേഖലകളിൽ എന്നു വേണ്ട മാനവപുരോഗതിക്കുതകുന്ന ഒട്ടേറെ കാര്യങ്ങളിൽ നമുക്ക് ഏറെ മുന്നേറാൻ സാധിച്ചിട്ടുണ്ട്. എന്നന്നാൽ ഒരു സ്വതന്ത്ര ജനാധിപത്യ മതേതര രാജ്യത്ത് അവശ്യം ഉണ്ടായിരിക്കേണ്ട, നമ്മുടെ പൂർവ്വികർ ഏറെ ആഗ്രഹിച്ചിരുന്ന തുല്യനീതിയും അവസരസമത്വവും ഇവിടെയുണ്ടോ? ഇല്ല എന്നുള്ളത് നിസ്തർക്കമാണ്. ഒരു പൊതുസമൂഹമെന്ന നിലയിൽ ഒരു രാജ്യത്തെ മുഴുവൻ ജനതയും ഒന്നായി നിലക്കൊള്ളണമെങ്കിൽ എല്ലാവർക്കും ബാധകമായ ഒരു പൊതുനിയമസം

# ഉള്ളടക്കം

വാല്യം 12 | ലക്കം 8 | ഓഗസ്റ്റ് 2019


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 10 |
| വാസ്തു | 11 |
| ഭാരതത്തിലെ ഋഷികവികൾ | 13 |
| ക്ഷേത്രങ്ങളിലൂടെ | 18 |
| മഹാഭാരതം | 21 |
| ഹരിസുധാലഹരി | 24 |
| പാതഞ്ജലയോഗ ദർശനം | 25 |
| ചാക്യാർകൂത്ത് | 28 |
| വേനലിൽ പൂത്ത സ്വപ്നങ്ങൾ | 29 |
| കിളിപ്പാട്ട് | 33 |
| ബ്ലഡ് കാൻസർ | 34 |
| രാഷ്ട്രനിർമ്മാണത്തിൽ ശാസ്ത്രത്തിനുള്ള പങ്ക് | 36 |
| അഷ്ടമിരോഹിണി മഹോത്സവം | 38 |
| സംസ്കൃതം അന്നും ഇന്നും | 39 |
| ആരാണ് നായർ? (ഭാഗം-1) | 43 |
| പഞ്ചതന്ത്രം | 46 |
| വള്ളത്തോൾ കവിതയും ജീവിതവും | 48 |
| പ്രശ്ന ശാസ്ത്രം | 50 |
| നാഗരീകത നാഡീകോശങ്ങളിലൂടെ | 53 |
| ജഗദ്ഗുരുശ്രീ ശങ്കരാചാര്യർ | 56 |
| കർക്കടക ചിന്തകൾ | 57 |
| മാസഫലം | 59 |
| മാട്രിമോണിയൽ | 60-66 |


കവർചിത്രം: *വാമന മൂർത്തി*

## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

ഹിതയുണ്ടായിരിക്കണം. എന്നാൽ സ്വാതന്ത്ര്യം കിട്ടിയിട്ട് 72 വർഷങ്ങൾ കഴിഞ്ഞിട്ടും നമുക്ക് ഇതുവരെ ഒരു പൊതുസിവിൽകോഡ് രൂപപ്പെടുത്തുവാനോ, നടപ്പാക്കുവാനോ കഴിഞ്ഞിട്ടില്ല എന്നുള്ളത് ഏറെ നിർഭാഗ്യകരമാണ്. ഇന്നും ഇവിടെ ഈ നാട്ടിലെ ജനതയെ ഹിന്ദുവെന്നും കൃസ്ത്യാനിയെന്നും മുസ്ലീമെന്നും പാഴ്സിയെന്നും ബുദ്ധമതാനുയായി എന്നുമൊക്കെ പറഞ്ഞ് മതത്തിന്റെ പേരിൽ വിഭജിച്ച് , മതാടിസ്ഥാനത്തിൽ സിവിൽ നിയമങ്ങൾ നടപ്പാക്കുന്നു. ഇതുമൂലം ന്യൂനപക്ഷം എന്ന പേരിൽ ഒരു വിഭാഗം ഏറെ ആനുകൂല്യങ്ങൾ നേടിയെടുക്കുകയും അവകാശങ്ങൾ ഉന്നയിക്കുകയും ചെയ്യുന്നു. അത് ന്യൂനപക്ഷ ധ്രുവീകരണത്തിലേക്ക് കൊണ്ടെത്തിക്കുന്നു എന്നു മാത്രമല്ല, ചിലയിടങ്ങളിലെങ്കിലും ദേശവിരുദ്ധ, രാജ്യദ്രോഹ, വിഘടനവാദപ്രവർത്തനങ്ങളിൽ എത്തിനില്ക്കുന്നുവെന്നുള്ളത് ഏറെ ഗൗരവതരമായി കണക്കിലെടുക്കേണ്ട വസ്തുതയായി മാറിയിരിക്കുന്നു. ഈ നാടിന്റെ അഖണ്ഡത എന്നെന്നും യാതൊരു കോട്ടവും കൂടാതെ നിലനില്ക്കണമെങ്കിൽ, ജനങ്ങളെ പല തട്ടുകളിലാക്കുന്ന, പലർക്കും പല സിവിൽ നിയമങ്ങളെന്നുള്ളിടത്തു നിന്നും 'ഒരു ജനത ഒരു നിയമം' എന്ന മഹത്തായ തത്ത്വത്തിലെത്തിച്ചേരേണ്ടിയിരിക്കുന്നു. അതിനായി അടിയന്തിരമായി തന്നെ നിയമനിർമ്മാണങ്ങളുണ്ടാവണം. അത് ഈ നാടിന്റെ നിലനില്പിന് അത്യന്താപേക്ഷിതമാണ്.

ഇനി മറ്റൊന്ന്. നമ്മുടേത് ഒരു മതേതര രാജ്യമാണല്ലോ? അപ്പോൾ എല്ലാ ജാതിയിലും മതത്തിലും പെട്ട എല്ലാ ജനവിഭാഗങ്ങൾക്കും എല്ലാ കാര്യങ്ങളിലും അവസരസമത്വമുണ്ടായിരിക്കേണ്ടതല്ലേ ? എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം, നമ്മുടെ ഭരണാരംഭം മുതൽതന്നെ  ജാതിമതാടിസ്ഥാനത്തിൽ ജനങ്ങൾക്ക് ആനുകൂല്യങ്ങളും അവസരങ്ങളും നല്കുവാൻ തുടങ്ങി. ഭരണഘടനയിൽ മതേതരം എന്ന വാക്ക് കൂട്ടിച്ചേർത്തശേഷവും അത് അഭംഗുരം തുടരുകയാണ് ഇന്നും. ഒരു ജനാധിപത്യ മതേതര രാജ്യത്ത് എല്ലാ കാര്യങ്ങളിലും തുല്യത എന്നുള്ളത് അത്യന്താപേക്ഷിതമാണ്. ജാതീയമായോ, മതപരമായോ, പ്രാദേശികമായോ ഉള്ള കാരണങ്ങൾകൊണ്ട് ഒരാൾക്കും വിദ്യാഭ്യാസവസരങ്ങളോ, തൊഴിലവസരങ്ങളോ, ഭരണഘടനാപരമായ പങ്കാളിത്തമോ ഒന്നും നിഷേധിക്കപ്പെടാൻ പാടില്ല എന്നുള്ളതാണല്ലോ നമ്മുടെ ഭരണഘടനയുടെ അടിസ്ഥാനതത്ത്വശിലകളിൽ  ഏറ്റവും പ്രധാനപ്പെട്ടത്. എന്നാൽ ഇന്ന് ഇവിടെ എന്താണ് നടക്കുന്നത്. വിദ്യാഭ്യാസവസരങ്ങളും തൊഴിലവസരങ്ങളും എല്ലാം ജാതിമതാടിസ്ഥാനത്തിൽ വിഭജിച്ചിരിക്കുകയല്ലേ? ഭരണഘടനാശില്പികൾ താല്ക്കാലികാടിസ്ഥാനത്തിൽ ഒരു ചെറിയ വിഭാഗത്തിന് കുറച്ചു കാലത്തേയ്ക്ക് വേണ്ടി മാത്രം നടപ്പാക്കിയ ഒരു താല്ക്കാലിക പരിഹാരക്രിയ ഇന്ന് അതിലെത്രയോ ഇരട്ടിയായി തുടർന്നുകൊണ്ടേയിരിക്കുന്നു. ഇതുകൊണ്ട് സാമാന്യ നീതി നിഷേധിക്കപ്പെട്ട്, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും മാറ്റി നിർത്തപ്പെടുന്ന ഒരു വിഭാഗമുണ്ടെന്നുള്ള ചിന്ത ഭരണം കയ്യാളിയിരുന്നവർക്കും ഇപ്പോൾ ഭരിക്കുന്നവരുമായ രാഷ്ട്രീയ പാർട്ടികൾക്കില്ല എന്നുള്ളതാണ് ഏറെ പരിതാപകരം. അതിന്റെ പ്രധാന കാരണം ഒന്നാമതായി ഈ മാറ്റി നിർത്തപ്പെട്ടവർ സംഘടിതരല്ല എന്നുള്ളതാണ്. രണ്ടാമതായി അവർ എണ്ണത്തിൽ കുറവാണെന്നുള്ളതുമാണ്. ഈ അവഗണന മൂലം ഏറെ അധപതിച്ചത് കേരളത്തിലെ ഒരു വിഭാഗം ജനതതിയാണ്. പണ്ട് വിദ്യാഭ്യാസപരമായും സാമ്പത്തികമായും എല്ലാം ഏറെ  മുമ്പിൽ നിന്നിരുന്ന ഈ വിഭാഗം ഇന്ന് ഏറെ പിന്തള്ളപ്പെട്ടു പോയിരിക്കുന്നു എന്ന വസ്തുത ശ്രദ്ധിക്കപ്പെടേണ്ടതാണ് ഈ അവസ്ഥ ഉണ്ടാകാൻ പാടില്ല. ഈ രാജ്യത്തെ പൗരന്മാരെന്ന നിലയിൽ എല്ലാവർക്കും തുല്യമായി ഉയരാനും വളരാനുമുള്ള അവസരം ഉണ്ടാകണം. അപ്പോഴെ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജി സ്വപ്നം കണ്ട, അദ്ദേഹത്തിന്റെ ഭാവനയിലുണ്ടായിരുന്ന രാമരാജ്യമായി നമുക്ക് നമ്മുടെ നാടിനെ രൂപപ്പെടുത്തുവാൻ കഴിയുകയുള്ളു. അതിലേയ്ക്ക് ഇനി നമ്മുടെ ഭരണ നേതൃത്വത്തിന്റെ ശ്രദ്ധ പതിയും എന്ന്  നമുക്ക് പ്രത്യാശിക്കാം.

ഭരണപരമായും, സൈനികമായും, സാമ്പത്തികമായും എല്ലാം ലോകത്തിലെ അതിശക്തമായ രാജ്യങ്ങളിൽ ഒന്നായി മാറിക്കഴിഞ്ഞിരിക്കുന്ന നമ്മുടെ ഈ പുണ്യഭൂവിന്റെ 73–ാം സ്വാതന്ത്ര്യദിനത്തിൽ നാടിന്റെ വളർച്ചയും പുരോഗതിയും ലാക്കാക്കി നടത്തുന്ന എല്ലാ പദ്ധതികളിലും പരിപാടികളിലും നമ്മുടെ ഓരോരുത്തരുടേയും ഭാഗത്തു നിന്നും പൂർണ്ണ സഹകരണവും, നാടിന്റെ ഉന്നമനത്തിന് സമർപ്പണഭാവത്തോടെയുള്ള പ്രവർത്തനവും ഉണ്ടാവുമെന്ന് പ്രതിജ്ഞയെടുക്കാം.

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ നമ്മുടെ ഈ നാട് ഏറ്റവും വലിയ സൈനിക, സാമ്പത്തിക ശക്തിയായി, സുരക്ഷിതത്വമുള്ള, ഐക്യവും സാഹോദര്യവും കളിയാടുന്ന, സമൃദ്ധിയുടെ കേദാരമായി തീരട്ടെ!.

എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ

വന്ദേമാതരം





# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)




എറണാകുളം കരയോഗത്തിന്റെ മുൻ സാരഥികളിൽ പ്രമുഖനായിരുന്ന വി. പി. മധുസൂദനൻ (89), 21.7.19 ൽ നിര്യാതനായി എന്ന വിവരം ഏവർക്കും അറിവുള്ളതാണല്ലോ. ദീർഘകാലം കരയോഗത്തിന്റെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, ഭരണസമിതി അംഗം എന്നീ നിലകളിലെല്ലാം പ്രവർത്തിച്ചിരുന്ന മികച്ച ഒരു സംഘാടകൻ കൂടിയായിരുന്നു മധുച്ചേട്ടൻ എന്ന് എല്ലാവരാലും വിളിക്കപ്പെട്ടിരുന്ന വി.പി.മധുസൂദനൻ. 1953ൽ അംഗത്വമെടുത്തതിനു ശേഷം കരയോഗത്തിന്റെ എല്ലാ സേവനതുറകളിലും സജീവസാന്നിദ്ധ്യമായിരുന്നു അദ്ദേഹം. 1939–1941 കാലഘട്ടത്തിൽ ടി.ഡി.എം ഹാളിന്റെ നിർമ്മാണത്തിനു ശേഷം മധുച്ചേട്ടന്റെ സേവനകാലഘട്ടങ്ങളിൽ

ടി.ഡി.എം ഹാളിന്റെ ബാൽക്കണി, സ്റ്റേജ് നിർമ്മാണങ്ങൾ അതുപോലെ ഗോൾഡൻ ജൂബിലി ആഘോഷം, ഗോൾഡൻ ജൂബിലി മെമ്മോറിയൽ വർക്കിങ്ങ് വിമൻസ് ഹോസ്റ്റൽ, 2001 ലെ പ്ലാറ്റിനം ജൂബിലി ആഘോഷവും അതോടനുബന്ധിച്ച് ടി.ഡി.എം ഹാളിലെ ഗംഗ-പെരിയാർ ഹാളുകളുടെ നവീകരണം എന്നിവയെല്ലാം ഇദ്ദേഹത്തിന്റെ കാലഘട്ടത്തിലെ പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ചതും സ്മരണീയവുമാണ്.

കോളേജ് വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ കലാ-കായിക വിഷയങ്ങളിൽ മഹാരാജാസ് കോളേജിലെ വിദ്യാർത്ഥി എന്ന നിലയിൽ അറിയപ്പെടുന്ന ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ എന്നിവയിലും നാടകം തുടങ്ങിയ കലാമേഖലകളിലും അദ്ദേഹം ഒരു പോലെ തിളങ്ങിയിരുന്നു. NPOL ലെ ഉദ്യോഗസ്ഥനായി, ഔദ്യോഗിക ജീവിതത്തിനിടയിലും സാമുദായിക പ്രവർത്തനവും കലാപ്രവർത്തനങ്ങളും വളരെ അടുത്ത കാലം വരെ അദ്ദേഹം തുടർന്നു പോന്നിരുന്നു. ഞങ്ങളെപ്പോലുള്ള സമുദായ പൊതുപ്രവർത്തകർക്ക് യശശരീരനായ കെ.എസ്. എൻ മേനോനെപ്പോലെ (രാജപ്പൻ ചേട്ടൻ) തന്നെ മധുച്ചേട്ടനും ഒരു വഴികാട്ടിയും ഗുരുസ്ഥാനീയനുമാണ്. മധുച്ചേട്ടനെ അദ്ദേഹത്തോട് അടുപ്പമുള്ള ആളുകൾ മധുമ്മാൻ, ആശാൻ എന്നിങ്ങനെ തങ്ങൾക്ക് വാത്സല്യവും അടുപ്പവും ഉള്ള രീതിയിലാണ് സംബോധന ചെയ്തിരുന്നത്. വ്യക്തിപരമായി എനിക്ക് അദ്ദേഹത്തെ അറിയാനും മനസ്സിലാക്കുവാനും കഴിഞ്ഞിട്ടുള്ളത് മറ്റ് പല മുൻകാല ഭാരവാഹികളിൽ നിന്നും വ്യത്യസ്തനായി, തന്റെ ഔദ്യോഗിക സ്ഥാനങ്ങളൊന്നും ഇല്ലാതിരുന്ന കാലത്തും അവസാന നിമിഷം വരെയും എറണാകുളം കരയോഗത്തിന്റെ വളർച്ചയും, ദൈനംദിന പ്രവർത്തനങ്ങളിൽ എന്നും വലിയ അഭ്യുദയകാംക്ഷിയെപ്പോലെ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യുന്ന വ്യക്തിയായാണ്. എറണാകുളം കരയോഗം എന്ന മഹാപ്രസ്ഥാനത്തിനെതിരായോ അതിന്റെ ഭരണസംവിധാനത്തിന് വിരുദ്ധമായോ ഒരു വാക്കു പോലും ആരോടും പറഞ്ഞിട്ടില്ല എന്നതിൽ നിന്ന് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ തിളക്കം നമുക്ക് മനസ്സിലാക്കാൻ കഴിയും.

1925ൽ എറണാകുളം കരയോഗം എന്ന മഹാപ്രസ്ഥാനം പടുത്തുയർത്താൻ ശ്രമിച്ച മഹാരഥന്മാരോടൊപ്പം തന്നെ ദീർഘകാലം ഈ പ്രസ്ഥാനത്തിനു വേണ്ടി അഹോരാത്രം സേവനമനുഷ്ഠിച്ച വ്യക്തിത്വങ്ങളെ മറക്കാൻ ഈ പ്രസ്ഥാനമുള്ളിടത്തോളം കഴിയില്ല. അങ്ങിനെ ചില വ്യക്തിത്വങ്ങളെ സ്മരിക്കുമ്പോൾ മധുച്ചേട്ടൻ നമ്മുടെ സ്മരണകളിൽ എന്നും ജീവിക്കും എന്നതാണ് ചരിത്രസത്യം.

നമ്മളുടെ പ്രിയപ്പെട്ട മധുച്ചേട്ടന്റെ ആത്മശാന്തിക്കായി എറണാകുളം കരയോഗത്തിന്റെ പേരിലും എന്റെ വ്യക്തിപരമായ പേരിലും ജഗദീശ്വരനോട് പ്രാർത്ഥിക്കുകയും അദ്ദേഹത്തിന്റെ ദേഹ വിയോഗത്തിൽ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

എറണാകുളം കരയോഗത്തിന്റെ 2019 ലെ ഓണം വിപണന മേള ഓഗസ്റ്റ് 25ന് ആരംഭിക്കുന്നു. മുൻവർഷത്തെപ്പോലെ ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കാളൻ, പുളിയിഞ്ചി, അച്ചാറുകൾ, പാലട, പ്രഥമനുകൾ എന്നിവ സെപ്റ്റംബർ 11 വരെ രാവിലെ 10 മണി മുതൽ വൈകുന്നേരം 7 മണി വരെ ടി.ഡി.എം ഹാളിൽ സജ്ജീകരിക്കുന്ന മേളയിൽ മിതമായ നിരക്കിൽ ലഭ്യമായിരിക്കും. 2019 സെപ്റ്റംബർ 10,11 തീയതികളിൽ (ഉത്രാടം, തിരുവോണം) പ്രഥമനുകൾ, കാളൻ, പുളിയിഞ്ചി എന്നിവ ആവശ്യമുള്ളവർക്ക് മുൻകൂറായി ബുക്ക് ചെയ്യുന്നതിന് സെപ്റ്റംബർ 5 മുതൽ 9 വരെ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ഈ വർഷത്തെ നവരാത്രി ആഘോഷ മത്സരങ്ങൾ 14.7.19 ന് ആരംഭിച്ചു. ഓഗസ്റ്റ് 11, 15, 18, 23 തീയതികളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്ന വിവരം ഓർമ്മിപ്പിക്കുന്നു.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ഓഗസ്റ്റ് മാസത്തിലെ പരിപാടിയിൽ 25ന്, ഞായറാഴ്ച, വൈകുന്നേരം 5.00 ന് 'നോത്രദാമിലെ കൂനൻ' സിനിമാ പ്രദർശനം ടിഡിഎം നർമ്മദ ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പ്രതിമാസ പരിപാടിയിൽ 'ബാണയുദ്ധം' കഥകളി ഓഗസ്റ്റ് 27ന് ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം. ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം ബീമുമായി സഹകരിച്ച് പ്രതിമാസ പരിപാടിയിൽ ഓഗസ്റ്റ് 29ന് വ്യാഴാഴ്ച, വൈകുന്നേരം 6.30ന്- മലപ്പുറം ലിറ്റിൽ എർത്ത് അവതരിപ്പിക്കുന്ന നാടകം 'ബൊളീവിയൻ സ്റ്റാർസ്' ടി.ഡി.എം.ഹാൾ ഗംഗയിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

-ജനറൽ സെക്രട്ടറി







# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

മഴക്കാലമെത്തിയല്ലോ? സ്കൂളിലേക്കുള്ള യാത്രയും രസകരമായി അല്ലെ കൂട്ടുകാരെ....മുറ്റവും പാടങ്ങളും പുൽത്തകിടികളും ഒക്കെ ഒന്നുണർന്നു. ചീവിടുകളും, തവളകളും മഴ ആസ്വദിക്കുന്ന ശബ്ദങ്ങൾ കൂട്ടുകാർ കേൾക്കാറില്ലേ? നാട്ടുമ്പുറങ്ങളിലെ വീടുകളിൽ കുഞ്ഞു കുഞ്ഞു തവളകൾ അകത്തും പുറത്തും ചാടി നടക്കുന്നു, പ്രത്യേകിച്ച് രാത്രികളിൽ. കൂട്ടുകാരുടെ മനസ്സും ശരീരവും കുളുർത്തില്ലേ? ശുദ്ധജലദൗർലഭ്യം നമ്മൾ നന്നായി അറിഞ്ഞില്ലേ? ഇതുവരെയും നമ്മിൽ പലരും കുപ്പിവെള്ളത്തെ ആശ്രയിച്ചു കഴിയുകയായിരുന്നല്ലോ? ഇനി നമുക്ക് മഴ വേണ്ടപോലെ ആസ്വദിക്കാം. അല്ലെ.? അതോടൊപ്പം സ്കൂളിലെ കാര്യങ്ങളും ഭംഗിയായി നിർവഹിക്കണം.

സ്കൂളിൽ പോവുമ്പോൾ പതിവായി ചില ചിട്ടകളൊക്കെ ഉണ്ടായിരിക്കണം കൂട്ടുകാരെ. രാവിലെ നേരത്തെ എഴുന്നേൽക്കുന്ന ശീലം കൂട്ടുകാർക്കുണ്ടാവുമല്ലോ ? എഴുന്നേറ്റ ഉടനെ ദിനചര്യകൾ ചെയ്യണം. പല്ലുതേച്ചു മുഖം കഴുകി ദൈവത്തെയും അച്ഛനമ്മമാരെയും വീട്ടിലെ പ്രായമായവരെയും വന്ദിക്കണം നല്ലൊരു പൗരനായി വളരാൻ അവരുടെയൊക്കെ അനുഗ്രഹം കൂട്ടുകാർക്കാവശ്യമാണ്. അനുഗ്രഹം ചോദിക്കേണ്ട ആവശ്യമില്ല. അത് നിങ്ങളിലേക്ക് താനേ ഒഴുകിയെത്തും കേട്ടോ. രാവിലെയും വൈകുന്നേരവും തണുത്ത വെള്ളത്തിൽ കുളിച്ചോളൂ. ഉന്മേഷം വർദ്ധിക്കാൻ ഇത് നല്ലതാണ്.

പിന്നീട് എല്ലാറ്റിനും ഒരു ടൈംടേബിൾ തയ്യാറാക്കുക. ഉറങ്ങുന്നതിനും ഉണരുന്നതിനും കൃത്യനിഷ്ഠ ഉണ്ടാവണം. പഠനം എളുപ്പമാവാൻ പുസ്തകങ്ങളെ നേരത്തെ പരിചയപ്പെടാം. അദ്ധ്യാപകർ പഠിപ്പിക്കുമ്പോൾ എളുപ്പത്തിൽ മനസ്സിലാക്കാൻ ഇത് സഹായകമാവും. മാത്രമല്ല അദ്ധ്യാപകരിൽ നിന്ന് സംശയനിവൃത്തി വരുത്തിയ ശേഷം ഒന്നുകൂടി വീട്ടിൽ വന്ന് ഓർത്താൽ പിന്നെ പരീക്ഷ സുഖകരമാവും. ഒരു നിശ്ചദാർഢ്യം മാത്രം മതി കൂട്ടുകാരെ എവിടെയും വിജയിക്കാൻ. ഒരു മണിക്കൂർ പഠനത്തിൽ ഏകാഗ്രമായി മുഴുകൂ. ആദ്യം അല്പം ബുദ്ധിമുട്ടു തോന്നുമെങ്കിലും കുറെ കഴിയുമ്പോൾ മനസ്സ് നിങ്ങളുടെ പിടിയിലാകും. പഠിക്കുമ്പോൾ ഒരു ചെറിയ നോട്ട് ബുക്ക് കൂടി അടുത്ത് വെക്കൂ. സംശയമുള്ള വാക്കുകൾ അതിലെഴുതിവെച്ചിട്ട് പിന്നീട് ആരോടെങ്കിലും ചോദിച്ചു മനസ്സിലാക്കാമല്ലോ? എപ്പോഴും വാക്കുകൾ എഴുതി പഠിക്കുമ്പോൾ കൂടുതലായി ഓർമ്മയിൽ നിർത്താനാവുമെന്ന് കൂട്ടുകാർക്ക് അറിയാമല്ലോ? മറ്റൊരു കാര്യം ഏറെ ഇഷ്ടത്തോടെ പഠിക്കുക എന്നതാണ്. എന്ത് ചെയ്യുമ്പോഴും ഇഷ്ടത്തോടെ ചെയ്യുന്നതിന് ഒരു പ്രത്യേക സുഖമുണ്ട് അല്ലെ കൂട്ടുകാരെ?

എല്ലാറ്റിലും ഉപരി ആത്മവിശ്വാസം കൂട്ടുകാർക്കുണ്ടായിരിക്കണേ.

ഇനി പഞ്ചതന്ത്രത്തിലെ കുഞ്ഞിക്കഥ കേട്ടോളൂ.
തവളകളുടെ കഥ തന്നെ ആവട്ടെ.

ഒരിക്കൽ ഒരു ഗ്രാമത്തിനടുത്തുള്ള ഒരു ചെറിയ തടാകത്തിൽ കുറെ തവളകൾ ജീവിച്ചുപോന്നു. പക്ഷെ എല്ലാ ദിവസവും അവിടെ ഒരു പാമ്പ് തക്കം പാർത്തു വന്നു കുറെ തവളകളെ അകത്താക്കും. കൊതി തീരാത്ത പാമ്പ് ഒരു ദിവസം കൂടുതൽ തവളകളെ പിടിക്കാൻ ഒരു ഉപായം കണ്ടെത്തി. ഇതിലൂടെ കൂടുതൽ തവളകളെ അകത്താക്കുക എന്നായിരുന്നു പാമ്പിന്റെ ഉദ്ദേശം. പാമ്പ് ഒരു ദിവസം തടാകത്തിനടുത്ത് വന്നു കരയാൻ തുടങ്ങി. സൂത്രക്കാരൻ പാമ്പ് കരയുന്നതുകണ്ടു തവളകൾ അതിനടുത്തു വന്നു ചോദിച്ചു. എന്തിനാ കൂട്ടുകാരാ ഇങ്ങിനെ കരയുന്നത്. പാമ്പ് സങ്കടത്തോടെ പറഞ്ഞു. ഈ വേനൽക്കാലത്ത് ഈ ചെറിയ തടാകം വറ്റും. ഞാൻ ഇവിടെനിന്നു മറ്റൊരു സ്ഥലത്തേക്ക് പോവുകയാണ്. എന്റെ കൂടെ വന്നാൽ നിങ്ങൾക്കും രക്ഷപ്പെടാം. തവളകൾ പാമ്പിനെ പൂർണ്ണമായും വിശ്വസിച്ചു മണ്ടന്മാരായ തവളകൾ പാമ്പ് പോകുന്ന വഴിയെ പോയി. ഫലമോ കൂട്ടുകാരെ. പാമ്പ് തവളകളെയെല്ലാം ഒന്നൊന്നായി വിഴുങ്ങി.

കൂട്ടുകാർക്കെന്താ ഇതിൽ നിന്നും മനസ്സിലായത്? ആരുടെയും ചതിയിൽ പെടരുത് എന്നല്ലേ?

ഇനി താഴെ കൊടുത്ത വരികൾ ഹൃദിസ്ഥമാക്കൂ.

ശ്രീരാമസ്തോത്രം (നിരണം കവികൾ)

ജയ ജയ മന്ദര ശൈലമുയർപ്പാൻ

ചെമ്മേ കുർമവുമായവനെ ജയ
ഭയമിയലാതവനിയെ മീൾവാനായ്
പന്നിയുടെ വടിവാനവനെ ജയ
തുയർകെട നരസിംഹാകൃതിയായ
സുരേശഹിരണ്യാന്തകനെ ജയ ജയ
നയമൊടു വാമനനായ് മാബലിയോടു
നാട് പറിച്ച നരോത്തമനെ ജയ;
ജയ ജയ ഭാർഗ്ഗവരാമാകൃതിയായ് -
ചെമ്മേ മൂവേഴു തുട മുടി മന്നരെ
നയമിയലാകൊന്നുദകക്രിയ
നലമൊട് ചെയ്ത മഹാത്മാവേ ജയ

# മടിയന്റെ മനംമാറ്റം

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

പഷ്ണം ഗ്രാമത്തിൽ മടിയനായ ഒരു മരം കേറി ഉണ്ടായിരുന്നു. കിലിയൻ എന്നായിരുന്നു അവന്റെ പേര്. മടിയനെന്നല്ല മഹാമടിയനെന്നാണ് അവനെ വിളിക്കേണ്ടത്. എപ്പോഴും ഏതെങ്കിലുമൊരു മരത്തിൽ കയറി അവൻ വെറുതെ ഇരിക്കും. അപ്പോൾ അതുവഴി വരുന്നവരെയൊക്കെ കളിയാക്കി ചിരിക്കും. കൊഞ്ഞനം കുത്തും. ചിലപ്പോൾ കൊച്ചുവർത്തമാനം പറയും. എന്നാലും ഗ്രാമത്തിലുള്ളവർക്ക് അവനെ ഇഷ്ടമായിരുന്നു. പ്രത്യേകിച്ച് കൊച്ചുകുട്ടികൾക്കൊക്കെ.

അവനെ കാണുമ്പോഴൊക്കെ അവർ വിളിച്ചു ചോദിക്കും.

കിലിയാ, എന്താടാ വിശേഷം?

അപ്പോൾ അവൻ മരക്കൊമ്പത്തിരുന്ന് തിരികെ ചോദിക്കും.

എന്തൂട്ട ട ക്ടാവേ..... എന്തൂട്ടണ്...?

അതിയാരത്തെ ചായക്കടക്കാരൻ പരമേട്ടന്റെ ചെറുചായപ്പീടികയിൽ വയറുവിശക്കുമ്പോഴെല്ലാം അവൻ കയറിച്ചെല്ലും. മനസ്സില്ലാമനസ്സോടെ വല്ല പണിയുമൊക്കെ ചെയ്തെന്നു വരുത്തും. ഗ്ലാസ്സ് കഴുകാനോ, ബെഞ്ച് തുടയ്ക്കാനോ ഒക്കെ സഹായിക്കുന്നുവെന്നു വരുത്തി തീർക്കും. പിന്നെ പരമേട്ടന്റെ കടയിൽ നിന്ന് വയറുനിറയെ വല്ലതും കഴിച്ചിട്ട് കടത്തിണ്ണയിലിരുന്ന് ആരെങ്കിലുമൊക്കെയായി വെടി പറയും.

പരമേട്ടൻ കഴിഞ്ഞാൽ താറാച്ചേടത്തിയും കിക്കിലികൊച്ചമ്മയുമൊക്കെയാ അവന് വല്ലതുമൊക്കെ വിളിച്ച് തിന്നാനും കുടിക്കാനും കൊടുക്കുന്നവർ.

പലപ്പോഴും പരമേട്ടൻ പറയും.

എടാ കിലിയാ നീ പോയി വല്ലേടത്തും ഭജനമിരിയ്ക്കടാ. അത് തന്നെയാ നിനക്ക് നല്ലത്. അപ്പൊ പിന്നെ ഒന്നും ചെയ്യേണ്ടല്ലോ. മടിയൻ മക്കുണ്ണി!

പരമേട്ടൻ പറയുന്ന ഭജനമിരിപ്പിനെ പറ്റി അവൻ ഓർക്കാഞ്ഞിട്ടല്ല. ഏറെ ഓർക്കുമ്പോൾ അവന് മടികൊണ്ട് ക്ഷീണം വരും.

ഒരിക്കൽ അവൻ വടക്കേക്കരയിലുള്ള കാരമരത്തിന്റെ മേലെകയറി കാലാട്ടി കാറ്റുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അവൻ ദൈവത്തെ ഭജിച്ച് വെറുതെ ഇരിക്കുന്നതിനെപ്പറ്റി ഓർത്തു. ദൈവത്തെ ഭജിച്ച് ഇരുന്നാൽ ഒന്നും ചെയ്യേണ്ടല്ലോ. സമയാസമയത്ത് തിന്നാനും കുടിക്കാനും വല്ലതുമൊക്കെ ദൈവം തന്നെ എത്തിച്ചു തരുമായിരിക്കും. സുഖമുള്ള ഏർപ്പാടാണ്. ഒന്നു പരീക്ഷിക്കാവുന്നതു തന്നെ. വയസ്സ് പത്തിരുപത്തഞ്ച് ആയെങ്കിലും മടിയൻ കിലിയന് ദൈവഭജനത്തോട് ഒരിഷ്ടം തോന്നിയത് അപ്പോഴാണ്. അവൻ കാരമരക്കൊമ്പത്തിരുന്ന് ദൈവത്തെ വിളിച്ചു. ദൈവത്തെ ഭജിച്ചു കണ്ണടച്ചിരുപ്പായി.

ഏറെ നേരം ദൈവത്തെയോർത്തിരുന്നപ്പോൾ അവന് മടി തോന്നി. ഭജനം മതിയാക്കി അവൻ മരക്കൊമ്പിൽ നിന്ന് കീഴോട്ട് നോക്കി.

താഴെ കാരമരച്ചുവട്ടിലായി കാലൊടിഞ്ഞ ഒരു കുറുക്കൻ കിടക്കുന്നുണ്ടായിരുന്നു. ഒടിഞ്ഞ കാലും വെച്ച് അത് മൂളുകയും ഞരങ്ങുകയും ചെയ്യുന്നുണ്ടായിരുന്നു.

ഈ കുറുക്കന് വിശക്കുന്നുണ്ടാവില്ലേ ? - അവൻ ഓർത്തു.

കാലൊടിഞ്ഞെന്നു കരുതി ഇവൻ ഇവിടെ കിടന്നാൽ ആരിവന് ഭക്ഷണം എത്തിച്ചു കൊടുക്കും?

- കിലിയൻ ആലോചിച്ചു.

അപ്പോഴതാ ഒരു കടുവ അതുവഴി വലിയൊരു താറാവിനെയും കടിച്ചു പിടിച്ചു വരുന്നു.

കടുവ താറാവിനെ കാരമരത്തിനടുത്തു കൊണ്ടുവെച്ചിട്ട് കടിച്ചു പറിച്ചു തിന്നുവാൻ തുടങ്ങി. പകുതി





തിന്നിട്ട് കടുവ അതിന്റെ പാട്ടിനു പോയി. കുറുക്കന് കുശാലായി. അതുമെല്ലെ നെരങ്ങി ചെന്ന് ബാക്കിയുള്ള താറാവിനെ രുചിയോടെ അകത്താക്കി.

കിലിയന് അത്ഭുതമായി. കൊള്ളാമല്ലോ ഈ ദൈവത്തിന്റെ ഒരു രീതി. കാലൊടിഞ്ഞ കുറുക്കന് ദൈവം ഭക്ഷണമെത്തിച്ചതു കണ്ടില്ലേ. ഇങ്ങനെ ഓരോരുത്തർക്കും ദൈവം ഭക്ഷണവും വേണ്ടതൊക്കെയും എത്തിക്കുന്നു. നല്ല ദൈവം !

ദൈവത്തെ ഭജിച്ചതിനാൽ എനിക്കും വേണ്ട ഭക്ഷണം ദൈവം തന്നെ എത്തിച്ചു തരുമായിരിക്കും - കിലിയൻ സമാധാനിച്ചു.

ആ സമയം അതുവഴി വന്ന കിറിഞ്ചൻ പൊറിഞ്ചു അവനെകണ്ട് വിളിച്ചു പറഞ്ഞു.

എടാ കിലിയാ....... ഇറങ്ങി വന്ന് എനിക്ക് കൊറച്ച് വിറക് കീറിത്താടാ....നിനക്കുള്ള ഓഹരി ഞാൻ തരാമെടാ.!

പോടാ കിറിഞ്ചാ...എനിക്കെങ്ങും വയ്യാ, വിറകു കീറാനും മറ്റും. എനിക്കുള്ളത് ദേവം തരും. - കിലിയൻ അരിശപ്പെട്ടു.

അപ്പോൾ ദൈവം അവന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു പറഞ്ഞു.

നിനക്ക് ആ കടുവയുടെ സ്വഭാവമാണ് ഇപ്പോൾ വേണ്ടത്. സ്വയം അദ്ധ്വാനിച്ച് കൊണ്ടു വന്ന് നീ ഉണ്ണണം. അതിലൊരു പങ്ക് നിന്റെ മുന്നിൽ വന്നുപെടുന്ന അവശത അനുഭവിക്കുന്നവനും കൊടുക്കണം.

കിലിയന് അത് ഒരു ബോധോദയമായി. അവൻ ദൈവത്തെ വണങ്ങി.

കാരമരത്തിൽ നിന്ന് താഴെ ഇറങ്ങി വന്ന് അവൻ പൊറിഞ്ചുവിന് വിറകു കീറി കൊടുക്കാൻ തയ്യാറായി ചെന്നു.

# കാർഗിലിൽ വീരമൃത്യു വരിച്ച ധീരജവാന്മാർക്ക് ആദരാഞ്ജലികൾ

2019- ജൂലൈ 26, കാർഗിൽ യുദ്ധവിജയത്തിന്റെ 20-ാം വാർഷികം യഥാർഹം ആദരവോടുകൂടി നാം ആഘോഷിച്ചു. മതഭ്രാന്തന്മാരായ വൈദേശിക സൈന്യത്തിന്റെ ആക്രമണത്തിൽ നിന്ന് നാടിനെ രക്ഷിച്ച, നമ്മുടെ അഭിമാനം കാത്തു സൂക്ഷിച്ച ധീരജവാന്മാർക്ക് അഭിവാദ്യം അർപ്പിക്കുന്നതിനോടൊപ്പം ഭാരതാംബയുടെ മാനം കാക്കാൻ സ്വജീവിതം ബലി അർപ്പിച്ച് കാർഗിലിൽ വീരമൃത്യു വരിച്ച 527 ധീരജവാന്മാർക്ക് ആദരാഞ്ജലികൾ നേർന്നുകൊണ്ട് അവരുടെ സ്മരണയ്ക്ക് മുമ്പിൽ നമ്രശിരസ്കരായി നിന്ന് പ്രണാമം അർപ്പിക്കുന്നു, അവരുടെ ആത്മാക്കൾക്ക് നിത്യശാന്തി നേരുന്നു. ഈ ധർമ്മയുദ്ധത്തിൽ വീരമൃത്യു വരിച്ച അവർ തീർച്ചയായും സ്വർഗ്ഗപ്രാപ്തിക്ക് അർഹരെന്നുള്ളതിൽ സംശയമില്ല. ഗീതാകാരൻ തന്നെ അത് വ്യക്തമാക്കിയിട്ടുണ്ട്.

'യദൃച്ഛയാ ചോപപന്നം
സ്വർഗ്ഗദ്വാരമപാവൃതം
സുഖിന : ക്ഷത്രിയ : പാർത്ഥ
ലഭന്തേ യുദ്ധമീദൃശം'

യാദൃഛികമായി വന്നു ചേർന്നതും സ്വർഗ്ഗപ്രാപ്തിക്ക് ഉതകുന്നതുമായ ഇതുപോലുള്ള ധർമ്മയുദ്ധം ഭാഗ്യവാന്മാരായ ക്ഷത്രിയർക്കു മാത്രമേ ലഭിക്കുകയുള്ളൂ. അവർ സുഖികളാകുന്നു.

കാർഗിൽ യുദ്ധസ്മാരകം തനിക്ക് തീർത്ഥാടന കേന്ദ്രമായാണ് അനുഭവവേദ്യമാകുന്നതെന്നാണ് ബഹുമാന്യനായ നമ്മുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി പറഞ്ഞത്. ശരിയാണ് അത്രയ്ക്ക് മഹത്വമേറിയതാണ്, അത്രയ്ക്ക് ശ്രേഷ്ഠമാണ്., അത്രയ്ക്ക് പൂജനീയമാണ് ആ പുണ്യകേന്ദ്രം. ജാതിമതഭേദമില്ലാതെ എല്ലാവരും അവിടെയെത്തി പ്രാർത്ഥനാനിരതരായി പുഷ്പാർച്ചനകളർപ്പിക്കാം. - ഈ നാടിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും പ്രാണനേക്കാളും വിലപ്പെട്ടതായി കാത്തു സൂക്ഷിക്കുമെന്ന് പ്രതിജ്ഞയെടുക്കാം.

ഭാരതത്തിന്റെ ആത്മാഭിമാനം കാത്തു സൂക്ഷിക്കുന്ന നമ്മുടെ ധീരജവാന്മാർക്ക് അഭിവാദ്യങ്ങൾ

## നായർ സ്ത്രീസമാജം 2019 ഓഗസ്റ്റ് മാസ പരിപാടികൾ

| തീയതി | പരിപാടി | സമയം |
|---|---|---|
| 27.08.2019 | ഓണാഘോഷത്തോടനുബന്ധിച്ചുള്ള മത്സരങ്ങൾ | |
| 30.08.2019 - 31.08.2019 | ഓണം സെയിൽ | |

രാഗപരിചയം

# മായാമാളവഗൗള

ഡോ. ജയലക്ഷ്മി നന്ദകുമാർ

15 -ാമത്തെ മേളകർത്താ രാഗമാണ് മായാമാളവ ഗൗള. 72 മേളകർത്താ പട്ടികയിൽ മൂന്നാമത്തെ ചക്രമായ അഗ്നിയിൽ മൂന്നാമത്തെ രാഗമായതുകൊണ്ട് 'അഗ്നി-ഗോ' എന്നാണ് ഈ രാഗത്തിന്റെ സാങ്കേതിക നാമം. ഇതൊരു സമ്പൂർണ്ണ രാഗമാണ്. 'മായാ' എന്നത് 72 മേളകർത്താപട്ടികയിൽ അക്കം കണ്ടു പിടിക്കാനുള്ള ഉപാധിയായി ചേർത്തിരിക്കുന്നതാണ്.

ആരോഹണം : സ രി ഗ മ പ ധ നി സ

അവരോഹണം : സ നി ധ പ മ ഗ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ശുദ്ധ രിഷഭം, അന്തര ഗാന്ധാരം, ശുദ്ധമദ്ധ്യമം, പഞ്ചമം, ശുദ്ധധൈവതം, കാകളി നിഷാദം.

ഏതു സമയത്തും ആലപിക്കാവുന്ന സർവ്വകാലിക രാഗമാണിത്. മൂന്നു സ്ഥായികളിൽ സഞ്ചാരസ്വാതന്ത്ര്യമുള്ള ത്രിസ്ഥായി രാഗമാണ്. ഹിന്ദുസ്ഥാനി രാഗമായ ഭൈരവ ഥാട്ടിനോടു സമാനമാണ്.

കർണ്ണാടക സംഗീതത്തിലെ പ്രാഥമിക പാഠങ്ങൾ പഠിപ്പിക്കുന്നത് മായാമാളവഗൗള രാഗത്തിലാണ്. സ്വരങ്ങൾ തമ്മിലുള്ള തുല്യ ഇടവേള വിദ്യാർത്ഥികൾക്ക് സംഗീത പഠനം എളുപ്പമാക്കുന്നതിനാലാണ് ഇത്. ഇതൊരു പ്രധാന രാഗമാണ്. സരളിവരിശകൾ മുതൽ അലങ്കാരം വരെയുള്ള പ്രാഥമിക പാഠങ്ങൾ ചിട്ടപ്പെടുത്തിയിരിക്കുന്നത് സംഗീതപിതാമഹനായ പുരന്ദരദാസരാണ്. ഇതെല്ലാം മായാമാളവഗൗള രാഗത്തിലാണ്.

പ്രശസ്തവും അപൂർവ്വവുമായ അനേകം ജന്യരാഗങ്ങൾ മായാമാളവഗൗള രാഗത്തിനുണ്ട്. ഏകദേശം തൊണ്ണൂറോളം ജന്യരാഗങ്ങളിൽ ഭൗളി, ഗൗള, ജഗന്മോഹിനി, ജനരഞ്ജനി, മേഘരഞ്ജിനി, രേവഗുപ്തി, സാവേരി, മലഹരി, കന്നഡബംഗാള, പാടി, പൂർവ്വി എന്നീ രാഗങ്ങൾ ഉൾപ്പെടും. മുത്തുസ്വാമി ദീക്ഷിതരുടെ ആദ്യ കൃതി 'ശ്രീനാഥാദി ഗുരുഗുഹോ ജയതി ജയതി' മായാമാളവഗൗള രാഗത്തിലാണ്.

ശാന്തം, ശോകം എന്നീ ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | | |
|---|---|---|---|
| 1. മേരു സമാന | - ആദി | - | ത്യാഗരാജ സ്വാമി |
| 2. തുളസീദള | - രൂപകം | - | ത്യാഗരാജസ്വാമി |
| 3. ദേവ ദേവ കലയാമിതേ | - രൂപകം | - | സ്വാതി തിരുനാൾ |
| 4. മായാതീത | - രൂപകം | - | പൊന്നയ്യ |
| 5. ദേവാദി ദേവ | - ആദി | - | മൈസൂർ സദാശിവ റാവു |

## ചലച്ചിത്രഗാനങ്ങൾ

| | | |
|---|---|---|
| 1. മുൾക്കിരീടമിതെന്തിനു | - | ഭാര്യ |
| 2. മഞ്ഞക്കിളീ സ്വർണ്ണക്കിളി | - | സേതുബന്ധനം |
| 3. വിലമംഗലത്തിനു | - | മാനിഷാദ |
| 4. പവനരച്ചെഴുതുന്നു | - | വിയറ്റ്നാം കോളനി |
| 5. ദലമർമ്മരം | - | വർണ്ണം |
| 6. മൂവന്തിപ്പെണ്ണിനു | - | സരോവരം |
| 7. ഗുരുവായൂരപ്പാ അഭയം | - | ഒഴുക്കിനെതിരെ |
| 8. അന്ത : പുരത്തിൽ ഒരു മഹറാണി | - | ദീപം |
| 9. കല്ലെല്ലാം മാണിക്കകല്ലാഗുമാ | - | ആലയമണി |
| 10. പൂങ്കതവേ താഴ്ത്തിറവായ് | - | നിഴൽഗൾ |
| 11. കുയില പുടിച്ച് കൂട്ടിലടച്ച് | - | ചിന്നതമ്പി |






വാസ്തു

# വീടിന്റെ സ്ഥാനം കാണൽ



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

കിഴക്ക് റോഡുള്ള സ്ഥലത്ത് സ്ഥാനം കാണാൻ മൂത്താശ്ശാരി വന്നു കോമ്പസ് നോക്കി കുറ്റിയടിച്ച് വീട് പണികഴിച്ച് താമസമാക്കി മൂന്നു കൊല്ലം തികയുന്നു. ഈ വീടിന്റെ വടക്കുവശം, കിഴക്കോട്ട് വരും തോറും വീതി കുറഞ്ഞു വരുന്നു. തെക്കു പടിഞ്ഞാറു ഭാഗം വളഞ്ഞിരിക്കുന്നു. മൂന്നു കൊല്ലമായി ഈ വീട്ടിൽ താമസിക്കുന്നവർക്ക് പലതരം പ്രശ്നങ്ങൾ നേരിടുന്നു. പണ്ടൊക്കെ സ്ഥാനം കാണൽ അത്യവശ്യമായിരുന്നു. കാരണം പല വീടുകളും പത്തു മുതൽ പതിനഞ്ച് ഏക്കർ വരെ സ്ഥലത്തായിരുന്നു. മരണാനന്തര ചടങ്ങുകൾ താമസിക്കുന്ന പറമ്പിൽ തന്നെയായിരുന്നു നടന്നു വന്നിരുന്നത്. കൃഷി മാത്രമായിരുന്നു തൊഴിലും ഉപജീവനമാർഗ്ഗവും, പഴവും പച്ചക്കറികളും, നെല്ലും, എള്ള്, മുതിര എന്നിവ വീടുപറമ്പുകളിൽ തന്നെ കൃഷി ചെയ്യുമായിരുന്നു.




അതുകൊണ്ട് വീട് പണിയുന്നതിന് കുറ്റിയടിക്കും മുമ്പ് വെള്ളം ശേഖരിക്കാനുള്ള കുളവും, കാലിതൊഴുത്തിനുള്ള ഏർപ്പാടും, കിണറും ശവസംസ്കാരത്തിനുള്ള സ്ഥലങ്ങളും മാറ്റി വെച്ച ശേഷം മാത്രമാണ് വീടിന്റെ സ്ഥാനം നിർണ്ണയിച്ചിരുന്നത്. വലിയ പറമ്പുകളായതുകൊണ്ട് വടക്ക് വശത്തിന് സമാന്തരമായി വീടു പണികഴിച്ചാൽ മാത്രമെ, കാന്തികശക്തിയുടെ (Magnetic Power) ഗുണം ലഭിക്കുകയുള്ളു.

വീട് പണിക്കുശേഷം തെക്കും, പടിഞ്ഞാറും മണ്ണുകൊണ്ട് വലിയ വരമ്പ് ഉണ്ടാക്കി അതിൽ മയിലാഞ്ചി, ചെമ്പരത്തി, ദശപുഷ്പങ്ങൾ മറ്റു ആയുർവ്വേദ ഔഷധ ചെടികൾ നട്ട് വീടിന് ഐശ്വര്യം ഉണ്ടാക്കിയിരുന്നു. ഹിന്ദു ആചാരപ്രകാരം ശവശരീരം കത്തിച്ച് ഭസ്മമാക്കണം, അതിന് വീടിന്റെ തെക്കുഭാഗം പ്രത്യേക സ്ഥലം തിരിച്ചിടണം. ശവശരീരം ഭൂമിയിൽ കിടത്തി ജലംകൊണ്ട് ശുദ്ധമാക്കി, അഗ്നികൊണ്ട് കത്തിച്ച് വായുവിൽ ലയിപ്പിച്ച് ആകാശത്തിൽ പ്രാപിക്കണം. കത്തി തീരാത്ത അസ്ഥികൾ വളരെ ശ്രദ്ധയോടെ, എല്ലാ സുരക്ഷാമാർഗ്ഗങ്ങളും സ്വീകരിച്ച് കൈകൊണ്ട് തൊടാതെ അണുവിമുക്തമാക്കി., വൃത്തിയാക്കി മൺകുടത്തിൽ ശേഖരിച്ച് കുടത്തിന്റെ വായ മൂടിക്കെട്ടി പ്ലാവിൻ ചുവട്ടിൽ കുഴിച്ചിടുന്നു. അസ്ഥി പതിനാറു ദിവസം പ്ലാവിൻ ചുവട്ടിൽ കുഴിച്ചിട്ടാൽ പൊടി രൂപത്തിലാകും. അതു പ്ലാവിന്റെ മാത്രം പ്രത്യേകതയാണ്. ശവം കത്തിച്ച സ്ഥലം ഉഴുതു മറിച്ച് നവധാന്യങ്ങൾ വിതറി മുളപ്പിച്ച് പഴയ രീതിയിൽ ആക്കുന്നു. ഒരിഞ്ച് സ്ഥലം പോലും, വെറുതെ നശിപ്പിച്ച് കളയുന്നില്ല. ഏത് പകർച്ചവ്യാധി മൂലം രോഗം വന്ന് മരിച്ചവരെയും, കറയുള്ള മാവ് പച്ചയ്ക്ക് കീറി മുറിച്ച് വിറകുകൊണ്ടാണ് കത്തിക്കാറ്. മാവ് കറയോടെ കത്തിച്ചാൽ അത് നല്ല അണുനാശിനിയാണ്. ഒരിക്കലും ഭൂമിയോ ജലമോ അശുദ്ധിമാകുന്നില്ല.

വീടിന്റെ തെക്കുഭാഗത്താണ് ശവദാഹം നടത്താറ്. കേരളത്തിൽ ഉദ്ദേശം ഒമ്പതു മാസം തെക്കു പടിഞ്ഞാറു നിന്നു വടക്കു കിഴക്കോട്ടാണ് കാറ്റ് വീശുന്നത്. ശവം കത്തിക്കുന്ന സമയത്ത് പുകയും, മണവും വീട്ടിലേക്ക് വരാതിരിക്കാനാണ് പ്രത്യേകം തെക്ക് ഭാഗത്ത് ഇത്തരത്തിൽ സ്ഥലം മാറ്റി വെയ്ക്കുന്നത്. മരിച്ചാൽ കത്തിക്കുന്നതിന് കറയുള്ള മാവ് നടന്നുതിനുവേണ്ടി സ്ഥാനം നോക്കി, പടിഞ്ഞാറു ഭാഗത്താണ് വളർത്തിയിരുന്നത്. ഒരാൾ മരിച്ചു കഴിഞ്ഞാൽ ഏത് മാവ് മുറിക്കണമെന്ന് അക്കാലത്ത് എല്ലാവർക്കും അറിയാമായിരുന്നു.

എല്ലാ വീടുകളും കിഴക്കോട്ട് മുഖമായാണ് പണിതിരുന്നത്. രാവിലെ വാതിൽ തുറന്നു വരുമ്പോൾ പശുക്കളെ കാണാൻ പാകത്തിന് തൊഴുത്ത് വീടിന്റെ കിഴക്ക്, തെക്കു ഭാഗത്തായി വടക്ക് മുഖമായിട്ടാണ് പണി ചെയ്തിരുന്നത്.

ഓരോ മരങ്ങൾ നടുന്നതിനും പ്രത്യേകം പ്രത്യേകം സ്ഥാനങ്ങൾ ഉണ്ടായിരുന്നു. ഉയരമുള്ളതും നാരായവേരുള്ളതുമായ മരങ്ങൾ തെക്കും പടിഞ്ഞാറും ഉയരം കു

റഞ്ഞവ വടക്കും കിഴക്കും ആണ് നട്ടിരുന്നത്. വടക്കു കിഴക്കു ഭാഗത്ത് പൂജക്കുള്ള ചെടികളാണ് നട്ടിരുന്നത്.

എന്നാൽ ഇപ്പോൾ മൂന്നു സെന്റ് മുതൽ പത്ത് സെന്റു വരെയുള്ള സ്ഥലത്താണ് മിക്ക വീടുകളും. അതുകൊണ്ട് വീടിന് സ്ഥാനം കാണേണ്ട കാര്യങ്ങളില്ല. നിർമ്മാണ ചട്ടം (Building Rules) അനുസരിച്ച് മിനിമം സ്ഥലം മാത്രം തെക്കും പടിഞ്ഞാറും വിട്ട്, പടിഞ്ഞാറ് അഥവാ തെക്കു വശത്തിന് സമാന്തരമായി വീട് പണിയണം. അല്ലെങ്കിൽ പല തരത്തിലുള്ള പ്രശ്നങ്ങൾ നേരിടേണ്ടി വരും.

ദയവായി ഒരിക്കലും സ്ഥാനം നോക്കാൻ ചെറിയ സ്ഥലത്ത് ആരേയും വിളിക്കരുത്. കഴിഞ്ഞ രണ്ടു മാസമായി പല വീടുകളും സന്ദർശിച്ചതിൽ പലതും കോമ്പസ് നോക്കിയാണ് കുറ്റി അടിച്ച് കാണുന്നത്. അതുകൊണ്ടു തന്നെ പല തകരാറുകളും കാണുന്നുണ്ട്.

ഇതിനോടൊപ്പം കാണുന്ന സ്കെച്ച് ശ്രദ്ധിക്കുക

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

## എറണാകുളം കരയോഗം
## 17.08.2019 മുതൽ 15.09.2019 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 17.8.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 18.8.2019 | ഞായർ | 3.00 p.m. | : സംസ്കൃത ദിനം |
| 21.8.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 4.00 p.m. | : വിമൻസ് ഫോറം യോഗം |
| 24.8.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 25.8.2019 | ഞായർ | 10.00 a.m. | : കരയോഗം ഓണം ഫെയർ ആരംഭം |
| | | 5.00 p.m. | : കരയോഗം ഫിലിംക്ലബ്ബ് -സിനിമ- നോത്രദാമിലെ കൂനൻ |
| 27.8.2019 | ചൊവ്വ | 6.30 p.m. | : കരയോഗം കഥകളി ക്ലബ്ബ്-കഥകളി- ബാണയുദ്ധം |
| 28.8.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| | | 6.30 p.m. | : ബീം പ്രതിമാസ പരിപാടി--നാടകം-ബൊളീവിയൻ സ്റ്റാർസ് |
| 31.8.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 4.9.2019 | ബുധൻ | 3.00 p.m. | : ദേവി ഭാഗവതം ക്ലാസ്സ് |
| 7.9.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 11.9.2019 | ബുധൻ | 3.00 p.m. | : കരയോഗം ഓണം ഫെയർ സമാപനം |
| 14.9.2019 | ശനി | 10.00 a.m. | : വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 15.9.2019 | ഞായർ | 10.00 a.m. | : പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |

പൂർണ്ണേ ഗർഭേ സമസ്ത ത്രിഭുവന ശുഭക -
ർമ്മങ്ങളേകത്രകൂടി -
പ്പൂർണ്ണാനന്ദം വിളങ്ങീടിന ഘനപടല-
ശ്യാമധാമാഭിരാമൻ
മംഗല്യേ സന്മുഹൂർത്തേ മഹിതഗുണിമിയ -
ന്നഷ്ടമീ രോഹിണീഭ്യാം
സംഗേ ഭംഗ്യാ ജനിച്ചാ നഴകൊടു ജഗതീ -
മൂലകന്ദം മുകുന്ദൻ.
– ശ്രീകൃഷ്ണചരിതം മണിപ്രവാളം 1. 72

→ *ലോകങ്ങൾക്ക് ആദികാരണനായ മഹാവിഷ്ണു ദേവകിയുടെ ഗർഭം പൂർണ്ണമായപ്പോൾ, മൂന്നു ലോകത്തിലെയും സകല ശുഭകർമ്മങ്ങളുടേയും മൂർത്തീഭാവം പോലെ, മേഘപാളികളുടെ നീലശോഭയുള്ളവനായി, അഷ്ടമിയും രോഹിണിയും ചേരുന്ന സന്മുഹൂർത്തത്തിൽ ആ ദേവിയുടെ ഉദരത്തിൽ നിന്നു പിറന്നു.*





തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ
## അധിനിവേശം-പൈതൃകം-നവോത്ഥാനം

**ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)**

### നാഥ്പംഥ് സമ്പ്രദായം

ഭക്തിപ്രസ്ഥാനകാലത്ത് സാമൂഹ്യപരിവർത്തനത്തെ ലക്ഷ്യമാക്കി പ്രവർത്തിച്ചിരുന്ന ഒട്ടേറെ സന്യാസസമൂഹങ്ങളുണ്ടായിരുന്നു എന്നു പറഞ്ഞുവല്ലോ. അവയിൽ പ്രസക്തമായ ഒരു സന്യാസി സമൂഹമായിരുന്നു നാഥ്പംഥ്. ഈ സമ്പ്രദായത്തിന്റെ ആവിഷ്ക്കാരമുണ്ടായത് എന്നാണെന്നോ, അതിനുമുൻകയ്യെടുത്തത് ആരാണെന്നോ സൂചിപ്പിക്കുന്ന രേഖകൾ ലഭ്യമല്ല. ഗുരുഗോരഖ്നാഥിന്റെ നാമധേയം നാഥ്പംഥ് സമ്പ്രദായചരിത്രത്തിൽ പ്രമുഖസ്ഥാനത്തുണ്ട്. അദ്ദേഹത്തിന്റെ പൂർവ്വാചാര്യന്മാരെക്കുറിച്ച് യാതൊരു രേഖകളുമില്ല. ജലന്ധരനാഥ്, ഭർഥരി, ഗോപീചന്ദ്, ചൗരംഗീനാഥ്, നർപട്നാഥ്, ചണുകർനാഥ്, കണേരിപാവ് തുടങ്ങിയവർ സാമൂഹ്യപരിവർത്തനത്തിനുവേണ്ടി പ്രവർത്തിച്ച നാഥ്പംഥ് കവികളാണ്. കബീറിന്റെ സന്ത്മതത്തെക്കാൾ ഏറെ മുമ്പ് നാഥ്മതം നിലനിന്നിരുന്നതായി ചില ഗവേഷകർ തറപ്പിച്ചു പറയുന്നു. അനാവശ്യമായ ആഡംബരങ്ങളുപക്ഷേിച്ച് ലളിതജീവിതം നയിക്കുക, പരോപകാരം ചെയ്യുക തുടങ്ങിയ ആദർശങ്ങളിലൂടെയാണ് നാഥ്മതം ജനങ്ങളിൽ മാനസിക പരിവർത്തനമുണ്ടാക്കിയത്. നാഥ്പംഥ് സന്യാസിമാർ ഒന്നിലേറേ നാമങ്ങൾ ഉപയോഗിക്കുന്നവരായിരുന്നു.

### ഘുംഘലീമാലും ഗരീബ്നാഥും

എ.ഡി. 1439/1440 കാലഘട്ടത്തിൽ പെഷവാറിൽ നിന്ന് ഗുജറാത്തിലെ കച്ഛ് പ്രദേശത്ത് എത്തിച്ചേർന്ന നാഥ്പംഥ് സന്യാസിമാരായിരുന്നു ഘുംഘലീമാലും (ധർമനാഥ്) ഗരീബ്നാഥും. ധർമനാഥ് ഗുരു സത്യനാഥ് എന്ന സന്യാസിവരന്റെ ശിഷ്യനായിരുന്നു. ഗോരഖ്നാഥിന്റെ ശ്രേണിയിലുൾപ്പെട്ട മഹാനായ ഒരു സന്യാസിയായിരുന്നു സത്യനാഥ്. ധർമനാഥിൽ നിന്നു ദീക്ഷ സ്വീകരിച്ചതിനുശേഷമാണ് ഗരീബ്നാഥ് പെഷവാറിൽ നിന്നു കച്ഛ് വരെയുള്ള യാത്രയിൽ ഗുരുനാഥനെ അനുഗമിച്ചത്. ഇരുവരും ചേർന്ന് കച്ഛിലും പ്രാന്തപ്രദേശങ്ങളിലും നാഥ്മതദർശനങ്ങൾ പ്രചരിപ്പിച്ചു. തങ്ങളുടെ രചനകൾ രേഖപ്പെടുത്തിവെക്കുന്നതിൽ അവർ തീരെ ശ്രദ്ധ പുലർത്തിയിരുന്നില്ല. തലമുറകളിലൂടെ വാമൊഴിയായി കൈമാറി ലഭിച്ച ചില അപൂർണ്ണ പംക്തികൾ മാത്രമേ ഇന്നു രേഖകളിൽ കാണുന്നുള്ളൂ. 'നാഥ് നിരഞ്ജൻ നിർഗുണനും നിരാമയനുമാണ്. മനുഷ്യരെല്ലാം അവിടുത്തെ പ്രതിരൂപങ്ങളാണ്. ഗഗനമണ്ഡലത്തിലെ താരാഗണങ്ങൾക്കു ജാതിയും മതവുമില്ലാത്തതുപോലെ ഈശ്വരന്റെ സൃഷ്ടികളായ മനുഷ്യർക്കും ജാതിയില്ല. നിരഞ്ജനെ ഉപാസിക്കൂ. ആനന്ദാനുഭൂതിയനുഭവിക്കൂ' എന്നത്രേ ധർമനാഥ് തന്റെ 'സബദു' കളിലൂടെ ജനങ്ങളെ ഉദ്ബോധിപ്പിച്ചത്. ഹൺവന്ത്ജി, അജയ്പാൽ, പൃഥ്വീനാഥ് തുടങ്ങിയ ജൈനകവികളുടെ രചനകളും നാഥ്പംഥ് സമ്പ്രദായത്തെക്കുറിച്ചു സൂചനകൾ നൽകുന്നു.

### പുഷ്ടിമാർഗം

ഭാരതത്തിൽ ഉദയംകൊണ്ട ആത്മീയധാരകളിൽ പ്രമുഖമായ ഒരു ഭക്തിധാരയാണ് പുഷ്ടിമാർഗം. അദ്വൈത സിദ്ധാന്തത്തിലധിഷ്ഠിതമായ

ദർശനങ്ങളെയും വേദാന്തചിന്തകളെയും ഉദാത്തവൽക്കരിച്ചുകൊണ്ട് എ.ഡി. 1500-ാമാണ്ടിൽ മഹാപ്രഭു വല്ലഭാചാര്യയാണ് പുഷ്ടിമാർഗം സ്ഥാപിച്ചത്. ഭക്തിപ്രസ്ഥാനകാലത്ത് ഹൈന്ദവ സമൂഹത്തിൽ സമഭാവനയുടെ സന്ദേശം പ്രചരിപ്പിക്കുന്നതിൽ ഈ പുത്തൻ ആത്മീയധാര വിജയിച്ചു. മനുഷ്യരെല്ലാം വിഷ്ണുവിന്റെ സന്താനങ്ങളാണെന്നും പരസ്പരം സ്നേഹം പങ്കുവെക്കുന്നിടത്ത് ഭഗവാന്റെ സാമീപ്യമുണ്ടായിരിക്കും എന്നുമാണ് പുഷ്ടിമാർഗത്തിന്റെ മുഖ്യദർശനം. വ്യക്തിപരമായ നേട്ടങ്ങളുണ്ടാക്കുകയല്ല സമൂഹത്തിനുവേണ്ടി സദ്കർമ്മങ്ങൾ ചെയ്യുകയാണ് വേണ്ടതെന്ന് പുഷ്ടിമാർഗം അനുയായികളോട് നിഷ്ക്കർഷിക്കുന്നു.

**വല്ലഭാചാര്യ**

വൈഷ്ണവഭക്തി പ്രചാരകർക്കിടയിൽ അതിശ്രേഷ്ഠമായ സ്ഥാനമലങ്കരിക്കുന്ന ഗുരുവാണ് ശ്രീ വല്ലഭാചാര്യ. പുഷ്ടിമാർഗം എന്ന വൈഷ്ണവധാരയിലൂടെ ഇന്ത്യയുടെ അദ്ധ്യാത്മിക/സാംസ്കാരിക ഭൂമികയിൽ ആത്മീയചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് അദ്ദേഹം അനശ്വരനായിത്തീർന്നു. ആന്ധ്രയിൽ വേരുകളുള്ള വൈദികദമ്പതികളായ ലക്ഷ്മണഭട്ടർക്കും ഇല്ലമ്മക്കും മൂന്നു സന്താനങ്ങളുണ്ടായി- രാമകൃഷ്ണനും സാവിത്രിയും സരസ്വതിയും! നൂറു സോമയാഗങ്ങൾ നടത്തി പുണ്യം നേടിയ കുടുംബമായിരുന്നു ലക്ഷ്ണഭട്ടരുടേത്. അദ്ദേഹം പത്നിയും സന്താനങ്ങളുമൊത്ത് കാശിയിൽ താമസിച്ചു പോന്നു. സോമയാഗങ്ങൾ പ്രദാനം ചെയ്ത പുണ്യത്താൽ കുടുംബത്തിലൊരു ദിവ്യശിശു ഭൂജാതനാകുമെന്ന് ഭട്ടർക്കു സ്വപ്നദർശനമുണ്ടായി. വൈകാതെ ഇല്ലമ്മ വീണ്ടും ഗർഭം ധരിച്ചു. ഇതിനിടെ മുഗളർ ആക്രമണം അഴിച്ചുവിട്ടു. ഹിന്ദുക്കൾ ജീവനുവേണ്ടി പലായനം തുടങ്ങി. ലക്ഷ്മണഭട്ടർ ഗർഭിണിയായ പത്നിയെയും മക്കളെയും കൂട്ടി ജീവരക്ഷാർത്ഥം കാശി വിട്ടു. ദക്ഷിണദിക്കായിരുന്നു ലക്ഷ്യം. മദ്ധ്യപ്രദേശിലെ റായ്പൂർ എന്ന ദിക്കിലെത്തി. സന്ധ്യമയങ്ങി. അവർ ചംപാരണ്യം എന്ന വനത്തിലൂടെ നീങ്ങിക്കൊണ്ടിരിക്കെ ഇല്ലമ്മക്കുപ്രസവവേദന തുടങ്ങി. ഒരടി മുന്നോട്ട് നടക്കാൻ വയ്യാത്ത അവസ്ഥ!അവർ ഒരു മരത്തിന്റെ മറവിലേക്കു മാറി. സമയം ഇഴഞ്ഞു നീങ്ങി. അർദ്ധരാത്രിയോടടുത്തപ്പോൾ ഇല്ലമ്മ ഒരാൺകുഞ്ഞിനു ജന്മം നൽകി. ജീവന്റെ ലക്ഷണങ്ങൾ കാണാത്തതിനാൽ കുഞ്ഞു മരിച്ചെന്നു കരുതി ഭട്ടർ കുഞ്ഞിനെ ഉപേക്ഷിച്ച് കുടുംബസമേതം യാത്ര തുടർന്നു. അൽപദൂരം പിന്നിട്ടപ്പോൾ അദ്ദേഹത്തിന് സ്വപ്നദർശനത്തെക്കുറിച്ചോർമ്മ വന്നു. സ്വപ്നത്തിൽ കേട്ട പ്രവചനം അദ്ദേഹത്തിന്റെ കാതുകളിൽ മുഴങ്ങി. അദ്ദേഹം കുടുംബത്തോടൊപ്പം ഉടൻതന്നെ കാട്ടിലേക്കു കുതിച്ചു. നിർഭാഗ്യവശാൽ കുഞ്ഞിനെ ഉപേക്ഷിച്ച പ്രദേശമാകെ കാട്ടുതീ പടർന്നിരുന്നു. പ്രസവക്ലേശം വകവെക്കാതെ, ധൈര്യം കൈവിടാതെ, ഇല്ലമ്മ തീയിലൂടെ മുന്നോട്ടു നീങ്ങി. അൽഭുതം! കൃഷ്ണനുവേണ്ടി യമുനാനദി വഴിയൊരുക്കിയതുപോലെ തീജ്വാലകൾ വഴിമാറിക്കൊടുത്തു. കുഞ്ഞിനെ വാരിയെടുത്ത് ഇല്ലമ്മ കാട്ടിനുപുറത്തേക്ക് ഓടി. തീജ്വാലകളെ അതിജീവിച്ച കുഞ്ഞിന് ഭട്ടർ വൈശ്വാനരൻ എന്ന പേര് നൽകി. എ.ഡി. 1485 ലാണ് ഈ ദിവ്യജന്മത്താൽ ഭാരതാംബ ധന്യയായത്. ഇളംപ്രായത്തിൽത്തന്നെ വൈശ്വാനരൻ വേദം, വേദാംഗം, ദർശനസിദ്ധാന്തം തുടങ്ങിയ ഗഹനമായ വിഷയങ്ങളിൽ ജ്ഞാനം നേടി. ദേശസഞ്ചാരം ചെയ്ത് വാദപ്രതിവാദങ്ങളിൽ മഹാപണ്ഡിതന്മാരെ പരാജയപ്പെടുത്തി 'ബാലസരസ്വതി' എന്ന ബിരുദം നേടി. കൃഷ്ണദേവരായർ ഭരിച്ചിരുന്ന വിജയനഗരസാമ്രാജ്യത്തിലെത്തിയതോടെ 'ജഗദ്ഗുരു' എന്ന സ്ഥാനവും നേടി. കൃഷ്ണദേവരായർ അദ്ദേഹത്തിന് വിലപിടിച്ച സമ്മാനങ്ങൾ നൽകി. പക്ഷേ അദ്ദേഹം യാതൊന്നും സ്വീകരിച്ചില്ല. മഹാരാജാവ് അൽഭുതാദരങ്ങളോടെ അദ്ദേഹത്തെ വണങ്ങി. ഇതിനോടകം വല്ലഭാചാര്യ എന്ന പേരിൽ അറിയപ്പെട്ട അദ്ദേഹത്തിന്റെ പ്രസിദ്ധി നാലുപാടും വ്യാപിച്ചു. ദക്ഷിണദിക്കിലും കാശിയിലും സഞ്ചരിച്ച് മായാവാദത്തെ ഖണ്ഡിച്ചുകൊണ്ട് അദ്ദേഹം പണ്ഡിതന്മാരുടെ ആദരവിനു പാത്രമായി. ദിഗ്‌വിജയിയായിത്തീർന്ന വല്ലഭാചാര്യയിൽ ദേവദമനൻ (ശ്രീനാഥ്ജി) അത്യന്തം സംപ്രീതനായി. ഭഗവാൻ അദ്ദേഹത്തിന് ഗോവർദ്ധനപർവ്വതത്തിൽവെച്ച് ദർശനം നൽകി ! 'ഇവിടെ ഒരു ക്ഷേത്രം നിർമ്മിച്ച് പ്രതിഷ്ഠാകർമ്മം നടത്തുക. പുഷ്ടിമാർഗമെന്ന ഭക്തിസമ്പ്രദായത്തെ ആവിഷ്ക്കരിക്കുക. അതിലൂടെ വിഷ്ണുഭക്തി പ്രചരിപ്പിച്ച് സമൂഹത്തിനു നന്മചെയ്യുക!' എന്നായിരുന്നു ഭഗവാന്റെ കൽപ്പന. വല്ലഭാചാര്യശുദ്ധാദ്വൈതമെന്ന തത്വത്തിലധിഷ്ഠിതമായ ലളിത ജീവിതം നയിക്കാൻ തുടങ്ങി. പണ്ഡരീപുരത്തെ പാണ്ഡുരംഗസ്വാമി സ്വപ്നദർശനം നൽകിയതിനെത്തുടർന്ന് അദ്ദേഹം അക്കമ്മാദേവി എന്ന കന്യകയെ വിവാഹം കഴിച്ചു. ഈ ദാമ്പത്യത്തിൽ ഗോപിനാഥ്, വിഠലനാഥ് എന്ന രണ്ടുപുത്രന്മാരുണ്ടായി. വീണ്ടും തീർത്ഥയാത്ര പുറപ്പെട്ടു. ചെല്ലുന്നിടത്തൊക്കെ ഭാഗവത സപ്താഹം നടത്തി ജനങ്ങളെ ശുദ്ധാദ്വൈതത്തിലേക്ക് ആകർഷിച്ചു.ഝാർഖണ്ഡിലെത്തിയപ്പോൾ വ്രജഭൂമിയിലേക്കു ചെല്ലാൻ ഉൾവിളിയുണ്ടായി. അദ്ദേഹം വൃന്ദാവനത്തിലേക്കു തിരിച്ചു. 'ഇവിടെ ഗോവർദ്ധന പർവ്വതത്തിനുമേൽ ഒരു വിഗ്രഹം കാണപ്പെട്ടിരിക്കുന്നു. എന്നാൽ അതിന്റെ കൈകളും മുഖവും മാത്രമേ ദൃശ്യമാകുന്നുള്ളു', എന്നു ഗ്രാമീണർ അറിയിച്ചു. വല്ലഭാചാര്യ ഉടൻ ഗോവർദ്ധനത്തിലെത്തി വിഗ്രഹത്തെ വീണ്ടെടുത്തു. ദേവദമന്റെ/ശ്രീനാഥ്ജിയുടെ അതിസുന്ദരമായ ആ വിഗ്രഹത്തെ അദ്ദേഹം മാറോടണച്ചു.എ.ഡി. 1509 ൽ ക്ഷേത്രനിർമ്മാണം തുടങ്ങി. പണിയിൽ കാര്യമായ പുരോഗതിയുണ്ടായില്ലെങ്കിലും വല്ലഭാചാര്യ ശ്രീനാഥ്ജിയുടെ പ്രതിഷ്ഠ നടത്തി. ബംഗാളിലെ ചില വൈഷ്ണവരെ പൂജാദികർമ്മങ്ങൾക്കായി നിയോഗിച്ചു. ശിഷ്യനായ കുംഭൻദാസിനെ സോപാനഗായകനായും അവരോധിച്ചു.എ.ഡി. 1526 ൽ ക്ഷേത്രശ്രീകോവിലിന്റെയും താഴികക്കുടത്തിന്റെയും പണി പൂർത്തിയായി. ഇതിനിടയിലാണ് അദ്ദേഹം ഗൗഘാട്ടിൽവെച്ച് അന്ധനായ സൂർദാസിനെ കണ്ടുമുട്ടിയത്. തന്നെക്കാൾ പത്തുനാൾ മാത്രം ഇളപ്പമുള്ള അന്ധഗായകനെ അദ്ദേഹം ദീക്ഷ നൽകി ശിഷ്യനായി സ്വീകരിച്ചു. ഗുരുവും പുതിയ ശിഷ്യനും അനുയായികളും വൃന്ദാവനത്തിലേക്കു യാത്രയായി. താമസിയാതെ വല്ലഭാചാര്യ സൂർദാസിനെ ശ്രീനാഥ്ജി ക്ഷേത്രത്തിലെ സോപാനഗായകനായി അവരോധിച്ചു.

ഇതിനോടകം പുഷ്ടിസമ്പ്രദായം ശക്തിയാർജിച്ചു കഴിഞ്ഞിരുന്നു. ശ്രീനാഥ്ജി മന്ദിരത്തിലെ കീർത്തനസമ്പ്രദായം പരിഷ്ക്കരിക്കപ്പെട്ടു. എട്ടുവേളയിൽ, എട്ടു പൂജകളെന്നും ഓരോ പൂജക്കും ഓരോരുത്തർ എന്ന കണക്കിൽ എട്ടു സോപാനഗായകർ വേണമെന്നും വ്യവസ്ഥയായി. ഈ ഗായകർ 'അഷ്ടഛാപ്' എന്ന പേരിൽ അറിയപ്പെട്ടു. വല്ലഭാചാര്യയുടെ ശിഷ്യന്മാരും വല്ലഭ/ പുഷ്ടി സമ്പ്രദായത്തിലെ ശ്രേഷ്ഠകവികളുമായ കുംഭൻദാസ്, പരമാനന്ദദാസ്, ഗോവിന്ദസ്വാമി, ഛീത്സ്വാമി എന്നിവരടങ്ങിയ ഈ കവികുലത്തെ സന്യാസിമാരും രാജാക്കന്മാരും സാധാരണക്കാരും ബഹുമാനിച്ചു. സമൂഹത്തിൽ ശോഭായമാനമായ ഒരു പരിവർത്തനമുണ്ടാക്കിയ സംതൃപ്തിയോടെ വല്ലഭാചാര്യ ഗംഗാതീരത്തെ ഹനുമാൻഘാട്ടിൽ വെച്ച് ജലസമാധിയായി.

**സൂർദാസ്**

സൂർദാസിന്റെ ജന്മസ്ഥാനം, പൈതൃകം എന്നിവയെക്കുറിച്ച് രേഖകളൊന്നും ലഭ്യമല്ല. വാമൊഴികളെയും ഐതിഹ്യങ്ങളെയും ആധാരമാക്കി ചരിത്രഗവേഷകർ ചില നിഗമനങ്ങളിലെത്തിയിട്ടുളളതിങ്ങനെ. ഗോപാചലം (ഗോപാദ്രി) എന്ന സ്ഥലത്താണ് സൂർദാസ് ഭൂജാതനായത്. ഈ ഗ്രാമം ഇപ്പോൾ ഗ്വാളിയർ എന്ന പേരിൽ അറിയപ്പെടുന്നു. സൂർദാസിന്റെ രചനയായ 'സാഹിത്യലഹരി'യിൽ ഇതേക്കുറിച്ച് സൂചനകളുണ്ട്. അതനുസരിച്ച് സൂറിന്റെ പൂർവ്വികം ഗായകകവിയും പൃഥ്വീരാജ്ചൗഹാന്റെ സുഹൃത്തുമായ ചാന്ദ് എന്ന വ്യക്തിയുമായി ബന്ധപ്പെട്ടിരിക്കുന്നു. ചാന്ദിന്റെ രണ്ടാമത്തെ പുത്രനായിരുന്നു ഗുണചന്ദ്. ഗുണചന്ദിന്റെ പുത്രൻ ശീൽചന്ദ്, ശീൽചന്ദിന്റെ പുത്രൻ വീർചന്ദ് ! രൺഥംബോറിലെ

രാജാഹമ്മീറിന്റെ വിശ്വസ്തതോഴനായിരുന്നു വീർചന്ദ്. അദ്ദേഹത്തിന്റെ പുത്രനായ ഹരിചന്ദ് കുടുംബസമേതം ഗോപാചലത്തിലായിരുന്നു താമസം. അദ്ദേഹത്തിനു സൂർദാസടക്കം ഏഴുപുത്രന്മാരുണ്ടായി. 'ആയിനേ അക്ബരി' എന്ന ചരിത്രഗ്രന്ഥത്തിൽ ഗ്വാളിയർനിവാസിയായ രാംദാസിന്റെ പുത്രനാണ് സൂർദാസ് എന്നു രേഖപ്പെടുത്തിക്കാണുന്നു. എ.ഡി. 1485ൽ സൂർദാസ് ഒരു സാരസ്വതകുടുംബത്തിൽ ജനിച്ചു എന്ന് ചില ഗവേഷകർ കരുതുന്നു. താൻ ശുദ്ധബ്രാഹ്മണനല്ലെന്നും പാണ്ഡേ (ബ്രാഹ്മണരുടെ ഒരു ഉപജാതി) യാണെന്നും ചില പദങ്ങളിലൂടെ സൂർദാസ് സൂചന നൽകുന്നുണ്ട്. മറ്റു ചില പദങ്ങളിൽ താൻ 'ഢാഢി' (ഒരു ഗായകകുലം)യാണെന്നും അദ്ദേഹം പറയുന്നു. എന്തായാലും ചെറുപ്പകാലത്തുതന്നെ അദ്ദേഹം കുലവും ജാതിയും ത്യജിച്ചു എന്നതു വാസ്തവം.ജന്മനാ അന്ധനായ പുത്രനെ മാതാപിതാക്കൾ സൂർ എന്നു വിളിച്ചുപോന്നു. ജേഷ്ഠന്മാർ അന്ധതയെചൊല്ലി പരിഹസിച്ചിരുന്നതും പീഡിപ്പിച്ചിരുന്നതും സൂറിനെ വല്ലാതെ വേദനിപ്പിച്ചു.സൂർദാസ് ജന്മാന്ധനായിരുന്നില്ലെന്നു സൂചിപ്പിക്കുന്ന ചില ഐതിഹ്യങ്ങളുണ്ട്..

കൗമാരം കടന്നതോടെ സൂർദാസിന്റെ ശരീരപുഷ്ടിയും മുഖകാന്തിയും വർദ്ധിച്ചു. അദ്ദേഹം യമുനാതടത്തിൽ വെച്ച് അതിസുന്ദരിയായ ഒരു തരുണിയെ കണ്ടുമുട്ടി. പ്രേമാഭ്യർത്ഥന നടത്തിയ യുവാവിനെ ഏതോ ദിവ്യൻ എന്നു തെറ്റിദ്ധരിച്ച അവൾ ഭവ്യതയോടെ മാറി നടന്നു. കണ്ണുകൾ കൊണ്ട് വഞ്ചിതനായ താൻ തെറ്റു ചെയ്തതും അതേ കണ്ണുകൾ കൊണ്ടാണല്ലോ എന്നോർക്കെ സൂർദാസിന്റെ മനം നൊന്തു. അദ്ദേഹത്തിന്റെ അകക്കണ്ണു തുറന്നു. ഇനിയും തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ അദ്ദേഹം സ്വയം കണ്ണുകൾ കുത്തിപ്പൊട്ടിച്ചുവത്രേ! മറ്റൊരു കഥ ഇങ്ങനെ.സഹോദരങ്ങളും ഗ്രാമത്തിലെ മറ്റുകുട്ടികളും ഒറ്റപ്പെടുത്തിയ വേദനയിൽ

അലഞ്ഞുതിരിഞ്ഞ സൂർദാസ് ഒരു പൊട്ടക്കിണറ്റിൽ വീണു. കരഞ്ഞുവിളിച്ചിട്ടും രക്ഷപ്പെടുത്താനാരുമുണ്ടായില്ല. ബാലൻ ഉറക്കെയുറക്കെ കൃഷ്ണനാമം ചൊല്ലി. ആറുദിവസങ്ങൾ കടന്നുപോയി. ഏഴാം നാൾ പുലർച്ചെ സാക്ഷാൽ ഗോപാലകൃഷ്ണൻ പ്രത്യക്ഷപ്പെടുകയും സൂർദാസിനെ കിണറ്റിൽ നിന്നും കൈപിടിച്ചുയർത്തി കരയിലെത്തിക്കുകയും ചെയ്തു. കൃഷ്ണന്റെ സ്പർശനമുണ്ടായ നിമിഷം തന്നെ സൂർദാസിനു കാഴ്ച ലഭിച്ചു. പീലിക്കിരീടവും വനമാലയും ചാർത്തിയ മനോമോഹനരൂപത്തെക്കണ്ട് മനംകുളിർത്ത സൂർ ആനന്ദക്കണ്ണീർ തൂകി. വരം വാങ്ങിച്ചുകൊള്ളൂ, ഭഗവാൻ പുഞ്ചിരിയോടെ പറഞ്ഞു. 'അല്ലയോ ഭഗവാനേ, അവിടുത്തെ തോജോമയമായ രൂപം കണ്ടു ധന്യമായ കണ്ണുകളാൽ നശ്വരമായ ഈ ലോകത്തെക്കാണാൻ അടിയനാഗ്രഹിക്കുന്നില്ല. അതിനാൽ ദയവു ചെയ്ത് അടിയന്റെ കാഴ്ചശക്തിയെ തിരിച്ചെടുത്താലും,' സൂർദാസ് തൊഴുകയ്യോടെ പറഞ്ഞു. 'തഥാസ്തു!' എന്നനുഗ്രഹിച്ചുകൊണ്ട് ഭഗവാൻ ബാഹ്യദൃഷ്ടിക്കു പകരമായി ഭക്തന് ദിവ്യചക്ഷു പ്രദാനം ചെയ്തു.

വല്ലഭാചാര്യയുമായുണ്ടായ കൂടിക്കാഴ്ച സൂർദാസിന്റെ ജീവിതത്തിൽ ഒരു വഴിത്തിരിവായി. അന്ധഗായകന്റെ സ്വരമാധുരിയിൽ ആകൃഷ്ടനായ വല്ലഭാചാര്യ സൂർദാസിനു ദീക്ഷനൽകി ശിഷ്യനായി സ്വീകരിച്ചു. ഗുരുവിനോടൊപ്പം വൃന്ദാവനത്തിലേക്കുണ്ടായ യാത്ര സൂറിന് ഒരു പുതിയ അനുഭവമായി. തന്റെ കൃഷ്ണഗീതങ്ങളിലൂടെ അദ്ദേഹം സംഘത്തിലുള്ളവരെ ഭക്തിയുടെ ആത്മീയതലത്തിലേക്കുയർത്തി. ഗോവർദ്ധനത്തിലെത്തിയ സംഘത്തിനു വൻ വരവേൽപു ലഭിച്ചു. താമസിയാതെ വല്ലഭാചാര്യ സൂർദാസിനെ ശ്രീനാഥ്ജി മന്ദിരത്തിലെ സോപാനഗായകനായി അവരോധിച്ചു. ചന്ദ്രസരോവരം എന്ന സ്ഥലത്തു താമസിച്ചുകൊണ്ട് അദ്ദേഹം കീർത്തനസേവയിലും സുഭാഷിതങ്ങളിലും ആനന്ദം കണ്ടെത്തി. അദ്ദേഹത്തിനു ധാരാളം അനുയായികളുണ്ടായി. കുടിലിലും കൊട്ടാരത്തിലും വയലേലകളിലും സൂർദാസിന്റെ കൃഷ്ണഗീതങ്ങൾ മുഴങ്ങി. അവയിൽ അന്തർലീനമായ ജീവിതതത്വങ്ങളെ എല്ലാവരും ഒരേ മനസ്സോടെ ഉൾക്കൊണ്ടു. ആത്മീയചിന്തകളെ അവർ ആത്മാർത്ഥതയോടെ സ്വാംശീകരിച്ചു. സൂർദാസിന്റെ പ്രശസ്തി കാടും മലയും ദേശാതിർത്തികളും താണ്ടി. സഹോദരങ്ങൾ അദ്ദേഹത്തെ തേടിയെത്തി. പശ്ചാത്താപത്തിന്റെ കണ്ണീരുമായി അദ്ദേഹത്തിനു മുന്നിൽ അവർ തലകുനിച്ചുനിന്നു. അച്ഛനുമമ്മയും വഴിക്കണ്ണുമായി കാത്തിരിപ്പുണ്ടെന്നും തങ്ങളോടൊപ്പം ഗ്രാമത്തിലേക്കു മടങ്ങണമെന്നും അവർ സൂറിനോട് അഭ്യർത്ഥിച്ചു. 'വസുധൈവ കുടുംബകം' എന്നായിരുന്നു സൂറിന്റെ മറുപടി. അക്ബർ ചക്രവർത്തിയുടെ ആസ്ഥാന ഗായകനായ താൻസേൻ സൂർദാസിന്റെ സമകാലികനായിരുന്നു. അദ്ദേഹം സൂറിന്റെ കൃതികൾ ആലപിക്കുന്നതു കേട്ടു മനം കുളിർത്ത അക്ബർ സൂർദാസിന് ആളയച്ചു. തന്റെ ദർബാറിൽ വന്നു പാടണമെന്നായിരന്നു കൽപ്പന !. താൻ ശ്രീകൃഷ്ണന്റെ ദർബാറിൽ മാത്രമേ പാടുകയുള്ളൂവെന്നും വൃന്ദാവനത്തിൽ നിന്നു മറ്റെവിടേക്കും പോകില്ലെന്നും സൂർദാസ് തീർത്തുപറഞ്ഞു. ദൂതൻ മടങ്ങി. അക്ബർ താൻസേനെയും കൂട്ടി പരിവാരസമേതം സൂർദാസിനെ സന്ദർശിച്ചു. സൂർദാസ് ചക്രവർത്തിയെ ആദരപൂർവ്വം വരവേറ്റു. അദ്ദേഹത്തിനു വേണ്ടി ചില പുതിയ കൃതികൾ രചിച്ചു പാടുകയും ചെയ്തു. സന്തുഷ്ടനായ അക്ബർ ചക്രവർത്തി ചില ഗ്രാമങ്ങൾ സൂറിനു പാരിതോഷികമായി നൽകി. പക്ഷേ സൂർ അതെല്ലാം നന്ദിപൂർവ്വം നിരസിച്ചു. അന്ധഗായകനോടുള്ള ബഹുമാനം നിറഞ്ഞുതിങ്ങുന്ന മനസുമായി അക്ബർ യാത്രപറഞ്ഞിറങ്ങി.

മറ്റൊരവസരത്തിൽ ഗോസായി തുളസിദാസ് സൂർദാസിനെ സന്ദർശിക്കാനെത്തി. ഏതാനും ദിവസം അവർ ഒരുമിച്ചു പാർത്തു. പിരിയുന്ന വേളയിൽ കൃഷ്ണനെക്കുറിച്ചു താൻ പാടുമെന്ന് തുളസീദാസും രാമനെക്കുറിച്ചു താൻ പാടുമെന്ന് സൂർദാസും പരസ്പരം വാക്കുകൊടുത്തു. ഇരുവരും വാക്കു പാലിക്കയും ചെയ്തു.

ഗുരുവായ വല്ലഭാചാര്യയുടെ സ്വർഗാരോഹണം സൂർദാസിനെ ഉലച്ചു കളഞ്ഞു.

സൂർദാസിന്റെ രചനകളത്രയും വ്രജഭാഷയിലായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് 'സൂർസാഗർ' എന്ന ഗ്രന്ഥമാണ്. കവികുലഭൂഷൺ തുളസീദാസിന്റെ രാമചരിതമാനസവും വ്രജഭൂമിയിലെ സൂർദാസിന്റെ സൂർസാഗറും ഭക്തിയുടെ രണ്ടു വ്യത്യസ്തഭാവങ്ങൾ അവതരിപ്പിക്കുന്നു. മാനസ് ജ്ഞാനയോഗമാണ്; സാഗർ പ്രേമയോഗവും!സൂർസാഗറിലെ ശ്രദ്ധേയമായ ഒരു ഭാഗമാണ് 'ഭ്രമരഗീതം'. ഗോകുലത്തിലേക്കു ദൂതുപോയ ഉദ്ധവരും ഗോപികമാരും തമ്മിലുണ്ടായ സംവാദത്തെ ഭ്രമരവൃത്തത്തിലവതരിപ്പിക്കുക വഴി കാവ്യരചനയിൽ ഒരു പ്രത്യേകമാനം സൃഷ്ടിച്ചു സൂർദാസ്. സൂർസാരാവലി, സാഹിത്യലഹരി, ബാഹ്യലോ, പദ്സംഗ്രഹ്, ദശമസ്കന്ദ് ടീകാ, നാഗലീല, ഭാഗവത്, സൂർപച്ചീസി, രാമജന്മ്, ഏകാദശീ മാഹാത്മ്യ്, ഗോവർദ്ധനലീല, സൂർസാഗർ സാർ തുടങ്ങിയ ഗ്രന്ഥങ്ങളും സൂർദാസിന്റേതാണ്. അദ്ദേഹത്തിന്റ കാവ്യങ്ങൾ സംഗീതനിബദ്ധങ്ങളാണ്. കൊച്ചു കൊച്ചു കഥകളും സംഭവങ്ങളുടെ വിവരണങ്ങളും അവയുടെ മാറ്റു കൂട്ടുന്നു. എ.ഡി. 1585 വരെ നീണ്ടുനിന്ന സുദീർഘമായ ഒരു ജീവിതമായിരുന്നു സൂർദാസിന്റേത്. ഇഹലോകവാസം വെടിയേണ്ട സമയമടുത്തെന്നു മുൻകൂട്ടിയറിഞ്ഞ അദ്ദേഹം ശ്രീനാഥ്ജിയെ തൊഴുതു വലംവെച്ചു. ശിഷ്യൻമാരൊരുക്കിയ ദർഭശയ്യയിൽക്കിടന്നു കൃഷ്ണനാമം ജപിച്ചു. അപ്പോഴേക്കും പുഷ്ടിമാർഗത്തിന്റെ പരമഗുരുവായ വിട്ടലനാഥൻ (ശ്രീവല്ലഭാചാര്യയുടെ പുത്രൻ) ആഗതനായി. അദ്ദേഹം സൂർദാസ്ജിയുടെ ശിരസിൽ കൈവെച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പിറ്റേന്നു ബ്രാഹ്മമുഹൂർത്തത്തിൽ സൂർദാസിന്റെ ആത്മാവ് ശ്രീനാഥ്ജിയുടെ പാദത്തിൽ വിലയം പ്രാപിച്ചു. വലിയൊരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ യമുനാതടത്തിൽ അദ്ദേഹത്തിന് ചിതയൊരുങ്ങി.തന്റെ കൃഷ്ണഗീതികളിലൂടെ കൃഷ്ണയുഗത്തിന് പുനരാവിഷ്കാരം നൽകിയ കവിയും ഗായകനും സന്യാസിയും സാമൂഹ്യപരിഷ്കർത്താവുമായിരുന്ന സൂർദാസിന്റെ ഭൗതികശരീരത്തെ അഗ്നി സവിനയം ഏറ്റെടുത്തു.

(തുടരും)

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

# വിശേഷ ദിവസങ്ങൾ

## 2019 ഓഗസ്റ്റ് 15 മുതൽ സെപ്റ്റംബർ 15 വരെ

| | | |
|---|---|---|
| ഓഗസ്റ്റ് | 15 | സ്വാതന്ത്ര്യദിനം, രക്ഷാബന്ധൻ, ആവണി അവിട്ടം സംസ്കൃത ദിനം |
| | 17 | ആണ്ടു പിറപ്പ്, കർഷക ദിനം |
| | 22 | ചട്ടമ്പിസ്വാമി ജന്മദിനം |
| | 23 | ശ്രീകൃഷ്ണ ജയന്തി, രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ അഷ്ടമി രോഹിണി മഹോത്സവം |
| | 25 | കരയോഗം ഓണംഫെയർ ആരംഭം |
| | 28 | അയ്യങ്കാളി ജയന്തി |
| സെപ്റ്റംബർ | 2 | തൃക്കാക്കര വാമനമൂർത്തിക്ഷേത്രത്തിൽ ഉത്സവം കൊടിയേറ്റ് അത്തച്ചമയം, വിനായക ചതുർത്ഥി |
| | 3 | വിശ്വകർമ്മ ജയന്തി |
| | 5 | അദ്ധ്യാപക ദിനം |
| | 8 | ലോകസാക്ഷരതാ ദിനം |
| | 10 | ഒന്നാം ഓണം, വാമനാവതാരം |
| | 11 | തിരുവോണം, കരയോഗം ഓണംഫെയർ സമാപനം, തൃക്കാക്കര വാമനമൂർത്തി ക്ഷേത്രത്തിൽ ആറാട്ട് |
| | 13 | ശ്രീനാരായണഗുരുജയന്തി |
| | 15 | ആറന്മുള ഉത്രട്ടാതി വള്ളംകളി |

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2019 ഓഗസ്റ്റ് മാസം 18-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**

**ജനറൽ സെക്രട്ടറി**

ക്ഷേത്രങ്ങളിലൂടെ

# പെരളശ്ശേരി ശ്രീ സുബ്രഹ്മണ്യ സ്വാമിക്ഷേത്രം



ഇന്ദിരാഭായി (ഫോൺ: 80785 52892)



ദക്ഷിണ ഭാരതത്തിലെ ഒരു പ്രധാന ആരാധനമൂർത്തിയാണ് ശ്രീസുബ്രഹ്മണ്യസ്വാമി. മഹാഭാരതത്തിലും രാമായണത്തിലും ശിവപുരാണത്തിലും സുബ്രഹ്മണ്യ കഥകൾ വിവരിക്കുന്നു. സുബ്രഹ്മണ്യ സ്വാമിയുടെ ജനനത്തെപ്പറ്റിയുള്ളതാണ് കാളിദാസന്റെ കുമാരസംഭവത്തിലെ പ്രധാന പ്രതിപാദ്യ വിഷയം. ദേവന്മാരും അസുരന്മാരും തമ്മിലുണ്ടായിട്ടുള്ള മഹായുദ്ധങ്ങളെപ്പറ്റി നമ്മുടെ പുരാണങ്ങളിൽ വിവരിക്കുന്നുണ്ട്. ഈ യുദ്ധങ്ങളെല്ലാം നന്മയും തിന്മയും തമ്മിലുള്ള പോരാട്ടങ്ങളുടെ ചിത്രങ്ങളാണ് നമുക്കു കാട്ടി തരുന്നത്. ദേവാസുര യുദ്ധങ്ങളിലെല്ലാം തന്നെ അസുരന്മാർ താല്ക്കാലിക വിജയം നേടിയിട്ടുള്ളതായി കാണാം. എന്നാൽ സത്യധർമ്മാദികളുടെ പ്രതീകമെന്നോണം ഒരു ഈശ്വരചൈതന്യം അവതരിച്ച് തിന്മയെ കീഴ്പ്പെടുത്തുന്നതായും നമുക്കു കാണാം. അങ്ങനെയുള്ള ഒരു താല്ക്കാലിക വിജയത്തിൽ അഹങ്കരിച്ച് ദേവലോകത്തെ സ്വൈരം കെടുത്തുന്ന അസുരന്മാരെ നിഗ്രഹിക്കുക എന്നതായിരുന്നു സുബ്രഹ്മണ്യസ്വാമിയുടെ ജന്മോദ്ദേശം. കാർത്തികേയൻ, കുമാരൻ, സ്കന്ദൻ, ഗുഹൻ, മുരുകൻ എന്നിവയെല്ലാം സുബ്രഹ്മണ്യ സ്വാമിയുടെ പേരുകളാണ്. സുബ്രഹ്മണ്യ സ്വാമിക്കു മുന്നിലെത്തുന്നവരെ ഭഗവാൻ നിരാശരാക്കാറില്ല. തന്റെ തെറ്റുകൾക്ക് പ്രായശ്ചിത്തമായി സുബ്രഹ്മണ്യസ്വാമിക്കു മുന്നിൽ അഭയം പ്രാപിച്ച സുരപത്മൻ എന്ന അസുരന് തന്നോടൊപ്പം സ്ഥാനം നൽകിയ ദേവനാണ് ശ്രീസുബ്രഹ്മണ്യ സ്വാമി.

കണ്ണൂർ ജില്ലയിലെ അതിപ്രശസ്തമായ ഒരു ക്ഷേത്രമാണ് പെരളശ്ശേരി ശ്രീസുബ്രഹ്മണ്യ സ്വാമി ക്ഷേത്രം. ക്ഷേത്രാരാധനയിൽ പല പ്രത്യേകതകളും നിലനില്ക്കുന്ന ഒരു ക്ഷേത്രമാണിത്. കണ്ണൂർ കൂത്തുപറമ്പിലെ പെരളശ്ശേരിയിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. രാമായണ കഥയുമായി ബന്ധപ്പെട്ട ഐതിഹ്യമാണ് പെരളശ്ശേരി ക്ഷേത്രത്തിനുള്ളത്. സാധാരണ സുബ്രഹ്മണ്യ ക്ഷേത്രങ്ങളിൽ കണ്ടു വരുന്ന വിഗ്രഹങ്ങളിൽ നിന്നും വ്യത്യസ്ഥമാണ് ഇവിടുത്തെ സുബ്രഹ്മണ്യ വിഗ്രഹം. വലതു കയ്യിൽ വേലും ഇടതു കയ്യിൽ കടിഹസ്തവുമായാണ് സാധാരണയായി സുബ്രഹ്മണ്യ വിഗ്രഹങ്ങൾ കാണാറുള്ളത്. എന്നാൽ പെരളശ്ശേരിയിലെ വിഗ്രഹം ഇടതുകൈ അരക്കെട്ടിൽ പിടിച്ച് വലതു കൈ നാഗഫണത്തിൽ കുത്തിപ്പിടിച്ച നിലയിലാണ് കാണപ്പെടുന്നത്. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തല്ലിത്തകർത്ത ക്ഷേത്രമാണിത്. ക്ഷേത്രത്തിലെ വിഗ്രഹങ്ങളും നശിപ്പിച്ചു കളഞ്ഞു. അന്നു തല്ലിത്തകർത്ത വിഗ്രഹത്തെ വെള്ളികൊണ്ടുള്ള ഗോളകയിൽ ഉറപ്പിച്ചിരിക്കുന്നതാണ് ഇന്നു പെരളശ്ശേരി ക്ഷേത്രത്തിൽ നാം കാണുന്ന പ്രധാന വിഗ്രഹം. അഞ്ചടിയിലേറെ ഉയരമുള്ളതും ശ്രീരാമദേവന്റെ തൃക്കൈകളാൽ പ്രതിഷ്ഠിതവുമായ ഈ വിഗ്രഹം വളരെ മനോഹരമാണ്.

ശ്രീരാമലക്ഷ്മണന്മാർ അവരുടെ വനവാസകാലത്ത് രാവണൻ അപഹരിച്ചുകൊണ്ടു പോയ സീതാദേവിയെ അന്വേഷിച്ച് പോകുമ്പോൾ ഹനുമാനോടൊപ്പം ഇന്നു പെരളശ്ശേരി എന്നറിയപ്പെടുന്ന സ്ഥലത്തെത്തി. അക്കാലത്ത് കൊടുംവനമായിരുന്ന ഈ സ്ഥലത്ത് ഒരു അയ്യപ്പക്ഷേത്രമുണ്ടായിരുന്നു. അന്ന് ഈ സ്ഥലം അയ്യപ്പൻകാവ് എന്നാണറിയപ്പെട്ടിരുന്നത് എന്നും വിശ്വസിക്കുന്നുണ്ട്. ഈ സ്ഥലത്തെത്തിയ ശ്രീരാമദേവൻ ഇവിടെ സുബ്രഹ്മണ്യസാന്നിദ്ധ്യമുണ്ട് എന്നും സുബ്രഹ്മണ്യ സാന്നിദ്ധ്യത്തിനു പിന്നിലെ കഥ ലക്ഷ്മണനേയും ഹനുമാനേയും അറിയിക്കുകയും ചെയ്തു. സുബ്രഹ്മണ്യൻ ബാലനായിരിക്കുന്ന കാലത്ത് ബ്രഹ്മാവിനോട് ഓംകാരത്തിന്റെ പൊരുൾ വിശദമാക്കാനാവശ്യപ്പെട്ടു. ബ്രഹ്മാവിന് ഓംകാരത്തിന്റെ പൊരുൾ വ്യക്തമായി വിശദമാക്കാൻ സാധിച്ചില്ല. കുപിതനായ സുബ്രഹ്മണ്യൻ ബ്രഹ്മാവിനെ തടവിലാക്കി. ഇതോടെ പ്രപഞ്ചത്തിലെ സൃഷ്ടികർമ്മം നിലച്ചു. പിന്നീട് പരമശിവന്റെ നിർദ്ദേശപ്രകാരം സുബ്രഹ്മണ്യൻ ബ്രഹ്മാവിനെ മോചിപ്പിക്കുകയും ചെയ്തു. പിന്നീട് സുബ്രഹ്മണ്യൻ താൻ ചെയ്തത് തെറ്റായിപ്പോയിയെന്ന് മനസ്സിലാക്കുകയും തന്റെ തെറ്റിനു പ്രായ്ശ്ചിത്തമായി സർപ്പരൂപിയായി ഈ സ്ഥലത്തുള്ള ഒരു പൊട്ടക്കിണറ്റിൽ ഏകാന്തവാസം നയിക്കുകയും ചെയ്തു. തന്റെ പ്രവൃത്തിക്കു പ്രായശ്ചിത്തമായി സുബ്രഹ്മണ്യൻ പൊട്ടക്കിണറ്റിൽ വാസമുറപ്പിച്ചതറിഞ്ഞ് പാർവ്വതിദേവി ദു:ഖിതയായി. താരകബ്രഹ്മസ്വരൂപിയായ കുമാരനെ പ്രസാദിപ്പിക്കുവാൻ ഷഷ്ഠിവ്രതമനുഷ്ഠിക്കുവാൻ പാർവ്വതി ദേവിയോട് പരമശിവൻ ഉപദേശിച്ചു. മകനെ പൂർവ്വസ്ഥിതിയിൽ നേടുവാനായി ദേവി പരമശിവന്റെ ഉപദേശപ്രകാരം ഷഷ്ഠിവ്രതം അനുഷ്ഠിക്കുകയും ചെയ്തു. ദേവിയുടെ വ്രതാനുഷ്ഠാനം പൂർത്തിയായപ്പോൾ സർപ്പരൂപത്തിൽ ദേവി മകനെ കാണുകയും ചെയ്തു. ഈ സന്ദർഭത്തിൽ ബ്രഹ്മാവിഷ്ണു മഹേശ്വരന്മാർ അവിടെയെത്തി. വിഷ്ണു ഭഗവാൻ സർപ്പരൂപിയായ ഭഗവാനെ തലോടുകയും സുബ്രഹ്മണ്യസ്വാമി യഥാർത്ഥ രൂപം പ്രാപിക്കുകയും ചെയ്തു. പുത്രവിരഹത്താൽ ദു:ഖിതയായ പാർവ്വതി ദേവിയെ ആശ്വസിപ്പിക്കാനായി പുത്രനോട് ഇവിടെ തന്നെ കുടിക്കൊള്ളുവാൻ പരമശിവൻ കല്പിക്കുകയും ചെയ്തു എന്നാണ് കഥ. ഈ കഥ കേട്ട ലക്ഷ്മണനും ഹനുമാനും ശ്രീരാമദേവനോടൊപ്പം അയ്യപ്പക്ഷേത്രദർശനം നടത്തുകയും അവിടെ സുബ്രഹ്മണ്യപ്രതിഷ്ഠ നടത്തുവാൻ നിശ്ചയിക്കുകയും ചെയ്തു. സുബ്രഹ്മണ്യ പ്രതിഷ്ഠ നടത്തുന്ന വിവരം അയ്യപ്പനെ അറിയിച്ചപ്പോൾ അയ്യപ്പൻ പ്രധാന ശ്രീകോവിലിൽ തന്നെ സുബ്രഹ്മണ്യനെ പ്രതിഷ്ഠിക്കുവാൻ അനുവദിക്കുകയും ശ്രീകോവിലിന്റെ തെക്കുഭാഗത്തായി തനിക്കു സ്ഥാനം നൽകിയാൽ മതി എന്നും അറിയിച്ചു. അങ്ങനെയാണ് പ്രധാന ശ്രീകോവിലിൽ സുബ്രഹ്മണ്യനും തെക്കുവശത്തുള്ള ശ്രീകോവിലിൽ അയ്യപ്പനും സ്ഥാനം നൽകിയത് എന്നാണ് വിശ്വാസം. സുബ്രഹ്മണ്യപ്രതിഷ്ഠയ്ക്കു വേണ്ടി വിഗ്രഹം കൊണ്ടുവരുന്നതിനുള്ള ദൗത്യം ശ്രീരാമൻ ഹനുമാനെ ഏല്പിച്ചു. ശ്രീമഹാദേവന്റെ ഇംഗിതമനുസരിച്ച് ശ്രീരാമദേവൻ ഹനുമാനെക്കൊണ്ടു വിഗ്രഹം കൊണ്ടുവരീപ്പിച്ച് ഇവിടെ പ്രതിഷ്ഠിച്ചു എന്നും അഭിപ്രായപ്പെടുന്നുണ്ട്. വിഗ്രഹം അന്വേഷിച്ചുപോയ ഹനുമാൻ വിഗ്രഹവുമായി എത്തുവാൻ വൈകിയതിനാൽ ശുഭസമയം കഴിയും മുമ്പേ ശ്രീരാമദേവൻ തന്റെ കയ്യിലണിഞ്ഞിരുന്ന വള ഊരി യഥാസ്ഥാനത്തു പ്രതിഷ്ഠിച്ചു. അങ്ങനെ ദേവന്റെ പെരുവള പ്രതിഷ്ഠിച്ച സ്ഥലം പെരുവളശ്ശേരി എന്നറിയപ്പെട്ടു. പിന്നീടു ഹനുമാൻ വിഗ്രഹവുമായി എത്തിയപ്പോൾ ശ്രീരാമദേവൻ വളയുടെ മുകളിൽ വിഗ്രഹം പ്രതിഷ്ഠിക്കുവാൻ തുടങ്ങുമ്പോൾ വള എടുത്തു മാറ്റിക്കൂടേ എന്ന് ഹനുമാൻ ശ്രീരാമനോട് അഭിപ്രായമാരാഞ്ഞു. വള എടുത്തു മാറ്റി കൊള്ളുവാൻ ശ്രീരാമൻ അനുവാദം നൽകുകയും ചെയ്തു. ഹനുമാൻ വളയെടുത്തു മാറ്റുവാൻ ശ്രമിച്ചിട്ട് സാധിച്ചില്ല. പെട്ടെന്ന് വളയുടെ സ്ഥാനത്ത് ഒരു സർപ്പത്തെ കാണുകയും, ഭഗവാൻ പ്രതിഷ്ഠിച്ച വള എടുത്തു മാറ്റരുത് എന്ന സൂചനയാണ് സർപ്പം നൽകുന്നത് എന്നു മനസ്സിലാക്കിയ ഹനുമാൻ ആ ഉദ്യമത്തിൽ നിന്നും പിന്മാറുകയും ശ്രീരാമദേവൻ വളയുടെ മുകളിൽ തന്നെ സുബ്രഹ്മണ്യ വിഗ്രഹം പ്രതിഷ്ഠിക്കുകയും ചെയ്തു. പെരുവള പ്രതിഷ്ഠിച്ച സ്ഥലം പെരുവളശ്ശേരിയായും പിന്നീട് ലോപിച്ച് പെരളശ്ശേരിയായും അറിയപ്പെട്ടു എന്നുമാണ് ഐതിഹ്യം.

ദേവപ്രതിഷ്ഠയ്ക്കുവേണ്ടി വിഗ്രഹം കൊണ്ടുവരികയെന്ന ദൗത്യവുമായി പോയ ഹനുമാന് കൃത്യസമയത്ത് എത്താൻ സാധിക്കാതെ വരികയും ശ്രീരാമദേവൻ വിഗ്രഹസ്ഥാനത്ത് വള പ്രതിഷ്ഠിക്കുകയും ചെയ്തതറിഞ്ഞ് ഹനുമാൻ ദു:ഖിതനായി. ഹനുമാന്റെ സങ്കടം മനസ്സിലാക്കിയ ശ്രീരാമദേവൻ പെരുവളശ്ശേരിയിൽ നിന്നും ഒരു ചുവട് അകലെയായി ഒരു സുബ്രഹ്മണ്യ വിഗ്രഹം പ്രതിഷ്ഠിച്ചു കൊള്ളുവാനും സ്വയം അവിടെത്തന്നെ കുടികൊള്ളുവാനും ഹനുമാനെ ഉപദേശിച്ചു. ശ്രീരാമദേവന്റെ ഉപദേശപ്രകാരം പെരളശ്ശേരി സുബ്രഹ്മണ്യ ക്ഷേത്രത്തിൽ നിന്നും ഒരു ചുവടകലെയായി ഹനുമാൻ സുബ്രഹ്മണ്യ വിഗ്രഹം പ്രതിഷ്ഠിക്കുകയും അവിടെത്തന്നെ കുടിക്കൊള്ളുകയും ചെയ്തു. മക്രേരി ക്ഷേത്രത്തിലെ താന്ത്രികസ്ഥാനം ഹനുമാൻ സ്വാമിക്കാണ്. മർക്കടൻ ദേവവിഗ്രഹം പ്രതിഷ്ഠിച്ച ക്ഷേത്രം നില്ക്കുന്ന സ്ഥലം മർക്കടഗിരിയും പിന്നീട് മക്രേരിയുമായി അറിയപ്പെട്ടു. പെരളശ്ശേരിയിൽ ദർശനം നടത്തുന്ന ഭക്തർ മക്രേരിക്ഷേത്രത്തിലും ദർശനം നടത്തിയാലെ പൂർണ്ണദർശനഫലം ലഭിക്കുകയുള്ളു എന്ന വിശ്വാസത്തിനു പിന്നിലെ ഐതിഹ്യം ഇതാണ്.

അതിവിശാലമായതും സാമാന്യം ഉയരമുള്ളതുമായ ഒരു സ്ഥലത്താണ് പെരളശ്ശേരി സുബ്രഹ്മണ്യ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഈ ക്ഷേത്രത്തിൽ പ്രധാന ശ്രീകോവിലിൽ പടിഞ്ഞാട്ടു ദർശനമായി

സുബ്രഹ്മണ്യസ്വാമി കുടികൊള്ളുന്നു. ഉപദേവനായി തെക്കോട്ടു ദർശനമായി ഗണപതി ഭഗവാനും വാഴുന്നു. പ്രധാന ശ്രീകോവിലിന്റെ തെക്കുവശത്ത് ചെങ്കല്ലിൽ തീർത്ത സാമാന്യം വലിയ ശ്രീകോവിലിൽ കിഴക്കോട്ടു ദർശനമായി അയ്യപ്പസ്വാമി കുടികൊള്ളുന്നു. സുബ്രഹ്മണ്യസ്വാമിയുടെ ശ്രീകോവിലിനുമുന്നിൽ പതിനാറുകാൽ മണ്ഡപമാണ് കാണപ്പെടുന്നത്. സാമാന്യം നല്ല ഉയരത്തിലാണ് ഇവിടുത്തെ ക്ഷേത്ര കൊടിമരം കാണപ്പെടുന്നത്. ഈ കൊടിമരവും ചുറ്റമ്പലവും എല്ലാം പുനർനിർമ്മിക്കപ്പെട്ടവയാണ്. അയ്യപ്പക്ഷേത്രത്തിനു മുന്നിലായി ഒരു പടുകൂറ്റൻ ആൽമരം കാണാം. ഇത് ചുറ്റും തറകെട്ടി ഭംഗിയായി സംരക്ഷിച്ചിരിക്കുന്നു. ക്ഷേത്രനിർമ്മിതിയിലെ പഴയകാല ശില്പങ്ങളെല്ലാം തല്ലിത്തകർത്തു കളഞ്ഞെങ്കിലും പുനർനിർമ്മിതിയിലൂടെ ഈ ക്ഷേത്രം ഒരു മുൻനിര ക്ഷേത്രമെന്ന നിലയിലാണ് ഇന്നും തലയുയർത്തി നില്ക്കുന്നത്. സാമാന്യം ഉയർന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം പെരളശ്ശേരിയുടെ ഐശ്വര്യ പ്രതീകമായി തന്നെ ഇന്നും നിലക്കൊള്ളുന്നു.

നാഗരൂപിയായ സുബ്രഹ്മണ്യൻ ഇവിടെ വസിച്ചിരുന്നതിനാൽ പെരളശ്ശേരി സുബ്രഹ്മണ്യ ക്ഷേത്രത്തിൽ നാഗരാജാവിന് പ്രത്യേക സ്ഥാനവും പ്രാധാന്യവും നല്കിയിട്ടുണ്ട്. നാലമ്പലത്തിനു പുറത്താണ് നാഗരാജാവിനുള്ള സ്ഥാനം. നാഗക്കാവെന്നോ നാഗപ്പുറ്റെന്നോ പറയാൻ സാധിക്കില്ല എങ്കിലും ഇതു രണ്ടുമാണ് എന്നു തോന്നും വിധമാണ് നാഗരാജ സ്ഥാനം കാണപ്പെടുന്നത്. ഒരു സർപ്പക്കാവിലോ നാഗരാജക്ഷേത്രത്തിലോ നില്ക്കുമ്പോലെയുള്ള ഒരു അനുഭവമാണ് ഈ ക്ഷേത്രത്തിലെ നാഗരാജസ്ഥാനത്തെത്തുമ്പോൾ അനുഭവപ്പെടുന്നത്. സാധാരണ നാഗരാജ ക്ഷേത്രങ്ങളിൽ നാഗരാജപ്രീതിക്കായി നടത്തപ്പെടുന്ന സർപ്പബലിയും മറ്റെല്ലാ വഴിപാടുകളും ഇവിടെയും നടത്തപ്പെടുന്നു. എന്നാൽ മറ്റു നാഗരാജക്ഷേത്രങ്ങളിലൊന്നും ഇല്ലാത്ത ഒരു പ്രത്യേക വഴിപാട് ഇവിടെ നാഗങ്ങൾക്കുവേണ്ടി നടത്തപ്പെടുന്നുണ്ട്. അതാണ് മുട്ടയൊപ്പിക്കൽ എന്നത്. സർപ്പദോഷ ശാന്തിക്കായും ഇഷ്ടസന്താനലബ്ധിക്കായും മറ്റെല്ലാ ദോഷങ്ങളിൽ നിന്നും മുക്തി നേടുവാനായും ഭക്തജനങ്ങൾ നാഗരാജാവിനെ പ്രാർത്ഥിച്ച് കോഴിമുട്ട സമർപ്പിക്കുന്നു. ഇതാണ് മുട്ട ഒപ്പിക്കൽ എന്നറിയപ്പെടുന്നത്. കോഴിമുട്ട വഴിപാടായി സമർപ്പിക്കുന്ന ഏക ക്ഷേത്രമാണ് പെരളശ്ശേരി ശ്രീസുബ്രഹ്മണ്യ സ്വാമിക്ഷേത്രം. സുബ്രഹ്മണ്യന്റ വാഹനമായ മയിലിന് ധാന്യങ്ങൾ നൽകുന്നതും ഉദയാസ്തമനപൂജയും സർപ്പബലിയും ഈ ക്ഷേത്രത്തിലെ പ്രധാന വഴിപാടുകളാണ്. ധനുമാസം നാലാം തീയതി മുതൽ 11 ാം തീയതി വരെയാണ് പെരളശ്ശേരി സുബ്രഹ്മണ്യക്ഷേത്രത്തിലെ ഉത്സവം. തുലാസംക്രമവും വൃശ്ചികമാസത്തിലെ ഷഷ്ഠിയും ഈ ക്ഷേത്രത്തിൽ വളരെ വിശേഷമായി ആഘോഷിക്കുന്നു. തുലാസംക്രമത്തിന് കാവേരിയിലെ ജലം പെരളശ്ശേരി ക്ഷേത്രക്കുളത്തിലെത്തുന്നു എന്നാണ് വിശ്വസിക്കുന്നത്.

അസുരന്മാരുടെ ഉപദ്രവത്തിൽ നിന്നും രക്ഷനേടുവാനായി പരമശിവനെ അഭയം പ്രാപിച്ച ദേവന്മാർക്ക് ദുരിതമോചനം നേടിക്കൊടുക്കുവാനായി ശിവതേജസ്സിൽ നിന്നുടലെടുത്ത ദേവനാണ് ശ്രീസുബ്രഹ്മണ്യസ്വാമി. ദേവന്മാരെ ഉപദ്രവിക്കുന്ന അസുരന്മാരോടു യുദ്ധം ചെയ്തു തോല്പിച്ച് ദേവന്മാരെ രക്ഷിക്കുകയും പശ്ചാത്താപവിവശരാകുന്ന അസുരന്മാരെ രക്ഷിക്കുകയും ചെയ്തു സുബ്രഹ്മണ്യസ്വാമി. സുബ്രഹ്മണ്യ ഭഗവാനോടെതിരിട്ട് പരാജിതനായി പശ്ചാത്താപ വിവശനായി മാപ്പപേക്ഷിച്ച സുരപത്മനെന്ന അസുരനെ പാപവിമുക്തനാക്കുകയും ഭഗവാനെ സേവിക്കാനവസരം നല്കുകയും ചെയ്ത ദേവനാണ് സുബ്രഹ്മണ്യസ്വാമി. സുരപത്മനെന്ന അസുരന് ഭഗവാൻ രണ്ടു വിധത്തിൽ ഭഗവാനോടൊപ്പം കഴിയാനവസരം നല്കി. മയിലിന്റെ രൂപത്തിൽ ഭഗവാന്റെ വാഹനമായും പൂവൻകോഴിയുടെ രൂപത്തിൽ ഭഗവാന്റെ കൊടിയടയാളമായും സുരപത്മാസുരൻ ഭഗവാൻ സുബ്രഹ്മണ്യസ്വാമിയോടൊപ്പം കഴിയുന്നു. എത്ര വലിയ തെറ്റിനുടമയായാലും പശ്ചാത്താപവും ഭക്തി പൂർവ്വമായ പ്രാർത്ഥനയും കൊണ്ട് പാപവിമുക്തരാകാൻ സുബ്രഹ്മണ്യസ്വാമി അനുഗ്രഹിക്കുന്നു.

ഷഷ്ഠിവ്രതാനുഷ്ഠാനത്തിലൂടെ ശിവപാർവ്വതീ തനയനായ സുബ്രഹ്മണ്യ സ്വാമിയുടെ അനുഗ്രഹം നേടാൻ എല്ലാ ഭക്തർക്കും സാധിക്കുമാറാകട്ടെ. പെരളശ്ശേരി ദേവന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ച് നാഗദേവതയ്ക്ക് മുട്ട ഒപ്പിക്കൽ വഴിപാടു സമർപ്പിച്ച് നാഗദോഷമുക്തി നേടുന്നതിനായി നിത്യേന ധാരാളം ഭക്തജനങ്ങൾ എത്തിക്കൊണ്ടിരിക്കുന്ന ഒരു ക്ഷേത്രമാണ് പെരളശ്ശേരി ശ്രീസുബ്രഹ്മണ്യസ്വാമിക്ഷേത്രം. ശ്രീരാമദേവൻ തന്റെ കൈവളയ്ക്കു മുകളിൽ പ്രതിഷ്ഠിച്ച സുബ്രഹ്മണ്യ ഭഗവാനെയും ഹനുമാൻ സ്വാമി പ്രതിഷ്ഠിച്ച മക്രേരി ദേവനേയും മക്രേരി ക്ഷേത്രതന്ത്രി സ്ഥാനത്തു വിരാജിക്കുന്ന ഹനുമാൻ സ്വാമിയേയും കണ്ടു തൊഴുത് ഇഷ്ടകാര്യഫലപ്രാപ്തി നേടി സംതൃപ്തരാകുവാൻ എല്ലാ ഭക്തജനങ്ങൾക്കും അവസരം ഉണ്ടാകട്ടെ എന്ന് ഭക്തിപൂർവ്വം പ്രാർത്ഥിക്കുന്നു.







# മഹാഭാരതം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

ദ്രോണാചാര്യർ കൗരവന്മാരേയും പാണ്ഡവരേയും എല്ലാവിധ ആയുധ വിദ്യകളും അഭ്യസിപ്പിച്ചു. എല്ലാ നൂതന ആയുധങ്ങളും പ്രയോഗിക്കുവാനും സന്ദർഭത്തിനനുസരിച്ചു ഉപയോഗിക്കുവാനും പഠിപ്പിച്ചു. ഈ വിവരങ്ങളെല്ലാം കേട്ടറിഞ്ഞു പുറമേ നിന്നും ആയുധവിദ്യകൾ പഠിക്കുവാനായി ധാരാളം പേർ വന്നുകൊണ്ടിരുന്നു. അർജ്ജുനനോടു പ്രത്യേക താല്പര്യമുണ്ടായിരുന്ന ദ്രോണർ അർജ്ജുനനുമേൽ അമ്പെയ്യാൻ മറ്റൊരാളില്ലായെന്ന് അർജ്ജുനനെ ധരിപ്പിച്ചു. ആന, കുതിര, തേര്, കാലാൾപ്പട ഇങ്ങനെയുള്ള ചതുരംഗ സേനകളും ആയുധം കൊണ്ടുള്ള അഭ്യാസമുറകളും അർജ്ജുനനെ ശ്രദ്ധാപൂർവ്വം പരിശീലിപ്പിച്ചു. ആയിടക്കാണ് വേടരാജാവായ ഹിരണ്യധനുസിന്റെ പുത്രൻ ആയുധവിദ്യ പഠിപ്പിക്കുവാനുള്ള മോഹവുമായി ദ്രോണരെ സമീപിച്ചത്. രാജകുമാരന്മാരോടൊപ്പം താഴ്ന്ന ജാതിയിൽ പെട്ട ഒരാളെ പഠിപ്പിക്കുവാൻ ദ്രോണർ തയ്യാറായില്ല. ആചാരവിരുദ്ധമെന്നു പറഞ്ഞ് ഏകലവ്യനെ പിൻതിരിപ്പിച്ചു. ഗുരുവായി തന്നെ മനസ്സിൽ കണ്ട് തിരികെപോയി സ്വയം അഭ്യസിക്കുവാനുള്ള അനുവാദവും കൊടുത്തു.

‘എന്നോടുകൂടി നിത്യമഭ്യസിക്കയും വേണ്ട നിന്നെ ഞാനനുഗ്രഹിച്ചീടുവെന്നാൽ മതി.’

സതു ദ്രോണസ്യ ശിരസാ പാദൗ ഗൃഹ്യ പരന്ത പ ഃ

അരണ്യമനുസംപ്രാപയ് കൃത്വാദ്രോണം മഹിമയം

തസ്മിന്നാചാര്യ വൃതിം ച പരമാമാസ്ഥിരാസ്തഭാ ഃ

ഉഷാസ്ത്രേ യോഗമാതസ്ഥേ പരം നിയമാസ്ഥിത ഃ

ദ്രോണരുടെ പാദങ്ങളിൽ തലകുനിച്ചതിനുശേഷം കാട്ടിൽ പോയി കളിമണ്ണുകൊണ്ടു ദ്രോണരുടെ പ്രതിമ നിർമ്മിച്ചു. തന്റെ ഗുരു തന്റെ മുൻപിലുണ്ടെന്ന ധാരണയിൽ ആ പ്രതിമക്കു മുൻപിൽ ആയുധവിദ്യ പതിവായി അഭ്യസിക്കാൻ തുടങ്ങി.

അങ്ങനെ ഗുരുവിന്റെ അനുഗ്രഹത്താൽ അതുലക്ഷ്യപ്രാപ്തിയിലെത്തിക്കാനും അസ്ത്രവിദ്യയിൽ അതിവിദഗ്ദ്ധനായി മാറാനും ഏകലവ്യന് കഴിഞ്ഞു.

ആയിടക്കൊരു ദിവസം ദ്രോണശിഷ്യന്മാർ നായാട്ടിനായി പോയി വേട്ടപ്പട്ടിയുമായി കാടിനുള്ളിലേക്ക് കടന്നു. വനത്തിലെ കാഴ്ചകളിൽ മതിമറന്നവർ നടന്നു. വേട്ടപട്ടിയും സ്വതന്ത്രനായി വിഹരിച്ചു. ഈ വേട്ടപ്പട്ടി നടന്ന് നടന്ന് ഏകലവ്യന്റെ ഗുഹയ്ക്കടുത്തെത്തി.

സ കൃഷ്ണം മലദ്രിഗ്ധാട്നം കൃഷ്ണാജിന ജഢധരം

നൈഷാദിം ശ്രണ സമാലക്ഷ്യ ഭഷംസ്ത സ്ഥൈതദത്തികേ

കറുത്ത നിറവും ശരീരമാസകലം ചെളിയും മുഷിഞ്ഞ വസ്ത്രങ്ങളും ചീകിയൊതുക്കാത്ത ചെമ്പിച്ച മുടിയും കണ്ട വേട്ടപ്പട്ടി ഉറക്കെ കുരയ്ക്കാൻ തുടങ്ങി.

പെട്ടെന്ന് ഏകലവ്യൻ നായുടെ വായിലേക്ക് അമ്പെയ്തു. അമ്പുമായി വന്ന വേട്ടപ്പട്ടിയെ കണ്ടു പാണ്ഡവർ അത്ഭുതത്തോടു നോക്കി. തങ്ങളേക്കാൾ അമ്പെയ്ത്തിൽ സമർത്ഥനായ വേറൊരാളോ യെന്നറിയാൻ അന്വേഷിച്ചു. അങ്ങനെ ഏകലവ്യന്റെ ഗുഹക്കടുത്തെത്തി. ആരാണെന്നന്വേഷണത്തിനു മറുപടിയായി താൻ നിഷാദരാജകുമാരനായ ഏകലവ്യനാണെന്നും ദ്രോണരുടെ ശിഷ്യനാണെന്നും

പറഞ്ഞു. അത് അർജ്ജുനന് അത്രയ്ക്ക് സന്തോഷകരമായി തോന്നിയില്ല.

തിരിച്ചു പാണ്ഡവർ ദ്രോണരുടെ സമീപമെത്തി നടന്ന കാര്യങ്ങളെല്ലാം വിശദമായി പറഞ്ഞു. അർജ്ജുനൻ ദ്രോണരോടു തന്നേക്കാൾ കേമനായ ശിഷ്യൻ അങ്ങേക്കില്ലായെന്നു അങ്ങു പറഞ്ഞിട്ട് ഇവിടെ സംഭവിച്ചതെന്താണ്? ഇതുകേട്ട ദ്രോണർ സ്തബ്ധനായി. ലക്ഷ്യത്തിൽ തന്നെ അമ്പെയ്തു കൊള്ളിക്കാൻ കഴിവുള്ള ഈ ശിഷ്യനാരാണ് ? ദ്രോണർ അർജ്ജുനനെ സമാധാനപ്പെടുത്തി.

പിറ്റേ ദിവസം തന്നെ അവർ കാട്ടിലേക്ക് പുറപ്പെട്ടു. അവിടെ ലക്ഷ്യത്തിൽ തന്നെ അമ്പെയ്തു തറക്കുന്ന ഏകലവ്യനെ കണ്ടു. ദ്രോണരെ കണ്ട ഏകലവ്യൻ ഭക്തി പുരസ്സരം ദ്രോണരെ നമസ്കരിച്ച് തൊഴുകയ്യോടെ നിന്നു. ദ്രോണർ ചോദിച്ചു. നീ എന്റെ ശിഷ്യനായി ആയുധവിദ്യ അഭ്യസിച്ചു. എനിക്ക് ഗുരുദക്ഷിണ ആവശ്യമാണ്. അടിയൻ അങ്ങയ്ക്ക് എന്തു നല്കണമെന്ന ചോദ്യത്തിന് ദ്രോണരുടെ മറുപടി ഇതായിരുന്നു. ദ്രോണർ പറഞ്ഞു.

'തമബ്രവീത് ത്വയാംഗുഷ്ഠോ ദക്ഷിണോ ദീയതാമിതി'

നിന്റെ വലതുകയ്യിലെ തള്ളവിരൽ മുറിച്ചു തരിക.

ഉടൻ തന്നെ ഏകലവ്യൻ

ഏകലവ്യസ്തുതച്ഛ്രുത്വാ വചോദ്രോണസ്യ ദാരുണം

പ്രതിജ്ഞാമാത്മനോ രക്ഷൻ സത്യേചനിയത ഃ സദാ

തന്റെ വാഗ്ദാനം പാലിക്കാനായി സന്തോഷവാനായി തള്ളവിരൽ മുറിച്ചു ഗുരുവിന്റെ മുൻപിൽ വച്ചു.

സത്യതൽപ്പരത്വവും ഭക്തിയും കണ്ടു പാർത്ഥനെത്രയും

ബഹുമാനിച്ചീടിനാവനേയും

യാത്രയും ചൊല്ലിപ്പുനാസ്ഥായ വരം നൽകി പ്രാർത്ഥന

യുമായി ചെന്നു ഹസ്തിന പുരം പുക്കാൻ.

(ഈ ഏകലവ്യൻ പിതാവിന്റെ മരണശേഷം വേടരാജാവായി രാജ്യം ഭരിച്ചു. പിന്നീട് വാസുദേവന്റെ സഹായത്തിനായി ദ്വാരകയിൽ ചെല്ലുകയും ബലരാമനുമായി യുദ്ധത്തിൽ പരാജയപ്പെടുകയും അവസാനം ഗുഹയിൽ പോയി ഒളിച്ചു താമസിച്ചു വെന്നും പറയപ്പെടുന്നു.)

അർജ്ജുനനും ദ്രോണരും തിരികെ ഹസ്തിനപുരിയിലെത്തി.

ഒരു ദിവസം ദ്രോണർ തന്റെ വിദ്യാർത്ഥികളുടെ അഭ്യാസപ്രകടനം കാഴ്ചവെക്കാനായി ഒരു മത്സരം നടത്താൻ തീരുമാനിച്ചു. ഒരു മരത്തിൽ ഒരു കൃത്രിമക്കിളിയെ വച്ചു. ഓരോരുത്തരേയും വിളിച്ചു നിങ്ങൾ എന്തു കാണുന്നുവെന്നു ചോദിച്ചു. എല്ലാവരും വൃക്ഷവും കിളിയും മറ്റെല്ലാം കാണുന്നുവെന്നു പറഞ്ഞു. അവസാനം അർജ്ജുനനെ വിളിച്ചു ചോദ്യം ആവർത്തിച്ചു. താൻ പക്ഷിയെ മാത്രം കാണുന്നു മറ്റൊന്നും കാണുന്നില്ലായെന്നർജ്ജുനൻ പറഞ്ഞു. ദ്രോണർക്കു സന്തോഷമായി.

ദാസം പശ്യസി യഹ്യേനം തഥാ ബൃഹിപുനർ വച ഃ

ശിര ഃ പശ്യാമി ദാസഖ്യ ന ഗാന്നമതി സോ$f$ബ്രവീത്

നീ പക്ഷിയെ കാണുന്നുവെങ്കിൽ വിശദീകരിക്കൂ. അർജ്ജുനൻ പറഞ്ഞു. ഞാൻ പക്ഷിയുടെ തലമാത്രം കാണുന്നു ശരീരം കാണുന്നില്ല.

അർജ്ജുനൻ ഇത്രയും പറഞ്ഞപ്പോൾ ദ്രോണർ അമ്പെയ്യാൻ പറഞ്ഞു. അർജ്ജുനൻ എയ്ത അമ്പാൽ പക്ഷിയുടെ തല അറുത്തു വീണു. ദ്രോണർ സന്തോഷവാനായി അർജ്ജുനനെ ആശ്ലേഷിച്ചു.

ഒരു ദിവസം ദ്രോണർ ഗംഗയിൽ സ്നാനം ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു മുതല കാലിൽ പിടിച്ചു. രക്ഷിക്കുവാനായി ദ്രോണർ എല്ലാവരേയും വിളിച്ചു. മുതല വെള്ളത്തിനടിയിലായതുകൊണ്ട് എല്ലാവരും പരിഭ്രമിച്ചു. പക്ഷേ അർജ്ജുനൻ വെള്ളത്തിലെ നുരകളുടെ അടയാളം ലക്ഷ്യമാക്കി അമ്പെയ്ത് ഗുരുവിനെ രക്ഷപ്പെടുത്തി.

സന്തുഷ്ടനായ ദ്രോണർ അർജ്ജുനന് ബ്രഹ്മാസ്ത്രം കൊടുത്തു. എന്നിട്ടു പറഞ്ഞു. ലോകത്തെ തന്നെ നശിപ്പിക്കുവാൻ കഴിവുള്ള ഈ ദിവ്യായുധം സാധാരണക്കാരുടെ മേൽ പ്രയോഗിക്കരുതെന്നും ലോകത്തിനു തന്നെ സർവ്വനാശം ഉണ്ടാകാൻ ഇതു പ്രാപ്തമാണെന്നും പറഞ്ഞു. അർജ്ജുനൻ സമ്മതിച്ചു അങ്ങനെ അർജ്ജുനൻ അജയ്യനായി മാറി.

കുമാരന്മാരുടെ വിദ്യാഭ്യാസം പൂർത്തിയായി ദ്രോണർ ശിഷ്യരുടെ സാമർത്ഥ്യം പ്രകടിപ്പിക്കാൻ അവസരമൊരുക്കണമെന്ന് ആവശ്യപ്പെട്ടു. അതിനു മറുപടിയായി.

ഭരദ്വാജ മഹത് കർമ്മ കൃതം തേ ദ്വിജസത്തമ

യദാനുമന്യസേ കാലം യസ്മിൻ ദേശേയഥാ യഥാ

തഥാ തഥാ വിധാനായ സ്വയമാജ്ഞാ വയസ്യമാം





ധന്യാത്മാവായ ബ്രാഹ്മണാ താങ്കൾ ഒരു മഹത്തായ കാര്യമാണ് ചെയ്തത്. അല്ലയോ ഭരദ്വജ പുത്രാ സ്ഥലവും സമയവും എപ്പോഴാണ് പരിപാടി നടത്തേണ്ടതെന്നും അങ്ങു പറഞ്ഞാലും.

അന്ധനായ തനിക്ക് മക്കളുടെ ആയുധപ്രകടനം കാണാൻ കഴിയാത്തതിൽ കാഴ്ചയുള്ളവരോട് അസൂയ തോന്നുകയാണെന്നും ധൃതരാഷ്ട്രർ പറഞ്ഞു. എല്ലാ ചുമതലയും വിദുരരെ ഏല്പിച്ചു. അങ്ങനെ ദ്രോണരുടെ ഇഷ്ടപ്രകാരം അനുയോജ്യമായ സ്ഥലം വിദുരരേർപ്പെടുത്തി. മനോഹരമായ ഒരു മന്ദിരം തന്നെ കലാവിരുത് വിളിച്ചോതുന്ന വിധത്തിൽ നിർമ്മിക്കപ്പെട്ടു. രാജമന്ദിരത്തിലെ അംഗങ്ങൾക്കും കാണികൾക്കും പ്രത്യേകം മന്ദിരങ്ങൾ ഏർപ്പെടുത്തി. അങ്ങനെ ആ ദിവസം സമാഗതമായി. ഭീഷ്മാദികൾ, കൃപർ തുടങ്ങിയവരോടൊപ്പം രാജാവെത്തി. രാജമാതാക്കളും എത്തി. പ്രൗഢഗംഭീരമായ സദസ്സൊരുങ്ങി. ആ സദസ്സിനെക്കുറിച്ച് പറയുന്നത്

പ്രവാദിതൈശ്വ വാദിത്രൈർജനകൗതുഹലേന ച

മഹാർണ്ണവ ഇവ ക്ഷുബാധ ഃ സമാജ് സോ$f$ഭവത് തദാ

വാദ്യങ്ങളുടെ താളലയങ്ങളും സ്വരമാധുര്യവും കൊണ്ട് തിരയടിക്കുന്ന ഒരു സമുദ്രംപോലെ പ്രക്ഷുബ്ധവും അതിമനോഹരവുമായ അന്തരീക്ഷമായി മാറി അവിടം.

മധുരതരമായ സംഗീതത്താൽ ശബ്ദസാന്ദ്രമായ അന്തരീക്ഷത്തിൽ പിന്നീട് ആയുധങ്ങളുടെ ശബ്ദം മുഴങ്ങി.

ധർമ്മപുത്രർ തുടങ്ങിയ സഹോദരങ്ങളെല്ലാം തന്നെ തങ്ങളുടെ കഴിവുകൾ പ്രദർശിപ്പിച്ചു. രണ്ടു പർവ്വതങ്ങൾപോലെ ദുര്യോധനനും ഭീമനും വന്നു നിലക്കൊണ്ടു. മദമിളകിയ ആനകളുടെ ചിന്നം വിളിപോലെയുള്ള ശബ്ദങ്ങൾ പുറപ്പെടുവിച്ചു. ഈ വിവരങ്ങളെല്ലാം തന്നെ വിദുരർ ധൃതരാഷ്ട്രർക്ക് പറഞ്ഞു കൊടുത്തു. കാണികൾ ഇരുപക്ഷമായി മാറി. ഇതു കണ്ട ദ്രോണർ എല്ലാം നിയന്ത്രണാധീനമാക്കി.

ദ്രോണർ പറഞ്ഞു. എനിക്കേറ്റവും ഒരു പക്ഷേ എന്റെ പുത്രനേക്കാൾ പ്രിയപ്പെട്ട പാർത്ഥൻ വരുന്നു. സർവ്വായുധധാരിയായ അർജ്ജുനൻ സന്ധ്യാസമയത്ത് ജ്വലിക്കുന്ന സൂര്യനെപ്പോലെ മഴവില്ലിന്റെ ഭംഗിയോടെ വന്നുവെന്നാണ് പറയപ്പെടുന്നത്. ഇതാണ് കുന്തിയുടെ സുന്ദരനായ, ഇന്ദ്രന്റെ മകനായ, കുരുവംശരക്ഷകനായ അർജ്ജുനൻ എന്നിങ്ങനെയുള്ള വാക്കുകളവിടെ മുഴങ്ങി. കുന്തീപുത്രൻ സർവ്വായുധധാരിയായി വന്നപ്പോൾ കാണികളിലുണ്ടായ ആരവമാണിതെന്ന് വിദുരർ ധൃതരാഷ്ട്രരെ അറിയിച്ചു. താൻ അനുഗൃഹീതനാണെന്ന് ധൃതരാഷ്ട്രർ മറുപടിയും പറഞ്ഞു.

അർജ്ജുനൻ ആഗ്നേയാസ്ത്രത്താൽ തീയും വരുണാസ്ത്രത്താൽ വെള്ളവും വയവ്യായുധത്താൽ കാറ്റും പർജന്യായുധത്താൽ മേഘങ്ങളും ഉണ്ടാക്കി. ഭൂമിയും പർവ്വതങ്ങളുമുണ്ടാക്കി. അന്തർധാനായുധത്താൽ ഇവയെ അന്തർധാനം ചെയ്യിക്കുകയും ചെയ്തു. ഒരേസമയം വലിപ്പമേറിയതും ചെറുതമായ ആയുധങ്ങൾ കൊണ്ടും വിസ്മയം തീർത്തു. അങ്ങനെ അതിഗഹനവും മനോഹരവുമായ ആയുധവിദ്യാപ്രകടനം കാഴ്ച വെച്ചു. പാണ്ഡവർ ദ്രോണർക്കു ചുറ്റും കൗരവർ ദുര്യോധനനു ചുറ്റും കൂടി. കാണികൾ സ്തബ്ധരായി, അതിശയത്തോടുകൂടി കാഴ്ചകൾ കണ്ടു രസിച്ചു. സർവ്വലോകരും വിസ്മയപ്പെട്ടു നിന്നു എന്നാണ് കിളിപ്പാട്ടിൽ പറയുന്നത്.

ഇവിടെ നിന്നുമാണ് പാണ്ഡവ കൗരവ സ്പർദ്ധ തുടങ്ങുന്നതെന്നു പറയാം. അർജ്ജുനനല്ലാതെ മറ്റൊരു വില്ലാളി വീരനില്ലായെന്ന ദ്രോണരുടെ പ്രസ്താവനക്കു വെല്ലുവിളിയായി രാധേയനായ കർണ്ണൻ രംഗപ്രവേശനം നടത്തുന്നു. ദുര്യോധനൻ അർജ്ജുനന്റെ മുൻപിൽ കർണ്ണൻ എന്ന വ്യക്തിയെ ഉപയോഗിച്ചു തുടങ്ങുന്നു.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 ജൂലൈ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീമതി. കെ. വിജയലക്ഷ്മി, വെബ്ലാശ്ശേരി, എം.ജി. റോഡ്, കൊച്ചി -16 | 2,00,000/- |
| 2. ശ്രീമതി. കെ. അപർണ്ണ, വെബ്ലാശ്ശേരി, എം.ജി. റോഡ്, കൊച്ചി -16 | 2,00,000/- |
| 3. ശ്രീ. ശ്രീകുമാർ. പി, മാങ്കൂട്ടത്തിൽ നൈശ്രേയസ്സ്, പുതിയകാവ്, തൃപ്പൂണിത്തുറ | 20,000/- |
| 4. ശ്രീ. സുരേഷ്കുമാർ എ.എൻ, ഇടത്തലക്കാട്ടിൽ, സൗപർണ്ണിക, തുതിയൂർ, കാക്കനാട് | 10,000/- |
| 5. ശ്രീമതി. ലളിത. എ.പി. മാധവം, സന്നിധി ലെയ്ൻ, രവിപുരം, കൊച്ചി - 16 | 10,000/- |

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം -38**

ദേവന്മാർ പലരുണ്ടു വാഞ്ഛിതഫലം തന്നീടുവോരെങ്കിലും

ദേവാധീശ്വരനാകുമങ്ങൊരുവനേ മോക്ഷപ്രദാനക്ഷമൻ

ശ്രീവൽസാങ്കിത ഭക്തവൽസല ഭവാനല്ലാതെ സേവാർഹനായ്

ദേവന്മാരിലൊരാളെയും മനസി മേ കാണ്മീല കാണ്മീല ഞാൻ

**ശ്ലോകാർത്ഥം :**

ആഗ്രഹിക്കുന്ന ഫലം തരുന്ന ദേവന്മാർ വളരെയുണ്ട്. എന്നാൽ പോലും അവിടുന്നു മാത്രമേ മോക്ഷം തരുവാൻ കഴിവുള്ളവനായിട്ടുള്ളു. ശ്രീവൽസമെന്ന മറുകുള്ളവനും ഭക്തവൽസലനും ദേവന്മാരുടെ അധിനായകനുമായ അവിടുന്നല്ലാതെ, സേവിക്കപ്പെടുവാൻ യോഗ്യതയുള്ളതായി എല്ലാ ദേവന്മാരിലും ഒരാളെപ്പോലും എന്റെ മനസ്സിൽ ഞാൻ തീർച്ചയായും കാണുന്നില്ല.

**വ്യാഖ്യാ :**

ഇവിടെയും വിഷ്ണുവിന്റെ മഹത്വം വർണ്ണിക്കുന്നു. മോക്ഷപ്രദനായി അവൻ മാത്രമേയുള്ളു. ഇവിടെ ശ്രീവൽസാങ്കിത എന്ന സംബോധനയാണ് ഈ ശ്ലോകത്തിന്റെ മാധുര്യം പതിന്മടങ്ങാക്കുന്നത്. ത്രിമൂർത്തികളിൽ ആരാണ് ഏറ്റവും കേമൻ എന്നന്വേഷിക്കാൻ യഥാക്രമം ബ്രഹ്മ, ശിവ, വിഷ്ണുക്കളുടെ അടുക്കൽ ഉറങ്ങുന്ന വിഷ്ണുവിനെ ചവിട്ടി ഉണർത്തിയപ്പോൾ നെഞ്ചത്തുണ്ടായ മറുകാണ് ശ്രീവൽസം. അവിടെ വച്ച് ഭൃഗുവിന് വിഷ്ണുവാണ് ഏറ്റവും കേമൻ എന്നു മനസ്സിലായി. വിശദവിവരങ്ങൾക്ക് ഭാഗവതം പത്താം സ്കന്ധം നോക്കുക.

**ശ്ലോകം -39**

പോരത്യന്തകഠോരമായ് പുരഹരൻ ചെയ്തു പുരാ ഭീകരാ -

കാരൻ മൃത്യുവൊടാശ്രിതൻ മുനിസുതൻ തൻ പ്രാണരക്ഷാർത്ഥമായ്

ഓരാതേ തവനാമമൊന്നൊരു ഖലൻ ചൊല്ലീടവേ ഭീതനായ്

ദൂരാലോടിയൊളിച്ചിതന്തകനഹോ ത്വത്പ്രാഭവം നിസ്തുലം നിസ്തുലം

**ശ്ലോകാർത്ഥം :**

പണ്ട് തന്റെ ആശ്രിതനും, മുനിയുടെ മകനുമായവനെ രക്ഷിക്കുവാൻ വേണ്ടി, പുരഹരനായ ശിവൻ കണ്ടാൽത്തന്നെ ഭയം ജനിപ്പിക്കുന്ന രൂപമുള്ള മൃത്യുവിനോട് അതിശക്തമായ യുദ്ധം ചെയ്തു. ആലോചിക്കാതെ അവിടുത്തെ പേര് അന്നൊരു ദുഷ്ടൻ പേടിച്ച് ചൊല്ലിയപ്പോൾ, കാലൻ ദൂരെ ഓടിയൊളിച്ചു. അത്ഭുതം, അവിടുത്തെ പ്രഭാവത്തിനു താരതമ്യമില്ലതന്നെ.

**വ്യാഖ്യാ :**

മുനിതനയനായ മാർക്കണ്ഡേയനെ മരണത്തിൽ നിന്നും സംരക്ഷിച്ച കഥയാണ് ആദ്യത്തെ ശ്ലോകാർദ്ധത്തിൽ വിവരിക്കുന്നത്. ശിവഭജനനിരതനായി ദിനരാത്രങ്ങൾ നയിച്ച മാർക്കണ്ഡേയനെ, ആയുസ്സെത്തിയപ്പോൾ പോത്തിൻപുറത്തു വന്ന് കയറിട്ട് പിടികൂടാൻ ശ്രമിച്ചു കാലൻ. തന്റെ ഭക്തനെ രക്ഷിക്കാൻ വേണ്ടി, ശിവൻ പ്രത്യക്ഷപ്പെട്ട് , കാലനെ, മൂന്നാം തൃക്കണ്ണുകൊണ്ടുള്ള ഒരൊറ്റ നോട്ടത്തിൽ ചാമ്പലാക്കി.. വളരെ വർഷങ്ങളോളം തുടർന്ന് യുദ്ധം ചെയ്യുന്നതിനെക്കാൾ കഠോരമാണ്, കണ്ണടച്ചു തുറക്കുന്നതിനുമുമ്പുള്ള നാശം, ഇന്നത്തെ അണുബോംബുപോലെ. അതുകൊണ്ട് തന്നെയാണ് ഗുരു കഠോരം എന്ന വാക്ക് ഉപയോഗിച്ചത്. കഠോരം എന്നതിന് കൂർത്ത മുനയുള്ള, തുളച്ചു കയറുന്ന, ഭീകരമായ എന്നൊക്കെ അർത്ഥം. ഇവിടെ ശിവനെ പ്രകീർത്തിക്കുകയാണെങ്കിലും, കഠോരമാണെങ്കിലും, യുദ്ധം ചെയ്യേണ്ടി വന്നു എന്നതാണ് അടുത്ത ശ്ലോകാർദ്ധം വായിക്കുന്നതിനു മുൻപ് ശ്രദ്ധിക്കേണ്ടത്. ഭീകരാകാരൻ മൃത്യുവൊട്, ഭയം ജനിപ്പിക്കുന്ന രൂപമുള്ള മരണത്തോട്, മരണം ഭയം ജനിപ്പിക്കുന്നതാണ്. മരണഭയത്തിൽ നിന്നാണ് എല്ലാ സത്ചിന്തകളും ഉത്ഭവിക്കുന്നത്. ആശ്രിതൻ എന്ന വാക്കുകൊണ്ട്, സ്വമനസ്സാലെ ചെന്നു ചേരുന്നത് സൂചിപ്പിക്കുന്നു. ഇത്തിൾക്കണ്ണി മരത്തിനെ ആശ്രയിക്കുന്നു. താമര ജലത്തെ ആശ്രയിക്കുന്നു. മേഘങ്ങൾ ആകാശത്തെ ആശ്രയിക്കുന്നു. സേ

**(ശേഷം 26-ാം പേജിൽ)**





# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**ഒന്നാം പാദത്തിലെ 33-ാ മത്തെ സൂത്രം :-**

മൈത്രീ കരുണാ മുദിതോപേക്ഷാണാം സുഖ ദുഃഖ പുണ്യാപുണ്യ വിഷയാണാം ഭാവനാത : ചിത്തപ്രസാദനം

സുഖ - ദുഃഖ - പുണ്യ - അപുണ്യ വിഷയങ്ങളെ, മൈത്രീ - കരുണാ - മുദിത - ഉപേക്ഷകളോടെ ഭാവന ചെയ്താൽ ചിത്തപ്രസാദമുണ്ടാകും.

വളരെ പ്രായോഗികമായ ഒരു ഉപായമാണ് ഈ സൂത്രത്തിലൂടെ പതഞ്ജലി പറഞ്ഞു തരുന്നത്. നാം പുറത്തേക്കിറങ്ങിയാൽ, അതായത് സമൂഹവുമായി ഇടപെടുമ്പോൾ പല തരം കാര്യങ്ങൾ നമ്മുടെ ശ്രദ്ധയിൽ പെടും. കണ്ണ്, മൂക്ക് മുതലായ ഇന്ദ്രിയങ്ങളെ കൊണ്ടറിയുന്നവയാണിവ. ഇവയൊക്കെ നമ്മുടെ മനസ്സിനെ സ്വാധീനിക്കുകയും ചെയ്യും. യോഗസാധനയെ ഇവ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. സാധാരണ ജീവിതത്തെയും ബാധിക്കും.

പക്ഷെ ഒരു കാര്യം നാം ഓർക്കണം. ചുറ്റുപാടുകളെ മുഴുവൻ മാറ്റിത്തീർത്ത ശേഷം യോഗസാധന ചെയ്യാമെന്നുള്ളത് വ്യാമോഹം മാത്രമാണ്. ഒരു വിഡ്ഢിയായ രാജാവിന്റെ കഥയുണ്ട്. രാജാവ് ദിവസേന തന്റെ പൂന്തോട്ടത്തിലെ പുൽത്തകിടിയിൽ നഗ്നപാദനായി നടക്കാൻ പോകും. ആനന്ദമായി തിരിച്ചു വരും. ഒരു ദിവസം അദ്ദേഹം തെരുവിലൂടെയാണ് നടക്കാൻ പോയത്. കാലു വേദനിച്ചു. വൃത്തികേടായി. ആകെ മനസ്സു കെട്ടു. അദ്ദേഹം വിചിത്രമായ ഒരു ഉത്തരവ് പുറപ്പെടുവിച്ചു. റോഡുകളിലെല്ലാം നാട്ടുകാർ പുല്ലു വെച്ചു പിടിപ്പിക്കണം. എവിടെയും നടക്കാൻ സൗകര്യമാക്കണം. മന്ത്രി പക്ഷെ ബുദ്ധിമാനായിരുന്നു. ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പ് രാജാവിനെ മുഖം കാണിച്ചു. ഉത്തരവിന്റെ ഉദ്ദേശ്യം ചോദിച്ചു. 'എവിടെയും നടക്കുമ്പോൾ കാലു വേദനിക്കാൻ പാടില്ല. വൃത്തികേടാവാൻ പാടില്ല'- രാജാവിന്റെ മറുപടി. അത്രയേ ഉള്ളൂ? വഴിയുണ്ടാക്കാം. മന്ത്രി രാജാവിന്റെ കാലിന്റെ അളവെടുപ്പിച്ചു. അന്നു തന്നെ നല്ല പതുപതുത്ത ഒരു ജോഡി ചെരുപ്പ് ഉണ്ടാക്കിച്ചു. രാവിലെ രാജാവ് നടക്കാൻ പോകാറാവുമ്പോഴേക്കും ചെരുപ്പു തയ്യാർ ! രാജാവിനു സന്തോഷം. നാട്ടുകാരും രക്ഷപ്പെട്ടു. (അങ്ങിനെയാണത്രെ ചെരുപ്പ് കണ്ടു പിടിച്ചത് !!)

പതഞ്ജലി മുനി നമുക്ക് ഇത്തരം ചെരുപ്പുണ്ടാക്കി തരികയാണ് ഈ സൂത്രത്തിലൂടെ. ലോകത്തെന്തു നടന്നാലും അതു നമ്മെ ബാധിക്കാതിരിക്കാൻ നമുക്ക് അതിനോടുള്ള ഭാവന മാറിയാൽ മതി.

ലോകത്ത് നാലുതരം ജനങ്ങളുണ്ട് - സുഖിക്കുന്നവർ, ദുഃഖിക്കുന്നവർ, പുണ്യവാൻമാർ, പാപികൾ (സുഖ - ദുഃഖ-പുണ്യ-അപുണ്യ വിഷയങ്ങൾ). നാം വീട്ടിൽ നിന്നിറങ്ങിയാൽ ലക്ഷ്യസ്ഥാനത്തെത്തുന്നതിനുമുമ്പ് ഇവരിലാരെങ്കിലും മുന്നിൽ വന്നു പെടും. അതിനെ നിയന്ത്രിക്കാൻ ശ്രമിക്കുന്നത് വെറും മെനക്കേടാണ്.

സുഖിമാനായ ഒരുവൻ തന്റെ വില കൂടിയ കാറിൽ നമ്മുടെ അരികിലൂടെ മിന്നിച്ചു പോകുമ്പോൾ നമ്മുടെ മനോഗതി എന്തായിരിക്കും ? അസൂയയും ഈർഷ്യയും മനസ്സിൽ നിറയും. മനസ്സു പുകയും. കലങ്ങും. വീട്ടിൽ നിന്നിറങ്ങുമ്പോൾ മനസ്സിനുണ്ടായ ശാന്തതയും ഉത്സാഹവും കെടും. ഓരോ ശവങ്ങൾ മുന്നിൽ വന്നു ചാടും. നാശം. പതഞ്ജലി മുനി പറയുന്നത് അവരെ മനസ്സുകൊണ്ട് സ്നേഹിതരായി കാണണമെന്നാണ്. മൈത്രി തോന്നണം. മൈത്രി എന്നാൽ മിത്രന്റെ ഭാവം. അസൂയയും വെറുപ്പും കളയാൻ അതേയുള്ളു വഴി. സ്നേഹിതന്റെ സുഖം തന്റെയും സുഖമാണല്ലോ. അപ്പോൾ നമ്മുടെ പ്രസന്നത നഷ്ടപ്പെട്ടില്ല. കാറിൽ പോകുന്നവന് നിങ്ങളുടെ ശാപം കൊണ്ട് ഒന്നും സംഭവിക്കാൻ പോകുന്നില്ല. നമ്മുടെ മനസ്സ് കലങ്ങാതെ നോക്കേണ്ടത് നമ്മൾ തന്നെ. മൈത്രിയാകുന്ന ചെരുപ്പു ധരിച്ചു കൊള്ളുക. മൈത്രീ - കരുണാ -മുദിത - ഉപേക്ഷ - ഇവയാണ് ചെരുപ്പുകൾ. സുഖികളോട് മൈത്രി, ദുഃഖികളോട് കരുണ, പുണ്യരോട് മോദം, അപുണ്യരോട് ഉപേക്ഷ.

വഴിയിൽ ദുഃഖിതരെ, ദീനരെ, യാചകരെ കാണുമ്പോൾ എന്താണു തോന്നുക? വെറുപ്പും ദ്വേഷവും തോന്നിയാൽ, മനസ്സിൽ ശാപവചനങ്ങൾ നിറഞ്ഞാൽ നഷ്ടം അവർക്കല്ല, നമുക്കാണ്. നമ്മിൽ ആസുരഭാവമാണുണരുക, നമ്മുടെ മനസ്സിന് പ്രസാദമില്ലാതാവും. നമുക്കു കരുണ, ദയ ഇവ തോന്നണം. അതാണ് യഥാർത്ഥത്തിൽ നമുക്കു ലാഭം. സഹായം ചെയ്യാനുള്ള സന്ദർഭം നഷ്ടപ്പെടുകയുമില്ല. ചെയ്യേണ്ടതു ചെയ്തു എന്ന സമാധാനവുമുണ്ടാകും.

ആത്മൗപമ്യേന സർവ്വത്ര ദയാം കുർവന്തി സാധവ : സാധുക്കൾ, നന്മ നിറഞ്ഞവർ എല്ലാവരെയും തന്നെപ്പോലെ കാണും. ദയ ചൊരിയും, ഈ സ്ഥിതിയിൽ ഞാനായിരുന്നെങ്കിലോ? എന്നാണ് ചിന്തിക്കേണ്ടത്.

പുണ്യാത്മക്കളെ, നന്മ ചെയ്യുന്നവരെ കണ്ടാൽ

അസൂയയും മത്സരവും തോന്നരുത്. അതു നമ്മുടെ മനസ്സു കലക്കും. പ്രസാദം നശിപ്പിക്കും. 'അവർ നന്മ ചെയ്യുന്നുണ്ടല്ലോ. സന്തോഷം, ഇവരുടെ അച്ഛനമ്മമാർ ഭാഗ്യവാന്മാർ തന്നെ' എന്ന ഭാവനയുണ്ടാകണം. ലാഭം നമുക്കു തന്നെ. അതാണ് സൂത്രത്തിൽ 'മുദിത' എന്നു പറഞ്ഞിരിക്കുന്നത്. മോദം സന്തോഷം തന്നെ. പാപികളോട് ഉപേക്ഷാഭാവം, ഉദാസീനത ആണ് ഫലിക്കുക. അവരോടു മൈത്രിയോ, കരുണയോ സന്തോഷമോ തോന്നിയിട്ടു കാര്യമില്ല. അമർഷവും വേണ്ട, ദ്വേഷിക്കാനും പോകേണ്ട. അത് വഴക്കിൽ കലാശിക്കും. നമ്മുടെ സാധന മുടങ്ങും. അവർക്കവരുടെ വഴി. നമുക്കു നമ്മുടെതും. വേണമെങ്കിൽ അവർ ധർമ്മിഷ്ഠരാകാൻ ഈശ്വരനോടു പ്രാർത്ഥിക്കാം. അത്ര തന്നെ.

ചുരുക്കത്തിൽ സുഖ - ദു:ഖ - പുണ്യ - അപുണ്യ വിഷയങ്ങളിൽ യഥാക്രമം മൈത്രീ- കരുണാ - മുദിത - ഉപേക്ഷകൾ ഭാവന ചെയ്താൽ ചിത്തപ്രസാദമുണ്ടാകും.

പതഞ്ജലി ഒരു ലോകോത്തര മന: ശാസ്ത്രജ്ഞനാണെന്നു തെളിയിക്കുന്ന ഒരു സൂത്രമാണ് മേൽ പറഞ്ഞത്. നമ്മുടെ ഉള്ളിൽ എന്തു കയറിക്കൂടിക്കൂടാ, എന്തു കയറിക്കൂടണം എന്ന് പതഞ്ജലി കാട്ടിത്തരുന്നു. ലോകം മുഴുവൻ സന്തോഷമയമാണ്. സന്തോഷം നമ്മുടെ ഉള്ളിൽ കയറണം. അതിന് നമ്മുടെ മനസ്സ് തുറന്നിടണം. അപ്പോൾ അതിൽ സന്തോഷം നിറയും. മറ്റുള്ളവർക്ക് സന്തോഷം കിട്ടിയാൽ നമ്മുടെ സന്തോഷത്തിന്റെ അളവു കുറയുകയൊന്നുമില്ല. മനസ്സ് അടച്ചിട്ടാൽ എതിർവികാരം നിറയും.

ദു:ഖത്തെ, കഷ്ടതകളെ സ്വീകരിക്കരുത്. പക്ഷെ എതിർത്താൽ അത് നമ്മിൽ നിറയും. കരുണ കാട്ടുന്നതിലൂടെ അതിനെ തന്ത്രപൂർവം ഒഴിവാക്കുകയാണ് ചെയ്യുന്നത്. പുണ്യം ചെയ്യുന്നവരെ കണ്ടാൽ സന്തോഷിക്കുമ്പോൾ നമുക്കും അതു സാധിക്കുമെന്ന് നമ്മെ ബോധ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. മറിച്ചായാൽ വെറുപ്പാണ് മനസ്സിൽ നിറയുക. പാപകർമ്മങ്ങൾ കാണുമ്പോൾ ശ്രദ്ധിച്ചാൽ അവ നമ്മുടെ മനസ്സിൽ കടക്കും. ദുഷിപ്പിക്കും. ഭീകരമായ രോഗങ്ങളെപ്പറ്റിയുള്ള ചർച്ച ഗുണകരമല്ലെന്ന് ചില മനശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അറിയാതെ അവ നമ്മുടെ മനസ്സിൽ ഭീതിയും തദ്വാരാ രോഗവും കടത്തി വിടും. സംസ്കൃത നാടകങ്ങളിൽ മാറാരോഗം ബാധിച്ച രോഗികളേയോ കഥാപാത്രങ്ങളേയോ രംഗത്തു പ്രവേശിപ്പിക്കില്ല. ഇതു തന്നെ കാരണം. അടുത്തടുത്തു താമസിക്കുന്ന ധർമ്മിഷ്ഠനായ സന്യാസിയും വേശ്യയും പരസ്പരം മനസ്സിൽ ആരാധിച്ച ഒരു കഥയുണ്ട്. വേശ്യ എപ്പോഴും ധർമ്മാത്മവിനെ മനസ്സിൽ നിറച്ചു. സന്യാസി വേശ്യയുടെ ജീവിതത്തിലും സക്തനായിരുന്നു. മരണശേഷം വേശ്യ സ്വർഗ്ഗത്തിലും സാധു നരകത്തിലും ചെന്നു. പുറമെയുള്ളതിലല്ല കാര്യം, ഉള്ളിലുള്ളതിലാണ്. 'യോ യത് ശ്രദ്ധ: സ ഏവ സ :' ഭഗവത് ഗീത. ശ്രദ്ധ തന്നെയാണ് വ്യക്തി.

## ഹരിസുധാലഹരി

**(24-ാം പേജിൽ നിന്ന് തുടർച്ച)**

വകൻ യജമാനനെ ആശ്രയിക്കുന്നു. ഒന്നില്ലാതെ മറ്റേതിന് നിലനില്പില്ലാത്ത അവസ്ഥ. ശിവനെ ആശ്രയിച്ചെങ്കിലേ തനിക്ക് നിലനില്പുള്ളു എന്ന് മാർക്കണ്ഡേയൻ തിരിച്ചറിഞ്ഞു. അങ്ങനെ മാർക്കണ്ഡേയനെപ്പോലെ ശുദ്ധമനസ്കനായ ഒരുവൻ, അത്യധികം ശ്രദ്ധയോടും ഭക്തിയോടും ആലോചിച്ച് മരണഭയത്തോടുകൂടി , തന്റെ നിലനില്പിന് ശിവൻ വേണം എന്ന ആഗ്രഹത്തോടെ ആശ്രയിച്ചപ്പോൾ, അതികഠോരമായൊരു യുദ്ധം ചെയ്ത് ശിവൻ ഭക്തനെ മരണത്തിൽ നിന്നു രക്ഷിച്ചു.

എന്നാൽ വിഷ്ണുവോ, അജാമിളനെപ്പോലൊരു ദുഷ്ടൻ, ഭക്തിയോ ശ്രദ്ധയോ ഇല്ലാതെ അല്പംപോലും ആലോചിക്കാതെ, മരണഭയത്തോടുകൂടി, അടുത്തുള്ള മകനെ വിളിക്കാൻ വേണ്ടി നാരായണാ എന്നു വിളിച്ചപ്പോൾ, ആ വിളി കേട്ട് ഭയന്ന് മൃത്യു ഓടിയൊളിച്ചു. വിഷ്ണുവിന് കഠോരമെന്നല്ല, യുദ്ധമെന്നല്ല അവന്റെ അടുത്ത് വരികപോലും ചെയ്യേണ്ടി വന്നില്ല. അങ്ങനെയുള്ള അവിടുത്തെ പ്രഭാവം താരതമ്യം ചെയ്യാൻ മറ്റൊന്നില്ല തന്നെ.

*(മിനിക്കഥ)*

# അതേ രീതി

**ഉണ്ണി വാരിയത്ത്**
**ഫോൺ: 09867179480**

മനുഷ്യൻ ഉപയോഗം കഴിയുമ്പോൾ വലിച്ചെറിയുന്ന കറിവേപ്പില വിചാരിച്ചു.

ആർക്കും ആവശ്യമില്ലാത്ത ഒരിലയോ, ആവശ്യം കഴിഞ്ഞാലും പുറന്തള്ളപ്പെടാത്ത ഒരിലയോ ആയാൽ മതിയായിരുന്നു.

പൊതുവേ ചില മനുഷ്യർ മനുഷ്യരിലും കറിവേപ്പിലയോടുള്ള അതേ രീതിയാണല്ലോ പ്രയോഗിക്കുന്നത്. ആദ്യം എന്തൊരു കാര്യമാണെന്നോ! പിന്നെ എന്തു കാര്യമെന്നാണ്!





## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

കവിത

# ഓർമ്മകൾ

**നന്ദിനി മനോഹരൻ**

തുള്ളിക്കൊരുകുടം പേമാരി പെയ്യുന്ന
കർക്കിടക സന്ധ്യകളെങ്ങുപോയി ?
ചേട്ടയെ ആട്ടി, ശ്രീയെ വരവേൽക്കും
ശ്രീയെഴും നാളുകൾ ഓർക്കുന്നു ഞാൻ
നിലവിളക്കൊളിയിൽ, ധൂപസൗരഭ്യത്തിൽ
രാമായണം വായിച്ച സായംസന്ധ്യ
പണ്ടത്തെ പവിത്രമാം സന്ധ്യകളിന്നു
നനവൂറും മധുര സ്മരണമാത്രം.
നൂതനജീവിത വേഗത്തിൽ, ആ നല്ല
നാളുകൾ പാടെ മറഞ്ഞു പോയോ ?
കേട്ടിടാം ഇന്നും ദേവാലയം തോറും
പാട്ടുകളായി രാമചരിതമെല്ലാം
ആചരിക്കുന്നു നാം, രാമായണ മാസവും
നാലമ്പലയാത്രകളും, പൂജകളും
ദൃശ്യശ്രവ്യമാധ്യമമൊക്കെയും
ദാശരഥിതൻ മഹിമ പാടിടുന്നു
ആശ്വസിച്ചീടാം, ഈ വിധമെങ്കിലും
സനാതനധർമ്മം, നമ്മൾ, മറന്നിടാതെ !

### 2019 ജൂലൈ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**രാധിക മേനോൻ**
L/1256, ടി.കെ. ഹൗസ്
ഈശ്വരകൃപ
ഓൾഡ് തേവര റോഡ്
കൊച്ചി - 682016



**ജ്യോതികുമാർ എൻ**
L/3808, ശ്രീപദ്മം
എൽബിഎസ് റോഡ്
ഇടപ്പള്ളി
കൊച്ചി - 682024

ക്ഷീണിക്കാത്ത മനീഷയും മഷിയുണ -
ങ്ങീടാത്ത പൊൻപേനയും
വാണിക്കായ് തനിയേയുഴിഞ്ഞു വരമായ്
നേടീ ഭവാൻ സിദ്ധികൾ;
കാണിച്ചൂ വിവിധാത്ഭുതങ്ങൾ വിധിദൃ -
ഷ്ടാന്തങ്ങളായ്,വൈരിമാർ
നാണിച്ചൂ, സ്വയമംബ കൈരളി തെളി -
ഞ്ഞീക്ഷിച്ചു മോക്ഷത്തെയും.
- *പ്രരോദനം, കുമാരനാശാൻ*

→

*എ.ആർ. രാജരാജവർമ്മയുടെ മഹാത്മ്യങ്ങൾ പ്രകീർത്തിക്കുകയാണു കുമാരനാശാൻ. ക്ഷീണിക്കാത്ത പ്രതിഭാശക്തിയും നിരന്തരമായി എഴുത്തിൽ ഏർപ്പെടുന്ന വിശിഷ്ടമായ തൂലികയും സരസ്വതീ സേവനത്തിനായി എ.ആർ. തിരുമേനി ഉഴിഞ്ഞു വച്ചു. വാണീദേവിയിൽ നിന്ന് അനുഗ്രഹമായി പല സിദ്ധികൾ നേടി. സാഹിത്യതത്വാവിഷ്കരണപരങ്ങളായും അവയ്ക്ക് ഉത്തമ നിദർശനങ്ങളായും നിരവധി വിശിഷ്ടഗ്രന്ഥങ്ങൾ വിരചിച്ചു. എതിരാളികൾ ലജ്ജിതരായി. മാതാവായ കേരളഭാഷ അന്യഭാഷകളുടെ അധീനതയിൽ നിന്നുള്ള തന്റെ മോചനം സന്തോഷത്തോടെ കണ്ടു.*

# ചാക്യാർകൂത്ത്

ജി.കെ.പിള്ള തെക്കേടത്ത്. ഫോൺ : 7293239170

കേരളത്തിലെ അതിപ്രാചീനമായ ഒരു രംഗകലയാണ് ചാക്യാർകൂത്ത്. 1800 വർഷത്തെ പഴക്കമുള്ള ഈ കല പരമ്പരാഗതമായി ചാക്യാർ സമുദായത്തിലെ അംഗങ്ങളാണ് അവതരിപ്പിക്കുക പതിവ്. അതുകൊണ്ടു തന്നെ ചാക്യാന്മാരുടെ കൂത്ത് എന്ന അർത്ഥത്തിലാണ് ചാക്യാർ കൂത്ത് എന്ന പേര് നിലവിൽ വന്നതു തന്നെ. ചാക്യാർ കൂത്ത് ഒരു ഏകാംഗ കലാരൂപമാണല്ലൊ.



നൈമിശാരണ്യത്തിൽ വച്ച് സൂതൻ നടത്തിയെന്ന് ഭാഗവതത്തിൽ പറയുന്ന കഥാപ്രവചന രൂപത്തിൽ സൻമാർഗ്ഗോപദേശം ചെയ്യുന്ന രീതിയെ അനുകരിച്ചാണ് കൂത്തിന് രൂപമുണ്ടായതെന്ന് പറയപ്പെടുന്നു. ജനങ്ങളിൽ ധർമ്മബോധം വളർത്തുക എന്ന ഉദ്ദേശത്തോടു കൂടിയാണ് ഒരാൾ രംഗത്തു നിന്ന് പുരാണ കഥകൾ പറഞ്ഞു കേൾപ്പിക്കുന്ന ഏർപ്പാട് കൂത്തിൽ മുൻപുണ്ടായിരുന്നത്. പിന്നീട് ബ്രാഹ്മണാധിപത്യത്തോടുകൂടി സൂതവൃത്തിക്കായി കേരളത്തിലെ പതിനെട്ട് ഗ്രാമങ്ങളിൽ നിന്നും ഓരോ ബ്രാഹ്മണ കുടുംബങ്ങളെ തിരഞ്ഞെടുത്തിരുന്നു. സൂതവൃത്തി അവലംബിക്കത്തക്കവണ്ണം ആ കുടുംബക്കാർക്ക് അല്പം തരം താഴ്ത്തി 'ശ്ളാഘ്യഗീർ' എന്ന പ്രത്യേക വിളിപ്പേരും നിശ്ചയിച്ചു. 'ശ്ളാഘ്യഗീർ' മലയാളത്തിൽ ചാക്യാരായി മാറി.

നാട്യശാസ്ത്ര കർത്താവായ ഭരതമുനിയുടെ ശിഷ്യപരമ്പരയിൽ പ്രസിദ്ധനായ ശാക്യമുനി കൂത്ത് നൃത്തത്തിൽ പല പരിഷ്ക്കാരങ്ങൾ വരുത്തിയെന്നും ഒരു പുതിയ സമ്പ്രദായം ഭരത ശാസ്ത്രാനുസരേണ ചിട്ടപ്പെടുത്തുകയും ചെയ്തുവെന്നും ശാക്യമുനിയുടെ ശിഷ്യപരമ്പരയിൽപ്പെട്ട നടന്മാരെ 'ശാക്യാർ' എന്നും അവർ നടത്തിയ നൃത്തത്തിന് ശാക്യാർ കൂത്തെന്നും പറഞ്ഞു പോന്നത് കാലാന്തരത്തിൽ ചാക്യാർകൂത്തായി മാറിയതാണെന്നും മറ്റൊരു പറച്ചിലുണ്ട്.

ചാടുക, കളിക്കുക എന്നീ അർത്ഥമുള്ള സംസ്കൃതത്തിലെ കുർദ ധാതുവിൽ നിന്ന് ഉണ്ടായതാകാം കൂത്ത് എന്ന പദം. കൂത്ത് എന്നത് ഒരു ആര്യഭാഷാ ഭ്രംശമാണ് എന്നതാണ് അനുമാനം. ചാക്യാർമാർ നടന - വാചക വിദഗദ്ധരെന്ന നിലക്ക് ചിലപ്പതികാര കാലത്തു തന്നെ വിഖ്യാതരായിരുന്നു. പാരമ്പര്യത്തിലൂടെ ആചാരാനുഷ്ഠാന പ്രധാനമായ ചാക്യാർകൂത്ത് ക്ഷേത്രകലകളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന കലാരൂപമാണ്. ഭക്തിയും നർമ്മരസവും ധർമ്മചിന്തയും പ്രദാനം ചെയ്യുന്നതോടൊപ്പം സമകാലിക വിഷയങ്ങളെപ്പറ്റിയും പ്രതിവാദിക്കുന്നു എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ക്ഷേത്ര മതിൽക്കെട്ടുകൾക്കകത്ത് കൂത്തമ്പലങ്ങളിലാണ് ചാക്യാർകൂത്ത് നടന്നു വന്നിരുന്നത്. കൂത്തമ്പലങ്ങളില്ലാത്ത സ്ഥലങ്ങളിൽ വലത്തേ വലിയമ്പലം. ഊട്ടുപുര, ക്ഷേത്ര മതിൽക്കകത്ത് പ്രത്യേകം തയ്യാറാക്കിയ അരങ്ങ് എന്നിവിടങ്ങളിലാണ് സാധാരണയായി കൂത്ത് നടത്താറുള്ളത്. നമ്മുടെ സ്വന്തം കലാരൂപമായ ചാക്യാർ കൂത്തിനെ, അന്യം നിന്നുപോകാതെ പരിരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടത് ക്ഷേത്രവിശ്വാസികളുടെയും ഹൈന്ദവസംഘടനകളുടെയും കടമയെന്ന് കരുതി ഏറ്റെടുക്കാം. ഇതു മാത്രമല്ല എല്ലാ ക്ഷേത്രകലകൾക്കും പ്രാധാന്യം കൊടുത്തുകൊണ്ട് ക്ഷേത്രങ്ങളിൽ കൂടുതൽ കൂടുതൽ അവസരം ഒരുക്കണം. എങ്കിൽ മാത്രമേ നമ്മുടെ ക്ഷേത്രകലകൾ നിലനില്ക്കുകയുള്ളൂ.





# വേനലിൽ പൂത്ത സ്വപ്നങ്ങൾ

ടി. എൻ.ടി.നായർ

ഞാനും എന്റെ കുടുംബവും 2018 ജൂലൈ മാസത്തിൽ ഒരു യൂറോപ്യൻ പര്യടനത്തിന് ഒരുങ്ങിയപ്പോഴേക്കും സമശീതോഷ്ണമായ പാശ്ചാത്യനാടുകളിൽ ഗ്രീഷ്മം തുടങ്ങിക്കഴിഞ്ഞിരുന്നു. എന്നാൽ യൂറോപ്പിലെ വേനൽക്കാലം, ഒരിൻഡ്യാക്കാരനെ സംബന്ധിച്ചിടത്തോളം, ചൂടു പകരുന്ന വസ്ത്രങ്ങൾ ധരിച്ചു നടക്കാൻ പാകത്തിനുള്ള മൃദുശീതോഷ്ണ സുഖം നൽകുന്ന കാലമാണ്. അങ്ങനെ ഒരു പ്രതീക്ഷയിലാണ് ഞങ്ങൾ യാത്രാ പരിപാടിക്കു കാലേകൂട്ടി രൂപം നൽകിയതും, യൂറോപ്യൻ യൂണിയനിലേക്കും ഇംഗ്ലണ്ടിലേക്കുമുള്ള വിസകൾ സജ്ജമാക്കാൻ തുടങ്ങിയതും.

### പാരീസ് വഴി മാഞ്ചസ്റ്റർ

2018 ജൂലൈ 14 ന് കോലാലമ്പൂരിൽ നിന്നായിരുന്നു യാത്രയുടെ തുടക്കം. കോലാലമ്പൂരിലുള്ള മൂത്ത മകൾ രഞ്ജന (രഞ്ജു), അവളുടെ ഭർത്താവ് രാമകൃഷ്ണൻ (രാംകി) അവരുടെ മകൾ ചിന്മയി (പുച്ചു എന്നുവിളിപ്പേര്) ഇവരോടൊപ്പം എതിഹാദ് ഫ്ളൈറ്റിൽ അബുദാബിയിലേക്കും അവിടെ നിന്നു പാരിസിലേക്കും പോയി. 14 മണിക്കൂർ യാത്ര ചെയ്താണ് പാരീസിൽ എത്തിയത്. അവിടെ കുറച്ചു വിശ്രമിച്ചു. വൈകുന്നേരം അഞ്ചു മണിക്ക് പാരീസിൽ നിന്നു എയർ ഫ്രാൻസ് വിമാനത്തിൽ ഇംഗ്ലണ്ടിലെ മാഞ്ചസ്റ്ററിലേക്കു പുറപ്പെട്ടു. ഒരു മണിക്കൂർ യാത്ര. ആകാശത്തിന്റെ നീല മേലാപ്പിനു താഴെ പരുത്തിപ്പഞ്ഞി വിരിച്ചതുപോലെ വെൺമേഘങ്ങൾ വിസ്തൃതമായി നിറഞ്ഞു കാണപ്പെട്ടു. ഒരു കാലത്തു ഇൻഡ്യയിൽ നിന്നു കയറ്റിക്കൊണ്ടുപോയ പഞ്ഞി മാഞ്ചസ്റ്ററിലെ തുണിമില്ലുകളിൽ മൽമൽ വസ്ത്രങ്ങളായി രൂപാന്തരം പ്രാപിച്ച് ഇൽഡ്യയിൽ വിൽപനച്ചരക്കുകളായി തിരിച്ചെത്തിയ ചരിത്രം വായിച്ചിട്ടുള്ളത് ഞാനോർത്തു. മാഞ്ചസ്റ്ററിലെ അസ്തമയ സൂര്യൻ തിളങ്ങി നിൽക്കെ, ഞങ്ങളുടെ വിമാനം അവിടെയിറങ്ങി. വലിയ തിരക്കില്ലാത്ത ശാന്തമായ വിമാനത്താവളം. ഹൃദ്യമായി പെരുമാറിയ വനിതാ ഇമിഗ്രേഷൻ ഓഫീസർ, ഞങ്ങളുടെ യാത്രാപരിപാടിയെക്കുറിച്ചറിയാൻ ജിജ്ഞാസുവായിരുന്നു. വേർഡ്സ്വർത്തിന്റെ ലേയ്ക്ക് ഡിസ്ട്രിക്കിലേക്കാണ് ഞങ്ങളുടെ യാത്രയെന്നറിഞ്ഞപ്പോൾ അവർ സന്തോഷത്തോടെ എന്നാൽ തെല്ല് സംശയത്തോടെ പറഞ്ഞു: 'പക്ഷെ ഇപ്പോൾ നിങ്ങൾക്കവിടെ ഡാഫൊഡിൽസ് പുഷ്പങ്ങൾ കാണാൻ കഴിയില്ലല്ലോ'. ഡാഫൊഡിൽ പുഷ്പങ്ങളെക്കുറിച്ച് വേർഡ്സ് വർത്ത് എഴുതിയ പ്രശസ്തമായ വരികൾ അവർ ഓർമ്മിച്ചിരിക്കണം. കവി അനുസ്മരിക്കുന്നതുപോലെ ''ആ പുഷ്പങ്ങൾ കണ്ടതിനു ശേഷം അവ തന്നിൽ ബാക്കി വച്ച ഏകാന്ത സുന്ദരസ്മരണകൾ എനിക്കും ഒന്നയവിറക്കാമല്ലോ'' എന്നു ഞാൻ പ്രതിവചിച്ചപ്പോൾ ആ ഉദ്യോഗസ്ഥയുടെ മുഖം തെളിഞ്ഞു, ഞങ്ങളുടെ മനസ്സും. ഞങ്ങൾ പുറത്തേക്കിറങ്ങി.

### ഹെയ്ൽബാൺ ഗസ്റ്റഹൗസ് മാഞ്ചസ്റ്റർ (Hale Barn Guest House, Manchester)

ഇടതൂർന്ന വേലിച്ചെടികളും പടർന്നു പന്തലിച്ച വൃക്ഷങ്ങളും സന്ധ്യയുടെ ഇരുട്ടിനു കട്ടി കൂട്ടിയ വഴിയിലൂടെ ടാക്സി ഡ്രൈവർ ഹെയ്ൽ ബാൺ ഗസ്റ്റ് ഹൗസ് എന്ന സ്വകാര്യ വിശ്രമ കേന്ദ്രത്തിലേക്കു ഞങ്ങളെ കൂട്ടിക്കൊണ്ടു പോയി. മുൻ കൂട്ടി ബുക്ക് ചെയ്തിരുന്ന ഈ ഗസ്റ്റ് ഹൗസിന്റെ ഉടമകളിലൊരാളായ ആദം സലിം എന്ന ചെറുപ്പക്കാരൻ ഇൻഡ്യൻ വംശജനാണ്. ഹൃദ്യമായ രാത്രി ഭക്ഷണം, നല്ല മുറികൾ, മറ്റു സജ്ജീകരണങ്ങൾ ഇവകൊണ്ട് ആതിഥേയ സൗഹൃദത്തിന്റെ ഊഷ്മളത ഞങ്ങൾ ആസ്വദിച്ചു. പിറ്റേന്നു സ്വാദിഷ്ടവും സമൃദ്ധവുമായ പ്രഭാത ഭക്ഷണത്തിനു ശേഷം അര മണിക്കൂർ ചുറ്റുപാടുകൾ കാണാനും ലഘു സവാരി നടത്താനും ഞങ്ങൾക്കു സാധിച്ചു. അതിനു ശേഷം, സലിമിന്റെ സഹായത്തോടെ, Hertz Rent-a-car ൽ നിന്ന് ലഗ്ഗേജ് സഹിതം ആറേഴു പേർക്കു യാത്ര ചെയ്യാവുന്ന വണ്ടി വാടകക്കെടുത്തു. മാഞ്ചസ്റ്ററിൽ നിന്ന് ലെയ്ക്ക് ഡിസ്ട്രിക്ട് ലക്ഷ്യമാക്കി, മരുമകന്റെ സാര

ഥ്യത്തിൽ ഞങ്ങൾ യാത്ര ആരംഭിച്ചു.

**റേവൻ ഗ്ലാസ്സ് എസ്ക്ഡെയ്ൽ റെയിൽ**

ലെയ്ക് ഡിസ്ട്രിക്ടിലെ കംബ്രിയ കൗണ്ടിയിലുള്ള റേവൻ ഗ്ലാസ് എസ്ക് ഡെയ്ൽ റെയിൽവേയുടെ Narrow gauge Rail Head ലേക്കു പോകുകയായിരുന്നു ഞങ്ങളുടെ ഉദ്ദേശം. ഇംഗ്ലണ്ടിലെ ഏറ്റവും പഴക്കമുള്ള ഏറ്റവും ദൂരം കുറഞ്ഞ ഈ റെയിൽ പാതയുടെ പേര് പ്രാചീന കംബ്രയൻ ഭാഷയിൽ La'al Ratti - (Little Railway) എന്നാണ്. ഏതാണ്ട് 106 വർഷം മുൻപ് 1913 ലാണിതു നിലവിൽ വന്നത്. Lake District National Park ന്റെ ഭാഗമാണിത്. Raven Glass യുനെസ്കോയുടെ അംഗീകാരം ലഭിച്ച ലെയ്ക്ക് ഡിസ്ട്രിക്ടിലെ ഒരേയൊരു തീരദേശ ഗ്രാമം കൂടിയാണ്. ഞങ്ങൾ യാത്രക്കുവേണ്ടി എത്തിച്ചേർന്നത് കുട്ടി റെയിൽവേയുടെ മറ്റേതലപ്പത്തുള്ള Dale Garth (For Boot) എന്ന സ്റ്റേഷനിലാണ്. സ്റ്റേഷൻ പരിസരത്തെ മരത്തോട്ടത്തിൽ  വണ്ടി പാർക്കു ചെയ്ത്, നേരത്തെ ബുക്കു ചെയ്തിരുന്ന യാത്രാ ടിക്കറ്റു ഉറപ്പാക്കി. റേവൻ ഗ്ലാസിൽ നിന്ന് എത്തിയ നാലോ അഞ്ചോ ചെറിയ കോച്ചുകളുള്ള കുട്ടി ട്രെയിനിൽ ഞങ്ങൾ ഇടം പിടിച്ചു. ചില കോച്ചുകൾ മേൽമൂടി ഇല്ലാത്തവയാണ്. ജനാലകൾക്കുമില്ല മൂടികൾ. അതിശൈത്യകാലത്ത് ഈ റെയിൽ ഉറക്കത്തിലായിരിക്കുമെന്നർത്ഥം. ഏഴു മൈൽ ദൂരമുള്ള ഈ ട്രെയിനിലെ യാത്രക്ക് ഒരു വഴിക്ക്  40 മിനിറ്റു വേണ്ടി വരും. ഹരിതാഭമായ മേച്ചിൽ പുറങ്ങളിലൂടെ, അധികം ദൂരെയല്ലാതെ, സമതലങ്ങൾക്ക് അതിരിട്ടു നിൽക്കുന്ന മലനിരകളെ പിന്തള്ളിയുള്ള യാത്ര മനം കവരുന്നതായിരുന്നു. അണ്ണാറക്കണ്ണന്മാരും കാട്ടുതാറാവുകളും മറ്റു പക്ഷികളും വിഹരിക്കുന്ന പൊന്തക്കാടുകളും, കുളങ്ങളും ഒരു വശത്ത്, മറ്റൊരു വശത്ത് ആടുകൾ മേയുന്ന കുറ്റിക്കാടുകൾ, കറുപ്പും, വെളുപ്പും പുള്ളികളും, ചെറു കൊമ്പുകളുമുള്ള പശുക്കൾ മേഞ്ഞുല്ലസിക്കുന്ന പുൽത്തകിടികൾ, അതിനുമപ്പുറം ഇംഗ്ലണ്ടിലെ ഏറ്റവും ഉയർന്ന  പർവ്വതനിരയായ Scafell (ഉയരം 1000 മീറ്ററിൽ താഴെ) അവർണ്ണനീയമായ  ഈ കാഴ്ചകൾ കണ്ട എനിക്കൊരു കാര്യം ബോദ്ധ്യമായി: ലെയ്ക്ക് ഡിസ്ട്രിക്ടിലെ ഈ ഹരിത ഭൂമിയിൽ പിറന്ന നിരക്ഷരൻ പോലും കവി ഹൃദയമുള്ളവനായിരുന്നിരിക്കണം. ഈ റെയിൽ നിലവിൽ വരുന്നതിനു എത്രയോ പതിറ്റാണ്ടുകൾക്കു മുൻപ് ഈ വിശാല ഭൂമിയുടെ നിമ്നോന്നതങ്ങളിൽ കാൽനടയായി സഞ്ചരിച്ച് തങ്ങളുടെ പാദമുദ്രകൾ പതിപ്പിച്ച വേർഡ്സ് വർത്ത്, അദ്ദേഹത്തിന്റെ സഹോദരി ഡോറോത്തി വേർഡ്സ് വർത്ത്, റോബർട്ട് സഥേ, എസ്.റ്റി.കോൾറിഡ്ജ് എന്നീ കവികളെ ഞാൻ അത്ഭുതാദരങ്ങളോടെ ഓർത്തു.... എന്റെ മനസ്സിൽ കൂടി, ഞാൻ കണ്ട കാഴ്ചകൾക്കു ഈ വക ചിന്തകൾ കസവിഴകൾ ചേർക്കുന്നതിനിടെ, ഞങ്ങളുടെ  കുട്ടിട്രെയിൻ റേവൻഗ്ലാസ്സ് സ്റ്റേഷനിലെത്തിച്ചേർന്നു. ഞങ്ങൾ അവിടെ ഇറങ്ങി റേവൻഗ്ലാസ്സ് എസ്ക്ഡെയ്ൽ നാരോ ഗേയ്ജ് റെയിൽവേയുടെ ഒരു നൂറ്റാണ്ടിലേറെയുള്ള വികാസ പരിണാമങ്ങളുടെ സാക്ഷ്യം വഹിക്കുന്ന നിരവധി സ്റ്റീം എൻജിനുകളും മറ്റു സാമഗ്രികളും തേച്ചു മിനുക്കി പുത്തനായി സൂക്ഷിച്ചിരിക്കുന്ന റെയ്ൽ മ്യൂസിയം കാണാൻ സമയം കണ്ടെത്തി. Raven glass Railway Station പരിസരത്തെ പൂക്കളുടെ, വിശേഷിച്ച് റോസപ്പൂക്കളുടെ അനുപമമായ വർണ്ണോത്സവവും ഞങ്ങൾ ആസ്വദിച്ചു. അരമണിക്കൂർ അവിടെ തങ്ങി. അടുത്ത വണ്ടിയിൽ താഴ്വാരങ്ങളും ഇടത്താവളങ്ങളും പിന്നീട്ട്, ഡെയ്ൽഗാർത്തിൽ തിരിച്ചെത്തി. അപരാഹ്നത്തിലെ സൂര്യന് അപാരമായ ചൂടുണ്ടായിരുന്നുവെന്ന് അപ്പോഴാണ് മനസ്സും ശരീരവും അറിഞ്ഞത്. ഞങ്ങൾ കാറിൽ യാത്ര തുടർന്നു.

**ഗ്രാസ്മിയറിലേക്ക് തോണീഹൗ ഗസ്റ്റ്ഹൗസ്**

കംബ്രിയയിലെ  Lake District National Park ന്റെ സവിശേഷതകൾ ഏറെയാണ്. പുൽമേടുകളും, മൈതാനങ്ങളും, മലനിരകളും കൂടാതെ നിരവധി തടാകങ്ങളും ചോലകളും ഈ പ്രദേശത്തിന് പ്രകൃതിലാവണ്യത്തിന്റെ മരതക കാന്തിയുടെ വജ്രശോഭ ചേർക്കുന്നു. ഇംഗ്ലണ്ടിലെ ഏറ്റവും ആഴം കൂടിയ വാസ്റ്റ് വാട്ടർ (Wast water) തടാകം, ഏറ്റവും ദൈർഘ്യമുള്ള Winder mere തടാകം ഇവ ഈ ഭൂവിഭാഗത്തിലാണ്. മറ്റൊരു കൗതുകകരമായ വസ്തുത ഇംഗ്ലണ്ടിലെ ഏതാണ്ട് ഏറ്റവും ചെറിയ പള്ളിയായ St.Olaf's Church of England (1550) കംബ്രിയയിലെ Wasdale പ്രദേശത്താണ്. സൂര്യൻ മലകൾക്കു പിന്നിൽ മറയാൻ തുടങ്ങുമ്പോൾ വീടണയാൻ കൂട്ടാക്കാതെ അലസമായി കൂട്ടം കൂടി നിൽക്കുന്ന പശുക്കളെ കണ്ട് എന്റെ കൊച്ചുമകൾ, "Are they engaged in silent Conversation before calling it a day"? (ദിനാന്ത്യത്തിൽ പിരിയും മുൻപ് അവർ നിശ്ശബ്ദ സംഭാഷണത്തിൽ ഏർപ്പെട്ടിരിക്കുകയാണോ ആവോ) എന്നു ആത്മഗതം പോലെ പറഞ്ഞത് എന്നിൽ കൗതുകമുണർത്തി...... ഞങ്ങൾ റോഥേ നദിയുടെ ഓരത്തിലൂടെ യാത്ര ചെയ്ത് ആംബിൾ സൈഡ് (Amble side) ലേക്ക് പ്രവേശിച്ചു. ആംബിൾ സൈഡിൽ പുഴയുടെ തീരവും മരങ്ങൾ നിറഞ്ഞ മലഞ്ചരിവുകളും ഗ്രാസ്മീർ തടാകവും! വേർഡ്സ് വർത്ത് തന്റെ ശ്രേഷ്ഠ കവിതകൾക്കു ജന്മം നൽകിയ കാവ്യ സ്വർഗ്ഗത്തിലൂടെ ഞങ്ങൾക്കു രാപ്പാർക്കാൻ തെരഞ്ഞെടുത്ത Thorny How guest House ലേക്കു പോകേണ്ട മലമ്പാതയിലേക്കു കടന്നു.

Thorny How ൽ ഞങ്ങൾ കയറിയപ്പോൾ മലയടിവാരങ്ങളിൽ ഇരുൾ പരന്നിരുന്നു. താഴെ റിസപ്ഷനും ഇരിപ്പു മുറിയും അവക്കു പിന്നിൽ ഗസ്റ്റ് ഹൗസ് ഉടമയുടെ വസതിയുമാണ്. മുകളിലത്തെ നിലയിലെ വിശാലമായ മുറികളിലൊന്നാണ് ഞങ്ങളുടെ ഐവർ സംഘത്തിനു കിട്ടിയത്. ആറു പേർക്കു ഉറങ്ങാവുന്ന മൂന്ന് ഇരുനില കട്ടിലുകളും ആവശ്യം വേണ്ട മറ്റു സജ്ജീകരണങ്ങളും. പ്രഭാതഭക്ഷണം സൗജന്യമാണ്. അടുക്കളയിൽ അത്യാവശ്യം സ്വകാര്യ പാചകവുമാകാം. ആ നല്ല ഗസ്റ്റ് ഹൗസിൽ ഞങ്ങളെ ആകർഷിച്ച ആതിഥേയരിൽ ഒരാൾ ഒരു തടിയൻ ആൺപൂച്ചയായിരുന്നു. അവൻ സാമാന്യത്തിലേറെ ഉയരമുള്ള കൗണ്ടർ ടേബിളിലേക്ക് ഒറ്റച്ചാട്ടത്തിനു കയറി ഉപവിഷ്ടനായത് ഞങ്ങളെ രസിപ്പിച്ചു. അവൻ ഗസ്റ്റ് ഹൗസ് ഉടമസ്ഥന്റെ വളർത്തു മകനാണെത്ര. അവന്റെ പേര് ഏറെ കൗതുകമുളവാക്കി. ടോളമി (Ptolemy)!

**വേർഡ്സ് വർത്ത് മ്യൂസിയം:**

പിറ്റേന്ന് പ്രഭാത ഭക്ഷണത്തിനു ശേഷം ഞങ്ങൾ 9 മണിയോടെ Towns End ലെ Dove Cottage നു മുൻപിലെത്തി. ഒരു രണ്ടു നില കെട്ടിടം. മുൻ ഭിത്തിയിൽ Dove Cottage എന്നെഴുതിയ ബോർഡ് ഉറപ്പിച്ചിരിക്കുന്നു. "The loveliest Spot that man hath ever found" ഇങ്ങനെയാണ് തന്റെ ഗ്രാസ്മീറിലെ  വസതിയെ വേർഡ്സ് വർത്ത് വിശേഷിപ്പിച്ചത്. ആദ്യം ഞങ്ങൾ വേഡ്സ് വർത്ത് മ്യൂസിയത്തിലേക്കാണ് പോയത്. Dove Cottage നു അടുത്തുള്ള  ഇടവഴിയിലാണ് മ്യൂസിയം സ്ഥിതി ചെയ്യുന്നത്. വേർഡ്സ് വർത്തിന്റെ കാലഘട്ടത്തിലെ സാമൂഹ്യ പരിതസ്ഥിതി, വ്യക്തികൾ, സംഭവങ്ങൾ ഇവയിലേക്കെല്ലാം നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന ഒരു Virtual tour അനുഭവിക്കാൻ സാധിച്ചു. സമകാലീന സാഹിത്യകാരന്മാരുടെയും കവികളുടെയും രചനകളുടെ കയ്യെഴുത്തു പ്രതികൾ മ്യൂസിയത്തിൽ കാണാം. തോമസ് ഡികിൻസി, കോൾറിഡ്ജ്, വേൾഡ്സ് വർത്ത്, അദ്ദേഹത്തിന്റെ സഹോദരി ഡൊറോത്തി വേൾഡ് വർത്ത്, മുതലായ നിരവധി പേരുടെ കൃതികളുടെ പതിപ്പുകളും കത്തുകളും അമൂല്യമായ രേഖകളായി സൂക്ഷിച്ചിരിക്കുന്നു.

**കപോത നികുഞ്ജം (Dove Cottage)**

മ്യൂസിയം സന്ദർശിച്ച് കഴിഞ്ഞ് ഞങ്ങൾ അക്ഷമയോടെ ഡവ്കോട്ടജിലേക്കു പോയി. ഡവ്കോട്ടേജിന്റെ വാതിലിനരുകിൽ വലിയ ബോർഡിൽ ആലേഖനം ചെയ്തിരിക്കുന്ന ഡാഫൊഡിൽസ് എന്ന കവിത എല്ലാവരേയും പോലെ എന്നെയും ആകർഷിച്ചു. ആവേശഭരിതനായി ഞാനാകവിത ഉറക്കെ വായിച്ചു. പാർലറിൽ  നിന്നിരുന്ന ചിലർ പുറത്തേക്കു തലനീട്ടി . എന്റെ ഭ്രാന്തമായ ചേഷ്ടയോട് അവർ പ്രതികരിച്ചത് അനുഭാവ പൂർണ്ണമായ പുഞ്ചിരിയോടെയാണ്.

**സിൽവിയ ബ്രാഡ്ലി നൽകിയ വിവരങ്ങൾ**

ഡവ് കോട്ടേജിൽ കാര്യങ്ങൾ വിശദീകരിക്കാൻ നിയുക്തയായ സിൽവിയ ബ്രാഡ്ലി എന്ന ബ്രിട്ടീഷ് വനിത ഞങ്ങളെ സ്വീകരിച്ചു. 1770 ഏപ്രിൽ 7ന് ലേയ്ക്ക് ഡിസ്ട്രിറ്റിലെ കോക്കർ സ്മിത്തിൽ ജോൺ വേർഡ്സ് വർത്തിന്റേയും ആൻ വേർഡ്സ് വർത്തിന്റേയും മകനായി പിറന്ന വേർഡ്സ് വർത്ത് പതിമൂന്നാമത്തെ വയസ്സിൽ അനാഥനായതും, 1791 ൽ കേംബ്രിഡ്ജിലെ സെന്റ് ജോൺസിൽ നിന്നു ബിരുദം സമ്പാദിച്ചതും നന്നേ ചെറുപ്പത്തിലേ തന്നെ. അഗാധമായ പ്രകൃതി സ്നേഹത്തിൽ അധിഷ്ഠിതമായ കവിതകൾ എഴുതിത്തുടങ്ങിയതും മറ്റും സിൽവിയ ചുരുങ്ങിയ വാക്കുകളിൽ പരാമർശിച്ചു. ഒരു വയസ്സിനു തന്നെക്കാൾ ഇളയവളായ ഡൊറോത്തി കവിയുടെ അനുജത്തി മാത്രമല്ലായിരുന്നു, സുഹൃത്ത്, അനുയായി, നിരൂപക, കാര്യദർശി രക്ഷാകത്രി ഒക്കെയായിരുന്നു. കവിതയിൽ വില്ല്യം തന്റെ പ്രതിഭ തെളിയിച്ചപ്പോൾ ഡൊറോത്തി അനുഗ്രഹീതമായ ഗദ്യത്തിൽ കവിതയെ വെല്ലുന്ന ഭാവനയോടെ  അവരുടെ അനുദിനാനുഭവങ്ങൾ ഓർമ്മച്ചെപ്പുകളായി സൂക്ഷിച്ചു. 1799 ൽ കവിയും സഹോദരിയും ലെയ്ക്ക് ഡിസ്ട്രിക്ടിലെ ഒരു കാൽ നട സഞ്ചാരത്തിനിടയിലാണ് ഗ്രാസ്മീൻ സന്ദർശിക്കാനിടയായതും, നയനാഭിരാമമായ മലഞ്ചരിവിലെ പാതയോരത്ത് സ്ഥിതിചെയ്തിരുന്ന Dove Cottage (കപോത നികുഞ്ജം എന്ന് മൊഴി മാറ്റമാവാം) എന്ന ഇരുനില കെട്ടിടം കാണാനിടയായതും. മലയടിവാരവും,  Towns End ലെ പാതയോരത്തെ വൃക്ഷങ്ങളും തൊട്ടടുത്തുള്ള പുൽത്തകിടികൾക്കപ്പുറം തിളങ്ങി കിടന്ന ഗ്രാസ്മിർ തടാകവും അതിനുമപ്പുറം തലയുയർത്തി നില്ക്കുന്ന പർവ്വതങ്ങളും വേർഡ്സ് വർത്തിനെയും സഹോദരിയേയും ഗാഢമായി സ്പർശിച്ചു. നാലു മാസങ്ങൾക്കുള്ളിൽ അതവരുടെ വസതിയാക്കി. 'മനുഷ്യൻ കാലുകുത്തിയ അതിരമ്യസ്ഥലി' എന്നു മഹാകവി ആ ഭവനത്തെ വിശേഷിപ്പിച്ചു.

ഒൻപതു വർഷത്തോളം മഹാകവിയും ഡൊറോത്തിയും അദ്ദേഹത്തിന്റെ ജീവിത പങ്കാളിയായ മേരി ഹച്ചിൽസണും അവർക്കു ജനിച്ച കുട്ടികളും അവിടെ ജീവിച്ചു. ഒന്നു രണ്ടു മക്കൾ അവിടെ വച്ചു

മരിക്കുകയും ചെയ്തു. കവിയെ അത്യധികം ഉലക്കുകയും ഹൃദയ സ്പർശിയായ ചില കവിതകൾക്ക് ആ സംഭവങ്ങൾ കാരണമാവുകയും ചെയ്തു സന്താനദു:ഖം. അതിഥികളും, നിത്യസന്ദർശകരുമായ കവികളായ എസ്.ടി. കോൾറിഡ്ജും, റോബർട്ട് സഥേയും, പ്രസിദ്ധ സാഹിത്യകാരൻ തോമസ് ഡികിൻസിയും, വേർഡ്സ് വർത്ത് കുടുംബത്തിന്റെ ഭാഗം തന്നെയായിരുന്നു.

വേർഡ്സ് വർത്തിന്റെ കാവ്യജീവിതത്തിലെ ഉത്കൃഷ്ട കവിതകളായ ''Daffodils'' മുതൽ "Tintern Abbey lines," "Ode on Intimations of Immortality","Prelude" എന്നീ കാവ്യങ്ങൾ വരെ അദ്ദേഹം എഴുതിയത് Dove Cottage ൽ വച്ചായിരുന്നുവെന്ന് മിസ്. സിൽവിയ ഞങ്ങളെ അറിയിച്ചു. അവർ ഡാഫൊഡിൻ എന്ന അതിമനോഹരമായ കവിത ആംഗലേയലാപന ശൈലിയിൽ പാടാൻ തുടങ്ങി. ഞാൻ കിട്ടിയ അവസരം പാഴാക്കാതെ അവരോടൊപ്പം നിന്ന് 10-ാം ക്ലാസ്സിൽ പണ്ടു പഠിച്ച ആ അതിസുന്ദര കവിത മുഴുവൻ ചൊല്ലി. കൂടെ നിന്ന സന്ദർശകർ ആഹ്ലാദത്തോടെ കയ്യടിച്ചു.

വേഡ്സ് വർത്ത് കുടുംബം ഉപയോഗിച്ചിരുന്ന വീട്ടുപകരണങ്ങൾ, എഴുത്തു സാമഗ്രികൾ, അടുക്കള സാധനങ്ങൾ, വീര്യം കുറഞ്ഞ പാനീയമായ എയ്ൽ (Ale) സൂക്ഷിച്ചിരുന്ന കുറ്റൻ ഭരണി ഇവയെല്ലാം വെടിപ്പായി സൂക്ഷിച്ചിരിക്കുന്നു. വരുമാനം അധികമൊന്നും ഇല്ലാതിരുന്ന ആ കാലത്ത്, കുടുംബത്തേയും സുഹൃത്തുക്കളേയും ഊട്ടിയുറക്കാൻ ഡൊറോത്തിയും മേരിയും നന്നേ കഷ്ടപ്പെട്ടിരിക്കണം. ഡൊറോത്തി തന്റെ Grasmere Jounal ൽ കുറിച്ചിട്ടതുപോലെ 'ആ നാളുകൾ ലളിതജീവിതത്തിന്റെയും ഉയർന്ന ചിന്തകളുടേയും നാളുകളായിരുന്നു'. (Plain living and high thinking). തന്റെ Waggoner എന്ന കവിതയിൽ വേർഡ്സ് വർത്ത് Dove Cottage നെ "Love Cottage" ആയി പരിചയപ്പെടുത്തുന്നു.

ഡവ് കോട്ടേജിലെ മുകളിത്തെ നിലയിലെ ഇരുപ്പുമുറി മഹാകവിയുടെ സർഗ്ഗസാധനകൾക്കു സാക്ഷ്യം വഹിച്ചു. തുറന്ന വാതിലിലൂടെ പൂമരങ്ങൾ ഒരുങ്ങി നിൽക്കുന്ന പാതയും അതിനു പുറകിലെ മരച്ചാർത്തുകളും അതിനപ്പുറത്ത് ചിറ്റോളങ്ങൾ തുള്ളിത്തുളുമ്പുന്ന തടാകവും തടാകത്തിനക്കരെ നിരനിരയായി ഉയർന്നു നിൽക്കുന്ന മലകളും പകർന്ന സൗന്ദര്യ ലഹരി ആസ്വദിച്ചാണ് പ്രകൃതി ഗായകൻ തന്റെ അനശ്വര കവിതകൾക്ക് ജീവൻ നൽകിയത്. കോട്ടേജിനു പുറകിൽ അവർ ഒരുക്കിയിരുന്ന പൂന്തോട്ടത്തിൽ ഉലാത്തുമ്പോഴും ഒതുക്കു കല്ലുകൾ ചവിട്ടിക്കയറി മലഞ്ചരിവിൽ അവർ തീർത്ത വള്ളിക്കുടിലിലെ ("Indian Bower") ആട്ടുകട്ടിലിലിരുന്നും അദ്ദേഹം കവിതകൾ കുറിച്ചിരുന്നു.

മുകളിലത്തെ നിലയിൽ കുടുംബത്തിന്റെ സ്വകാര്യ മുറികൾ കൂടാതെ അവർ വളർത്തിയിരുന്ന pepper എന്ന ശ്വാനന്റെ ഒരു ചിത്രവും കാണാനിടയായി. എരിവും ഉശിരുമുള്ളവനായിരുന്നിരിക്കണം ആ നായ മിസ്. സിൽവിയ അഭിപ്രായപ്പെട്ടു. ഇപ്പോൾ അവനുണ്ടായിരുന്നെങ്കിൽ 215 വയസ്സു കണ്ടേനേ ഞാൻ വെറുതെയോർത്തു.

ഡവ് കോട്ടേജിനു പിൻപിലുള്ള ടെറസ് ഗാർഡനെ വേർഡ്സ് വർത്ത് കുടുംബം വിളിച്ചിരുന്നത് OurLittle Domestic Slip of Mountain എന്നാണ്. ഇംഗ്ലണ്ടിലെ കവിതാ ശാഖയിൽ റൊമാന്റിക് പ്രസ്ഥാനത്തിന്റെ നന്ദനോദ്യാനം തീർത്ത ദാർശനിക കവിയായിരുന്നു. വില്ല്യം വേർഡ്സ് വർത്ത്. അദ്ദേഹവും സാമുവൽ ടെയ്ലർ കോൾറിഡ്ജും കൂടി പ്രോദ്ഘാടനം നടത്തിയ നൂതന കാവ്യശൈലിയുടെ കാഹളം മുഴങ്ങിയത് അവരുടെ സംയുക്ത കവിതാ സമാഹാരമായ Lyrical Ballads ലൂടെയാണ്. അന്ന് ഇംഗ്ലണ്ടിലെ ആസ്ഥാന മഹാകവി (Poet Laureate) റോബർട്ട് സഥേ ആയിരുന്നു. കോൾറിഡ്ജിന്റെ സഹോദരീ ഭർത്താവായിരുന്നു സഥേ. (വേർഡ്സ് വർത്ത് കുടുബത്തിലെ നിത്യ സന്ദർശകരും, സുഹൃത്തുക്കളും.) 1843 ൽ സതേക്കു ശേഷം, വില്യം വേർഡസ് വർത്ത് കവി സാർവ്വ ഭൗമനായി അവരോധിക്കപ്പെട്ടു. പക്ഷെ, അതിനു ശേഷം മഹാകവി തന്നെ പ്രവചിച്ചതുപോലെ അദ്ദേഹത്തിന് കാര്യമായ കവിതാ രചനയൊന്നും സാധിച്ചില്ല. 1850 ൽ വേർഡ്സ് വർത്ത് എൺപതാമത്തെ വയസ്സിലാണ് നിര്യാതനായത്. ഗ്രാസ്മിയ്റിലെ പാരിഷ് പള്ളിയിൽ അദ്ദേഹം അന്ത്യ വിശ്രമം കൊള്ളുന്നു.

ഡവ്കോട്ടജിനു പിന്നിലുള്ള മലഞ്ചെരുവിലെ വള്ളിക്കുടിലിൽ ഇപ്പോഴും ഒരു ചാരുബഞ്ചുണ്ട്. അവിടെ സൂക്ഷിച്ചിരിക്കുന്ന സന്ദർശകക്കുറിപ്പു പുസ്തകത്തിൽ, കവിയുടെ സുപ്രസിദ്ധമായ ഈരടി ഓർമ്മിച്ചു കൊണ്ട് ഞാനെഴുതി:

"Bliss was it in that dawn to be alive,
But to be young was very heaven"
I feel the bliss, I relive my days of youth
In these moments, my beloved poet !

ഡവ്കോട്ടജിൽ നിന്നു പടിയിറങ്ങുമ്പോൾ ഞാൻ മനസ്സിൽ മന്ത്രിച്ചു: 'ഞാനിനിയും വരുമിവിടെ; ഇല്ലെങ്കിൽ എന്റെ അടുത്ത തലമുറയിൽ നിന്നൊരാൾ എന്റെ ദീപ ശിഖയുമായൊരാൾ.'

**ജോൺ റസ്കിൻ മ്യൂസിയം:**

ലേക്ക് ഡിസ്ട്രിക്ടിലെ കോണിസ്റ്റണിൽ ജോൺ റസ്കിന്റെ സ്മാരകമായുള്ള മ്യൂസിയം സന്ദർശിച്ചതും ഒരു സഫല യാത്രയുടെ ഓർമ്മകൾ ബാക്കി വയ്ക്കുന്നു. ഗാന്ധിജിയുടെ വിഖ്യാതമായ സർവ്വോദയ പ്രസ്ഥാനത്തിന് ജോൺ റസ്കിന്റെ Unto this Last എന്ന കൃതിയോടു കടപ്പെട്ടിരിക്കുന്നു എന്ന് മഹാത്മജി തന്നെ ഏറ്റു പറഞ്ഞിട്ടുണ്ട്.

വിൻഡർമിയ്ർ ക്രൂസ് : ലേക്ക് ഡിസ്ട്രിക്ടിലെ മറ്റൊരു അവിസ്മരണീയ യാത്ര Windermere തടാകത്തിലൂടെ Swan എന്ന വലിയ സ്റ്റീമറിലുള്ള Cruise ആണ്. പതിനൊന്നു മൈൽ നീളവും 220 അടിയോളം ആഴവുമുള്ള ഈ തടാകത്തിൽ 18 ദ്വീപുകൾ ഉണ്ട്. വലിയ ജലാശയങ്ങളെ Mere എന്നോ Water എന്നോ ഉള്ള സംജ്ഞകൾ കൊണ്ടാണ് കംബ്രിയൻ ഭാഷയിൽ ദ്യോതിപ്പിക്കുന്നത്. എങ്കിലും അന്തർദ്ദേശീയ യാത്രികർ ഇവയെ Lake എന്നു തന്നെ വിളിക്കുന്നു. രണ്ടോരങ്ങളിലും ഇടതൂർന്ന ഹരിത വനങ്ങൾക്കിടയിലൂടെ, വലിയ ഒരു റിബൺ മാതിരി കിടക്കുന്ന തടാകത്തിലൂടെയുള്ള യാത്ര നല്ലൊരനുഭവമായിരുന്നു. ഒരു മണിക്കൂറിനുള്ളിൽ യാത്ര അവസാനിപ്പിച്ച്, ഞങ്ങൾ ഡവ്കോട്ടേജിന്റെ കവാടത്തിലേക്കു ഒരിക്കൽ കൂടി കണ്ണോടിച്ച് ഞങ്ങളുടെ Thorny How guest House ൽ മടങ്ങിയെത്തി.

ഇരുനൂറ് മൈലോളം ദൂരെ ഇംഗ്ലണ്ടിന്റെ ദക്ഷിണ മദ്ധ്യ ഭാഗത്തുള്ള വാർവിക്കിലേക്കു (Warwick) ആണ് അടുത്ത ദിവസം ഞങ്ങൾക്കു പോകേണ്ടത്. വിശ്വമഹാകവിയായ ഷേക്സ്പിയറുടെ ജന്മഭൂമി Stratford upon Avon (ആവൺ നദിക്കരയിലെ സ്ട്രാറ്റ് ഫോർഡ്)! ആ സ്വപ്നത്തെ താലോലിച്ച് ഞാനുറങ്ങി.

(തുടരും)

കവിത

# കിളിപ്പാട്ട്

ആർ. രാജൻ ഫോൺ : 9995906054

പോരുവിൻ, പോരുവിൻ, വേഗം കയറുവിൻ
നേരേവന്നീബസ്സിൽ നാട്ടുകാരേ
നേരം കളവതിനില്ലൊട്ടും;കൃത്യമാം
നേരത്തുതന്നെയീ ബസ്സു പോകും
എല്ലാരും കേറുമീ വണ്ടിയിൽ പാലിക്കാം
ചില്ലറച്ചിട്ടകൾ കൃത്യമായി
അല്ലാതെയാരാനും തന്നിഷ്ടം കാണിച്ചാൽ
പൊല്ലാപ്പിലാകുമേ യാത്രയാകെ.
പാടില്ലാ തെല്ലും പുകവലി; വണ്ടിയിൽ
മോടിയിൽ കേറിയിരിപ്പവരേ
പെട്ടന്നെല്ലാവരും വെന്തുരുകീടുമേ
കഷ്ടകാലത്തിനു തീ പടർന്നാൽ
കൈയ്യും തലയും പുറത്തിട്ടാൽ ലോകരേ
പൊയ്യല്ല സങ്കടം വന്നുചേരും
കൈയ്യിലു ചില്ലറ കണ്ടിടേണം സദാ
വയ്യാ ചവിട്ടുപടിയിൽ യാത്ര.
ഓടുന്ന വണ്ടിയിൽ ചാടിക്കയറാനും
ചാടിയതിൽ നിന്നിറങ്ങുവാനും
പാടുപെടേണ്ടതില്ലാരുമേ ; വീഴുകിൽ
വീടണഞ്ഞീടുകില്ലന്തിനേരം.
പിന്നിൽ കയറുന്നോർ മുന്നോട്ടു നീങ്ങണം
മുന്നിൽ കയറുന്നോർ പിന്നോട്ടുമേ
പിന്നെയും ആളുകൾ കേറുവാനുണ്ടെന്നു
പിന്നെയും പിന്നെയും ചൊല്ലേണമോ?
പോക്കറ്റടിക്കാർ കയറിടും കൂട്ടത്തിൽ
നോക്കിയും കണ്ടുംതാൻ നിന്നിടേണം

പക്കത്തിലുള്ള പണം പോയാൽ വീട്ടിലെ
മക്കളും ഭാര്യയുമെന്തുചെയ്യും ?
ടിക്കറ്റു ചോദിച്ചു വാങ്ങണമെല്ലാരും
ബാക്കി ലഭിച്ചാലോ ഭാഗ്യമായി,
ടിക്കറ്റെടുക്കാതിറങ്ങുവാൻ നോക്കിയാൽ
നോക്കി നിൽക്കില്ലാ കിളികൾ ഞങ്ങൾ
കള്ളു കുടിച്ചിട്ടു വണ്ടിയിൽ കേറിയാൽ
കള്ളു വയറ്റിൽ കിടന്നിടേണം
കള്ളിന്റെ വീര്യം പുറത്തേക്കെടുക്കുകിൽ
തള്ളിപ്പുറത്താക്കും നിർദ്ദാക്ഷിണ്യം.
തോളുരുമ്മീടാനും തോണ്ടാനും തിക്കാനും
ആളുണ്ടാം ; ചേച്ചിമാർ സൂക്ഷിക്കേണം
ഒട്ടിനിന്നീടുമാ പെണ്ണുങ്ങൾ പോലുമേ
പൊട്ടിച്ചു മുങ്ങീടും കെട്ടുതാലി
നാരിമാർക്കുള്ളോരിരുപ്പിടത്തിൽ ആരും
ചാരിയിരുന്നു ഞെളിഞ്ഞിടൊല്ലാ
നാരിമാരെത്താതിരുന്നാലും, ഓർക്കുക
കേറിവന്നീടുമേ പോലീസേമാൻ.
കുട്ടികളുമായിട്ടമ്മമാർ കേറിയാൽ
പെട്ടെന്നിരിപ്പിടം നൽകിടേണം
അന്ധർക്കും വൃദ്ധർക്കും അംഗഹീനർക്കും ഹാ !
ആശ്രയം നമ്മുടെ കാരുണ്യംതാൻ.

വല്ലാത്ത കോപമീ വാക്യങ്ങളേകിലും
കല്ലേറിയായ്ക കിളിക്കുനേരെ.
നല്ലതു നമ്മൾക്കു വന്നിടുവാനല്ലേ
ചൊല്ലുവതിക്കിളിക്കൂട്ടമിത്ഥം.

# ബ്ലഡ് കാൻസർ

ഡോ.പാർവ്വതി .കെ. എസ്

ബ്ലഡ് കാൻസർ എന്ന രോഗം ഒരു കാലത്ത് പേടിപ്പെടുത്തിയിരുന്ന ഒന്നാണ്. ഇന്ന് സ്ഥിതി അതല്ല. ചികിത്സിച്ചു ഭേദമാക്കാം എന്ന നിലയിലായി ഇപ്പോൾ.

ലുക്കീമിയ അഥവാ രക്താർബുദം രക്താണുക്കളെ അല്ലെങ്കിൽ അവയുടെ ഉത്ഭവസ്ഥാനമായ മജ്ജയെ ബാധിക്കുന്ന കാൻസറാണ്. രക്തത്തിലെ മൂലകോശങ്ങളിൽ നിന്നാണിത് ഉത്ഭവിക്കുന്നത്. ശ്വേതരക്താണുക്കളുടെ അനിയന്ത്രിതവും അസാധാരണമായ വർദ്ധനയാണ് ബ്ലഡ്കാൻസറിൽ സംഭവിക്കുന്നത്. ലുക്കീമിയ എന്ന പേർ വെളുപ്പ് എന്നർത്ഥം വരുന്ന 'ലൂക്കോസ്' രക്തം എന്നർത്ഥമുള്ള 'ഐമ' എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നുമുണ്ടായതാണ്.

ബ്ലഡ് കാൻസർ എന്നത് ഒരു കൂട്ടം രോഗലക്ഷണങ്ങൾ ചേർന്നതാണ്. ശരിയായ ചികിത്സ ലഭ്യമാക്കിയാൽ ഭൂരിഭാഗം ബ്ലഡ് കാൻസറും സുഖപ്പെടുത്താം. രോഗം ഏത് വിഭാഗത്തിൽ പെട്ടതാണെന്നതും രോഗിയുടെ പ്രായവും അനുസരിച്ച് ചികിത്സയുടെ ഫലപ്രാപ്തിയിൽ വ്യത്യാസം വരാം.

ഏതു പ്രായക്കാരേയും ബ്ലഡ്കാൻസർ ബാധിക്കാം. കുട്ടികളിൽ ഉണ്ടാകുന്ന ബ്ലഡ്കാൻസർ മുതിർന്നവരേക്കാൾ വേഗത്തിൽ മാറ്റി എടുക്കാനാകും. പൂർണ്ണമായ രോഗമുക്തി സാധ്യാമാകാത്ത ക്രോണിക് ലുക്കീമിയ ഉള്ളവരിലും അക്യൂട്ട് ലുക്കീമിയ ഉള്ളവരിലും ചികിത്സയിലൂടെ ദീർഘകാലം സ്വസ്ഥജീവിതം നയിക്കാനാവും.

അസ്ഥികളുടെ നടുവിലെ മൃദുവായ വസ്തുവാണ് മജ്ജ. ഇതിലാണ് രക്തകോശങ്ങൾ രൂപപ്പെടുന്നത്. മജ്ജയിൽ വളർച്ച പൂർത്തിയാക്കിയശേഷം മാത്രമാണ് രക്തകോശങ്ങൾ ധമനിയിൽ എത്തുന്നത്.

മജ്ജയിൽ പല തരത്തിലുള്ള രക്തകോശങ്ങൾ നിർമ്മിക്കപ്പെടുന്നുണ്ട്. ഇവയോരോന്നിനും പ്രത്യേക ധർമ്മങ്ങളുണ്ട്. രക്തത്തിലെ സുപ്രധാന ഘടകങ്ങളാണ് രക്താണുക്കൾ. ചുവന്ന രക്താണുക്കൾ, ശ്വേതരക്താണുക്കൾ, പ്ലേറ്റ്ലറ്റുകൾ എന്നിങ്ങനെ ഇവയെ മൂന്നായി തിരിക്കാം. ശരീരത്തെ രോഗാണുബാധയിൽ നിന്ന് രക്ഷിക്കുകയും രോഗപ്രതിരോധശക്തി നൽകുകയും ചെയ്യുന്നത് ശ്വേതരക്താണുക്കളാണ്. ഇവ അഞ്ചു തരത്തിലുണ്ട്. ന്യൂട്രോഫിൽ (Neutrophil), ലിംഫോസൈറ്റ് (Lymphocyte)-, ഇയോസിനോഫിൽ (Eosinophil) മോണോസൈറ്റ് (Monocyte) ബേസോഫിൽ (Basophil) എന്നിങ്ങനെ. സാധാരണ നിലയിൽ ഒരു മില്ലി ലിറ്റർ രക്തത്തിൽ 4000 മുതൽ 11000 വരെ ശ്വേതാണുക്കൾ ഉണ്ടാകും. ശ്വേതരക്താണുക്കൾ പ്രധാനമായും അസ്ഥിമജ്ജയിലാണ് ഉത്പാദിപ്പിക്കപ്പെടുന്നത്. ലിംഫോസൈറ്റുകളുടെ ഉത്പാദനത്തിൽ ലിംഫ് ഗ്രന്ഥികൾ, തൈമസ്, പ്ലീഹ എന്നിവയും പങ്കു വഹിക്കുന്നു.

ഓരോ തരം രക്താണുവിന്റെയും ആയുസ്സ് വ്യത്യസ്തമാണ്. ആയുസെത്തി നശിക്കുമ്പോൾ പകരം പുതിയ കോശങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നു. രക്താണുക്കളുടെ എണ്ണം നിശ്ചിത പരിധിയിൽ നിൽക്കുകയും ചെയ്യുന്നു. എന്നാൽ കാൻസർ വരുമ്പോൾ മജ്ജയിൽ നിന്ന് നിയന്ത്രണമില്ലാതെ കോശങ്ങൾ ഉത്പാദിപ്പിക്കപ്പെടും. ഇത്തരം അസാധാരണ കോശങ്ങൾക്കാകട്ടെ കടമകൾ നിർവഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. പെരുകുന്ന കോശങ്ങൾ തലച്ചോറിന്റെ ആവരണമുൾപ്പടെ പലയിടത്തും അടിഞ്ഞു കൂടാം. ലുക്കീമിയ കോശങ്ങൾ എണ്ണത്തിൽ മറ്റു കോശങ്ങളെ മറികടക്കുകയും രോഗിയിൽ വിളർച്ച, രക്തസ്രാവം, അണുബാധകൾ എന്നിവയുണ്ടാവുകയും ചെയ്യും.

### രോഗകാരണങ്ങൾ

രക്താർബുദം എന്തുകൊണ്ടുണ്ടാകുന്നു എന്നതിന് കൃത്യമായ വിശദീകരണം ലഭ്യമല്ല. മറ്റു കാൻസറുകളെപ്പോലെ ജീനുകളിൽ സംഭവിക്കുന്ന മ്യൂട്ടേഷനുകളാണ് രോഗത്തിന് കാരണമാകുന്നത്. ജീനുകളിലെ മാറ്റം താനേ വന്നു ചേരാം. അതല്ലെങ്കിൽ ചില റേഡിയേഷനുകൾ, ബെൻസീൻ പെട്രോകെമിക്കൽസ് ഉൾപ്പടെയുള്ള ചില രാസവസ്തുക്കൾ, വൈറസുകൾ, ജനിതകരോഗങ്ങൾ എന്നിവയുടെ സ്വാധീനത്താലും ജീനുകളിൽ മാറ്റം വരാം. ഉയർന്ന തോതിൽ റേഡിയേഷൻ ഏൽക്കുന്ന





വ്യക്തികളിൽ രോഗസാധ്യത മറ്റുള്ളവരേക്കാൾ വളരെയധികം കൂടുന്നു. ചിലരിൽ ജനിതകമായി ലുക്കീമിയ സാധ്യത കൂടുതലാണ്.

### Types

ലക്ഷണങ്ങൾ അനുസരിച്ചും കോശവളർച്ച അനുസരിച്ചും ലുക്കീമിയയെ രണ്ടായി തരം തിരിക്കാറുണ്ട്. അക്യൂട്ട് ലുക്കീമിയയും ക്രോണിക് ലുക്കീമിയയും. പെട്ടെന്ന് വളരുന്നതാണ് അക്യൂട്ട് ലുക്കീമിയ. കുട്ടികളിൽ കൂടുതലും കാണുന്നത് ഇതാണ്. ക്രോണിക് ലുക്കീമിയ സാവധാനത്തിലാണ് പുരോഗമിക്കുക. മുതിർന്നവരിലാണ് ഇത് സാധാരണ കാണാറ്.

കോശങ്ങളുടെ ഘടനാസ്വഭാവം എന്നിവയനുസരിച്ച് ലുക്കീമിയയെ ലിംഫോയ്ഡ് ലുക്കീമിയ (Lymphoid Leukaemia) എന്നും മൈലോയ്ഡ് ലുക്കീമിയ (Myeloid Leukaemia) എന്നും വേർതിരിക്കാറുണ്ട്. കുട്ടികളിലും കൗമാരക്കാരിലും ഏറ്റവും കൂടുതൽ കാണുന്നത് അക്യൂട്ട് ലിംഫോബ്ലാസ്റ്റിക് ലുക്കീമിയ (A L L) ആണ്. ക്രോണിക് ലിംഫോസൈറ്റിക് ലുക്കീമിയ (C L L) പ്രായമായവരിൽ വരുന്ന രോഗമാണ്. അക്യൂട്ട് മൈലോയ്ഡ് ലുക്കീമിയ (A M L) ക്രോണിക് മൈലോയ്ഡ് ലുക്കീമിയ (C M L) എന്നിവ മുതിർന്നവരിലാണ് കാണാറ്.

കാൻസർ കോശങ്ങൾ സാധാരണ കോശങ്ങളെ പോലെ രക്തത്തിലൂടെ സഞ്ചരിക്കുന്നു. ഇത്തരം കോശങ്ങൾ എത്രത്തോളം ഉണ്ടെന്നതും അവ എവിടെയൊക്കെ അടിഞ്ഞു കൂടുന്നു എന്നതിനനുസരിച്ചും രോഗലക്ഷണങ്ങളിൽ മാറ്റങ്ങളുണ്ടാകാറുണ്ട്.

### അക്യൂട്ട് ലുക്കീമിയ

**ലക്ഷണങ്ങൾ**

1. പനി
2. അസ്ഥികളിലെ ശക്തവും അസാധാരണവുമായ വേദന
3. രക്തസ്രാവം
4. വിളർച്ച, ക്ഷീണം, കിതപ്പ്, നെഞ്ചിടിപ്പ് കൂടുക
5. ശ്വാസതടസ്സം, മാനസിക വ്യതിയാനങ്ങൾ
6. വൃക്കയുടെ പ്രവർത്തനം തടസ്സപ്പെടുക
7. ന്യൂമോണിയ പോലുള്ള അണുബാധകൾ
8. തൊലിക്കടിയിൽ നേർത്ത രക്തലോമികൾ പൊട്ടിയുണ്ടാകുന്ന ചുവന്ന പാടുകൾ
9. തൊലിപ്പുറത്ത് പ്രത്യക്ഷപ്പെടുന്ന തിണർപ്പുകൾ
10. മോണവീക്കം
11. പ്ലീഹവീക്കം കൊണ്ട് വയറ് വീർത്ത അവസ്ഥ

### ക്രോണിക് മൈലോയ്ഡ് ലുക്കീമിയ

**ലക്ഷണങ്ങൾ**

1. ക്ഷീണം, ഭാരം കുറയൽ , കായികക്ഷമതക്കുറവ്, ഊർജസ്വലത കുറയൽ
2. ചെറിയ പനി, അമിത വിയർപ്പ്
3. ശ്വേതരക്താണുക്കളുടെ എണ്ണം കൂടുന്നു.
4. പ്ലീഹവീക്കവും അനുബന്ധ ലക്ഷണങ്ങളും
5. വയറിന്റെ ഇടതുഭാഗത്ത് വേദന

**ക്രോണിക് ലിംഫോയ്ഡ് ലുക്കീമിയ**

1. കഴലകൾ, കരൾ, പ്ലീഹ എന്നിവയുടെ വീക്കം
2. തുടർച്ചയായ അണുബാധ
3. വിശപ്പില്ലായ്മ, രുചിക്കുറവ്
4. ക്ഷീണം
5. വിളർച്ച
6. പെട്ടെന്നുണ്ടാകുന്ന മുറിവുകൾ
7. രക്തം കട്ടപിടിക്കാൻ കൂടുതൽ സമയം എടുക്കുന്നു.
8. രോഗപ്രതിരോധ ശേഷി കുറയുന്നു.

**പരിശോധനകൾ**

ശരീരപരിശോധനയിലൂടെയും ലക്ഷണങ്ങൾ രോഗചരിത്രം എന്നിവ ചോദിച്ചറിഞ്ഞു കൊണ്ടുമാണ് രോഗത്തെക്കുറിച്ചുള്ള അന്വേഷണം ആരംഭിക്കുന്നത്.

രക്തപരിശോധന രോഗനിർണ്ണയത്തിൽ സുപ്രധാനമാണ്. രക്താണുക്കളുടെയും മറ്റു ഘടകങ്ങളുടെയും എണ്ണം, രക്തഘടകങ്ങളുടെ പരിശോധന എന്നിവ അനിവാര്യമാണ്. രക്തത്തിലെ ഘടകപരിശോധനയിൽ ശ്വേതരക്താണുക്കളുടെയും മറ്റു ഘടകങ്ങളുടെയും എണ്ണം പരിശോധിക്കുന്നു. പെരിഫറൽസ്മിയർ പരിശോധന വഴി ബ്ലാസ്റ്റ് സെല്ലുകൾ, പ്ലേറ്റ്ലെറ്റുകൾ, ശ്വേതരക്താണുക്കളുടെ രൂപവ്യത്യാസം എന്നിവ തിരിച്ചറിയാം.

ലിവർ ഫങ്ഷൻ ടെസ്റ്റ്, രക്തത്തിലെ യൂറിയ, നൈട്രജൻ, ക്രിയാറ്റിനിൻ എന്നിവയുടെ അളവ് പരിശോധന എന്നിവ ചികിത്സയ്ക്കു മുൻപ് അറിയണം.

അസ്ഥിമജ്ജ പരിശോധനയാണ് മറ്റൊന്ന്. ബോൺമാരോ ആസ്പിരേഷൻ ആന്റ് ബയോപ്സി എന്നതാണ് ഈ പരിശോധന. ഇതിൽ അസ്ഥി, രക്തം, ചെറിയ കഷ്ണം അസ്ഥി എന്നിവയെടുത്ത് ബയോപ്സി പരിശോധിക്കുന്നു. ഈ പരിശോധന ഇടുപ്പെല്ലിലോ നെഞ്ചിലെ അസ്ഥിയിലോ ആണ് ചെയ്യാറ്.

# രാഷ്ട്രനിർമ്മാണത്തിൽ ശാസ്ത്രത്തിനുള്ള പങ്ക്

**യു. എസ്. രവീന്ദ്രൻ (ഫോൺ : 9496120978)**

ഈ ആഗസ്റ്റിൽ നമ്മൾ രാജ്യത്തിന്റെ 73-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുകയാണല്ലോ. അനേകവർഷങ്ങളിലെ മുഗൾ ഭരണത്തേയും യൂറോപ്യൻ ഭരണത്തേയും അതിജീവിച്ച് ഭാരതം ഇന്ന് പുരോഗതിയുടെ പാതയിൽ കുതിച്ചുകൊണ്ടിരിക്കുകയാണ്. മംഗൾയാനും ചന്ദ്രയാനും ശാസ്ത്രലോകത്ത് പുതിയ പുതിയ അറിവുകൾ കൊണ്ടു വരുന്നു. ഈ അറിവുകളെ ഉപയോഗപ്പെടുത്തി സാധാരണക്കാരന്റെ ജീവിതം മെച്ചപ്പെടുത്താൻ സർക്കാർ പുതിയ പുതിയ സംരംഭങ്ങൾ കൊണ്ടു വരുന്നു.

ഭാരതത്തിലെ പല ശാസ്ത്രചിന്തകളേയും ഇംഗ്ലീഷ് ഭാഷയുടെ മറവിൽ വിദേശികൾ അവരുടെ താണെന്ന വരുത്തി തീർക്കാൻ പണ്ടു തൊട്ടേ ശ്രമിച്ചു കൊണ്ടിരുന്നു. ശാസ്ത്രവും, സാഹിത്യവും, അദ്ധ്യാത്മിക ചിന്തയും പ്രപഞ്ചദർശനവും ഭംഗിയായി സമന്വയിപ്പിച്ചാണ് ഭാരതീയർ കൊണ്ടു പോയിരുന്നത്. നമ്മുടെ പൂർവ്വികരുടെ ശാസ്ത്രവിജ്ഞാനം അയ്യായിരം വർഷങ്ങൾക്കു മുൻപു തന്നെ ഋഷിപരമ്പരകളിൽ നിന്നും ആവിർഭവിച്ചതാണ്. പൗരാണിക ഭാരതീയ ശാസ്ത്രചിന്തകൾ ഇന്നത്തെ ശാസ്ത്രജ്ഞനു മനസ്സിലാക്കുന്നതിന് സംസ്കൃതഭാഷാപരിജ്ഞാനം ആവശ്യമാണ്. പൗരാണിക ശാസ്ത്രപദാവലികളുമായുള്ള പരിചയം അന്നത്തെ ഋഷിവര്യന്മാരായ ശാസ്ത്രജ്ഞരുടേയും ഗ്രന്ഥകാരന്മാരുടെയും മാനസികവ്യാപാരത്തെപ്പറ്റിയുള്ള അറിവ് ഇവയൊക്കെ ഉണ്ടായിരുന്നാലേ പുരാണശാസ്ത്രഗ്രന്ഥങ്ങളുടെ ഉപയോഗം സാദ്ധ്യമാകുകയുള്ളൂ. പുരാണശാസ്ത്രഗ്രന്ഥങ്ങളിലെല്ലാം തന്നെ ശാസ്ത്രസത്യങ്ങളും ഗവേഷണ ഫലങ്ങളും ഹ്രസ്വമായ സൂക്തങ്ങളിലൂടെയും മന്ത്രങ്ങളിലൂടെയും, കവിതാശകലങ്ങളിലൂടെയുമാണ് വെളിവാക്കപ്പെട്ടിരുന്നത്. ഓരോ മന്ത്രത്തിന്റെയും സൂക്തത്തിന്റെയും സൂത്രത്തിന്റേയുമൊക്കെ പിന്നിൽ ദീർഘകാലത്തെ നിരീക്ഷണവും, മനനവും പഠനവും കണക്കുകൂട്ടലും പരീക്ഷണങ്ങളും, ചിന്തയും അടങ്ങിയിരിക്കുന്നു എന്ന വാസ്തവം ശ്രദ്ധിക്കപ്പെടാതെ പോകുന്നു. വേദകാലങ്ങളിൽ ശാസ്ത്രവും അദ്ധ്യാത്മിക ചിന്തയും ഒരേ ദർശനത്തിന്റെ ഭാഗമാക്കി കണക്കാക്കിയിരുന്നതിനാൽ അവ തമ്മിൽ അസ്പ്രശ്യത കൽപ്പിക്കപ്പെട്ടിരുന്നില്ല. ഋഗ്വേദത്തിലും അഥർവ വേദത്തിലും അവയുടെ ഉപവേദങ്ങളിലും അങ്ങിങ്ങായി ഗണിതശാസ്ത്ര ചിന്തകളും പ്രമാണങ്ങളും സൂചിപ്പിക്കുന്നുണ്ടെങ്കിലും അത് കൂടുതലായി ഉൾക്കൊള്ളിച്ചിരിക്കുന്നത് സുൽബസൂത്രങ്ങളിലാണ്. യാഗാദികർമ്മങ്ങൾക്കു വേണ്ട യജ്ഞവേദിക്കു വേണ്ട നിർമ്മാണ രീതികൾ വിവരിക്കുന്ന ഭാഗങ്ങളിലാണ് ക്ഷേത്രഗണിത (Geometry) സിദ്ധാന്തങ്ങൾ അനാവരണം ചെയ്യപ്പെട്ടിട്ടുള്ളത്. കാൽകുലസ് എന്ന ഗണിതശാസ്ത്രശാഖയുടെ ഉപജ്ഞാതാവായി കണക്കാക്കിയിരിക്കുന്നത് പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഐസക്ന്യൂട്ടനെയാണ്. എന്നാൽ കാൽകുലസ് സിദ്ധാന്തങ്ങളും രീതികളും ഭാസ്കരാചാര്യർ ആവിഷ്ക്കരിച്ചിരുന്നതായി കാണാം. ഗോളങ്ങളുടെയും, പ്രതലങ്ങളുടെയും വ്യാപ്തിയും മറ്റു അളവുകളും നിശ്ചയിക്കുന്നതിനും കാൽകുലസ് ഈ കാലഘട്ടത്തിൻ (പന്ത്രണ്ടാം നൂറ്റാണ്ട്) ഉപയോഗിച്ചിട്ടുണ്ട്. ഭാസ്കരാചാര്യരുടെ ഗണിത സൂക്തങ്ങൾ പരിശോധിച്ചാൽ അക്കാലത്തു തന്നെ Differential equations കൈകാര്യം ചെയ്തതായി കാണാം. സുൽബസൂത്രങ്ങളും, ബ്രാഹ്മണങ്ങളും മറ്റും എഴുതപ്പെട്ടിട്ടുള്ളത് ബി. സി. 800-ാം മാണ്ടിന് മുൻപാണെന്നാണ് ഇന്നത്തെ വിശ്വാസം. അവയിൽ മട്ടത്രികോണത്തിന്റെ വശങ്ങൾ തമ്മിലുള്ള ബന്ധത്തെ വിവരിച്ചിട്ടുള്ളതിനാൽ ഈ തത്വം ഗ്രീക്കു ശാസ്ത്രജ്ഞനായ പൈതഗോറസിന്റെ കാലത്തിന് അഞ്ഞൂറ് വർഷം മുൻപു തന്നെ ഭാരതീയർ അറിഞ്ഞിരുന്നു എന്നതിന് തെളിവാണ്. എങ്കിലും ഇന്നും നാം ആ തത്വത്തെ അറിയുന്നത് പൈതഗോറസ് സിദ്ധാന്തമെന്നാണ്. വർദ്ധമാനൻ, പിംഗളൻ, ആര്യഭട്ടൻ, ഭാസ്കരൻ, വരാഹമിഹിരൻ,ബ്രഹ്മഗുപ്തൻ, ശ്രീധരാചാര്യർ, മാധവാചാര്യർ, പരമേശ്വരൻ, നീലകണ്ഠൻ എന്നിവരിലൂടെ ഭാരതീയശാസ്ത്രവിജ്ഞാനം വളർന്നു കൊണ്ടിരുന്നു. മുഗൾ രാജാക്കന്മാരും ബ്രിട്ടീഷ്





ഭരണാധികാരികളും ഭാരതീയശാസ്ത്രചിന്തകൾ വളരാതിരിക്കാൻ മനപൂർവ്വം ശ്രമിച്ചു കൊണ്ടിരുന്നു. പല സർവ്വകലാശാലകളും തകർക്കപ്പെട്ടു. സ്വാതന്ത്ര്യലബ്ധിക്കു ശേഷമാണ് കുറേശ്ശെയായി ശാസ്ത്രപഠനത്തിനും ഗവേഷണത്തിനും ഭാരതീയർക്ക് സാധിച്ചു തുടങ്ങിയത്.

പ്രാചീന ഭാരതത്തിലെ കെട്ടിടനിർമ്മാണ രീതികളും ഡ്രെയിനേജ് സംവിധാനവും വളരെ ശാസ്ത്രീയമായി വിഭാവനം ചെയ്തിട്ടുള്ളതായിരുന്നു. ഇന്നത്തെ പോലെ സൂക്ഷ്മ ഉപകരണങ്ങൾ ഇല്ലാഞ്ഞിട്ടുപോലും നക്ഷത്രശാസ്ത്രവും, ജ്യോതിഷവും രൂപപ്പെട്ടിട്ടുള്ളത്. പുരാണഋഷിമാരുടെ സൂക്ഷ്മ നിരീക്ഷണവും, ധ്യാനവും, മനനവും, ഗണനവും കൊണ്ടാണ്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം ശാസ്ത്രത്തിന്റെ പല മേഖലകളിലും ഭാരതീയർ സ്തുത്യർഹമായ നേട്ടം കൈവരിച്ചിട്ടുണ്ട്. ഭക്ഷ്യവസ്തുക്കൾ ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. നമ്മുടെ കൃഷി മേഖല പുഷ്ടിപ്പെടുത്തി ഭക്ഷ്യവസ്തുക്കളുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടി. ഡോക്ടർ സ്വാമിനാഥനു നന്ദി. ആണവരംഗത്ത് ലോകത്തെ ആദ്യത്തെ ആറു രാഷ്ട്രങ്ങളിൽ ഒന്നായി സ്ഥാനം നേടി. ഡോക്ടർ ഹോമിഭാഭക്കു നന്ദി. ശൂന്യാകാശ ഗവേഷണ മേഖലയിൽ ലോകത്തെ ഒന്നാമത്തെ നിരയിലെ അഞ്ചു രാജ്യങ്ങളിൽ ഒന്നായി സ്ഥാനം നേടി. ഡോക്ടർ വിക്രം സാരാഭായിക്ക് നന്ദി. ഇൻഡ്യൻ സ്പെയ്സ് റിസർച്ച് ഓർഗനൈസേഷന്റെ (ISRO) വിദൂരഗ്രാഹ്യ ഉപാധികൾ (Remote Sensing Application) ഇന്ന് ശൂന്യാകാശ ഗവേഷണത്തിന്റെ ഏറ്റവും നല്ല പ്രായോഗിക വശങ്ങൾ സാധാരണക്കാരന്റെ ജീവിത സൗകര്യങ്ങൾക്കായി വിവിധ പദ്ധതികൾ വഴി ഉപയോഗപ്പെട്ടുകൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ ഉപഗ്രഹങ്ങളായ AWIFS, LISS III, LISS IV കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കുവാനും അതിനനുസരിച്ച് അനുയോജ്യമായ കൃഷി തിരഞ്ഞെടുക്കുവാനും കർഷകനെ സഹായിക്കുന്നു. തോട്ടകൃഷിയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഫല, പച്ചകൃഷി, ഉല്പാദന വിതരണ, പരിപാലന മേഖലകളെ പറ്റി പഠനം നടത്തുവാനും വർഷാവർഷം മാറ്റം വരുത്തേണ്ട ഘടകങ്ങളെ പറ്റി വിവരം നൽകുവാനും സാധിക്കുന്നു. തേയില, ഉള്ളി, ഉരുളക്കിഴങ്ങ്, മുന്തിരി, റബ്ബർ, ആപ്പിൾ എന്നിവ ഉത്പാദിപ്പിക്കുന്ന വൻകൃഷിസ്ഥലങ്ങളിലെ വിവരങ്ങൾ ശേഖരിച്ച് ഏതെല്ലാം കൃഷിസ്ഥലം ഏതെല്ലാം ഫലങ്ങൾക്ക് യോജിച്ചതാണെന്നും, രോഗപ്രതിരോധ മാർഗ്ഗങ്ങൾ എന്താണെന്നെല്ലാം കൃഷിക്കാരെ അറിയിക്കുന്നു. Remote sensing application ജലസ്രോതസ്സുകളുടെ ഉറവിടം കണ്ടെത്താനും, കുടിവെള്ള ജലസേചന ശൃംഖല ഫലപ്രദമായി നടപ്പാക്കാനും, വെള്ളപ്പൊക്ക പ്രവചനത്തിനും, ഭൂഗർഭജല ശോഷണത്തെ പറ്റി പഠിക്കാനും ഭൂഗർഭത്തിൽ ഒളിഞ്ഞു കിടക്കുന്ന ലോഹഅയിരുകൾ കണ്ടെത്താനും, ഖനനം ചെയ്യുന്നതിനും മറ്റും ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് വഴികാട്ടിയായും മത്സ്യത്തിന്റെ കൂടുതൽ ലഭ്യതയുള്ള സമുദ്രഭാഗങ്ങൾ എവിടെയാണെന്നുള്ള വിവരങ്ങളും സമുദ്രത്തിലെ കാലാവസ്ഥയെക്കുറിച്ചും മുന്നറിയിപ്പ് നല്കിക്കൊണ്ടിരിക്കുന്നു. വന്യമൃഗസംരക്ഷണം, കാട്ടുതീ നിയന്ത്രണം , വനവൽക്കരണം, ജൈവവൈവിധ്യ പഠനം തുടങ്ങി വനമേഖലക്കു വേണ്ട വിവരങ്ങളും ഉപഗ്രഹ സിഗ്നലുകൾ വഴി ലഭിക്കുന്നു. അങ്ങിനെ രാജ്യത്തിന്റെ ഗ്രാമ -പട്ടണ വികസനത്തിനുവേണ്ട എല്ലാ തുറകളിലും ഉപഗ്രഹങ്ങളുടെ സേവനം ലഭ്യമാണ്. കൊടുങ്കാറ്റ്, പ്രളയം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവ മുൻകൂട്ടി അറിയാനും രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും ഉപഗ്രഹ വിവരങ്ങൾ സഹായിക്കുന്നു. നല്ല വ്യക്തതയുള്ള ടെലിവിഷൻ ചിത്രങ്ങൾ നമുക്ക് കിട്ടുന്നത് ഉപഗ്രഹസംവിധാനങ്ങൾ ഉള്ളതുകൊണ്ടാണ്. ഉപഗ്രഹങ്ങളുടെ സേവനത്തിൽ ഏറ്റവും ഫലപ്രദമായത് Telemedicine എന്ന മേഖലയിലാണ്. അത്യാധുനിക ചികിത്സാ സൗകര്യമുള്ള ആശുപത്രിയിലെ ഡോക്ടർമാർക്ക് അങ്ങ് ദൂരഗ്രാമങ്ങളിലുള്ള രോഗികളെ ചികിത്സിക്കുന്നതിന് - രോഗിയെ ആശുപത്രിയിലേക്ക് കൊണ്ടുവരാതെ തന്നെ Telemedicine എന്ന സമ്പ്രദായം കൊണ്ട് സാദ്ധ്യമായിട്ടുണ്ട്. പല ആശുപത്രികളും ഈ ചികിത്സാസമ്പ്രദായം ഉപയോഗിക്കുന്നുണ്ട്.

ഇന്നത്തെ ഏറ്റവും അപകടകരമായ മാലിന്യം എന്നു വിശേഷിപ്പിക്കുന്ന പ്ലാസ്റ്റിക്കിനെ ഉയർന്ന ചൂടിൽ വിഘടിപ്പിച്ച് ഉപദ്രവകരമല്ലാത്ത പാചകവാതകമായി മാറ്റുന്നതിനുള്ള ഗവേഷണങ്ങൾ നടന്നു വരുന്നു. ശാസ്ത്രത്തിന്റെ വളർച്ചയുടെ മറ്റൊരു നല്ല അദ്ധ്യായമാണിത്.

സൗരോർജ പാനലുകൾ ഭാരതത്തിൽ ഉണ്ടാക്കുന്നില്ല. ഇറക്കുമതി ചെയ്യുകയാണ്. അതിന്റെ ക്ഷമതയോ 20% മാത്രം. കൂടുതൽ ക്ഷമതയുള്ള സൗരോർജ്ജ പാനലുകൾ ഇവിടെ തന്നെ ഉണ്ടാക്കുവാനുള്ള പദ്ധതികൾ നടന്നു വരുന്നു.

ചന്ദ്രയാൻ ഒന്ന് വർഷങ്ങൾക്കു മുൻപ് പൂർത്തികരിച്ചു. ചന്ദ്രയാൻ രണ്ട് അവസാനഘട്ടത്തിലാ

ണ്. ചന്ദ്രന്റെ മണ്ണിൽ ധാരാളമായി ഉണ്ടെന്നു പറയപ്പെടുന്ന ഹീലിയം-3 എന്ന വാതകം ഉത്തമമായ ഒരു ആണവോർജ്ജ ഇന്ധനമാണ്. യുറേനിയം ഉപയോഗിച്ച് അണുവിഘടന തത്വത്തിലൂടെ (Nuclear fission) ഊർജ്ജം ഉണ്ടാക്കുമ്പോൾ റേഡിയേഷൻ എന്ന അപകടകരമായ ദോഷം കൂടി ഉണ്ടാകുന്നു. യുറേനിയത്തിന്റെ ശേഷിപ്പ് റേഡിയേഷൻ ഉള്ള വസ്തുവാണ്. എന്നാൽ ഹീലിയം ഉപയോഗിച്ച് ആണവോർജ്ജം ഉണ്ടാക്കുന്നത് അണുസംയോജനം (Atomic fussion) എന്ന തത്വം ഉപയോഗിച്ചാണ്. റേഡിയേഷൻ ഒരു തലത്തിലും ഇല്ല തന്നെ. കടൽ വെള്ളത്തിൽ നിന്നും ഹീലിയം ഉൽപ്പാദിപ്പിക്കാനുള്ള ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

സ്വാർത്ഥ താല്പര്യങ്ങൾക്കു വേണ്ടിയും യുവജനതയെ തമ്മിലടിപ്പിച്ച് മരിക്കാൻ വിട്ടിട്ട് രക്തസാക്ഷികളെ ഉണ്ടാക്കി ബക്കറ്റ് പിരിവു നടത്തി പാർട്ടിയെ പരിപോഷിപ്പിക്കുകയും ഗുരുനാഥന്മാരുടെ ഇരിപ്പിടം കത്തിക്കാനും അവർക്ക് ജീവിച്ചിരിക്കുമ്പോൾ തന്നെ റീത്തു വെക്കാനും പ്രേരിപ്പിക്കുന്ന രാഷ്ട്രീയ സംസ്കാരം മാറേണ്ടതുണ്ട്.

ശാസ്ത്രം വളർന്നുകൊണ്ടിരിക്കുന്നു. അത് രാഷ്ട്രത്തിന്റെ നന്മയ്ക്ക് വേണ്ടി ഉപയോഗിക്കേണ്ടതുണ്ട്. കലാലയങ്ങളും ഗവേഷണകേന്ദ്രങ്ങളും ലക്ഷ്യബോധത്തോടുകൂടി നയിക്കപ്പെടേണ്ടതാണ്. നമുക്ക് വേണ്ടത് ക്രിയാത്മകമായി ചിന്തിക്കുന്ന ദിശാബോധമുള്ള അർപ്പണ ബോധമുള്ള യുവജനതയേയാണ്. ഈ സ്വാതന്ത്ര്യദിനത്തിൽ എന്റെ ഭാരതമാതാവിന് എല്ലാ നന്മകളും നേരുന്നു.




**രവിപുരം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിലെ**

**1195-ാം മാണ്ട്**

**അഷ്ടമിരോഹിണിമഹോത്സവം**

**1195 ചിങ്ങം 7 (2019 ഓഗസ്റ്റ് 23) വെള്ളിയാഴ്ച**

| | |
|---|---|
| രാവിലെ 3.30 ന് | ഃ നടതുറക്കൽ, നിർമ്മാല്യം, അഷ്ടാഭിഷേകം |
| 5.30 ന് | ഃ ഹരിനാമകീർത്തനം,വിഷ്ണുസഹസ്രനാമം, ഭഗവദ്ഗീതാപാരായണം |
| 6.30 ന് | ഃ **ഭജന** |
| 8.00 മുതൽ 11.00 വരെ | ഃ ശീവേലി, പഞ്ചാരിമേളം (തിരുവല്ല രാധാകൃഷ്ണൻ, ചൊവ്വല്ലൂർ മോഹനൻ) |
| 11.00 മുതൽ 12.00വരെ | ഃ നാരായണീയ പാരായണം |
| 12.30 മുതൽ വൈകുന്നേരം | ഃ **ഓട്ടൻ തുള്ളൽ** |
| 4.30 മുതൽ 7.00 വരെ | ഃ കാഴ്ചശീവേലി, പഞ്ചാരിമേളം, നിറമാല ചുറ്റുവിളക്ക് |
| 7.00 മുതൽ 7.30 വരെ | ഃ പഞ്ചവാദ്യം, ദീപാരാധന |
| 7.00 മുതൽ 8.00 വരെ | ഃ **സംഗീതാർച്ചന** ശാരിക കണ്ണൻ & പാർട്ടി, കുമ്പളം |
| 8.00 മുതൽ 10.30 വരെ | ഃ വില്ലടിച്ചാൻ പാട്ട് / വിൽകഥാപ്രസംഗം ഹരികൃഷ്ണൻസ് & പാർട്ടി, തൊടുപുഴ **കഥ : കൃഷ്ണാവതാരം** |
| 10.30 മുതൽ | ഃ ശ്രീകൃഷ്ണ സ്തുതികൾ മാടയ്ക്കാപ്പിള്ളി ബാലകൃഷ്ണൻ |
| 12.00 മണിക്ക് | ഃ അഭിഷേകം |
| 12.15 ന് | ഃ വിളക്ക് |






# സംസ്കൃതം അന്നും ഇന്നും

ഡോ. രൂപ വി. അസി. പ്രൊഫസർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി (ഫോൺ: 9497067566)

സംസ്കൃതം ഒരു ഭാഷ എന്നതിലുപരി ഭാരതീയ സംസ്കൃതിയുടെ അന്തസത്തയാണ്. മതത്തിന്റെയോ രാജ്യത്തിന്റെയോ ജാതിയുടെയോ അതിർ വരമ്പുകളില്ലാതെ അനാദികാലം മുതൽക്കു തന്നെ ഏവരെയും ഉൾക്കൊള്ളുന്ന സംസ്കാരത്തിന്റെ പ്രതീകം. ലോകത്തിലെ അതിപ്രാചീന ഭാഷകളിലൊന്ന്, ഭാരതീയ ഭാഷകളുടെ മാതാവ് എന്നറിയപ്പെടുന്ന ദേവഭാഷ. ഭാഷാപരമായും സാഹിത്യപരമായും സാംസ്കാരികമായും ഉള്ള ഭാരതീയ വിജ്ഞാനത്തിന്റെ വിളനിലം. എന്തിനധികം നിത്യവ്യവഹാരത്തിന് ഉപയോഗിക്കുന്ന മാതൃഭാഷയിലും കാണപ്പെടുന്നത് സംസ്കൃതത്തനിമ തന്നെ. ഇത്തരത്തിൽ ലോകത്തിൽ ഇന്നോളം അറിയപ്പെട്ടിട്ടുള്ള ഭാഷകളിൽ ഏറ്റവും പുരാതനമായതും ക്ലാസിക്കൽ ഭാഷാപദവി കൈവരിച്ചതുമായ സംസ്കൃതം ഭാഷ എന്ന നിലയിലും വിജ്ഞാനം എന്ന നിലയിലും പ്രാചീനകാലത്തും ആധുനിക കാലത്തും വ്യത്യസ്ത വ്യവഹാരങ്ങളിലൂടെ നിലനിൽക്കുന്നുണ്ട്.

### ഭാഷ - നിർവ്വചനം

നമ്മുടെ നാട്ടിൽ വൈദികകാലം മുതൽ ഭാഷാവിഷയത്തിൽ ധാരാളം ചിന്തകൾ പ്രചരി ച്ചിരുന്നു. ആശയവിനിമയോപാധി ആണ് ഭാഷ. ഭാഷ വ്യക്തായാം വാചി (വ്യക്തമായി ഉച്ചരിക്കുക) എന്ന സംസ്കൃതധാതുവിൽ നിന്ന് ഉണ്ടായതാണ് ഭാഷ എന്ന പദം. ഭാഷണം എന്നാണ് ഇതിന് അർത്ഥം. കരചരണാദികളായ അവയവങ്ങളാലും കടാക്ഷവിക്ഷേപാദികളാലും ആശയവിനിമയം സാധ്യമാകുമെങ്കിലും വ്യക്തമായ ഉച്ചാരണത്താൽ കേൾക്കുന്നവർക്ക് ആശയപ്രതീതി ജനിപ്പിക്കാൻ ഉതകുന്നത് വാചികമായ ശബ്ദ സ്വരൂപങ്ങൾ തന്നെ. ചുരുക്കിപ്പറഞ്ഞാൽ ഭാഷ ഒരു അടയാളമാണ്. അടയാളങ്ങൾ ആകട്ടെ വാചികവും. ഭാഷ പൊതുവായ സാംസ്കാരിക അനുഭവം പ്രദാനം ചെയ്യുന്നു. സ്വതവേ പ്രവാഹ സ്വഭാവത്തോടുകൂടിയതും പരിവർത്തന വിധേയയുമാണ് ഭാഷ.

### സംസ്കൃതഭാഷയുടെ മഹത്വം

ഗൈർവാണി എന്നും സുരഭാരതി എന്നുമെല്ലാം വിശേഷ പേരുകളിൽ അറിയപ്പെടുന്ന സംസ്കൃതഭാഷ ഭാരതീയ ഭാഷകൾക്കും ലോകഭാഷകൾക്കും ധാരാളം ആശയങ്ങളും പദസമ്പത്തും പ്രദാനം ചെയ്ത ഒന്നാണ്. വിഭിന്ന ഭാഷകൾ സംസാരിക്കുന്ന ഭാരതീയർക്ക് വൈദിക കാലം മുതൽ നമ്മുടെ പൂർവ്വികരിൽ നിന്നും പകർന്നു കിട്ടിയ വേദ പുരാണ ഇതിഹാസങ്ങളും നാനാശാസ്ത്ര വിജ്ഞാനങ്ങളും സംസ്കൃത ഭാഷയിലാണ് രചിക്കപ്പെട്ടിട്ടുള്ളത്. ആയുർവേദം, ഗണിതം, ഭൂമിശാസ്ത്രം, ജ്യോതിശാസ്ത്രം, ജീവശാസ്ത്രം, വിമാന വിജ്ഞാനം, കല, ഗദ്യപദ്യ കഥാസാഹിത്യം, വാസ്തുശാസ്ത്രം, അർത്ഥശാസ്ത്രം, ധർമ്മശാസ്ത്രം, നാട്യശാസ്ത്രം, മനുസ്മൃതി എന്നിങ്ങനെ മാനവരാശിയുമായി ബന്ധപ്പെട്ട സകല മേഖലകളെയും ഉൾക്കൊള്ളുന്നതും സംസ്കൃതഭാഷ തന്നെ. ഇത്തരത്തിലുള്ള പൗരാണികസംസ്കൃതവാഹിനിയായ സംസ്കൃതഭാഷയെ സംരക്ഷിക്കുന്നതിൽ ഓരോ ഭാരതീയനും ഉത്തരവാദിത്വമുണ്ട്.

ഇത്തരത്തിലുള്ള ഈ പുണ്യ പവിത്രഭാഷയുടെ പൗരാണിക പാരമ്പര്യം നിലനിർത്താൻ വേണ്ടി സംസ്കൃതഭാഷ പഠിക്കേണ്ടതും സംരക്ഷിക്കേണ്ടതും പോഷിപ്പിക്കേണ്ടതും ഓരോ ഭാരതീയന്റെയും കർത്തവ്യമാണ്. ഈ ഭാഷ പഠിക്കുന്നവരുടെ, ശ്രവിക്കുന്നവരുടെ മനസ്സും ശരീരവും പവിത്രമാക്കപ്പെടുന്നു. സംസ്കാരം മെച്ചപ്പെടുന്നു സംസ്കൃതഭാഷയുടെ നാദം തന്നെ നമുക്ക് ഓജസ്സും തേജസും പ്രദാനം ചെയ്യുന്നു എന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾ ഇവിടെ സ്മരിക്കാം.

ഏകഃ ശബ്ദഃ സുഷ്ഠു പ്രയുക്ത ഃ സ്വർഗ്ഗേ ലോകേ കാമധുക് ഭവതി എന്ന പതഞ്ജലി മഹർഷിയുടെ വാക്കുകളും ഇവിടെ പ്രസ്താവം അർഹിക്കുന്നു. ഒരേ ഒരു സംസ്കൃത ശബ്ദം നന്നായി മനസ്സിലാക്കി പ്രയോഗിക്കുന്ന ഒരുവൻ സ്വർഗീയമായ ആനന്ദത്തെ പ്രാപിക്കുന്നു, എന്നാണതിന്റെ ആശയം. ഇതൊക്കെ സംസ്കൃത ഭാഷയുടെ മഹത്വസൂചകങ്ങളായ ദൃഷ്ടാന്തങ്ങളിൽ ചിലതുമാത്രം.

സംസ്കൃതത്തിന്റെ സത്ത വിളിച്ചോതാൻ അതിന്റെ പദസമ്പത്ത് മാത്രം മതിയാകും. ഏതൊരു ഭാഷയ്ക്കും പദസമ്പത്ത് അനിവാര്യമാണല്ലോ.

കാരണം വാക്കുകൾകൊണ്ടുള്ള ആശയവിനിമയത്തിലൂടെയേ ഭാഷ അനുഭവവേദ്യമാവുകയുള്ളൂ. സംസ്കൃതക്ഷേത്രത്തിൽ സുവിഖ്യാതാനായ ആചാര്യദണ്ഡിയുടെ അഭിപ്രായത്തിൽ

'ഇദമന്ധം തമ ഃ കൃത്സ്നം ജായേത ഭുവന ത്രയം

യദി ശബ്ദാഹ്വയം ജ്യോതിരാസംസാരം ന ദീപ്യതി'

വാക്കാണ് ഈ ലോകത്തെ പ്രകാശിപ്പിക്കുന്നത്. വാക്കാകുന്ന പ്രകാശം ഇല്ലായെങ്കിൽ ഈ മൂന്നു ലോകങ്ങളും ഇരുട്ടിലാകും എന്നാണ് ഇതിനർത്ഥം. സംസ്കൃതത്തെ നിലനിർത്താൻ ഇങ്ങനെയുള്ളതായ സംസ്കൃതജ്യോതി ലോകത്ത് മുഴുവൻ വ്യാപിപ്പിക്കേണ്ടത് ആവശ്യമാണ്.

ഇതൊക്കെയാണ് വാസ്തവം എങ്കിലും ഭാരതീയ സംസ്കൃതിയുടെ ജീവാത്മാവായ സംസ്കൃത ഭാഷ അറിഞ്ഞോ അറിയാതെയോ ഇന്നും പലരാലും അവഗണിക്കപ്പെടുന്നു. ഇതിനു കാരണം ഈ ഭാഷാ വിഷയത്തിൽ നിലനിൽക്കുന്ന ഒട്ടേറെ ആക്ഷേപങ്ങളാണ് . അവയെ തച്ചുടയ്ക്കുകയാണ് വേണ്ടത്.

## സംസ്കൃതഭാഷ – ആക്ഷേപങ്ങൾ

ബ്രാഹ്മണരുടെ ഭാഷ എന്ന് ഒരു കാലത്ത് പരക്കെ അറിയപ്പെട്ടിരുന്ന ഭാഷയാണ് സംസ്കൃതം. മത ഭാഷ, വേദഭാഷ, പൗരോഹിത്യ ഭാഷ എന്നിങ്ങനെ കണക്കാക്കപ്പെട്ടിരുന്നു. അതുകൊണ്ടു തന്നെ ഇത് ഒരു പ്രത്യേക ജനവിഭാഗത്തിന്റെ ഭാഷ ആയി മാറി. വർണ്ണ വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് ജാതീയമായ വേർതിരിവ് സംഭവിച്ചത് മൂലം ഈ ഭാഷയുടെ ഉപയോഗം കുറയുകയും മൃതഭാഷ എന്ന കാഴ്ചപ്പാട് പോലും ഈ ഭാഷയ്ക്ക് മേൽ ഉളവാകുകയും ചെയ്തു. ഈ ആക്ഷേപങ്ങൾ എല്ലാം തന്നെ ഈ ഭാഷയുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.

## സംസ്കൃതഭാഷയുടെ വളർച്ചയ്ക്ക് വിഘാതമായ ഘടകങ്ങൾ

### *വൈദേശിക ശക്തികൾ*

പണ്ട് കാലത്ത് മുസ്ലിം ജനതയുടെയും ഇംഗ്ലീഷുകാരുടേയും ഡച്ചുകാരുടെയും ആക്രമണം ഭാരതത്തിന്റെയും സംസ്കൃത വാഹിനിയായ സംസ്കൃത ഭാഷയുടെയും വളർച്ചയ്ക്ക് വിഘാതമായി. ഇത്തരത്തിലുള്ള വൈദേശിക ശക്തികളുടെ ആക്രമണം ബ്രിട്ടീഷ് ജനതയുടെ ആഗമനം തുടങ്ങിയവയും സംസ്കൃതഭാഷയെ തളർത്തുകയുണ്ടായി.

## ജാതീയമായ വേർതിരിവ്

ജാതി വ്യവസ്ഥ നിലനിന്നിരുന്ന കാലത്ത് ബ്രാഹ്മണമേധാവിത്വം മൂലം സ്ത്രീകൾ ശൂദ്രന്മാർ എന്നിങ്ങനെ ജാതീയമായും സാമൂഹികമായും പിന്നോക്കം നിന്നിരുന്ന ജനവിഭാഗത്തിന് സംസ്കൃതം നിഷിദ്ധമായതും ഇതിന്റെ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിച്ചു.

'ശൂദ്രമക്ഷരസംയുക്തം ദൂരതഃ പരിവ ജയേത്' എന്നു തുടങ്ങിയ സ്മൃതി വചനങ്ങൾ പ്രമാണം ആക്കി ജീവിച്ചിരുന്ന ബ്രാഹ്മണസമൂഹം. തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ എന്നിങ്ങനെയുള്ള ഉച്ചനീചത്വകൽപ്പനയിലൂടെ സ്ത്രിശൂദ്രാദികൾ പ്രാകൃത ഭാഷയിലൂടെ വ്യവഹരിക്കാൻ തുടങ്ങിയതും സംസ്കൃതഭാഷയെ സാരമായി ബാധിച്ചു. ശൂദ്രൻ സംസ്കൃതം കേട്ടാൽ പാപമാണെന്നും ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണം എന്നുമുള്ള അന്ധവിശ്വാസങ്ങളും സംസ്കൃതത്തിനുമേൽ കളങ്കം ആവുകയാണ് ഉണ്ടായത്.

## പ്രാദേശിക ഭാഷകളുടെ വളർച്ച

പ്രാദേശിക ഭാഷകളുടെ വളർച്ച മൂലം സംസ്കൃത ഭാഷയുടെ വികാസം തടസ്സപ്പെട്ടു. ഭാഷകളുടെ വികാസവും വളർച്ചയും അത് സംസാരിക്കുന്നവരുടെ ഭാഷാപ്രയോഗത്തിലൂടെ ആണല്ലോ സാധ്യമാകുന്നത്. ഇത്തരത്തിൽ നിത്യവ്യവഹാരത്തിൽ പ്രാദേശിക ഭാഷകളുടെയും മറ്റുമുള്ള ഇടപെടലുകൾ സംസ്കൃതഭാഷ വ്യവഹരിക്കപ്പെടാതെ ഇരിക്കാൻ കാരണമായി. എന്നിരുന്നാലും ഈ പരിമിതികൾക്കിടയിലും അക്കാലത്തു പോലും സംസ്കൃതഭാഷ കൈകാര്യം ചെയ്യുന്നവരുടെ എണ്ണം ഇന്നത്തെപ്പോലെ തുച്ഛം ആയിരുന്നില്ല.

വാല്മീകിരാമായണത്തിൽ സീതാന്വേഷണത്തിന് പുറപ്പെട്ട ഹനുമാൻ പറയുന്ന ഒരു വാചകമുണ്ട്.

'യദി വാചം പരദാസ്യാമി ദ്വിവിജാതിരിവ സംസ്കൃതം

രാവണം മന്യയ്മാനാ മാം സീതാ ഭീതാ ഭവിഷ്യതി'

മുദ്രമോതിരം നൽകി സീതയെ ശ്രീരാമന്റെ അന്വേഷണം അറിയിക്കവേ സംസ്കൃതഭാഷയിൽ സംസാരിച്ചാൽ തന്നെ രാവണനായി കണ്ടു സീതാദേവി ഭയന്നേക്കും എന്നതാണ് ഹനുമാന്റെ ആശങ്ക. അക്കാലത്തും സംസ്കൃതം വ്യവഹാരഭാഷ ആയിരുന്നു. എന്നാണ് ഇത് സൂചിപ്പിക്കുന്നത്.

കേരളത്തിലാകട്ടെ വളരെ മുൻപു തന്നെ സംസ്കൃതരംഗത്ത് നിലനിന്നിരുന്ന പഠനപാരമ്പര്യം ശ്രദ്ധേയമായിരുന്നു. മതജാതിവർണ്ണലിംഗ ഭേദം കൂടാതെ തന്നെ ഏവർക്കും സംസ്കൃതം പഠിക്കാനുള്ള അവസരങ്ങൾ ഉണ്ടായിരുന്നു എന്നു മാത്രമല്ല അത് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. സംസ്കൃത പഠന മേഖലകളിൽ എല്ലാ ജനവിഭാഗങ്ങൾക്കും അവസരമൊരുക്കിയിരുന്ന പുന്നശ്ശേരി നീലകണ്ഠശർമ്മ, കുര്യാക്കോസ് മാസ്റ്റർ, ചാവറ അച്ചൻ തുടങ്ങിയവരുടെ പങ്ക് ഈ അവസരത്തിൽ സ്മരിക്കേണ്ടതാണ്.





## സംസ്കൃതം ഭാരതീയ വൈജ്ഞാനിക സ്രോതസ്സ്

സംസ്കൃതം ഭാരതീയ വിജ്ഞാനങ്ങളുടെ വിളനിലമാണ്. ഇന്ന് ലോകത്തിലെ തന്നെ വൈജ്ഞാനിക ഭാഷയായി സംസ്കൃതം ഉയർന്നിരിക്കുന്നു. ലോകത്തിലെ തന്നെ ഏറ്റവും പുരാതനമായ കൃതി എന്ന് വിഖ്യാതമായ വേദങ്ങൾ, വേദാദ്ധ്യയനത്തിന് സഹായകമായ വേദാംഗങ്ങൾ, ദർശനങ്ങൾ, ഭഗവത്ഗീത, മനുസ്മൃതി പൗരാണികവും ആധുനികവുമായ വിവിധ ശാസ്ത്രകലാവിഷയങ്ങൾ എന്നിവയാൽ സമ്പന്നമാണ് സംസ്കൃതഭാഷ. ഭൗതിക വിജ്ഞാനം. ഗണിതം, ആധുനിക സാങ്കേതികവിദ്യ തുടങ്ങി എല്ലാ തരത്തിലുള്ള ശാസ്ത്രസാങ്കേതിക വിജ്ഞാനശാഖകളും സംസ്കൃതത്തിലെ സമ്പത്താണ്. അത് ഗണിതത്തിലും ആയുർവേദത്തിലും മാത്രം ഒതുങ്ങുന്നതല്ല.

ആര്യഭടന്റെ ആര്യഭടീയം എന്ന സംസ്കൃത കൃതിയിലാണ് ഭൂമി സൂര്യനെ ചുറ്റിക്കറങ്ങുന്നു എന്നും സൂര്യൻ സ്ഥിരമായി ഒരിടത്തു നിൽക്കുന്നു എന്നും പ്രസ്താവിച്ചത്. ഭൂമി ഉരുണ്ടതാണ് എന്നും എത്രയോ മുമ്പ് ഭാരതീയാചാര്യന്മാർ പ്രസ്താവിച്ചിരുന്നു. ജ്യോതിശാസ്ത്രരംഗത്ത് ഇന്നും നടന്നു വരുന്ന പല ഗവേഷണങ്ങളും പ്രാചീന സംസ്കൃതാചാര്യന്മാരുടെ അഭിപ്രായത്തെ സാധൂകരിക്കുന്നതാണ്.

ഇന്ന് ലോകത്ത് അത്യന്തം പ്രചാരം ഏറിയ ചികിത്സാരീതിയായ ആയുർവേദവും ആയുർവേദഗ്രന്ഥങ്ങളുമെല്ലാംസംസ്കൃതത്തിലാണ് രചിക്കപ്പെട്ടത്. ജന്തുചികിത്സയെപ്പറ്റി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും സംസ്കൃതത്തിലുണ്ട്.

ഇത്തരത്തിൽ ശാസ്ത്രവിഷയങ്ങളിലും ശാസ്ത്രേതരവിഷയങ്ങളിലും കലാസാഹിത്യ രംഗങ്ങളിലും മറ്റു ഭാഷകളിലും സംസ്കൃതത്തിന്റെ സ്വാധീനം കാണാം. ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന നവ്യങ്ങളായ ശാസ്ത്രസാങ്കേതിക വികാസങ്ങളിലും സംസ്കൃതത്തിന്റെ പങ്കുണ്ട്.

## ഇന്ന് സംസ്കൃതത്തിന്റെ അവസ്ഥ

ഇന്ന് ഭാരത സർക്കാർ സംസ്കൃത സംരക്ഷണത്തിനും പ്രചാരണത്തിനും ധാരാളം പ്രോത്സാഹനങ്ങൾ നൽകുന്നുണ്ട്. സംസ്കൃത ദിനാചരണങ്ങളും സപ്താഹാചരണങ്ങളും സത്വര വിപുലമായ രീതിയിൽ നടന്നു വരുന്നത് ഇതിന്റെ ഫലമായാണ്.

ഇന്ദിരാഗാന്ധി സർക്കാർ ഭരണത്തിൽ ഉണ്ടായിരുന്ന കാലത്താണ് സംസ്കൃതദിനം ആചരിക്കുവാൻ തുടങ്ങിയത്. തുടർന്ന് എല്ലാവർഷവും ശ്രാവണപൂർണ്ണിമ ദിനം സംസ്കൃത ദിനമായി ആചരിച്ചു വരുന്നു. ഈ വർഷം ആഗസ്റ്റ് 15 ാം തീയതി ആണ് സംസ്കൃതദിനാചരണം നടക്കുക. ഇത്തരത്തിലുള്ള പ്രോത്സാഹനങ്ങൾ ഇന്ന് സംസ്കൃതത്തിന്റെ നേട്ടം തന്നെ.

## പുതിയ ചുവടുവെയ്പ്പുകൾ

കേരളത്തിലെ പ്രൈമറി വിദ്യാഭ്യാസത്തിൽ ഒന്നാംതരം മുതൽ പഠനഭാഷയായി സംസ്കൃതം പാഠ്യപദ്ധതിയിൽ ഇടംനേടി എന്നത് എടുത്തുപറയേണ്ട സംഗതിയാണ്.

കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ 42 പാർലമെന്റ് അംഗങ്ങൾ സംസ്കൃതത്തിലാണ് പ്രതിജ്ഞ ചൊല്ലിയത് എന്നതും വളരെ ശ്രദ്ധേയമാണ്. ജാർഖണ്ഡിലെ ഉപഭാഷ ആണ് സംസ്കൃതം ഉത്തർപ്രദേശ് സർക്കാർ ഔദ്യോഗികമായി പത്രക്കുറിപ്പ് സംസ്കൃതത്തിൽ കൊടുക്കാൻ തീരുമാനിച്ചതും സംസ്കൃതത്തിലെ പുതിയ ചുവടുവെപ്പു തന്നെ.

സംസ്കൃത ഭാഷയുടെ പ്രോത്സാഹനത്തിന് കേന്ദ്ര മാനവശേഷി മന്ത്രാലയം ഇന്ത്യയിലെ ഗ്രാമങ്ങൾ ദത്തെടുക്കാൻ നിർദ്ദേശിച്ചതും ഇന്നത്തെ സംസ്കൃതത്തിന്റെ പ്രസക്തി ചൂണ്ടിക്കാട്ടുന്നു. ഇത്തരത്തിൽ രാഷ്ട്രീയ സംസ്കൃത സംസ്ഥാൻ കൽപിത സർവ്വകലാശാല ദത്തെടുത്ത രാജ്യത്തെ അഞ്ച് ഗ്രാമങ്ങളിൽ തൃശ്ശൂർ ജില്ലയിലെ അടാട്ട് ഉൾപ്പെടുന്നത് ശ്രദ്ധ അർഹിക്കുന്നു. ജനങ്ങൾക്ക് സംസ്കൃതത്തിൽ ആശയവിനിമയം സാധ്യമാക്കുകയാണ് ദത്തെടുക്കലിന്റെ ലക്ഷ്യം. ജുബാർത്ത (ത്രിപുര) മസോട്ട് (ഹിമാചൽപ്രദേശ്) ചിത്തേബാലി (കർണാടക) ബരായ് (മധ്യപ്രദേശ്) എന്നിവയാണ് മറ്റു ഗ്രാമങ്ങൾ.

ഭരണഭാഷ മലയാളം ആയതിലൂടെ സംസ്കൃതത്തിന്റെ പ്രയോഗവും പഠനവും അഭ്യാസവും നാമറിയാതെത്തന്നെ നിത്യ വ്യവഹാരമായി മാറിയിരിക്കുന്നു. കാരണം കൈരളി ഭാഷയെ പ്രൗഢമാക്കാനും ശോഭകൂട്ടാനും സംസ്കൃത പദങ്ങളെ കടമെടുക്കുന്നു. ഇന്ത്യൻ ഭാഷകളിലെല്ലാം ഏറിയോ കുറഞ്ഞോ സംസ്കൃതത്തിന്റെ സ്വാധീനം കാണാം. ഭാരതത്തിലെ പ്രാദേശിക ഭാഷകളിലെ ശബ്ദരാശി സംസ്കൃതംമൂലം ആണ് . അതുകൊണ്ട് തന്നെ സംസ്കൃത മാധ്യമത്തിലൂടെ സംസ്കൃതത്തെ പോഷിപ്പിക്കുവാൻ സാധിക്കും.

ഇന്നും ഓരോ കേരളീയനും സംസ്കൃത ഭാഷയുടെ മാധുര്യം നുകർന്ന് തന്നെയാണ് ജീവിക്കുന്നത്. സംസ്കൃതം പഠിച്ചിട്ടില്ലാത്ത അവരുടെ ഭാഷയിൽ സംസ്കൃതത്തിനു സ്വാധീനം കാണാം. അമ്മ അച്ഛൻ ചേട്ടൻ പശു പള്ളിക്കൂടം അമ്പലം എന്നിങ്ങനെയുള്ള പദങ്ങൾ കൈരളിക്ക് സ്വന്തം, എന്നാൽ ഭാഷയെ ഗൗരവപൂർണമാക്കാനും ആകർഷകമായി പ്രയോഗിക്കുവാനും മാതാ, പിതാ, ജലം,

ക്ഷീരം, വിദ്യാലയം എന്നിങ്ങനെ സംസ്കൃതത്തിലെ പദങ്ങൾ എടുത്തു വേണ്ട ദിക്കിൽ പ്രത്യയങ്ങൾ ചേർത്തുകൊണ്ടാണ് മലയാളം സമ്പുഷ്ടമാക്കുന്നത്. ഇത്തരത്തിലുള്ള മലയാള പ്രയോഗങ്ങൾ സാർവ്വത്രികമാക്കുന്നതിലൂടെ യഥാർത്ഥത്തിൽ സംസ്കൃത വ്യവഹാരമാണ് ശക്തിയാർജ്ജിക്കുന്നത്. സാധാരണ വ്യവഹാരത്തിലും സംസ്കൃതത്തിലെ സ്വാധീനം ദൃശ്യമാകുന്നുണ്ട്. വ്യക്തിനാമങ്ങളും സ്ഥാപനങ്ങളുടെ നാമങ്ങളും ധ്യേയവാക്യങ്ങളും ശ്രദ്ധിച്ചാൽ ഈ വസ്തുത വ്യക്തമാകും. രത്നാകരൻ, ഗംഗാധരൻ, സുകുമാരൻ, അപർണ, വിദ്യാലയം, ദേവാലയം, കാര്യാലയം, രക്ഷകൻ, വിമുക്തഭടൻ, ആചാര്യൻ, കുലപതി, സൈനികൻ, യോഗകർമ്മസു കൗശലം, യോഗക്ഷേമം വഹാമ്യഹം എന്നിങ്ങനെ ആകാശം, ഗഗനം, അമ്പലം, മാതാ, ധരിത്രി, ജനനി എന്നിങ്ങനെ പ്രാദേശിക ഭാഷകളിലൂടെ സംസ്കൃതം ശോഭിക്കുന്നു എന്ന് കാണാവുന്നതാണ്.

### ആധുനിക പ്രവണതകൾ

ഇന്ന് ആയുർവേദം യോഗ തുടങ്ങിയ ശാസ്ത്രങ്ങളെ പുതിയ കാലത്തിന്റെ ദൃഷ്ടിയിലൂടെ ആവശ്യകതയനുസരിച്ച് പഠിക്കുകയും നിത്യജീവിതത്തിൽ പ്രയോഗിക്കുകയും ചെയ്യുന്നതായാണ് കാണുന്നത്. ലോകാരോഗ്യരംഗത്ത് ഇടം നേടിയ ആയുർവേദവും ലോകം നെഞ്ചിലേറ്റിയ യോഗശാസ്ത്രവും പരിസ്ഥിതി സൗഹാർദ്ദപരമായ നിർമ്മാണം പ്രതിപാദിക്കുന്ന വാസ്തുവിദ്യയും എല്ലാം സംസ്കൃത വിജ്ഞാനത്തിന്റെ സാർവ്വകാലികതയെ സൂചിപ്പിക്കുന്നത് തന്നെ.

നാടിന്റെ സംസ്കൃതിയുടെ ഈടുവെയ്പ് എന്ന നിലയിൽ ഓരോ ഇന്ത്യക്കാരനും അറിഞ്ഞിരിക്കേണ്ടതും അനുഭവിക്കേണ്ടതുമായ വിജ്ഞാനം അടങ്ങിയ ഭാഷ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ എൻജിനീയറിങ് മേഖലയിൽ പ്രവർത്തിക്കുന്ന എം എസ് വല്യത്താൻ, മെട്രോമാൻ ഇ. ശ്രീധരൻ എന്നിവരെ പോലെയുള്ള പ്രഗൽഭർ ഈ ഭാഷ പഠിക്കുകയും അവരുടെ കർമ്മ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു. ഭഗവത്ഗീത ഉപനിഷത്ത് രാമായണം തുടങ്ങിയവ മുന്നോട്ട് വക്കുന്ന ആശയം മാനേജ്മെന്റ് രംഗത്തെ ആധുനിക ഗുരുക്കന്മാരുടെ ഇഷ്ടവിഷയമായി മാറിയിരിക്കുന്നു.

ഭാരതീയരുടെ പ്രധാന ചികിത്സാ സംവിധാനമായ ആയുർവ്വേദം ഏറ്റവും വിശ്വസനീയവും പ്രചാരമേറിയതുമായി ഇന്നും നിലനിൽക്കുന്നതും സംസ്കൃതത്തിന്റെ വ്യാപ്തി ആയി പരിഗണിക്കാവുന്നതാണ്. സംസ്കൃതത്തിലെ യഥാർത്ഥ വിജ്ഞാന പാരമ്പര്യത്തെ ഉയർത്തിപ്പിടിക്കാൻ ആയുർവേദത്തെ ആധുനിക വൈദ്യവുമായി കോർത്തിണക്കാൻ പി. എസ്. വാര്യരെപ്പോലെയുള്ളവരുടെ പരിശ്രമം ശ്ലാഘനീയമാണ്.

കലാരംഗത്ത് യുനെസ്കോ അവാർഡ് നേടിയ കൂടിയാട്ടവും സംസ്കൃതത്തിന്റെ ഇന്നത്തെ ഗരിമയാണ് സൂചിപ്പിക്കുന്നത്. ഇന്ന് തർജ്ജിമ രംഗത്തും സംസ്കൃതത്തിന്റെ പദസമ്പത്ത് വഹിക്കുന്ന സ്ഥാനം വളരെ വലുതാണ്. നൂറ്റാണ്ടുകൾക്കുമുമ്പ് പഠന വിമുഖരും അലസരും ആയ കുമാരന്മാരെ വിദ്യാസമ്പന്നരാക്കിയ വിഷ്ണു ശർമയുടെ പഞ്ചതന്ത്രം ഇന്ന് 50 ലോകഭാഷകളിൽ തർജ്ജമ ചെയ്യപ്പെട്ടു.

ആധുനിക സാങ്കേതിക വിദ്യ വളരെയധികം വികസിച്ച ഈ കാലഘട്ടത്തിൽ പ്രസ്തുത മേഖലയിലും സംസ്കൃതവും മുൻപന്തിയിൽ തന്നെ. പിന്നെ ഏത് മേഖലയിലും അത്യന്താപേക്ഷിതമായി കഴിഞ്ഞ കമ്പ്യൂട്ടർ സാങ്കേതിക വിദ്യയ്ക്ക് ഏറ്റവും അനുയോജ്യമായ ഭാഷയായി സംസ്കൃതം മാറിയിരിക്കുന്നു. അതിനു കാരണം സംസ്കൃതത്തിന്റെ പ്രത്യേക ഭാഷാഘടനയും വിപുലമായ പദസഞ്ചയവും തന്നെ. സംസ്കൃത ഭാഷയുടെ ഈ സവിശേഷത നാചറൽ ലാഗ്വേജ് പ്രോസസിംഗിന് വളരെയധികം ഉപകരിക്കുന്നതുമാണ്. ആശയപ്രകാശനത്തിന് സംശയാർത്ഥശങ്കാദികൾ കൂടാതെ തന്നെ ഉതകുന്ന ഭാഷയാണ് സംസ്കൃതം.

ഇത്തരത്തിൽ ആയുർവ്വേദ രംഗത്തും മാനേജ്മെന്റ് രംഗത്തും യോഗ വിദ്യാരംഗത്തും സാങ്കേതിക രംഗത്തും എല്ലാം വ്യാപിച്ച സംസ്കൃതം അതിന്റെ വൈജ്ഞാനികതലം മെച്ചപ്പെടുത്തുന്നതോടൊപ്പം ഭാഷാ രംഗത്തെ വ്യാവഹാരികതലവും മെച്ചപ്പെടുത്തുന്നു.

സംസ്കൃത ഭാഷാ രംഗത്ത് പ്രവർത്തിക്കുന്നവരുടെ കൂട്ടായ യത്നം മൂലം ഇന്ന് സംസ്കൃതം സാമാന്യജനങ്ങളുടെ ഭാഷയായി മാറിയിരിക്കുന്നു. സാംസ്കാരിക ഭാഷ എന്ന നിലയിൽ സംസ്കൃത രംഗത്ത് പ്രവർത്തിക്കുന്ന സംസ്കൃത ഭാരതി, അമൃത ഭാരതി തുടങ്ങിയ പ്രസ്ഥാനങ്ങളുടെ അനൗപചാരിക പ്രവർത്തനങ്ങളും ഔപചാരിക രംഗത്ത് ശങ്കരാചാര്യ സർവ്വകലാശാലയുടെ സംസ്കൃത പ്രചാരണ പദ്ധതിയും രാഷ്ട്രീയ സംസ്കൃത വിദ്യാപീഠം പുറനാട്ടുകര കേന്ദ്രവും നടത്തിയ ശ്രമങ്ങളുടെ ഫലമായാണ് ഇന്ന് കാണുന്ന വികാസം സംസ്കൃതഭാഷയ്ക്ക് ഉണ്ടായിരിക്കുന്നത് എന്നത് നിസ്തർക്കമായ വസ്തുതയാണ്. ഇന്ന് ടെലിവിഷൻ ചാനലുകളിൽ ഭാഷാസംബന്ധിയായ വാർത്തകളും പരിപാടികളും സംസ്കൃതത്തിൽ സംപ്രേഷണം ചെയ്യപ്പെടുന്നു. ഒരു കാലത്ത് ആകാശവാണിയിലൂടെ സംപ്രതി വാർ

**(ശേഷം 52-ാം പേജിൽ)**





# ആരാണ് നായർ? (ഭാഗം-1)

**അഡ്വ. എസ് ജയസൂര്യൻ (ഫോൺ: 9539111000)**

ക്ഷേത്രങ്ങളിൽ ഉത്സവാദി അടിയന്തിരങ്ങൾക്ക് ആ സ്ഥലത്തെ നായർ പ്രഭുവിനെ ബ്രാഹ്മണർ, കൂട്ടം കൂടി നിൽക്കുമ്പോൾ തണ്ടിലെടുത്തു കൊണ്ടു വരികയും ആ പ്രഭു ആ ബ്രാഹ്മണ സദസ്സിലെ പ്രധാന അഗ്രാസനത്തിലിരിക്കുകയും ആഢ്യർ വൈദികർ മുതലായവരോട് യഥാക്രമം ഇരുന്നുകൊള്ളുവാൻ ആജ്ഞാപിക്കുകയും അപ്രകാരം അവർ അനുഷ്ഠിച്ചു കൊള്ളുകയും ചെയ്യുന്നു.

ക്ഷേത്രങ്ങളിൽ കൊടിയേറുമ്പോൾ നായർ സ്ഥാനി വാഹനാരൂഢനായി വന്ന് മാന്യ സ്ഥാനത്തിരുന്നാൽ അനന്തരം ബ്രാഹ്മണർ നിന്നുകൊണ്ട് അനുവാദത്തിനപേക്ഷിക്കുകയും അനുവാദം ലഭിച്ച ശേഷം ഇരിക്കുകയും ചെയ്യുന്നു. ക്ഷേത്രത്തിൽ ഉത്സവത്തിന് ബ്രാഹ്മണർ സാധാരണ ജനങ്ങളുടെ ശേഖരത്തിൽ നിൽക്കവേ നായർ പ്രഭു തണ്ടിൽ കയറി അവരുടെ മധ്യേകൂടി ക്ഷേത്രത്തിനകത്ത് വന്നിറങ്ങുകയും ആദ്യം താൻ സോപാനത്തിൽ കയറി തൊഴുകയും അപ്പോൾ അകത്തു നിൽക്കുന്ന നമ്പി ദേവന്റെ പീഠത്തിൽ മുൻകൂട്ടി വച്ചിരിക്കുന്നതായ വെറ്റില , പാക്ക്, പണം എന്നിവ എടുത്ത് കൊടുക്കുകയും പ്രഭു ആയതിനെ വാങ്ങിക്കൊണ്ട് ഇനി ബ്രാഹ്മണർ മുതലായി എല്ലാപേരും തൊഴുതുകൊള്ളട്ടെ എന്ന് ആജ്ഞാപിക്കുകയും അനന്തരം എല്ലാപേരും തൊഴുകയും ചെയ്യുന്നു.

ഈ ഉദാഹരണങ്ങളിൽ ബഹുമാനിക്കപ്പെടുന്നവരെല്ലാം അതാതു ദേശങ്ങളിലെ പ്രഥമ സ്ഥാനികളായ നായർ പ്രഭുക്കന്മാരും ബഹുമാനിക്കുന്നവരെല്ലാം അതാതു സ്ഥലങ്ങളിലെ മുൻപറയപ്പെട്ട പ്രഥമ സ്ഥാനികളുടെ അധീനത്തിലിരിക്കുന്നവരായ മറ്റുള്ള പ്രഭുക്കന്മാരും ഊരാണ്മക്കാരായ ബ്രാഹ്മണരുമാകുന്നു.

ഇപ്രകാരം നായർ ഇടപ്രഭുക്കന്മാരുടെ സ്വന്തമായും അവരുടെ രക്ഷയിലും ഇരുന്നിരുന്ന ഈ മലയാള നാട്ടിൽ ഓരോ ദേശങ്ങളിലും മേൽക്കാണിച്ച പ്രകാരം സേവ്യ സേവക ഭാവത്തെ അറിയിക്കുന്നവയായ ഏർപ്പാടുകളും നടപടികളും സ്വസപഭേദഗതികളോടു കൂടിയായിട്ടുണ്ട്. ഇങ്ങനെ ഇനിയും ഒട്ടു വളരെ പറവാനുണ്ട്. (പേജ് 474-475 ചട്ടമ്പി സ്വാമികളുടെ പ്രധാനകൃതികൾ)

ദീർഘമായ ഇങ്ങനെയൊരു ആമുഖം ഈ ലേഖനത്തിന് നൽകിയത് ശക്തമായ ചില യാഥാർത്ഥ്യങ്ങൾ വ്യക്തമാക്കുവാനായാണ്. സ്വന്തം ചരിത്രത്തേക്കുറിച്ച് കനത്ത ഇരുട്ടിൽ തപ്പുന്ന ഒരു ജനതയാണ് നായർ ഇന്നും. കേരളം കണ്ട വിദ്യാഭ്യാസ വിചക്ഷണന്മാരും പണ്ഡിതന്മാരും എല്ലാം തന്നെ നായർ സമുദായത്തിൽ ജനിച്ചെങ്കിലും ജന്മനാ ലഭിക്കുന്ന നിസ്വാർത്ഥതയൊന്നുകൊണ്ട് സ്വന്തം ചരിത്രം ചികയാൻ ഒരു നായരും സമയം ചിലവാക്കിയതായി അറിയില്ല. കേരളചരിത്രവും ഭാഷാ ചരിത്രവും മുതൽ സാഹിത്യ ചരിത്രവും രാഷ്ട്രീയ പാർട്ടികളുടെ ചരിത്രവും എന്തിനേറെപ്പറയുന്നു ക്രൈസ്തവ കുടുംബചരിത്രങ്ങൾ വരെ എഴുതിയ നായന്മാർ ഉണ്ട്. പക്ഷേ സ്വന്തം സമുദായ ചരിത്ര രചന എന്നുള്ള പാവന കർമ്മം ഏറ്റെടുത്തു ചെയ്ത നായരെ കണ്ടുകിട്ടുക ശ്രമകരം തന്നെ. അതിനാൽ നമുക്ക് ശ്രീമദ് ചട്ടമ്പിസ്വാമികളെ ആശ്രയിച്ചുകൊണ്ട് ആ പരിശ്രമം സമാരംഭിക്കാം.

വാഴൂർ തീർത്ഥപാദാശ്രമം പ്രസിദ്ധീകരിച്ച ശ്രീ വിദ്യാധിരാജ ചട്ടമ്പി സ്വാമികളുടെ ജീവചരിത്രവും പ്രധാന കൃതികളും എന്ന പഠന ഗ്രന്ഥത്തിൽ നിന്നുള്ള ഏതാനും പ്രസക്ത ഭാഗങ്ങൾ നമുക്കൊന്നു പരിശോധിക്കാം.

ജാൻസ്റ്റണിന്റെ 'ലോകത്തിൽ ഏറ്റവും പ്രശസ്തമായ രാജ്യം' എന്ന പുസ്തകത്തിൽ നിന്നും മി. വില്യം ലോഗൺ താഴെപ്പറയുന്ന ഭാഗം ഉദ്ധരിക്കുന്നു.

ഈ നാട്ടിലെ യോദ്ധാവ് തന്റെ ആയുധത്തെ പ്രയോഗിക്കുന്നതിൽ അതിശയനീയമായ സാമർത്ഥ്യം കാണിക്കുന്നു. അവരൊക്കെ നായന്മാരെന്നു വിളിക്കപ്പെടുന്ന ഒരു മാതിരി പ്രഭുക്കന്മാരാണ്. ഏഴ് വയസ്സ് പ്രായമുള്ളപ്പോൾ കളരികളിൽ അവരുടെ ആയുധാഭ്യാസം ആരംഭിക്കുന്നു. അവിടെ സമർത്ഥന്മാരായ ആശാന്മാർ അവരുടെ ദേഹത്ത് എണ്ണയിട്ട് ഓരോ ചേർപ്പുകളെ മൃദുവാക്കുകയും പേശികളെ ഉടച്ച് വാർക്കുകയും ചെയ്യുന്നു. ഇതു നിമിത്തം അവർക്ക് ഗാത്ര ലാഘവവും ചുറുചുറുക്കും സിദ്ധിക്കുന്നു. ദേഹത്തെ പലമാതിരി വളയ്ക്കുന്നതിനും മുമ്പും പിമ്പും ഉയർന്നും താഴ്ന്നും വേണ്ട വിധത്തിൽ അതിനെ ഉപയോഗിക്കുന്നതിനും അവർക്ക് കഴിയും അവരുടെ ഇമ്മാതിരി

അഭ്യാസം അവർക്ക് ചാരിതാർത്ഥ്യജനകവും അഭിമാനഹേതുവുമാണ്. ഈ വിഷയത്തിൽ അവരെയാരും അതിശയിക്കില്ലെന്ന് അവർ ഉറപ്പായി വിശ്വസിക്കുന്നു.

ബംഗാളിൽ നിന്നയക്കപ്പെട്ട മലബാർ സന്ദർശിച്ച കമ്മീഷണറും പിന്നീട് ബോംബെ ഗവർണ്ണറുമായ ജോനാതൻ ഡങ്കൺ എന്നയാൾ മിക്കിൾ എന്ന ഗ്രന്ഥകാരന്റെ കമോയൻസ് 7-ാം പുസ്തകത്തിൽ നിന്നും താഴെക്കാണിക്കുന്ന ഭാഗത്തെ ഉദ്ധരിക്കുന്നു. (തർജ്ജിമ താഴെകൊടുക്കുന്നു)

'കീഴ്ജാതികൾ വേലക്കാർക്കവിടെ പുലയരെന്നു പേർവാഴ്ചയ്ക്ക് പ്രഭുക്കന്മാർ അഭിമാനികൾ നായകർ കരകൗശലവും പിന്നെ കർഷകപണിയാദിയിൽ അതിപ്രചരമവർക്കേറും വിരുതും പൊരുതുന്നതിൽ തെളിയും കരവാളത്തെ ചുഴറ്റിയിട്ട് വലത്തിലും എരിയും പരിശചക്രമമർത്തിട്ടു പരത്തിലും.' ഈ ഭാഗത്തെപ്പറ്റി പ്രശസ്ത ഡങ്കൺ വീണ്ടും ഇങ്ങനെ വിമർശിക്കുന്നു. മേൽപ്പറഞ്ഞ ശ്ലോക പാദങ്ങൾ വിശിഷ്യാ ഒടുവിലത്തെ രണ്ട് പാദങ്ങൾ നായരുടെ ഒരു നല്ല വർണ്ണനയാണ്.

അന്യരാജ്യങ്ങളിൽ വഴിയാത്രക്കാർ ഒരു വടിയോ പിരമ്പോ വഹിച്ച് നടക്കാറുള്ളതുപോലെ അത്ര സാധാരണമായും സൗകര്യമായും നായന്മാർ വാളിനെ ഏന്തി എങ്ങും സഞ്ചരിക്കുന്നു. ഇവരിൽ ചിലർ വാൾപ്പിടിയെ മുതുകിൽ തിരുകുന്നു. പിടി ഉടുപ്പിനടിയിൽ അരക്കെട്ടിൽ താഴ്ത്തിയിരിക്കും. മുന മേൽപ്പോട്ട് ഉയർന്ന് ഇരുഭുജങ്ങളിലും ഇടയ്ക്കിടെ തട്ടി തെളുതെളെ തെളിഞ്ഞു കാണപ്പെടും.

സർ ഹെക്ടർ മൺറോ എന്ന ബ്രിട്ടീഷ് സേനാധിപൻ നായർ യോദ്ധാക്കളെ പറ്റി ഇപ്രകാരം എഴുതുന്നു. യുദ്ധകാലങ്ങളിൽ പകൽ സമയത്ത് അവരെ പൊടിപോലും കാണുകയില്ല. അവർ മണൽകുന്നുകളുടേയും കുറ്റിച്ചെടികളുടേയും ഇടയിൽ പതുങ്ങി ഇരുന്നുകളയും ഞങ്ങൾ കോട്ടയെ ആക്രമിക്കാൻ പുറപ്പെടുമ്പോൾ മാത്രം അവർ കൂടിളകിയ തേനീച്ചകൾ പോലെ കാണപ്പെടും.

അവർ തങ്ങളെ ശരിയാംവണ്ണം പിടിക്കയും നല്ലപോലെ ലാക്കുനോക്കി വെടിവയ്ക്കുകയും ചെയ്യുന്നു. (ഈ ഭാഗം തലശ്ശേരി പണ്ടികശായയിലെ 1761 ആണ്ട് വക ഡയറിയിൽ കുറിച്ചിട്ടുള്ളതാകുന്നു) ഫ്രഞ്ചു ഗവർണറായിരുന്ന എം. മാഹിഡി ലംബോർഡനായിയും നായന്മാരുടെ യുദ്ധ സാമർത്ഥ്യത്തെ പറ്റി പലതും പ്രശംസിച്ച് പറഞ്ഞിരിക്കുന്നു.

മദ്രാസ് മ്യൂസിയം സൂപ്രണ്ടായ മിസ്റ്റർ ഈഴ്സറ്റൺ ദക്ഷിണേന്ത്യയിലെ ജാതികളും വർഗ്ഗങ്ങളും എന്ന ഗ്രന്ഥത്തിൽ നായകന്മാരെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു. അവർ പറന്ന് പൊരുതുന്നതിന് ഏറ്റവും സമർത്ഥരായ യോദ്ധാക്കന്മാരായിരുന്നിരിക്കണം. എന്നാൽ ഓരോ പ്രത്യേക വിഭാഗങ്ങളായിട്ട് പ്രത്യേക ഉദ്ദേശങ്ങളോട് കൂടി പിരിഞ്ഞിരിക്കയാൽ വിദേശീയന്മാരുടെ ആക്രമണങ്ങളെ തടുക്കുന്നതിന് അവർക്ക് നിവൃത്തിയില്ലാതായിരുക്കുന്നു.

1866 ൽ ഡുമാർട്ടു ബർബോസ എഴുതിയ കിഴക്കേ ആഫ്രിക്കയുടേയും മലബാറിന്റേയും സമുദ്രതീരവർണ്ണനം എന്ന ഗ്രന്ഥത്തിൽ 16-ാം ശതവർഷാരംഭത്തിലെ നായന്മാരുടെ സ്ഥിതിയെക്കുറിച്ച് താഴെപ്പറയുന്ന വിവരം കാണുന്നു. നായന്മാർ നാട്ടിലെ പ്രഭുക്കന്മാരാകുന്നു. അവർക്ക് യുദ്ധം ചെയ്യുക മാത്രമേ തൊഴിലുള്ളു. അവർ വാൾ, വില്ല്, അമ്പ്, പരിശകറക്കം എന്നീ ആയുധങ്ങളെ പലപ്പോഴും ധരിച്ച് സഞ്ചരിക്കുന്നു. അവർ സമർത്ഥന്മാരും തങ്ങളുടെ പ്രഭാവത്തെക്കുറിച്ച് വളരെ അഭിമാനിക്കുന്നവരും ആകുന്നു. ഈ നായന്മാർ എല്ലാവരും ഉൽകൃഷ്ടകുലജാതന്മാർ ആയിരിക്കണം എന്നു മാത്രമല്ല തങ്ങൾ ഒരുമിച്ച് താമസിക്കുന്ന രാജാവിനാലോ പ്രഭുവിനാലോ ആയുധം കൊടുക്കപ്പെടും - അതിന ുശേഷമേ ആയുധം ധരിക്കുന്നതിനും നായർ സ്ഥാനത്തിലും അവർ അർഹരായി ഭവിക്കുകയുള്ളു. ശരിയായ ആയുധപ്രയോഗത്തിനു തകുന്നതായ പലമാതിരി അടവുകളും മുറകളും പഠിക്കുന്നതിനു സാധാരണയായി ഏഴു വയസ്സ് പ്രായമാകുമ്പോൾ അവർ വിദ്യാലയത്തിൽ അയക്കപ്പെടുന്നു. ഒന്നാമതായി നൃത്തം ചെയ്യുന്നതിനും പിന്നീട് ഓരോ വിധത്തിൽ മറിയുന്നതിനും അവർ പഠിക്കുന്നു. അതിനായിട്ട് ബാല്യത്തിലെ അവരുടെ അവയവങ്ങളെ എപ്രകാരമെങ്കിലും വളയ്ക്കത്തക്കവണ്ണം അവർ സ്വാധീനമാക്കിത്തീർക്കുന്നു. ഈ നായന്മാർ പട്ടണത്തിന് വെളിയിലായി മറ്റ് ജനസാമാന്യത്തിൽ നിന്നും പിരിഞ്ഞ് വേണ്ടുന്ന ബന്തോ വസ്തുക്കളോടുകൂടിയ തങ്ങളുടെ വസ്തുക്കളിൽ പാർക്കുന്നു. നായർ സ്ത്രീകൾ വളരെ വൃത്തിയുള്ളവരും വേണ്ടുംവണ്ണം വസ്ത്രധാരണമുള്ളവരും ആകുന്നു.

മലബാർ നിയമവും നടപടിയും എന്ന ഗ്രന്ഥത്തിൽ എൽ. മൂർ ഇപ്രകാരം പറയുന്നു. ആംഗല ഇന്ത്യൻ നിഘണ്ടുക്കളിൽ നിന്നും നായർക്ക്, നായകൻ, നായർ ഇവ ഒരു ധാതുവിൽ നിന്നും ഉണ്ടായിട്ടുള്ളതാണെന്ന് അറിയാം.

വിജയനഗരത്തിലെ നായക്കന്മാരോടും വിട്ടുകൊടുക്കപ്പെട്ട ദേശങ്ങളിലെ നായക്കൻ എന്ന അഭിധാനമുള്ള പോളിഗാർ പ്രഭുക്കന്മാരോടും പശ്ചിമതീരത്തിലെ നായന്മാർക്ക് സംബന്ധം ഉള്ളതായി സ്യൂവൽ, സർ തോമസ് മൺറോ എന്നിവർ അഭിപ്രായപ്പെടുന്നു. (1783)

മിസ്റ്റർ എഫ് ഡബ്ലയു എല്ലീസ് ഇപ്രകാരം പറയുന്നു. ആദികാലം മുതൽ 18 -ാം ശതവർഷത്തിന്റെ അവസാന കാലം വരെ ''തറ'' ''നാട്'' ഈ ഏർപ്പാടുകൾ മൂലമായിട്ട് നായർ പ്രഭുക്കന്മാർ മലയാള ദേശത്തെ സ്വതന്ത്ര രാജാക്കന്മാരുടെ ദുർഭരണത്തിൽ നിന്നും രക്ഷിച്ചിരുന്നതിനാലാണ് കോഴിക്കോട് മുതലായ നഗരങ്ങൾ വലിയ കച്ചവടസ്ഥലങ്ങളായി തീർന്നത് നായന്മാർക്ക് പൊതുവെ ഓവർസീയർമാരുടേയും ജമീന്ദാർമാരുടേയും സ്ഥാനം ഉണ്ടായിരുന്നു.

ഒരു പതിറ്റാണ്ടു കാലം നീണ്ടു നിന്ന പോരാട്ടം കൊണ്ടും ബ്രിട്ടീഷ് പട്ടാളത്തിന് പഴശ്ശിരാജയെ കീഴടക്കാനാവാതെ വന്നപ്പോൾ ബ്രിട്ടീഷ് രാജ്ഞി കേരളത്തിലേക്കയച്ച ലോകപ്രശസ്ത ബ്രിട്ടീഷ് സൈന്യാധിപന്മാരായ ജനറൽ സ്റ്റുവർട്ടും മാൾട്ടർ ഈവറും വില്യം പേജും വിക്കിൽസണും ഡങ്കനും ഒരുപോലെ രേഖപ്പെടുത്തിയിരിക്കുന്ന ഒരു സത്യമുണ്ട് ചിറയ്ക്കൽ, കോട്ടയം, കടത്തനാട്, കുറുമ്പനാട് എന്നീ നാല് നാട്ടു രാജ്യങ്ങളിലെ നായർ സൈന്യം യോജിച്ചു നിന്നു പൊരുതാൻ വന്നാൽ ഇന്ത്യയിൽ മുഴുവനുമുള്ള ബ്രിട്ടീഷ് സൈന്യത്തിനു പോലും അവരെ കീഴടക്കാൻ സാധിക്കുകയില്ല.

മിസ്റ്റർ ലോഗൺ എഴുതുന്നു മലബാറിൽ നാട് എന്ന ഏർപ്പാട് ഉണ്ടായിരുന്നു അതിൽ പ്രകാരം ജനരക്ഷകന്മാരുടെ സ്ഥാനം നായന്മാർക്ക് സിദ്ധമായിരുന്നു. സംഘങ്ങളിൽ 600 പേർ വീതമുള്ള നാടുകളും ഓരോ നാട്ടിലും 150 വീതം തറകളും ഓരോ തറയ്ക്കും 4 ൽ കുറയാതെ കുടുംബങ്ങളും ഉണ്ടായിരുന്നു. ഇത്രയും വിഭാഗങ്ങൾ അടങ്ങിയ ദേശത്തിന്റെ രക്ഷാധികാര സ്ഥാനം ആ നാട്ടു പ്രഭുവും അറുനൂറ്റി അധിപനുമായ നായർക്കായിരുന്നു.

1746 മെയ് 28 ന് തലശ്ശേരി പണ്ടികശാലവക ഡയറിയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. ഈശ്ശാല നായന്മാർ കോഴിക്കോട് ജനസംഘത്തിന്റെ നായകന്മാരാകായാൽ ഇവർ ഇംഗ്ലണ്ടിലെ പാർലമെന്റ് സാമാജികന്മാരുടെ നിലയിലാണ്. ഇവർ രാജകൽപ്പനയെ എല്ലാ കാര്യത്തിലും അനുസരിക്കുന്നില്ല. രാജാവിന്റെ മന്ത്രിമാർ അന്യായകൃത്യങ്ങൾ ചെയ്യുമ്പോൾ ഇവർ നിർദ്ദയം അവരെ ശിക്ഷിക്കുന്നു. ഈ പാർലമെന്റ് സഭ കൂട്ടം എന്നു പേരായ സഭയായിരിക്കണം. ദക്ഷിണ കർണ്ണാടകത്തിലെ കൂട്ടം 1832 - 33 ൽ ബ്രിട്ടീഷ് ഉദ്യോഗസ്ഥന്മാർക്ക് എത്രയും ഉപദ്രവകരമായിത്തീർന്നിരുന്നു.

കൊല്ലവർഷം 371 ലെ ഒരു ശിലാലേഖനത്തിൽ ഒരു വേണാട് അറുനൂറിനെ ക്ഷേത്രാധികാരികളുടെ നിലയിൽ പറഞ്ഞിരിക്കുന്നു. വേണാട്ടിലാകെ 18 അറുനൂറുകൾ ഉണ്ടായിരിക്കണം. നായന്മാരുടെ അനുഷ്ഠാനത്തെപ്പറ്റി ഡി. ഫാസ്റ്റ് ഇപ്രകാരം പറയുന്നു. ഗവ.ജീവനം നിമിത്തം അസൗകര്യമുള്ളവർ ഒഴിച്ച് ഒരു നായരും കുളിച്ച് മുണ്ട് മാറാതെ ഭക്ഷണം കഴിക്കില്ല. കുളിച്ചതിനുശേഷം ദിനംപ്രതി ഒരു നേരം ക്ഷേത്രത്തിൽ തൊഴണം എന്നുള്ളതും ഒരു കണിശമായ നിയമമാണ്.

നായന്മാരെ ശൂദ്രർ എന്നു വ്യവഹരിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. പിന്നീട് മന്നത്ത് പത്മനാഭനും എൻ. എസ് എസുമാണ് ശൂദ്രശബ്ദത്തിനു കീഴിൽ നിന്ന് നായരുടെ ക്ഷത്രിയ സ്വത്വം വീണ്ടെടുത്തതെന്നു പറയപ്പെടുന്നു. ഇതിനു കാരണമായ പശ്ചാത്തലം ചട്ടമ്പിസ്വാമികളുടെ വാക്കുകളിലൂടെ നമുക്ക് ശ്രദ്ധിക്കാം.

'ചട്ടമ്പിസ്വാമികളുടെ പ്രധാനകൃതികൾ' പേജ് 504 ൽ പറയുന്നത് മലയാള ദേശത്തുള്ള എഴുത്തുകുത്തുകളിലാകട്ടെ ആധാരപ്രമാണങ്ങളിൽ ആവട്ടെ യാതൊന്നിലും തന്നെ ഈ ശൂദ്ര സംജ്ഞ കാണുന്നില്ല. മലയാള പട്ടാളത്തിനെ നായർ പട്ടാളം എന്നല്ലാതെ ശൂദ്രപട്ടാളം എന്നു പറയുന്നില്ല. ഒരു സ്ത്രീയോട് നിന്റെ നായര് എന്നല്ലാതെ നിന്റെ ശൂദ്രൻ എന്ന് പറയുന്നില്ല. പടനായർകുളങ്ങര, നായർകുളം, ഇരൈനായർകുളം (എറണാകുളം) നായർ വകുപ്പടി, ഇപ്രകാരം മലയാളത്തുള്ള പ്രദേശങ്ങൾ വസ്തുക്കളുടെ ഇനം ഇതുകൾക്കെല്ലാം നായർ സംജ്ഞകളല്ലാതെ ശൂദ്രസംജ്ഞ ഒന്നിലും ഒരിടത്തും കാണുന്നില്ല.

എന്നാൽ ഉദ്ദേശം 50 കൊല്ലങ്ങൾക്കകം നടപ്പായിട്ടുള്ള രജിസ്റ്റർ ആധാരങ്ങളിൽ (തിരുവിതാംകൂറിൽ മാത്രം) ഈ നാമം കാണുന്നുണ്ട്. അതിനാൽ ശൂദ്രശബ്ദം മലയാളത്തിൽ മുൻകാലങ്ങളിൽ ഇല്ലായിരുന്നു എന്നും അടുത്ത കാലത്ത് തുടങ്ങിയതാണെന്നും ഉള്ളതിന് സംശയമില്ല. ഇവിടുത്തെ ഭാഷകൊണ്ട് നോക്കിയാലും ഈ നാമം ഇവിടെ ഉള്ളതല്ലെന്നു സ്പഷ്ടമാവുന്നു. കീരിയം മുതൽ താഴോട്ടുള്ള വകക്കാരെ ശൂദ്രരെന്നു കുറേക്കാലത്തിനിപ്പുറം പറഞ്ഞു വരികയും അവർ സാധാരണയായി വിസമ്മതിക്കാതിരിക്കുകയും ചെയ്തുപോരുന്നതിനാൽ ഈ ശബ്ദം അവരുടെ പേരാണെന്നു പറയാൻ പാടില്ല. ഒരു വർഗ്ഗത്തെക്കുറിച്ചു മറ്റൊരു വർഗ്ഗക്കാർ സ്വേച്ഛാനുസരണം പലപേരും പറയുന്നത് നടപ്പില്ലാത്തതല്ല. ആയത് ഇപ്പോഴത്തെ നമ്പൂതിരിമാർ മുതലായവരെക്കുറിച്ചും ഇല്ലാതില്ല. അപ്രകാരമുള്ള എല്ലാ പേരുകളും വകയിൽ ചേർത്തുഗണിക്കുന്നത് കേവലം ഭോഷത്വം എന്നേ പറവാനുള്ളു.

വിശേഷിച്ച് നമ്പൂരി ഇങ്ങോട്ടു വരൂ, പട്ടരേ വരൂ, പോറ്റീ വരൂ എന്നു പറയുന്നതുപോലെ ശൂദ്രാ വാ എന്ന് ഒരു നായരെ നോക്കി പറയുന്നില്ല. വർഗ്ഗപ്പേർ അഥവാ സ്ഥാനപ്പേർ പോലെ ആ സ്ഥാന

**(ശേഷം 55-ാം പേജിൽ)**

# പഞ്ചതന്ത്രം

**എം. ജി. തങ്കമ്മ**

## സാമാന്യവിവരം :-

പഞ്ചതന്ത്രം ജീവിതത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച വിവരങ്ങൾ കഥാരൂപത്തിൽ കുട്ടികളെ പഠിപ്പിക്കുന്നതിനു വേണ്ടി പ്രാചീന കാലത്ത് ഭാരതത്തിൽ വിഷ്ണുശർമ്മാവ് എന്ന കവി നിർമ്മിച്ച അതിവിശിഷ്ടമായ ഒരു ഗ്രന്ഥം.

ഈ ഗ്രന്ഥത്തിന്റെ നിർമ്മാണത്തെപ്പറ്റി ഗ്രന്ഥത്തിന്റെ ആമുഖത്തിൽ തന്നെ ഇങ്ങനെയൊരു പ്രസ്താവന കാണുന്നു. അമരശക്തി എന്ന ചക്രവർത്തിക്ക് മൂന്നു പുത്രന്മാർ ജനിച്ചു. മൂവരും ശുദ്ധ മഠയന്മാരായിരുന്നു. ചക്രവർത്തി അവരെയോർത്ത് വളരെ ദു:ഖിച്ചു. പക്ഷെ നന്നാക്കിയെടുക്കാൻ ഒരു വഴിയും കണ്ടില്ല. ഒടുവിൽ നിരാശനായി രാജ്യസഭ വിളിച്ചു കൂട്ടി വിവരം പറഞ്ഞു. സഭാവാസികളിൽ സുമതി എന്നു പേരായ ഒരു വിദ്വാൻ എഴുന്നേറ്റു നിന്ന് ചക്രവർത്തിയോട് ഇപ്രകാരമറിയിച്ചു. 'കുട്ടികളെ ഓരോ ശാസ്ത്രങ്ങളായി ഒന്നും പഠിപ്പിക്കുവാൻ നോക്കണ്ട. അത് നീരസജനകമാണ്. മാത്രമല്ല വളരെക്കാലം വേണ്ടി വരികയും ചെയ്യും. എല്ലാം കൂട്ടിക്കുഴച്ച് നല്ല പലഹാരരൂപത്തിൽ കുറേശ്ശെയായി പകർന്നു കൊടുക്കാമെങ്കിൽ അതാണുത്തമം. അതിനു തക്കതായ ഒരാളും നമ്മുടെ രാജ്യത്തുണ്ട്. സർവ്വശാസ്ത്രവിശാരദനും സഹൃദയാഗ്രേസരനും ശിശുലാളനാ വിദഗ്ദ്ധനുമായ ഒരു ആചാര്യൻ. വിഷ്ണുശർമ്മൻ എന്നാണ് പേര്. അദ്ദേഹം ചക്രവർത്തി കുമാരന്മാരെ വിദ്വാന്മാരാക്കിത്തീർക്കുമെന്നുള്ളതിൽ സംശയമില്ല.'

ഇതുകേട്ടയുടനെ ചക്രവർത്തി വിഷ്ണുശർമ്മനെ ആളയച്ചു വരുത്തി. വസ്തുതകളെല്ലാം ധരിപ്പിച്ചു. ശിഷ്യന്മാരുടെ സ്വഭാവവും പിതാവിന്റെ ആഗ്രഹവും വിശദമായി ഗ്രഹിച്ചശേഷം വിഷ്ണുശർമ്മാവ് കുട്ടികളെ കൈയേറ്റു. ആറുമാസം കൊണ്ട് അദ്ദേഹം അനേകം കഥകൾ പറഞ്ഞ് കുട്ടികളെ രാജ്യതന്ത്രം പഠിപ്പിച്ചു. ആ കഥാസമാഹാരമാണ് പഞ്ചതന്ത്രം.

പഞ്ചതന്ത്രത്തിലെ അഞ്ചു ഭാഗങ്ങൾ അഞ്ചു തന്ത്രങ്ങൾ ഉൾപ്പെടുന്നവയാണ്. ഓരോ തന്ത്രത്തിലും രാഷ്ട്രീയ തത്വങ്ങൾ അടങ്ങിയ അനേകം കഥകൾ വീതമുണ്ട്. ഓരോ കഥയിലും ഗദ്യങ്ങളും പദ്യങ്ങളും കാണാം. ഒന്നാമത്തെ തന്ത്രത്തിന്റെ പേര് മിത്രഭേദം എന്നാണ്. മിത്രഭേദത്തിൽ ഉൾപ്പെട്ട കഥകളിൽ കൂടി ഭിന്നിപ്പിച്ചു ഭരിക്കുക എന്ന രാഷ്ട്രീയ തത്ത്വം പ്രകടമാക്കിയിരിക്കുന്നു. ഇതിലെ കഥാപാത്രങ്ങൾ കരടകൻ എന്നും ദമനകൻ എന്നും പേരായ രണ്ടു കുറുക്കന്മാരാണ്. വളരെ സ്നേഹത്തിൽ കഴിഞ്ഞിരുന്ന ഒരു സിംഹത്തേയും കാളയേയും തമ്മിൽ ഏഷണികൾ പറഞ്ഞു ഭിന്നിപ്പിച്ച് കുറുക്കന്മാർ സ്വയം ആനന്ദിച്ചു കാര്യം നേടുന്ന കഥകളാണ് മിത്രഭേദം എന്ന തന്ത്രത്തിലെ പ്രതിപാദ്യം.

മിത്രലാഭം എന്നതാണ് രണ്ടാമത്തെ തന്ത്രം. ശരിയായി വിവേചിച്ചറിഞ്ഞതിനുശേഷമേ അന്യരെ മിത്രങ്ങളാക്കാൻ പാടുള്ളൂ എന്ന തത്വമാണ് ഈ തന്ത്രത്തിലെ പ്രതിപാദ്യം. ഈ തത്ത്വം വിശദമാക്കുന്നതിന് കഥാപാത്രങ്ങളായി കവി തെരഞ്ഞെടുത്തിരിക്കുന്നത് ആമ, മാൻ, കാക്ക, എലി എന്നു നാലു ജീവികളെയാണ്.

മൂന്നാമത്തെ തന്ത്രത്തിന്റെ പേര് കാകോലുകീയം എന്നാണ്. പ്രകൃത്യാ ശത്രുക്കളായിരിക്കുന്നവർ മിത്രങ്ങളായി തീർന്നാലുള്ള ദൂഷ്യവശങ്ങളാണ് ഈ തന്ത്രത്തിലെ പ്രതിപാദ്യം. ഇതു സംബന്ധിച്ച കഥകളിലെ പ്രധാന കഥാപാത്രങ്ങൾ ഒരു കാക്കയും ഒരു മൂങ്ങയുമാണ്. ലബ്ധപ്രാണാശം എന്നതാണ് നാലാമത്തെ തന്ത്രം. കയ്യിൽ കിട്ടിയത് നഷ്ടപ്പെടുന്നവിധം ഇതിൽ വിശദമാക്കുന്നു. ഒരു കുരങ്ങും ഒരു ചീങ്കണ്ണിയുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. അപരീക്ഷിത കാരിതം എന്ന അഞ്ചാം തന്ത്രത്തിൽ ഒരു കാര്യം പറയുമ്പോൾ അതിന്റെ എല്ലാ വശവും ചിന്തിക്കാത്തതുകൊണ്ടുള്ള ദോഷവശത്തെപ്പറ്റി പ്രതിപാദിക്കുന്നു. ഇതിനുവേണ്ടി അനേകം കഥകളെ ഈ തന്ത്രത്തിൽ പ്രതിപാദിക്കുന്നു. ഇതിനുവേണ്ടി അനേകം കഥകളെ ഈ തന്ത്രത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഡക്കാൻ പ്രദേശത്തുള്ള മഹിളാരോപ്യം എന്ന രാജ്യത്തിന്റെ ഭരണാധിപനായിരുന്നു അമരശക്തി എന്നു പറഞ്ഞു കാണുന്നു. ചരിത്രപരമായി അതിനു വലിയ തെളിവൊന്നും ലഭിച്ചിട്ടില്ല. എന്നാൽ പഞ്ചതന്ത്രമെന്ന കൃതി ആഗോള വ്യാപകമായ ഒരു പ്രചാരം തന്നെ ലഭിച്ചിട്ടുണ്ട് എന്നു പറയുന്നതിൽ തെറ്റില്ല. എ.ഡി. 531 നും 575 നും ഇടയ്ക്ക് പഞ്ചതന്ത്രം മൂലഭാഷയായ സംസ്കൃതത്തിൽ നിന്നും പേലെവി ഭാഷയിലേക്ക് തർജ്ജമ ചെയ്യുകയുണ്ടായി. കോസ്രുഅനുഷിർവ്വാൻ എന്ന രാജാവിന്റെ നിർദ്ദേശമനുസരിച്ചു ബർസോ എന്നൊരു പേർഷ്യൻ കവിയാണ് ഈ തർജ്ജമ നിർവ്വഹിച്ചത്. സിറിയൻ ഭാഷയിലേക്ക് ഈ കൃതി എ.ഡി. 570 ൽ തർജ്ജമ ചെയ്തു. അബ്ദുള്ളാ ഇബ്നാൽ മൊഗാഫ എന്ന പണ്ഡിതൻ എ.ഡി. 750 – ൽ ഈ കൃതി അറബി ഭാഷയിലേക്ക് തർജ്ജമ ചെയ്തു. ഈ അറബി തർജ്ജമയിൽ നിന്നാണ് അനന്തര കാലങ്ങളിൽ പ്രധാനപ്പെട്ട എല്ലാ യൂറോപ്യൻ ഭാഷകളിലേക്കും പഞ്ചതന്ത്രം തർജ്ജമ ചെയ്യപ്പെട്ടത്. ബൈബിൾ കഴിഞ്ഞാൽ ലോകത്തിൽ ഏറ്റവും പ്രചാരം സിദ്ധിച്ചിട്ടുള്ളത് ഈ കൃതിക്കാണെന്നാണ് പണ്ഡിതമതം. ഏകദേശം അമ്പത് ഭാഷകളിലായി 200-ൽ പരം പഞ്ചതന്ത്രതർജ്ജമകൾ വെളിയിൽ വന്നിട്ടുണ്ടെന്ന് ഹെർട്ടൽ പ്രസ്താവിക്കുന്നു.

ഇന്ന് പഞ്ചതന്ത്രത്തിന്റെ രണ്ടു പതിപ്പുകൾ സുലഭമാണ്. ഒന്നാമത്തേത് കാശ്മീരിൽ പ്രചാരത്തിലിരിക്കുന്ന പതിപ്പ്. തന്ത്രാഖ്യായിക എന്നാണ് കാശ്മീരിൽ ഇതിന്റെ പേര്. രണ്ടാമത്തേത് ബൃഹദ് കഥാമഞ്ജരിയിലും കഥാസരിത് സാഗരത്തിലും കാണപ്പെടുന്ന മറ്റൊരു രൂപമാണ്. യഥാർത്ഥത്തിലുള്ള സംസ്കൃതംമൂലം ഇന്നു സുലഭമല്ല. ദക്ഷിണഭാരതത്തിൽ ഇതിന്റെ പല പതിപ്പുകളും കാണപ്പെടുന്നുണ്ട്. കഥാരൂപങ്ങൾക്ക് കാലദേശീയമായ മാറ്റങ്ങളും സംഭവിച്ചു കാണുന്നുണ്ട്.

(കടപ്പാട് . പുരാണിക് എൻസൈക്ലോപീഡിയ)






**ചൈത്രം**

- **മാനസിക സംഘർഷമനുഭവിക്കുന്നവർ**
- **ഏകാന്തതയനുഭവിക്കുന്നവർ**
- **ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ**
- **നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;**

**0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്**

**ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ**


### എറണാകുളം കരയോഗം

# ഓണം വിപണന മേള 2019

**ആഗസ്റ്റ് മാസം 25 മുതൽ സെപ്റ്റംബർ 11 വരെ**

എറണാകുളം കരയോഗം ഓണത്തോടനുബന്ധിച്ച് ടി. ഡി.എം. ഹാളിൽ 2019 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 11 വരെ ഓണം വിപണന മേള നടത്തുന്നതാണ്. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, കാളൻ, പുളിയിഞ്ചി, അച്ചാറുകൾ, പാലട, പ്രഥമനുകൾ എന്നിവ മിതമായ നിരക്കിൽ ഓണം വിപണന മേളയിൽ നിന്നും രാവിലെ 10 മുതൽ വൈകുന്നേരം 7 മണിവരെ ലഭിക്കുന്നതാണ്. ഉത്രാടം, തിരുവോണം (സെപ്റ്റംബർ 10,11) എന്നീ ദിവസങ്ങളിലേക്ക് പ്രഥമനുകൾ, കാളൻ പുളിയിഞ്ചി എന്നിവ മുൻകൂറായി ബുക്കു ചെയ്യുവാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. സെപ്റ്റംബർ 5-ാം തീയതി മുതൽ 9-ാം തീയതി വരെ മാത്രമെ മുൻകൂർ ബുക്കിംഗ് സ്വീകരിക്കുകയുള്ളൂ.

# സംസ്കൃത ദിനാചരണം 2019

**എറണാകുളം കരയോഗത്തിന്റെയും വിശ്വസംസ്കൃത സംസ്ഥാനിന്റെയും സംയുക്താഭിമുഖ്യത്തിൽ ഈ വർഷത്തെ സംസ്കൃത ദിനാചരണം 2019 ഓഗസ്റ്റ് മാസം 18 -ാം തീയതി 3.00 മണിക്ക് എറണാകുളം ടി.ഡി.എം ഹാളിൽ വച്ച് നടത്തപ്പെടുന്നു. കരയോഗം പ്രസിഡന്റ് ശ്രീ. കെ.പി. കെ. മേനോന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രസ്തുത ചടങ്ങ് കൊച്ചി മേയർ സൗമിനി ജെയ്ൻ ഉദ്ഘാടനം ചെയ്യുന്നു. ശ്രീ. പി. രാമചന്ദ്രൻ (വേണു), ശ്രീ. വി. ജ്യോതിഷ്മയി എന്നിവർ പങ്കെടുക്കും.**

# വള്ളത്തോൾ കവിതയും ജീവിതവും

വിദ്വൽപ്രഭ. ജെ. എസ്. ഫോൺ : 9847537007

വള്ളത്തോൾ എസ്. നാരായണമേനോൻ നവോത്ഥാന കാലഘട്ടത്തിലെ സാഹിത്യ ശില്പികളിൽ അഗ്രഗണ്യൻ. അതിധന്യമായ ജീവിതത്തിനുടമ.

കുടുംബാന്തരീക്ഷം എഴുത്തിനു വേണ്ട കളമൊരുക്കി. മാതുലനായ രാമുണ്ണിമേനോനിൽ നിന്നും വേണ്ട പ്രചോദനം ലഭിച്ചു. കൗമാരത്തിൽ തന്നെ മലയാളത്തിലും സംസ്കൃതത്തിലും വേണ്ട അവഗാഹം നേടി. 1894 ൽ ഭാഷാപോഷിണി സഭ നടത്തിയ കവിതാമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. അതോടുകൂടി പണ്ഡിതരുടെയിടയിലും സ്ഥാനവും ഖ്യാദിയും ലഭിച്ചു.

വള്ളത്തോളിന് സാഹിത്യമെന്നത് എല്ലാ അർത്ഥത്തിലും തന്റെ കർമ്മക്ഷേത്രമായിരുന്നു. സ്വന്തം ജീവിതം തന്നെയായിരുന്നു. എഴുത്തച്ഛന്റെയും മേല്പത്തൂരിന്റെയും ജന്മംകൊണ്ട് പവിത്രമായ വെട്ടത്തു നാട്ടിൽ ജനിച്ച പുണ്യപുരുഷൻ. 'നിളാദേവി നിത്യം നമസ്തേ'എന്നു പാടിയ മഹാകവിയുടെ കർമ്മമണ്ഡലം നിളയുടെ തീരമായിരുന്നു. മലയാളി മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടിയത് കേരളത്തെ അഭിസംബോധന ചെയ്തുകൊണ്ട് രചിച്ച 'മാതൃവന്ദനം' എന്ന സങ്കീർത്തനമാണ്.

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്നു നിൻപാർശ്വയുഗ്മത്തെ
കാത്തുകൊള്ളുന്നു കുമാരിയും ഗോകർണ്ണേശനുമമ്മേ !

കേരളപ്രകൃതിയും ബന്ധുരഭാവങ്ങളുമതിലുണ്ട്. ഏതു കേരളീയനേയും പുളകം കൊള്ളിക്കുന്ന കേരളാംബയുടെ കേശാദിപാദസ്തുതിയുമാണത്.

'മാതാവിന്നുഴിഞ്ഞീടുകാത്മ ജീവിതം'

എന്ന ദൃഢപ്രതിജ്ഞയും അതിൽ അന്തർലീനമാണ്.

ഈ കവിതയിലൂടെ കൊളുത്തി വച്ച ഏകീകൃത കേരളമെന്ന സ്വപ്നം സാക്ഷാത്കാരമായി, സ്വാതന്ത്ര്യമെന്ന ജന്മാവകാശത്തിനു വേണ്ടി കർമ്മരംഗത്തിറങ്ങുന്നവരിൽ ഇന്ത്യയെന്ന വികാരം പ്രോജ്ജ്വലിപ്പിക്കുന്നതിനും ഇന്ത്യയുടെ നഷ്ടമഹിമകളെ അനുസ്മരിപ്പിച്ച് കർമ്മവീര്യം പകരുന്നതിനും, നിദ്രയിലാണ്ട ഭാരതപൗരനെ വിളിച്ചുണർത്തുന്നതിനും ഉതകുന്ന കവിതകൾ തുടർന്നുണ്ടായി.

ശിഷ്യനും മകനും കിളിക്കൊഞ്ചൽ, കർമ്മഭൂമിയുടെ പിഞ്ചുകാൽ തുടങ്ങി ഒട്ടനവധി കൃതികൾ.

അസ്തംഗതമായ ഇന്ത്യയെ പുനരുജ്ജീവിപ്പിക്കുവാനുള്ള സന്ദർഭങ്ങളാണ് കവിതയിലൂടെ അദ്ദേഹം ഒരുക്കിയത്.

'വല്ലായ്മദേവകൾ വരുത്തുവതും സഹിപ്പൊ -
ന്നല്ലായിരുന്ന. ഹ ഹ! ഭാരതപൂർവ്വരക്തം'
(ശിഷ്യനും മകനും)

കൈവിട്ടുപോയ ഒരു സുവർണ്ണയുഗത്തെപ്പറ്റിയും കൈവരാനിരിക്കുന്ന ഒരു ധീര സുന്ദരലോകത്തെപ്പറ്റിയും ഓർത്ത്  അസ്വസ്ഥമാകുന്ന ഒരു കാല്പനിക മനസ്സ് കവിക്കുണ്ടായിരുന്നു.

'ധ്വസ്ത ഭുവനമാം ദൗഷ്ട്യമേ നിൻതല
യെത്രപരത്തിയുയർത്തിയാലും
ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽപോരുമേ
ചിക്കന്നതൊക്കെ ചവുട്ടിത്താഴ്ത്താൻ

ഭാരതത്തിനും കേരളത്തിനും നമ്മുടെ ഹൃദയത്തിലുണ്ടാകേണ്ട  സ്ഥാനമെന്തായിരിക്കണമെന്നതിനെപ്പറ്റി വ്യക്തമായ ഒരുൾക്കാഴ്ച കവിഹൃദയത്തിലുണ്ട്.

ഭാരതമെന്നപേരു കേട്ടാലഭിമാന
പൂരിതമാകണമന്തരംഗം
കേരളമെന്നു കേട്ടാലോ തിളയ്ക്കണം
ചോര നമുക്കു ഞരമ്പുകളിൽ

പ്രകൃതിയിലേയും ജീവിതത്തിലെയും പ്രവാഹാത്മകതയെയാണ് കവി ചിത്രീകരിക്കുന്നത്. പുരാണത്തിൽ നിന്നായാലും ചരിത്രത്തിൽ നിന്നായാലും അനന്തവിചിത്രമായ സ്വഭാവമാതൃകകളുടെ വസ്തുപ്രതീകങ്ങൾ കവി നിരത്തി വയ്ക്കുന്നു.





'അച്ഛനും മകളും എന്ന കവിതയിൽ തന്റെ പുത്രിയെ ഉപേക്ഷിച്ചു കളഞ്ഞ ദുഷ്യന്തനെ രോഷാകുലനായി വിശ്വാമിത്രൻ ശപിക്കാനൊരുങ്ങുമ്പോൾ ശകുന്തളയുടെ വാക്കുകൾ അച്ഛനെ ശാന്തനാക്കുന്നു.

'അച്ഛനമ്മമാർ കാലേവെടിഞ്ഞ നിർഭാഗ്യയെ
സ്വച്ഛന്ദമുപേക്ഷിച്ചാൻ ഭർത്താവുമെന്നേ വേണ്ടൂ.'

ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് വള്ളത്തോളും അദ്ദേഹത്തിന്റെ കൃതികളും സജീവസാക്ഷ്യം വഹിച്ചു.

എന്റെ ഗുരുനാഥൻ ഗാന്ധിജിയുടേയും ഗാന്ധിയൻ മൂല്യങ്ങളുടേയും നേർക്കുള്ള ആത്മസമർപ്പണമാണ്. ഗുരുവിനോടുള്ള അകളങ്കമായ ഭക്തിപ്രവാഹത്തിന്റെ അനർഗ്ഗള പ്രവാഹമാണ്. അഹിംസ, സർവ്വമത സാഹോദര്യം, അഭിമാനബോധം ഇവ കവിഞ്ഞൊഴുകുന്നു.

പാവങ്ങളുടെ പ്രാണനെടുത്തുകൊണ്ട് പ്രഭുക്കൾ വാഴുന്നതിനോടുള്ള അമർഷം, ധർമ്മരോഷം ഇവ ചേർന്നിണങ്ങിയ ദേശബോധം. ഓരോ കവിതയും ഓരോ വരികളും അർത്ഥത്തിന്റെ പുത്തൻ ഉടുപ്പുകൾ അണിയുന്നു.

'വേലിക്കെട്ടിനുനികുതി പിരിക്കുവാൻ
വെയിലിനും കാറ്റിനും ചുങ്കം ചുമത്താൻ'

അദ്ദേഹത്തിന്റെ ദീർഘവീക്ഷണമാണ് വിളിച്ചോതുന്നത്. ഇന്ന് വളരെ അർത്ഥവത്താണാവരികൾ. തെല്ലമ്പരപ്പോടെയേ ആ വരികൾ വായിക്കാനാകൂ.

ആദ്യകാലത്ത് സംസ്കൃതവൃത്തങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഇമ്പവും ഈണവുമുള്ള ദ്രാവിഡ വൃത്തങ്ങൾ പില്ക്കാലത്ത് കൂടുതൽ ഉപയോഗിച്ചു.

മഞ്ജരിവൃത്തത്തിൽ നിർമ്മിച്ച കിളിക്കൊഞ്ചൽ, എന്റെ ഭാഷ, എത്രയെത്ര കവിതകൾ മാധുര്യവും ഓജസ്സുമുള്ള വരികൾ ശ്രോതാക്കളുടെ ഹൃദയം കവർന്നു.

'ഓരോ മലരിലുമോരോതളിരിലും
മോടിക്കുഴങ്ങേണ്ടാനേത്രമേ നീ
ഉദ്യാനദേവത താൻതന്നെയല്ലയോ'

ആ പദവിന്യാസം വായനക്കാർക്ക് ആഹ്ലാദമാകുന്ന കാലത്തിന്റെ ബന്ധപ്പെട്ട ആശയങ്ങൾക്രിയാത്മകമായി അവതരിപ്പിക്കുന്നു.

'മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലിനൊപ്പം
അമ്മയെന്ന രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്'

ഈ വരികൾ കാലാതീതമായ് ജീവിക്കും. കാലത്തിന്റെ നിശ്വാസങ്ങൾ, നിയോഗങ്ങൾ , പ്രശ്നങ്ങൾ, പ്രത്യാശകൾ ഇവയെല്ലാം ഇഴപ്പൊരുത്തത്തോടെ ഇണങ്ങിച്ചേർന്നിരിക്കുന്നു.

'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ'

എത്ര അർത്ഥവത്തായ ആശയം.

അനവദ്യസുന്ദരങ്ങളായ കവിതകളാലും, ഭാവാത്മകഗാനങ്ങളാലും മലയാളത്തിന്റെ മനസ്സിനെ നവോന്മേഷദായകങ്ങളായ  അനുഭൂതികളിലേക്ക് ആനയിച്ച മഹാകവിയാണ് വള്ളത്തോൾ.

മഹത്വമാർന്ന ഒരു സവിശേഷ പൈതൃകം അവശേഷിപ്പിച്ചുകൊണ്ടാണ് അദ്ദേഹം കടന്നു പോയത്. ഭാവാർദ്രമായ കവിതകൾ ,മൗലീകമായ ചിന്തയുടെ തെളിവെളിച്ചം പ്രസരിപ്പിക്കുന്ന പ്രബന്ധങ്ങൾ പല തരത്തിലും വിലപ്പെട്ട സൃഷ്ടികളാണ് ജനതയ്ക്ക് സമ്മാനിച്ചത്.

പ്രകൃതിയോടും, മനസ്സിനോടുമുള്ള സ്നേഹാതിരേകം വേണ്ടുവോളം കവിതയിലൂടെ സമ്മാനിച്ച മഹാൻ. മലയാള ഭാഷയോടും കേരളീയ സംസ്കാരത്തോടുമുള്ള അഭിനിവേശം തുള്ളി തുളുമ്പുന്ന സാഹിത്യസൃഷ്ടികൾ മലയാളിക്കു സമ്മാനിച്ച മഹാകവി.

**എറണാകുളം**
**കരയോഗാംഗത്വം എടുക്കൂ**
**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**94 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**
**ഈ അവസരം പ്രയോജനപ്പെടുത്തുക.**
***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***
Email: ekmkgm@gmail.com

# പ്രശ്ന ശാസ്ത്രം

ഡോ. കെ. ഹരിഹരൻ : ഫോൺ . 9847313322

ബഹുമുഖമാണ് ജ്യോതിശാസ്ത്രം. അത് മൂന്ന് സ്കന്ധങ്ങളോടും ആറ് അംഗങ്ങളോടും കൂടിയതാണ്. ഗണിതം, ഹോര, സംഹിത, എന്നിങ്ങനെ മൂന്ന് സ്കന്ധങ്ങൾക്കും കൂടി ജാതകം ഗോളം, നിമിത്തം, പ്രശ്നം, മുഹൂർത്തം, ഗണിതം, എന്നീ ആറംഗങ്ങൾ. ജനനസമയത്തെ ആധാരമാക്കി ഫലം പ്രവചിക്കുന്നത് ജാതകം, ഭൂമി, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ മുതലായവയുടെ സ്വരൂപ നിരൂപണമാണ് ഗോളം. താല്ക്കാലികമായ ശകുനലക്ഷണാദികളെ കൊണ്ട് ഫലം പറയുന്നതും രാജ്യക്ഷേമാദികളുടെ നിരൂപണം നടത്തുന്നതുമാണ് നിമിത്തം. താല്ക്കാലികമായി ആരൂഢരാശിയുണ്ടാക്കി അതുകൊണ്ട് ഫലം പറയുന്നതാണ് പ്രശ്നം. വിവാഹാദികർമ്മങ്ങളുടെ കാലനിർണ്ണയം ചെയ്യുന്നത് മുഹൂർത്തം, സൂര്യാദി ഗ്രഹങ്ങളുടെ സ്ഥിതി, ഗതിവിഗതികൾ എന്നിവയെ ഗണിച്ചറിയുന്നത് ഗണിതം. ഗോളം, ഗണിതം എന്നീ രണ്ട് അംഗങ്ങൾ ഗണിതസ്കന്ധത്തിലും , നിമിത്തം എന്ന അംഗം ഹോര -സംഹിതാ സ്കന്ധങ്ങളിലായും മറ്റുള്ളവ മൂന്നും ഹോരസ്കന്ധത്തിലും ഉൾപ്പെടുന്നു. ജ്യോതിശാസ്ത്രത്തെ പൊതുവേ പ്രമാണ ഭാഗമെന്നും ഫലഭാഗമെന്നും രണ്ടായി വിഭജിച്ചിരിക്കുന്നു.

പ്രശ്നത്തിനും ജാതകത്തിനും തമ്മിൽ ഘടനയിൽ വലിയ വ്യത്യാസങ്ങൾ ഇല്ല. ജാതകത്തിൽ ജനന സമയത്തെ ലഗ്നമായെടുത്ത് ആ സമയത്തുള്ള ഗ്രഹസ്ഥിതികൾ രാശിചക്രത്തിൽ അടയാളപ്പെടുത്തുന്നു. അതിൽ നിന്നും ജ്യോതിഷി ഫലം പ്രവചിക്കുന്നു. പ്രശ്നത്തിലാകട്ടെ ചോദ്യകർത്താവ് ജ്യോതിഷിയോട് ചോദ്യം ചോദിക്കുന്ന സമയത്തെ ലഗ്നമായെടുത്ത് ആ സമയത്തുള്ള ഗ്രഹസ്ഥിതി രാശിചക്രത്തിൽ രേഖപ്പെടുത്തി ഫലം പറയുന്നു. ഫലപ്രവചന വിഷയത്തിൽ പ്രശ്നമെന്നോ ജാതകമെന്നോ വ്യത്യസം ഇല്ല. ജാതകപ്രകാരം ജാതകന് തന്റെ ജീവിതകാലം മുഴുവനുമുള്ള ഫലങ്ങൾ ലഭിക്കുമ്പോൾ പ്രശ്നപ്രകാരം തൽക്കാലത്തേക്കുള്ളതോ ഒരു വർഷത്തിനുള്ളിലുള്ള കാലയളവിലെ ഭൂത, ഭാവി, വർത്തമാന ഫലങ്ങളോ അറിയാൻ കഴിയും.

ശുഭമോ, അശുഭമോ ആയ തലയിലെഴുത്ത് അനുഭവിക്കുന്നതിനിടയിൽ നിർബന്ധിതമായ ചില ആന്തരീക പ്രേരണ ഉൾക്കൊണ്ട് മറ്റ് നിവർത്തി മാർഗ്ഗങ്ങളൊന്നും കാണാതെ വരുമ്പോഴാണ് പൃഛകൾ ജ്യോതിഷിയുടെ അടുത്തെത്തുന്നത്. അതുകൊണ്ട് അയാൾ ചോദിക്കുന്ന ചോദ്യവും സമയവും ശിശുവിന്റെ ജനനസമയവും ഫലപ്രവചനത്തിന് ഒരു പോലെ തന്നെയാണ്. ദിവ്യദൃഷ്ടികളായ പണ്ഡിതന്മാർ ജനനസമയത്ത് എന്തൊക്കെ ശുഭാശുഭങ്ങളാണോ കാണുന്നത് അങ്ങനെ തന്നെ പ്രശ്നസമയത്തും ജ്യോതിഷികൾക്ക് ശുഭാശുഭങ്ങൾ കാണാൻ സാധിക്കും.

ഏതെങ്കിലും ഒരു കാര്യത്തെ പറ്റി അറിയണം എന്ന് ആഗ്രഹം വരുമ്പോഴാണ് ഒരാൾക്ക് ജ്യോതിഷിയുടെ അടുത്തു വരാൻ പ്രേരണ ഉണ്ടാകുന്നത്. ഈ സമയത്ത് അയാളിലും അയാളുടെ മനോഗതത്തിലും, നിലയിലും, പെരുമാറ്റത്തിലും എന്നു മാത്രമല്ല ജ്യോതിഷിയിലും പ്രശ്നം നടക്കുന്ന പ്രദേശത്താകമാനവും ഒരു അജ്ഞാതശക്തിയുടെ സ്വാധീനം ഉളവാകുന്നു. ആ സ്വാധീനം ചോദ്യകർത്താവിന്റെ വാക്കിലും നോട്ടത്തിലും നില്പിലും ചേഷ്ടകളിലുമെല്ലാം പ്രതിഫലിക്കും. അതേപോലെ അവിടെ ചുറ്റി നടക്കുന്ന ജന്തുക്കളിലും വൃക്ഷലതാദികളിലും അവ പ്രതിഫലിക്കും. ഈ മാറ്റങ്ങളെല്ലാം ജ്യോതിഷന് അനുഭവയോഗ്യമാകും. അതനുസരിച്ച് ജ്യോതിഷിയുടെ മാനസികസ്ഥിതിയും ഈ ചുറ്റുപാടിനനുസരിച്ച് മാറും. ഇത്തരത്തിലനുഭവപ്പെടുന്ന അജ്ഞാത ശക്തിയുടെ സ്വാധീനത്തെയാണ് 'നിമിത്തം' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. ചോദ്യകർത്താവിന്റെ ആഗ്രഹം സഫലമാകുന്നുണ്ടെങ്കിൽ അനുകൂല നിമിത്തങ്ങളും അനിഷ്ടഫലമെങ്കിൽ പ്രതികൂല നിമിത്തവും ജ്യോതിഷിക്ക് അനുഭവയോഗ്യമാകും. ചുരുക്കി പറഞ്ഞാൽ പ്രശ്നമെന്നു പറയുന്നത് പ്രശ്നസമയത്തുള്ള ലഗ്നത്തിന്റെയും ഗ്രഹങ്ങളുടെ സ്ഥിതിയും, ദൈവജ്ഞന്റെ മാനസികാവസ്ഥയും, പ്രശ്നകർത്താവിൽ ഉണ്ടാകുന്ന ചേഷ്ടാദി ഭാവങ്ങളും പ്രശ്നസ്ഥലത്തും ചുറ്റുപാടിലും പ്രകൃതിയിലും ഉണ്ടാകുന്ന പരിവർത്തനങ്ങൾ മുതലായ നിമിത്തങ്ങളും മറ്റും അടിസ്ഥാനമാക്കിയുള്ള പ്രവചനങ്ങളാണ്.

പ്രശ്നം വെയ്ക്കുന്നതിന് ജ്യോതിഷികൾ പ്രധാനമായും കവടികളെയാണ് ആശ്രയിക്കുന്നത്. ഒരു ഡോക്ടർക്ക് സ്റ്റെതസ്കോപ്പ് എന്നപോലെയാണ് ജ്യോതിഷിക്ക് കവടി. കവടിക്ക് 'വരാടി' എന്നും പേരുണ്ട്. പരൽ വെയ്ക്കുക, വാരിവെയ്ക്കുക എന്നെല്ലാം പറയുന്നത് പ്രശ്നം വെയ്ക്കലിനെയാണ്. കവടിക്രിയ എന്നാൽ ഗണിക്കുക എന്നാണർത്ഥം. കവടി കടലിൽ ഉള്ള ഒരു ജീവിയുടെ പുറംതോടാണ്. തലയോടിന്റെ ആകൃതിയാണതിന്. ആഗ്രഹങ്ങൾ, സുഖം, ദു:ഖം, ആനന്ദം, തൃപ്തി എന്നിവയെല്ലാം അനുഭവിച്ചറിഞ്ഞ് തലച്ചോറു പോലെ ഉണ്ടായിരുന്ന മാംസം ഉപേക്ഷിച്ച് തന്റെ ജീവിതാനുഭവങ്ങൾ പുറം തോടിൽ ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. ഒരു ജ്യോത്സ്യന്റെ തലോടൽ അനുഭവിക്കുന്ന മാത്രയിൽ ഉണ്ടാകുന്ന അനുഭൂതിയിലൂടെ പ്രഷ്ടാവിന്റെ ജീവിതാനുഭവങ്ങൾ കവടിയിലൂടെ ജ്യോത്സ്യന്റെ മനോമുകുരത്തിൽ തെളിയുന്നു. ദീർഘവൃത്താകൃതി ആയ ഭൂഗോളത്തിന്റെ മുകൾ ഭാഗത്തിന്റെ ആകൃതിയാണ് കവടിയുടേത്. ഒരു കവടിയുടെ അളവ് ഒരു കാകണിയുടെ ഒന്നിൽ ഇരുപതു (1/20) ഭാഗമാണ്. ഒരു കർഷത്തിന്റെ ഒന്നിൽ നാല് ഭാഗമാണ് ഒരു കാകണി. കർഷം പതിനാറ് ആദ്യമാഷകം കൂടിയ തൂക്കമാണ്. ആദ്യമാഷകമെന്നാൽ അഞ്ച് കുന്നിക്കുരുവിന്റെ തൂക്കമാണ് അഥവാ രണ്ടേകാൽ പണതൂക്കം. കർഷത്തിന് കാൽഫലം അഥവാ ഏകദേശം മൂന്ന് കഴഞ്ച് തൂക്കം. 168 കുന്നിക്കുരുവിന്റെയോ, 336 യവത്തിന്റെയോ തൂക്കത്തിനേയും കർഷമെന്നു പറയും. (പ്ലാനറ്റ് ജ്യോതിഷം)

കർഷമെന്നാൽ ആകർഷിക്കൽ എന്നും, വിലേഖനം ചെയ്യപ്പെടുന്നതെന്നും മാറ്റുരച്ചു നോക്കുന്ന ഉരക്കല്ല് എന്നുമൊക്കെയാണ് അർത്ഥം. വരാടിക എന്നാൽ താമരക്കുരു എന്നും കയർ എന്നും അർത്ഥമാണ്. കുരുബീജവും കയർ ബന്ധനവുമാണ്. വരം അടതി അതായത് ഭംഗിയായി ഗമനം ചെയ്യുന്നത്. വരം ശ്രേഷ്ഠവും ദൈവീകമായി ലഭിക്കുന്നതുമാണ്. ജീവൻ, ജീവിതം ദേഹം എന്നിവയെല്ലാം ദൈവീകമായി കിട്ടിയ വരമാണ്. ആകർഷിക്കൽ ജീവനോടുള്ള ആകർഷണവും. കയർ അതിന്റേയും ദേഹത്തിന്റെയും ബന്ധനവുമാണ്. ഇതിനെ പ്രാരബ്ധമെന്നു പറയും. അതിന്റെ ഉരക്കല്ലാണ് വരാടി അഥവാ കവടി. വരാടികകൊണ്ട് ജീവിതയാത്ര , ആയുസ്സ്, ജീവിതത്തിന്റെ ഗമനം, വിഷമം, ബന്ധനം, പ്രാരബ്ധം, തലയിലെഴുത്ത് വിധി എന്നിത്യാദികളെല്ലാം ഗണം ചെയ്യാവുന്നതാണ്. ജീവിതത്തിന്റെ ആകെതുകയെ തൂക്കി നോക്കി നിർണ്ണയം ചെയ്യാനായി കിട്ടിയ നിധിയാണ് കവിടി. പാലാഴി മഥനകാലത്ത് മന്ഥരപർവ്വതം പാൽക്കടലിൽ താഴ്ന്നുപോയപ്പോൾ അതിനെ ഉദ്ധരിക്കാൻ വേണ്ടിയാണ് മഹാവിഷ്ണു കൂർമ്മാവതാരമെടുത്തത്. ഇതിന്റെ പ്രതീകമാണ് കവിടി. $12\times10^{19}$ ചതുശ്രകിലോമീറ്റർ പുറംഭാഗ വിസ്താരമുള്ള ഭൂഗോളത്തിന്റെ ഒരു പിണ്ഡാണ്ഡമാണ് കവടി.

നൂറ്റിയെട്ട് കവടികളാണ് ദൈവജ്ഞർ പ്രശ്നത്തിനായി വിനിയോഗിക്കുന്നത്. ഓരോ കവടിയും ഓരോ നക്ഷത്രപാദങ്ങളെ പ്രതിനിധാനം ചെയ്യുന്നു. ഒരു രാശി ചക്രത്തിൽ പന്ത്രണ്ട് രാശികളിലും കൂടി 108 നക്ഷത്രപാദങ്ങളുണ്ട്. ഒരു നക്ഷത്രദൈർഘ്യം 800 കല ആയതിനാൽ ഒരു നക്ഷത്രപാദദൈർഘ്യം 200 കലയാണ്. അതായത് രാശിചക്രത്തിന് ഒട്ടാകെയുള്ള ദൈർഘ്യം 108X200=21600 കലകളാണ്. ഒരു ദിവസം 60 നാഴികയാണ്. ഒരു നാഴിക 60 വിനാഴികയും. ഒരു വിനാഴിക 60 ഗർവ്വക്ഷരവുമാകയാൽ ഒരു ദിവസം 60X60X60=216000 ഗർവ്വക്ഷരമാണ്. പത്ത് ഗർവ്വക്ഷരം കൂടുന്നത് ഒരു പ്രാണനാണ്. ആറ് പ്രാണൻ കൂടിയാൽ ഒരു വിനാഴികയും. അങ്ങനെ ആകുമ്പോൾ ഒരു ദിവസം എന്നാൽ 21600 പ്രാണൻ. പ്രാണൻ എന്നാൽ പ്രാണവായു. അതുകൊണ്ട് രാശിചക്രത്തിലെ കലകളും പ്രാണനുമായി ബന്ധപ്പെട്ടു നില്ക്കുന്നു. ഒരു വ്യക്തി ഒരു ദിവസം 21600 ശ്വാസോച്ഛ്വാസമാണ് ചെയ്യുന്നത്. ഇത്രയും പറഞ്ഞതിൽ നിന്നും നൂറ്റിയെട്ടു കവടികളുടെ പ്രാധാന്യം നമ്മൾക്കു മനസ്സിലാകും. ജീവിതം, ജീവിതയാത്ര, ജീവിതാനുഭവങ്ങൾ, പ്രാരാബ്ധങ്ങൾ, ഭൂതം, ഭാവി, വർത്തമാനം തുടങ്ങിയവയെല്ലാം കവടിയിലൂടെ നിർണ്ണയിക്കാൻ ഒരു ജ്യോത്സനു കഴിയും. തലയോടു പോലെയുള്ള കവടിയുടെ ആകൃതി തലയിലെഴുത്തിനെയാണ് സൂചിപ്പിക്കുന്നത്. പ്രശ്നത്തെ പ്രധാനമായും അഷ്ടമംഗലപ്രശ്നം അഥവ കുടുംബപ്രശ്നം, ദേവപ്രശ്നം എന്നു രണ്ടായി തരം തിരിച്ചിരിക്കുന്നു. ഇവയ്ക്ക് ആധാരമായ പ്രശ്നരീതികൾ കവടി പ്രശ്നം, സ്വർണ്ണപ്രശ്നം, താംബൂലപ്രശ്നം എന്നിവയാണ്.

എട്ട് മംഗളവസ്തുക്കളെ മുമ്പാകെ അവയെ സാക്ഷ്യപ്പെടുത്തി പ്രശ്നം വെയ്ക്കുന്നതിനെയാണ് അഷ്ടമംഗലപ്രശ്നം എന്നു പറയുന്നത്. ചെപ്പ്, കണ്ണാടി. സ്വർണ്ണം, പുഷ്പം, അക്ഷതം, ഫലം, താംബൂലം, ഗ്രന്ഥം എന്നിവയാണ് അഷ്ടമംഗല വസ്തുക്കൾ പ്രശ്ന പലകയിൽ പൂജിച്ചുവെച്ചിരിക്കുന്ന കവടികളെ മൂന്നായി ഭാഗിച്ച് അതു വെച്ചുള്ള ഫലവിചാരമാണ് അഷ്ടമംഗലപ്രശ്ന ചടങ്ങ്. മൂന്നായി ഭാഗിച്ചു വെച്ചിരിക്കുന്ന കവടികളിൽ ഇടത്തു ഭാഗത്തുള്ളവയെ കൊണ്ട് ഭൂതകാലവും നടുവിലിരിക്കുന്നവയെക്കൊണ്ട് വർത്തമാനകാലത്തേയും വലതുഭാഗത്തുള്ളവയെ കൊണ്ട് ഭാവികാലത്തേയും ചിന്തിക്കുന്നു. പ്രശ്നസമയത്തിന് ആറുമാസം വരെയുള്ള കഴിഞ്ഞു പോയ കാലം ഭൂതകാലമായും ആ ദിവസം മുതൽ ആറുമാസം വരെയുള്ള വരുംകാലം ഭാവികാലമായും ഇവയ്ക്കു രണ്ടിനും മദ്ധ്യേ ഉള്ളകാലം വർത്തമാന കാലമായും കണക്കാക്കാം. അഷ്ടമംഗലത്തിലെ മൂന്നു ഭാഗങ്ങളും

കൂടി കൂട്ടുമ്പോൾ ഇരട്ടസംഖ്യ വന്നാൽ മരണഫലവും ഇടതു ഭാഗവും നടുഭാഗവും തമ്മിൽ കൂട്ടുമ്പോൾ ഇരട്ടസംഖ്യ വന്നാൽ മഹാരോഗവും, മദ്ധ്യസ്ഥാനത്തുള്ള സംഖ്യയെ 45 കൊണ്ടു ഗുണിച്ച് 8 കൊണ്ടു ഹരിക്കുമ്പോൾ ശിഷ്ടം വന്നില്ലെങ്കിൽ പ്രഷ്ടാവ് മരിക്കും, രണ്ട് ശിഷ്ടം വന്നാൽ പുത്രൻ മരിക്കും, നാല് ശിഷ്ടം വന്നാൽ ബന്ധുക്കൾക്കു നാശം സംഭവിക്കും. ആറ് ശിഷ്ടം വന്നാൽ പ്രഷ്ടാവ് രോഗിയായും ഭവിക്കും. ശിഷ്ടം 1,3,5,7 എന്നീ ഒറ്റ സംഖ്യകൾ വന്നാൽ രോഗശമനവും സൽഫലങ്ങളും ഉണ്ടാകും.

പുച്ഛകനെ കൊണ്ടു തന്നെ ആരൂഢരാശി തെരഞ്ഞെടുപ്പിക്കുക – അതാണ് സ്വർണ്ണ വിന്യാസപ്രക്രിയ. രാശി ചക്രത്തിൽ പൂവ്, അരി എന്നിവ സഹിതം പൂജിച്ച് നൽകുന്ന സ്വർണ്ണം ജ്യോതിഷമറിയാത്ത ഒരു കുട്ടിയെക്കൊണ്ട് രാശിചക്രത്തിലെ ഒരു രാശിയിൽ വെപ്പിക്കുന്നു. അത് ഏത് രാശിയാണോ അതിനെ ആരൂഢരാശി ആയി കണക്കാക്കുന്നു. പിന്നീട് ആ സമയത്തുള്ള ഉദയലഗ്നം ഗണിച്ചെടുക്കുന്നു. ഈ ആരൂഢരാശിയേയും ഉഭയലഗ്നത്തേയും മുൻനിർത്തി തുടർന്നുള്ള ഫലപ്രവചനം നടത്തുന്നു. ഇതാണ് സ്വർണ്ണപ്രശ്നം.

പ്രഷ്ടാവ് ദൈവജ്ഞന്റെ കയ്യിൽ ദക്ഷിണ കൊടുക്കുന്ന താംബൂലം കൊണ്ട് ഫലം പറയുന്ന രീതിയെയാണ് താബൂലപ്രശ്നം എന്നു പറയുന്നത്. പ്രഷ്ടാവ് എണ്ണാതെ വെറ്റില വാങ്ങി ഞെട്ടില്ലാത്ത ഭാഗം മുന്നിലാക്കി അടയ്ക്കയും വെച്ച് നാണയ സഹിതം ദൈവജ്ഞന്റെ കൈയ്യിൽ കൊടുക്കുന്നു. എന്നിട്ട് തന്റെ ഇംഗിതം ദൈവജ്ഞനെ അറിയിക്കുന്നു. പ്രശ്നം മദ്ധ്യാഹ്നത്തിന്റെ മുമ്പാണെങ്കിൽ മുകളിലത്തെ വെറ്റിലയാണ് ഒന്നാംഭാവം. അതിനു താഴെയുള്ള വെറ്റില രണ്ടാം ഭാവം. ഇങ്ങനെ പന്ത്രണ്ടു ഭാവവും യഥാക്രമം നിശ്ചയിക്കാം. പ്രശ്നം മദ്ധ്യാഹ്നത്തിനുശേഷമാണെങ്കിൽ വെറ്റില കമിഴ്ത്തി വേണം നൽകാൻ. താംബൂലപ്രശ്നം അസ്തമയത്തിനുശേഷം നടത്താൻ വിധിയില്ല.

താബൂലത്തിന്റെ അഗ്രത്തിൽ ശ്രീഭഗവതിയും മദ്ധ്യത്തിൽ സരസ്വതിയും അധോഭാഗത്ത് ജ്യേഷ്ഠാഭഗവതിയും കുടിക്കൊള്ളുന്നു. ഇടത് പാർവ്വതി വലത്ത് ഭൂദേവി, നടുക്ക് വിഷ്ണു, ബഹിർ ഭാഗത്ത് ചന്ദ്രൻ, വശങ്ങളിൽ ശിവൻ, ബ്രഹ്മാവ് എന്നിവർ, ഉപരി ഭാഗത്ത് ഇന്ദ്രൻ, ആദിത്യൻ. എല്ലായിടത്തും കാമദേവൻ എന്നിങ്ങനെയാണ് താംബൂലത്തിന്റെ ദേവതാസങ്കല്പം. താബൂലത്തെ പൂജിച്ചശേഷം ഫലം പറയണം എന്നാണ് വിധി. പ്രഷ്ടാവ് ദൈവജ്ഞന് നൽകുന്ന വെറ്റിലയെ മുൻനിർത്തിയാണ് ഫലം പറയുന്നത്. അത് ആകെ ഒരു വെറ്റിലയെ ഉള്ളുവെങ്കിൽ ദുഃഖമാണ് ഫലം. രണ്ടായാൽ ധനക്ഷയം. മൂന്നായാൽ ആപത്ത്, നാലോ അതിൽ കൂടുതലോ ആയാൽ ഉത്തമം.

പ്രശ്ന ശാസ്ത്രം വിപുലവും നമ്മുടെ സംശയങ്ങളെ ദുരീകരിക്കുവാൻ പര്യാപ്തവുമാണ്. ഗൃഹപ്രശ്നം, കൂപപ്രശ്നം, സന്തതീപ്രശ്നം, വിവാഹപ്രശ്നം, സുരതപ്രശ്നം, ഭോജന പ്രശ്നം, കർമ്മപ്രശ്നം, സ്വപ്ന പ്രശ്നം, രോഗപ്രശ്നം, ആയുർ പ്രശ്നം, മരണപ്രശ്നം, യാത്രാപ്രശ്നം, നഷ്ടപ്രശ്നം, വിദേശയാത്രാപ്രശ്നം എന്നിങ്ങനെ വിവിധ വിഷയങ്ങളെ ആദാരമാക്കിയുള്ള പ്രശ്നശാസ്ത്രം വിപുലവും, വിവിധവും, വിശദവും, ഗഹനവുമാണ്.

## സംസ്കൃതം അന്നും ഇന്നും

(42-ാം പേജിൽ നിന്ന് തുടർച്ച)

ത്ത ഃ ശ്രൂയന്താം എന്നുമാത്രം കേട്ടുകൊണ്ടിരുന്ന സാമാന്യ ജനത ഇന്ന് സിനിമകളിലൂടെയും ടെലിവിഷൻ, റേഡിയോ, സോഷ്യൽ മീഡിയ, പത്രങ്ങൾ മാസികകൾ എന്നിവയിലൂടെയും സംസ്കൃതത്തെ അടുത്തറിഞ്ഞു കൊണ്ടിരിക്കുന്നു. ഇത്തരത്തിൽ ഇന്ന് കൂടുതൽ ജനകീയമായി കൊണ്ടിരിക്കുന്ന ഒരു സ്ഥിതിവിശേഷത്തിൽ എത്തി നിൽക്കുന്ന സംസ്കൃത ഭാഷ.

സമൂഹത്തെ നേരായ വഴിയിലൂടെ നയിക്കുന്ന അധ്യാപകർക്ക് മറ്റു വിഷയം പഠിപ്പിക്കുന്നവരേക്കാൾ ഉത്തരവാദിത്വമുണ്ട്. സാംസ്കാരികമായ ഭാഷ എന്ന രീതിയിൽ സാമൂഹികമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ആയതിനാൽ ഈ ഭാഷയേയും ഭാഷയിലുള്ള വിജ്ഞാനത്തെയും ആഴത്തിൽ പഠിക്കുകയും പകർന്നു കൊടുക്കുകയും പഠിക്കാൻ പ്രേരിപ്പിക്കുകയുമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നവർ ചെയ്യേണ്ടത്. ഇത് ഭരണഘടന 351 വകുപ്പ് രാഷ്ട്രഭാഷയായ ഹിന്ദിയുടേയും മറ്റു പ്രാദേശിക ഭാഷകളുടെയും സമ്പത്തിനുവേണ്ടി ആശ്രയിക്കേണ്ടത് സംസ്കൃതത്തെ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇക്കാര്യം സുപ്രീം കോടതി ചില വിധികളിലൂടെ വ്യക്തമാക്കിയിട്ടുമുണ്ട്. ഇത്തരത്തിൽ ഭരണഘടനാദത്തമായ മൗലികാവകാശം എന്ന നിലയിലും അടിസ്ഥാന കർത്തവ്യങ്ങളിൽ ഒന്നായി സംസ്കൃതം മാറിയിരിക്കുന്നു. പല രാജ്യങ്ങളിലും സംസ്കൃത ഭാഷയുടെ അന്തസത്ത തിരിച്ചറിഞ്ഞ് ഈ ഭാഷ പഠിക്കുന്നു. വരും തലമുറ ഈ ഭാഷയുടെ മൂല്യം ഉൾക്കൊണ്ട് പഠിച്ചാൽ വിശ്വഭാഷ എന്ന് വാഴ്ത്തപ്പെടുന്ന ഇംഗ്ലീഷ് ഭാഷയെക്കാൾ മുന്നിലെത്തും സംസ്കൃതഭാഷ.





# നാഗരീകത നാഡീകോശങ്ങളിലൂടെ

സി. രാമചന്ദ്രൻ. ഫോൺ : 9995820684

മത്സ്യത്തെ നീന്താൻ പഠിപ്പിക്കേണ്ടതില്ല. നൈസർഗികമായി ജനനത്തോടൊപ്പം അതതിനറിയാം. എന്നാൽ മനുഷ്യന് അതു പഠിച്ചേ പ്രാവർത്തികമാക്കാൻ കഴിയൂ. ഒരു പശുക്കുട്ടിയെ പ്രസവിച്ച് അതിന്റെ ശരീരത്തിനു പുറത്തു നിന്ന് ഗർഭദ്രാവകം ഇറ്റുവീണുകൊണ്ടിരിക്കുമ്പോൾ തന്നെ അത് എഴുന്നേറ്റു നിൽക്കുകയും നടക്കുകയും ഓടാൻ തുടങ്ങുകയും ചെയ്യും. എന്നാൽ ജനിച്ചു വീഴുന്ന മനുഷ്യക്കുട്ടിക്ക് ഇരുപത്തിനാലു മണിക്കൂറും ശ്രദ്ധിക്കേണ്ടുന്ന പരിചരണം മാസങ്ങളോളം ആവശ്യമാണ്. മസ്തിഷ്കത്തിന്റെ കാര്യത്തിലാകട്ടെ മുതിർന്നവരുടെ തലത്തിലെത്തിച്ചേരുവാൻ വർഷങ്ങൾ തന്നെ പ്രയത്നിക്കേണ്ടി വരും. നാം നേരത്തെ തന്നെ പരിചയപ്പെട്ട ദർപ്പണ നാഡികോശങ്ങളാണ് മനുഷ്യനെ മനുഷ്യത്വവും സംസ്കാരവുമുള്ള ജീവിയാകാൻ സഹായിക്കുന്നത്. ഈ നാഡീകോശങ്ങൾ (Nurons) തന്നെയാണ് മറ്റു ജീവികളിൽ നിന്ന് മനുഷ്യവംശത്തെ ഉയർത്തി നിർത്തുന്നത്. മനുഷ്യമസ്തിഷ്കത്തിന്റെ വമ്പൻ കൂട്ടായ്മയിൽ നിന്നുളവാകുന്നതാണ് സംസ്കാരം. പരസ്പരമുള്ള വിജ്ഞാനവിനിമയത്തിലൂടെയാണിത് സാക്ഷാൽകരിക്കപ്പെടുന്നത്. ഭാഷയും അനുകരണവുമാണ് സംസ്കാരവിനിമയത്തിന്റെ മാധ്യമങ്ങൾ. മറ്റൊരാളുടെ വീക്ഷണവുമായി താദാത്മ്യം പ്രാപിക്കാനുള്ള വാസനയും അനന്യമാണ്. കലയും ശാസ്ത്രവും വളർന്നതും വളരുന്നതും അതിന്റെ ഫലമാണ്. ഒരാൾക്ക് മറ്റൊരാളുടെ വീക്ഷണകോണിൽ നിന്ന് കാര്യങ്ങൾ നോക്കി കാണാനുള്ള പ്രാപ്തിയും ഇതു നൽകുന്നുണ്ട്. ഇത് സ്വതന്ത്രചിന്തയുടെ വളർച്ചയ്ക്കും തളർച്ചയ്ക്കും കാരണമാകുന്നുമുണ്ട്.

മനുഷ്യചിന്തയെ സമൂലം മാറ്റിമറിച്ച ആശയമാണ് ഡാർവിൻ അവതരിപ്പിച്ച പരിണാമസിദ്ധാന്തം. ഇതിന്റെ ബോധ്യത്തിനും പ്രചാരത്തിനുമനുസരിച്ച് ലോകസമൂഹത്തിന്റെ വീക്ഷണ നിലപാടുതറ തന്നെ പുതുക്കിപ്പണിയപ്പെടേണ്ടതായിരുന്നു. പക്ഷെ പ്രപഞ്ചം ഒരു പ്രകൃത്യാതീത ബോധശക്തിയാൽ സൃഷ്ടിക്കപ്പെട്ടതാണെന്ന് 'ബൗദ്ധികസൃഷ്ടി വാദം' ഇന്നും സജീവമായി പരിണാമ വാദത്തിനു ബദലായി നിലനിൽക്കുന്നു. ഭൂമി പരന്നിരിക്കുന്നു എന്ന പരമ്പരാഗത വിശ്വാസം ഇന്നും ശാസ്ത്രചിന്തയെ ചെറുത്തു നിർത്തുന്നു. ഭൂമി ഉരുണ്ടിരിക്കുന്നു എന്നും സ്വന്തം അച്ചുതണ്ടിൽ കറങ്ങുന്നു എന്നും അത് സൂര്യനെ വലം വയ്ക്കുന്നു എന്നും പഠിപ്പിക്കുന്ന അതേ പ്രാധാന്യത്തോടെ തന്നെ ഭൂമി പരന്നിരിക്കുന്നു എന്നും അത് നിശ്ചലമാണ് എന്നും മറ്റുമുള്ള പരമ്പരാഗത ആശയം സ്കൂളുകളിൽ പഠിപ്പിക്കണമെന്ന വാദം മുന്നോക്ക രാജ്യമെന്നഭിമാനിക്കുന്ന അമേരിക്കയിലെ പോലും യാഥാസ്ഥിതികരുടെ പക്ഷത്തുനിന്നുമുണ്ടാകുന്നുണ്ട്. ഗവൺമെന്റിന് അതിനു വഴങ്ങേണ്ടി വരുന്നുമുണ്ട്. മസ്തിഷ്കത്തിൽ അടിഞ്ഞു കൂടികിടക്കുന്ന മുൻധാരണകൾ തിരുത്തപ്പെടുവാൻ ദർപ്പണ നാഡീകോശങ്ങൾ അനുവദിക്കുന്നില്ല എന്നതാണ് ഇതിന്റെ യാഥാർത്ഥ്യം.

ശാസ്ത്രം ഇത്രതന്നെ വികസിച്ചിട്ടില്ലായിരുന്ന കാലത്താണ് ഡാർവിൻ പരിണാമസിദ്ധാന്തം അവതരിപ്പിക്കുന്നത് എന്നോർക്കണം. ഇന്ന് ഡി.എൻ.എ കണ്ടെത്തുകയും ജൈവസാങ്കേതിക വിദ്യ പരിപുഷ്ടമായിരിക്കുകയും ചെയ്തിരിക്കുന്ന അവസ്ഥയിൽ പോലും പരിണാമസിദ്ധാന്തത്തെ എതിർക്കുന്നവരുടെ അംഗബലം ചെറുതല്ല. ഇതിനർത്ഥം പരിണാമസിദ്ധാന്തത്തിൽ പഴുതുകളില്ല എന്നല്ല. അതൊരു നൂതനാശയത്തിന്റെ ആദ്യകിരണവും സ്ഫുരണവുമാണ്.

24 ലക്ഷം വർഷങ്ങൾക്കു മുമ്പ് ചിമ്പാൻസിയും മനുഷ്യനുമല്ലാതെ അതിനിടയിൽ ഉണ്ടായിരുന്ന ഹോമോഹാബിലിസ് എന്ന ജീവജാതി ഉപയോഗിച്ചിരുന്ന ആയുധങ്ങൾപോലും പരിഷ്കരണങ്ങൾക്ക് വെമ്പുന്നവയായിരുന്നു. ലക്ഷക്കണക്കിനു വർഷങ്ങളുടെ പരിണാമപ്രക്രിയയിലൂടെ കടന്നു പോകുമ്പോൾ ഉപകരണങ്ങളിൽ, സൗകര്യപരമായി മാത്രമല്ല സൗന്ദര്യപരമായ മാറ്റങ്ങളുമുണ്ടായി. രണ്ടോ മൂന്നോ

ഘടകങ്ങൾ യോജിപ്പിച്ച് ചുറ്റികയോ, കോടാലിയോ പോലുള്ള ഉപകരണങ്ങളുണ്ടായി. രണ്ടു ലക്ഷം വർഷങ്ങൾക്കു മുമ്പാകുമ്പോഴേക്കും ഉപകരണങ്ങളിൽ വമ്പിച്ച മാറ്റങ്ങളുണ്ടായിക്കഴിഞ്ഞിരുന്നു.

മസ്തിഷ്കം ഇന്നത്തെയത്ര വലുപ്പമാർജ്ജിച്ചിട്ട് (1.4 കിലോ) പത്തുലക്ഷം വർഷമായിട്ടുണ്ടെങ്കിലും ചിന്തകളിൽ ഒരു വിപ്ലവമുണ്ടാകുന്നത് 60000 –70000 വർഷങ്ങൾക്കിടയിലാണ്. മറ്റൊരു വ്യക്തിയുടെ പെരുമാറ്റങ്ങൾ നിരീക്ഷിച്ച് അതിന്റെ ഉദ്ദേശങ്ങൾ എന്തായിരിക്കുമെന്ന് തിരിച്ചറിഞ്ഞ് പ്രതികരിക്കുവാനുള്ള ശേഷിയാർജ്ജിച്ചതാണ് അതിലൊന്ന്. ഭാഷയുടെ ഉത്പത്തി എന്ന അതിപ്രധാനമായ കഴിവാർജ്ജിക്കുന്നതും ആ കാലഘട്ടത്തിലാണ്.

മനുഷ്യന്റെ തൊണ്ടയിലെ സ്വനപേടകം മറ്റേതൊരു കുരങ്ങുവർഗത്തിനുള്ളതിനേക്കാൾ വളരെയേറെ സങ്കീർണതയോടെ വികസിച്ചതാണ്. എന്നാൽ സ്വനപേടകം സ്വരവിന്യാസത്തിനു പ്രാപ്തമാക്കുന്ന തരത്തിൽ മസ്തിഷ്കം വികസിച്ചിട്ടില്ലയെങ്കിൽ അതുകൊണ്ട് പ്രയോജനമില്ല. എന്നാൽ ഏതാണ് ആദ്യം പ്രാപ്തമായിക്കാണുക എന്നതിനേക്കാൾ എന്നാണ് ഇതു തമ്മിൽ പൊരുത്തപ്പെട്ട് പ്രവർത്തിക്കാൻ തുടങ്ങിയത് എന്നതിനാണ് പ്രാധാന്യം. പ്രണയവേളകളിൽ പുറപ്പെടുന്ന വൈകാരിക ശബ്ദങ്ങളിൽ നിന്നുമാണ് പ്രാകൃതസംഗീതത്തിന്റെ അങ്കുരമുണ്ടായത് എന്നനുമാനിക്കാം. ഒരിക്കൽ ഒരു തുടക്കം കിട്ടിയാൽ അത് സ്വാഭാവികമായും സ്വയം പരിഷ്കരിക്കപ്പെട്ടുകൊള്ളും. ഭാഷാ അവയവത്തിന്റെ സാന്നിധ്യത്തിലാണ് ഭാഷാ നിർമ്മാണ ശേഷി വർദ്ധിച്ചതെന്ന് നോം ചോംസ്കി അഭിപ്രായപ്പെട്ടിട്ടുണ്ട്. ആംഗ്യഭാഷ ശബ്ദഭാഷയായി മാറുന്ന ഒരു വഴിത്തിരിവാണത്.

മസ്തിഷ്കത്തിന്റെ ഏതെങ്കിലുമൊരു ഭാഗം കേന്ദ്രീകരിച്ചല്ല ഭാഷയുടെ നിലനില്പെങ്കിലും ഇടത് ഇൻഫീരിയൽ പെരേറ്റൽ ലോബിന് ഭാഷാ നിർമ്മിതിയിൽ നിർണായകപങ്കുണ്ട്. ശബ്ദങ്ങൾ അനുകരിക്കുവാനും ചുണ്ടിന്റെയും നാക്കിന്റെയും ചലനങ്ങൾ നിയന്ത്രിക്കുവാനും ദർപ്പണ നാഡീകോശങ്ങൾ പങ്കുവഹിക്കുന്നുണ്ട്. പരിണാമപരമായി സവിശേഷ വൈദഗ്ധ്യം ലഭിച്ച ഭാഷാ മേഖലകൾ മസ്തിഷ്കത്തിൽ സൃഷ്ടിക്കപ്പെട്ടു. വാക്കുകളുടെ അർത്ഥം പ്രതിനിധീകരിക്കുന്ന കാര്യത്തിലും തീരുമാനമായി.

മറ്റാരെങ്കിലും ചെയ്യുന്നതു നിരീക്ഷിക്കുമ്പോൾ താനാണതു ചെയ്യുന്നതെന്ന പ്രതീതിയുണ്ടാകുന്ന സന്ദർഭങ്ങളുണ്ട്. മോഹൻലാൽ പ്രതിയോഗിയെ ഇടിക്കുമ്പോൾ താനാണതു ചെയ്യുന്നതെന്ന തോന്നലുണ്ടാകുന്നതുകൊണ്ടാണ് നമ്മുടെ കൈയനങ്ങുന്നത്. മെസ്സി ഗോളടിക്കുന്നതു കാണുമ്പോൾ നമ്മുടെ കാലു ചലിക്കുന്നതും അതുപോലെയാണ്. കലയുടെയും കളിയുടെയും സ്വാരസ്യം അതിലാണ്.

മനസ്സിനെയും മസ്തിഷ്കത്തെയും കുറിച്ചുള്ള ചിന്ത തൽക്കാലം ഇവിടെ അവസാനിപ്പിക്കുകയാണ്. പ്രപഞ്ചപരിണാമത്തിലെ അവസാന അത്ഭുതം മനുഷ്യമസ്തിഷ്കമാണ്. പ്രപഞ്ചം ഒരു അത്ഭുതമാണെന്നു തിരിച്ചറിയുന്ന അത്ഭുതമാണത്. അവധൂതന്മാർ കാണിക്കുന്ന അത്ഭുതങ്ങളും അവരുടെ മസ്തിഷ്കത്തിന്റെ സൃഷ്ടിയാണ്. മസ്തിഷ്കതിന്റെ സോഫ്റ്റ് വെയറായി മനസ്സിനെ ഉപമിക്കാം. മനസ്സും മസ്തിഷ്കവും പ്രപഞ്ചത്തിന്റെ ഭാഗമാണ്. സൂര്യപ്രകാശത്തിൽ സസ്യങ്ങളുടെ പ്രകാശസംശ്ലേഷണം പോലെയോ ആഹാരം ആമാശയത്തിൽ ദഹനപ്രക്രിയയിൽ ഏർപ്പെടുന്നതു പോലെയോ ഉള്ള, പ്രകൃതിയുടെ മറ്റൊരു പ്രതിഭാസമാണ് ചിന്തയും ചിന്തയിലൂടെ ഉരുത്തിരിയുന്ന മനസ്സും, അതും ഒരു ജൈവപ്രക്രിയ തന്നെ.

ശരിയായ ഒരു പ്രപഞ്ച വീക്ഷണം സാധ്യമാക്കാനുള്ള പരിശ്രമം ശാസ്ത്രത്തിന്റേതു മാത്രമാണ്. പല വീക്ഷണങ്ങളിൽ ഒന്നാണ് ശാസ്ത്ര വീക്ഷണം എന്ന വീക്ഷണം തന്നെ വികലമാണ്. പ്രത്യേകിച്ച് താല്പര്യങ്ങളോ ഉദ്ദേശലക്ഷ്യങ്ങളോ ഇല്ലാത്തതാണ് ശാസ്ത്രവീക്ഷണം. പുതുതായി വരുന്ന അറിവുകൾക്കനുസരിച്ച് തിരുത്തപ്പെടുവാൻ സന്നദ്ധമായ ഒന്നാണത്. ചിട്ടയായ അന്വേഷണരീതിയെ അവലംബിക്കുന്ന ശാസ്ത്രത്തിന്റെ വീക്ഷണശൈലി സാർവലൗകികമാണ്. നാം ജീവിക്കുന്ന ഈ പ്രപഞ്ചമല്ലാതെ മറ്റൊന്നുമില്ല. മറ്റൊരു പ്രപഞ്ചത്തെ കണ്ടെത്തിയാൽ തന്നെ അത് ഇതുവരെ നാം മനസ്സിലാക്കിയിട്ടില്ലാത്ത ഈ പ്രപഞ്ചത്തിന്റെ തന്നെ മറ്റൊരു ഭാഗം മാത്രമായിരിക്കും. കരിങ്കൽ ചിപ്പിൽ തുടങ്ങി കമ്പ്യൂട്ടർ ചിപ്പിലൂടെ വികസിക്കുന്ന ഉപകരണസമുച്ചയമാണ് മനുഷ്യന്റെ അറിവും ജീവിതവും പരിഷ്കരിക്കുന്നത്. മനുഷ്യനുൾപ്പടെ എല്ലാ ജീവികളുടെയും ആത്യന്തിക വാസന അതിന്റെ പതിപ്പുകളെ ഉത്പാദിപ്പിക്കുക എന്നതുമാത്രമാണ്. എന്നാൽ പ്രകൃതിയുടെ വാസനകളെപ്പോലും കവച്ചു വച്ചുകൊണ്ടുള്ള മനുഷ്യമസ്തിഷ്കത്തിന്റെ വളർച്ചയെ പ്രകൃതി വച്ചുപൊറുപ്പിക്കുമോ എന്നത് അനുഭവിച്ചറിയാൻ ഇതിന്റെ വായനക്കാരാരും ഉണ്ടായിരിക്കുവാൻ ഇടയില്ല.





## ആരാണ് നായർ?

(45-ാം പേജിൽ നിന്ന് തുടർച്ച)

ത്തേക്ക് നായർ, പിള്ള, കർത്താ, കൈമൾ, മേനോൻ മുതലായ സംജ്ഞകളെ മാത്രമേ ഉപയോഗിക്കുന്നുള്ളു. മുൻവിവരിച്ച സംഗതികളുടെ സാരാംശത്തെ അൽപംപോലും ചിന്തിക്കാതെ രജിസ്റ്റാധാരത്തിൽ ഒരുവനെഴുതി, രണ്ടുപേരെഴുതി, മൂന്ന്, നാല്, പത്ത്, നൂറ് എന്നിങ്ങനെ തെരുതെരെ അങ്ങോട്ട് ഗഡ്ഡലിക പ്രവാഹന്യായം പോലെ ഇതു സംഭവിച്ചു എന്നേയുള്ളു. (ഗഡ്ഡലിക = ചെമ്മരിയാട്)


വലിയ ഭൂവിസ്തൃതിയുള്ള സാമ്രാജ്യങ്ങൾ ഉണ്ടാവുന്നതിന് മുമ്പ് ഭാരതമാകെ ചെറിയ ചെറിയ നാട്ടുരാജ്യങ്ങളാണ് ഉണ്ടായിരുന്നത് എന്നുള്ളത് ഒരു യാഥാർത്ഥ്യം തന്നെയാണ്. നാട് എന്നത് 600 വീടുകൾ ചേർന്നതായിരുന്നു എന്ന് ചരിത്രസൂചനകൾ സുലഭമാണ്. ഈ നാടിന്റെ അധികാരികൾ എന്ന സ്ഥാനമാണ് നായകർ ആയിരുന്ന നായർക്ക് ഉണ്ടായിരുന്നത്. യുദ്ധവും യുദ്ധമില്ലാത്ത സമയത്ത് കൃഷിയും എന്നതായിരുന്നു നായരുടെ ജീവിത ശൈലി. ഇവ രണ്ടിനും ശരീര ശക്തിയും ദൈനംദിനമുള്ള വ്യായാമവും ആവശ്യം തന്നെയാണല്ലോ. പണ്ടത്തെ വീടുകൾ അണു കുടുംബങ്ങളായിരുന്നില്ലെന്നറിയാമല്ലോ. അന്നുള്ള തറവാടുകൾ ആയിരുന്നു നാലുകെട്ട്, എട്ടുകെട്ട്, പന്ത്രണ്ട് കെട്ട്, പതിനാറുകെട്ട് എന്നിങ്ങനെ വിപുലമായ കെട്ടിടങ്ങളും അതിനുള്ളിൽ തന്നെ അനേകം കുടുംബങ്ങളും ഒരു കാരണവരുടെ കീഴിൽ ജീവിച്ചിരുന്നു. വിപുലമായ ഭൂസ്വത്തുക്കളും അതിലാകെ കൃഷിപ്പണിക്കായി തൊഴിലാളികളും അന്നുണ്ടായിരുന്നു. പരിഷ്കൃത ജനത നായർമാത്രമായിരുന്നു. ഒരു നൂറ്റാണ്ടു മുമ്പു വരെ വസ്ത്രധാരണം, ക്ഷൗരം, വിവാഹം, മരണാനന്തരക്രിയകൾ എന്നിവ നായർക്കു താഴെയുള്ള ജാതികളിൽ വ്യവസ്ഥാപിതരൂപത്തിൽ ഉണ്ടായിരുന്നില്ല. അതിനാൽ പരിഷ്കാരങ്ങൾ സംരക്ഷിച്ച് പരിപാലിക്കാനുള്ള വിവിധതരം ജോലിക്കാരെ നായന്മാർ സൃഷ്ടിച്ചു പോറ്റേണ്ടി വന്നു. അങ്ങിനെ നായർ സമുദായത്തിനുള്ളിലെ പഠിപ്പുള്ള അനുഷ്ഠാനമുള്ള ഒരു വിഭാഗത്തെ പൂജാരിമാരാക്കി നിയമിച്ചു. അവർ നമ്പൂതിരിമാർ എന്ന് അറിയപ്പെട്ടു. നായർ സമുദായത്തിൽ നിന്ന് വിവാഹം കഴിക്കാൻ (സംബന്ധപ്പെടാൻ) അവർക്ക് അനുവാദം നല്കിയിരുന്നു. അതാണ് നായർക്ക് പുരോഹിതരായ നായർ തന്നെ ഇല്ലാതാവാൻ കാരണം. ഈഴവർക്ക് പുരോഹിതർ ഉണ്ട്. മറ്റ് സമുദായക്കാർക്കും സ്വന്തം സമുദായത്തിനുള്ളിൽ തന്നെ പുരോഹിതർ ഉണ്ട്. നായരുടെ സ്വന്തം പുരോഹിതരാണ് പിന്നീട് നമ്പൂതിരി എന്ന വേർതിരിഞ്ഞ് കാണുന്ന മലയാള ബ്രാഹ്മണരായത്. നായരുടെ വസ്ത്രം അലക്കി തേക്കുന്ന സമുദായക്കാർ വെളുത്തേടത്ത് നായർ ആയി. കാരണം അവർ നായരുടെ മാത്രം അലക്കുകാർ ആയിരുന്നു. കാരണം അലക്കിയുടുക്കുന്ന രീതി നായർക്കിടയിലേയുണ്ടായിരുന്നുള്ളു. ക്ഷൗരം ചെയ്യുന്നത് പതിവാക്കിയവർ നായർ മാത്രമായിരുന്നതിനാൽ നായർക്ക് ക്ഷൗരം ചെയ്യുന്ന സമുദായത്തെ വിളക്കിത്തല നായർ എന്നു വിളിച്ചു വന്നു. നായർക്കു താഴെയുള്ള സമുദായങ്ങളുടെ ഡോക്ടർമാരായിരുന്നു ഈഴവർ. ബാലചികിത്സാ വിദഗ്ദ്ധരും നെയ്ത്തുകാരുമായിരുന്നു പാണർ എന്ന സമുദായം. നായർക്കിടയിലെ വൈദ്യർ ബ്രാഹ്മണർ ആയിരുന്നു. കണക്കെഴുത്ത്, കളരി, ക്ഷേത്രഭരണം കരംപിരിക്കൽ, കൃഷി, രാജകൊട്ടാര സേവനം ക്ഷേത്ര പരിചരണം എന്നിങ്ങനെ ഓരോ ജോലിക്കും പ്രത്യേക വിഭാഗക്കാർ നായർക്കിടയിൽ ഉണ്ടായിരുന്നു. ഭൗതികതയും ആത്മീയതയും യോഗം ചെയ്യുന്ന കുണ്ഡലിനി ശക്തിയുടെ ഉപാസകരായിരുന്നു നായർ. അതുകൊണ്ടാണ് അതിന്റെ പ്രതീകമായ സർപ്പക്കാവുകൾ തീർത്ത് നാഗാരാധന നടത്തിയത്. പരിസ്ഥിതി സംരക്ഷണം സർപ്പക്കാവുകൾ സമർത്ഥമായി നിർവ്വഹിച്ചു വന്നിരുന്നു.

നാടിനോടുള്ള സ്നേഹം നായരുടെ ജീവശ്വാസമായിരുന്നു. ആത്മാംശവും അതു തന്നെയായിരുന്നു. സ്വാതന്ത്ര്യസമരം, ഗ്രന്ഥശാലാ പ്രവർത്തനം, സഹകരണ ബാങ്കുകളുടെ തുടക്കം സ്കൂൾ നടത്തിപ്പ്, സർക്കാർ ജോലി, കോൺഗ്രസ് കമ്മ്യൂണിസ്റ്റ് ജനസംഘ പ്രവർത്തനങ്ങൾ എല്ലാം പഠിച്ചു നോക്കൂ 95 ശതമാനം തുടക്കക്കാരും നായന്മാർ മാത്രമായിരുന്നു എന്നു കാണാം. പ്രിന്റിംഗ് പ്രസ്സുകൾ, ഹോട്ടലുകൾ എന്നിവ ഒരു കാലത്ത് നായരുടെ കുത്തകയായിരുന്നു. പക്ഷേ പതുക്കെ പതുക്കെ ആലസ്യം നായർ സമുദായത്തെ പിടികൂടി. മരുമക്കത്തായം അതിനു വളമേകിയതുകൊണ്ടു മാത്രം മക്കത്തായ സമ്പ്രദായം നടപ്പിലാക്കി നായരെ ഇന്നത്തെ അവസ്ഥയിലെങ്കിലും പിടിച്ചു നിർത്തി.

ഒരു ലേഖനത്തിലൊതുക്കാവുന്നതല്ല നായർ ചരിത്രം. എന്നാൽ ഇത് ഒരാമുഖം എന്നു മാത്രം കണക്കാക്കി സ്വീകരിച്ചുകൊണ്ട് യഥാർത്ഥ നായർ ചരിത്രത്തെ അതിന്റെ വിപുലതയിൽ അവതരിപ്പിക്കാൻ ഉള്ള പരിശ്രമങ്ങൾക്ക് ഈ കുറിപ്പ് ഒരു തുടക്കമാകട്ടെ എന്നു മാത്രം ആശംസിക്കുന്നു.

(തുടരും)

*(തുടർച്ച)*



# ജഗദ്ഗുരു ശ്രീ ശങ്കരാചാര്യർ

**എൻ. ഗോപിനാഥൻ നായർ. ഫോൺ : 9249205553**

**പ്രഭാകരാചാര്യരും ഹസ്താമലകാചാര്യരും**

ആചാര്യസ്വാമികളുടെ പ്രയാഗ യാത്രാവിവരണം പൂർണമാകണമെങ്കിൽ അദ്ദേഹം നേടിയ വമ്പിച്ച ഒരു വിജയത്തെക്കുറിച്ചുള്ള സംഭവം കൂടി പ്രസ്താവിക്കേണ്ടിയിരിക്കുന്നു. പ്രതിഷ്ഠാനപുരിയിലെ പ്രഭാകരാചാര്യരെ വാദത്തിൽ തോൽപിച്ച കാര്യം നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. 'പ്രതിഷ്ഠാനപുരി' എന്ന പ്രദേശം ഗംഗാനദിയുടെ ഇടതുകരയിലാണ് സ്ഥിതി ചെയ്യുന്നത്. കുമാരില ഭട്ടന്റെ ശിഷ്യനായ പ്രഭാകരാചാര്യർ താമസിച്ചിരുന്നത് ഇവിടെയായിരുന്നു. അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നതും വാദിച്ചിരുന്നതും ഒരാളിന് തന്റെ സദ്കർമ്മങ്ങളുടെ ഫലമായി മാത്രമേ മോക്ഷപ്രാപ്തി ലഭിക്കുകയുള്ളു എന്നായിരുന്നു.

ചതുർവേദങ്ങളെ അനുഷ്ഠാനപരമായ കാര്യങ്ങളാൽ മൂന്നായി തിരിച്ചിരിക്കുന്നു. അവ (1) കർമ്മകാണ്ഡം (2) ഉപാസന കാണ്ഡം (3) ജ്ഞാന കാണ്ഡം എന്നീ പേരുകളിലാണ് അറിയപ്പെടുന്നത്. കർമ്മ കാണ്ഡം, പൂർവമീമാംസ എന്ന പേരിലും അറിയപ്പെടുന്നു.

**കർമകാണ്ഡം**

സ്വർഗപ്രാപ്തിയിലൂടെ സുഖം അനുഭവിക്കാൻ കർമ്മങ്ങൾ, യാഗാദി കർമ്മങ്ങൾ എന്നിവ അനുഷ്ഠിക്കണം. എന്നാൽ ഉപാസനകാണ്ഡമനുസരിച്ച് ഈശ്വരോപസന മാത്രമാണ് അതിനുള്ള മാർഗ്ഗം. അജ്ഞാനംമൂലം ഉളവാകുന്ന ദു:ഖങ്ങളെ അകറ്റി ഈശ്വരസാക്ഷാത്കാരം നേടാൻ ജ്ഞാനം നേടേണ്ടിയിരിക്കുന്നു എന്നതാണ് ജ്ഞാനകാണ്ഡത്തിന്റെ വാദം. എന്നാൽ സനാതനധർമ്മത്തിൽ ഇവയെല്ലാം അടങ്ങിയിട്ടുണ്ട്. അതായത് ഇവയെല്ലാം ഒറ്റയ്ക്കോ, കൂട്ടായോ അനുഷ്ഠിക്കുന്നതിൽ ഒരു അപാകതയുമില്ല.

മീമാംസ എന്ന പദത്തിനർത്ഥം വിചാരം അല്ലെങ്കിൽ ചിന്തനം എന്നാണ്. ജൈമിനി മഹർഷിയുടെ (ബി.സി.500) മീമാംസ സൂത്രം ആണ് പൂർവ മീമാംസ ദർശനത്തിന്റെ ആദ്യത്തെ പ്രമാണിക ഗ്രന്ഥം. കർമമീമാംസ വാദികൾ, പ്രപഞ്ചം, ജീവാത്മക്കൾ, കർമാനുഷ്ഠാനം, പുനർജന്മം, സ്വർഗനരകങ്ങൾ എന്നിവയിൽ വിശ്വസിക്കുന്നു. എന്നാൽ ഇവർ ഈശ്വരവിശ്വാസികളല്ല, ഈശ്വരനെ അംഗീകരിക്കുന്നില്ല. കർമകാണ്ഡത്തെ അംഗീകരിക്കാത്ത, ജ്ഞാനകാണ്ഡവാദിയായ ശ്രീശങ്കരൻ പ്രഭാകാരചാര്യരെ വാദത്തിൽ തോൽപ്പിക്കുക മാത്രമല്ല, അദ്ദേഹത്തിന്റെ പുത്രനായ പൃഥ്വീധരനെ തന്റെ ശിഷ്യമണ്ഡലത്തിൽ ചേർക്കകയും, ശിഷ്യന് ഹസ്താമലകൻ എന്ന് നാമകരണം നടത്തുകയും ചെയ്തു. സമ്പൂർണ്ണ ജ്ഞാനത്തേയും ഉള്ളം കയ്യിലെ നെല്ലിക്കയെന്ന വണ്ണം സ്പഷ്ടമായി മനസ്സിലാക്കിയ ആളായതുകൊണ്ടാണ് ഹസ്താമലകൻ എന്ന പേർ ലഭിച്ചത്.

അതിനെ ചൊല്ലിയുള്ള കഥ ഇപ്രകാരമാണ്. പൃഥ്വീധരൻ എന്ന് പേരുള്ള പ്രഭാകാരചരുടെ പുത്രൻ, അഞ്ചാമത്തെ വയസ്സു മുതൽ സംസാരവും മറ്റു പ്രവർത്തികളും എല്ലാം നിറുത്തി കളഞ്ഞു. ധ്യാന നിമഗ്നനായ ഒരു യോഗിയെപ്പോലെ ഒരിടത്തിരുന്നാൽ അവിടെത്തന്നെയിരിക്കും. പ്രഭാകരാചാരർ പുത്രന്റെ രോഗനിവാരണത്തിനുവേണ്ടി വളരെയധികം ചികിത്സകൾ ചെയ്തു നോക്കി, പക്ഷേ യാതൊരു ഫലവുമുണ്ടായില്ല. വാസ്തവത്തിൽ പൃഥ്വീധരന് അറിവും കാര്യങ്ങൾ മനസ്സിലാക്കാനുള്ള കഴിവും എല്ലാം ഉണ്ടായിരുന്നു. പക്ഷേ ആ കുട്ടി ഒരു മൂഢാവസ്ഥയിലായിരുന്നു. തന്നിലുള്ള ഭാവനകളെ പുറത്ത് പ്രകാശിപ്പിക്കാനുള്ള സാഹചര്യമില്ലാത്തതാണ് അതിന് കാരണമെന്ന് ശങ്കരാചാര്യർ മനസ്സിലാക്കി. ആ കുട്ടിയോട് ആരും പ്രേമത്തോടുകൂടി സംസാരിച്ചിരുന്നില്ല. എന്നാൽ ശങ്കരാചാര്യർ പൃഥ്വീധരനോട് പ്രേമത്തോടുകൂടി സംസാരിച്ചു. കുട്ടിയാകട്ടെ സ്നേഹത്തിനുവേണ്ടി ദാഹിച്ചിരിക്കുകയായിരുന്നു. അവൻ ഹൃദയത്തെ പരിചയപ്പെട്ടു കഴിഞ്ഞു. അതുകൊണ്ട് അവർ തമ്മിലുള്ള ബന്ധം വളർന്നു വന്നു. ശങ്കരാചര്യർ ക്രമേണ സരളമായ ചോദ്യങ്ങൾകൊണ്ട് ആ കുട്ടിയുടെ മനസ്സിലുള്ള ഗൂഢവിചാരങ്ങളെ പുറത്തേക്കു കൊണ്ടു വന്ന് മനസ്സിലാക്കി. ആ കുട്ടിയുടെ മനസ്സിൽ വേദാന്ത തത്വങ്ങൾ മുമ്പുതന്നെ നിലയുറപ്പിച്ചിട്ടുണ്ടെന്ന് അദ്ദേഹത്തിനു മനസ്സിലായി. ഇങ്ങനെയുള്ള ഒരു വേദാന്തിക് ഘോരകർമകാണ്ഡക്കാരന്റെ ഗൃഹത്തിൽ എങ്ങനെ മനസ്സമാധാനം കിട്ടും. ശങ്കരാചാര്യരുടെ മുമ്പിൽ തന്റെ ഹൃദയം തുറന്ന് വച്ച് പൃഥ്വീധരൻ ഇപ്പോൾ മനസ്സമാധാനം അനുഭവിച്ചു. അങ്ങനെ പൃഥ്വീധരൻ ശങ്കരാചാര്യരുടെ ശിഷ്യമണ്ഡലത്തിലെത്തി. ഹസ്താമലകനായി.





# കർക്കടക ചിന്തകൾ

**രാജലക്ഷ്മി എം.**

സൂര്യൻ ഉദിക്കുന്ന രാശിയെ അടിസ്ഥാനപ്പെടുത്തിയാണ് മാസങ്ങളെ തിരിക്കുന്നത്. അങ്ങിനെ ജ്യോതിശാസ്ത്രമനുസരിച്ച് പ്രകൃതിമാറ്റങ്ങളും അവയെക്കുറിച്ച് നമുക്ക് മുന്നറിയിപ്പും ലഭിക്കുന്നു. എടവപ്പാതി മുതൽ തുലാം കഴിയുന്നതു വരെ മഴക്കാലം, വൃശ്ചികത്തിൽ കാറ്റ്, ധനു മകരം മരം കോച്ചുന്ന തണുപ്പ്, കുംഭം, മീനം വേനൽച്ചൂട്. മറ്റൊരർത്ഥത്തിൽ വസന്തം, ഗ്രീഷ്മം, ശരത്, ഹേമന്തം, ശിശിരം എന്നിങ്ങനെ ആറ് ഋതുക്കൾ. ഇത് പ്രകൃതിയുടെ നിയമം, അത് മാറുന്നുണ്ടെങ്കിൽ അതിനുത്തരവാദി നാം തന്നെ. കേരളം പ്രകൃതിരമണീയതയാർന്ന ദേശവും വിദേശികളെ പോലും ആകർഷിക്കുന്ന പുണ്യഭൂമിയുമാണ്. നമ്മുടെ മുഖ്യമാർഗ്ഗം കൃഷിയും. നമ്മുടെ പൂർവ്വികർ ഞാറു നടാനും, വിത്തു വിതക്കാനും കായ്കനികൾ എപ്പോൾ, എവിടെ, എങ്ങനെ നടണം, എപ്പോൾ വിളവെടുക്കണം എന്നതിനൊക്കെ പ്രത്യേകം സമയം നിശ്ചയിച്ചിരുന്നു. അന്ന് കൃഷിനാശമോ, കാലാവസ്ഥവ്യതിയാനമോ ഉണ്ടായിരുന്നില്ല എന്ന് മാത്രമല്ല മികച്ച വിളവും ലഭിച്ചിരുന്നു. അവ വിശദീകരിക്കുന്ന പഴമൊഴിയും ശ്ലോകങ്ങളും പൈതൃകമായി പകർന്നു കിട്ടിയിരുന്നു. എന്നാൽ ഇന്ന് ഭക്ഷ്യോൽപ്പന്നങ്ങൾക്ക് വേണ്ടി കേരളം അന്യസംസ്ഥാനങ്ങളുടെ മുന്നിൽ കൈനീട്ടേണ്ട ഗതികേടിലുമായി. വിദേശിയർ ആര് എന്തൊക്കെ കടത്തികൊണ്ടു പോയാലും നമ്മുടെ പ്രകൃതിയും ഞാറ്റു വേലയും കൊണ്ടു പോകാനാകില്ല എന്ന് പറയാറില്ലെ?

പണ്ട് പറയാറുണ്ട് കർക്കിടകം കഴിഞ്ഞാൽ ദുർഘടം തീർന്നു എന്ന്. തോരാത്ത മഴ, പുറം പണികളും കൃഷിപ്പണികളും നടക്കാത്തതുമൂലം വേലയും കൂലിയുമില്ല സാധാരണക്കാർ പോലും മുഴുപട്ടിണിയിൽ, പലതരം രോഗങ്ങൾ, പകർച്ചവ്യാധികൾ പടരുന്നു- കർക്കടകമാസം പഞ്ഞമാസം. അതിനാൽ പലതും ഉണക്കിയതും, ഉപ്പിലിട്ടതും ആ സമയത്ത് ഉപയോഗിക്കുന്നു. മനുഷ്യർക്കും മൃഗങ്ങൾക്കും സുഖചികിത്സ നടത്തുന്നു. മരുന്ന് കഞ്ഞി കഴിക്കുന്നു. പത്തുതരം ഇലക്കറികൾ ഉപയോഗിക്കുന്നു. ജീവിച്ചിരിക്കുന്നവരുടെ ആരോഗ്യം പോലെ തന്നെ അന്തരിച്ചവരുടെ ആത്മശാന്തിക്കായി കർക്കിടക കറുത്തവാവുകളിൽ പിതൃതർപ്പണം നടത്തുന്നു. കേരളത്തിലെ എല്ലാ ഹിന്ദുക്കളും കർക്കിടക സംക്രാന്തി, അതായത് സംക്രമത്തിന് മുമ്പായി ഗൃഹം പരിശുദ്ധമാക്കി ചേട്ടയെ പുറത്താക്കി ശ്രീഭഗവതിയെ കുടിയിരുത്തി പൂജിക്കുന്നു. അതിന് ആവണിപലകയിൽ അഷ്ടമംഗല്യം, അലക്കിയ വസ്ത്രം, വാൽക്കണ്ണാടി, ഭസ്മം, ചന്ദനം, കുങ്കുമം, കൺമഷി, ദശപുഷ്കങ്ങൾ, ഒരു കിണ്ടിയിൽ വെള്ളം, കത്തിച്ച നിലവിളക്ക് എന്നിവ വെച്ച് ഏഴു ദിവസം ശ്രീഭഗവതിയെ രണ്ടു നേരവും കുളിച്ച് ശുഭ്രവസ്ത്രം ധരിച്ച് പൂജിക്കുന്നു. അതിനോടൊപ്പം രാമായണവും വച്ച് പൂജിച്ചശേഷം കുറച്ചുനേരം എല്ലാവരും ചേർന്ന് വായിക്കുന്നു. ശുഭ്രവസ്ത്രമണിഞ്ഞ്, കണ്ണിൽ മഴി എഴുതി, മുക്കുറ്റിച്ചാന്ത് തൊട്ട്, മുടിയിൽ ദശപുഷ്പം ചൂടി നടക്കുന്ന വനിതകളെ എങ്ങും കാണാം. എങ്ങും വീടുകളിലും ക്ഷേത്രങ്ങളിലും മനസ്സിനെ പുളകം കൊള്ളിക്കുന്ന രാമായണ കളകൂജനങ്ങൾ ശ്രവിക്കാം. രാമന്റെ അയനം – രാമായണം–മഹാദേവൻ പാർവ്വതീദേവിക്ക് പറഞ്ഞു കൊടുത്ത വിശിഷ്ട ഗ്രന്ഥമാണ്, ആദികാവ്യമാണ്, ഇത് മരണശയ്യയിലും രാമായണം വായിച്ച് കേൾപ്പിക്കുന്നു. ഭാരതീയ സംസ്കാരത്തിൽ രാമായണം എന്ന പുണ്യപുരാണഗ്രന്ഥത്തിന് അദ്വിതീയ സ്ഥാനമാണുള്ളത്. മര്യാദാപുരുഷോത്തമനായ ശ്രീരാമചന്ദ്രനും ലോകമാതാവായ സീതയും കുടികൊള്ളുന്ന തൃപ്രയാറും, ഭരതന്റെ കൂടൽ മാണിക്യവും, ലക്ഷ്മണന്റെ പായമ്മലും, ശത്രുഘ്നന്റെ മൂഴിക്കുളവും ചേർന്നുള്ള നാലമ്പലദർശനം കർക്കടകത്തിൽ നടത്തുന്നതുകൊണ്ട് സർവ്വപാപ വിമുക്തി ലഭിക്കുന്നു എന്ന് ഹിന്ദുക്കൾ വിശ്വസിക്കുന്നു.

ദ്വാപരയുഗത്തിൽ ഭഗവാൻ ശ്രീകൃഷ്ണന്റെ തിരോധാനത്തിന് ശേഷം ദ്വാരക പ്രളയത്തിൽ മുങ്ങിപ്പോയി. ശ്രീകൃഷ്ണൻ പൂജിച്ചിരുന്ന അഞ്ചു ബിംബങ്ങളും ഓളങ്ങളിൽ പെട്ട് തിരയടിച്ച് കരയ്ക്കടിഞ്ഞു. അവയിൽ ഒരു ബിംബം ചാവക്കാട്ടുള്ള ദ്വാരകബീച്ചിൽ വന്നടിഞ്ഞു. അവിടെ നിന്നും അതെടുത്ത് ഗുരുവും വായുവും കൂടി ഗുരുവായൂരിൽ പ്രതിഷ്ഠിച്ചു. അതാണ് പ്രസിദ്ധിയാർജ്ജിച്ച ഗുരുവായൂർ ക്ഷേത്രം എന്നു വിശ്വസിക്കുന്നു. മറ്റു നാലു വിഗ്രഹങ്ങൾ തൃശൂരിനടുത്തുള്ള ചെന്ത്രാപ്പിന്നി കടലോരത്ത് വന്നടിഞ്ഞു.

അവ ഒരു മീൻ പിടുത്തക്കാരൻ വഴിയായി അന്നത്തെ നാടുവാഴിയായിരുന്ന വാകയിൽ കൈമളുടെ കൈവശം വന്നു ചേർന്നു. ഒരു ദിവ്യമയിൽ കാണിച്ചു കൊടുത്ത സ്ഥലങ്ങളിലായി ആ നാലു വിശിഷ്ഠ വിഗ്രഹങ്ങളുടെ പ്രതിഷ്ഠാ കർമ്മം അന്നത്തെ മുഖ്യ തന്ത്രികളെക്കൊണ്ട് നടത്തി എന്ന് ഐതിഹ്യം പറയുന്നു. ഈ ബിംബങ്ങൾ ഏകദേശം ഒരുപോലെയാണ്. ഈ പുണ്യവിഗ്രഹങ്ങളാണ് തൃപ്രയാറിലും, കൂടൽ മാണിക്യത്തും, മൂഴിക്കുളത്തും, പായമ്മലിലും പ്രതിഷ്ഠിച്ചിരിക്കുന്നത് എന്നാണ് വിശ്വസിക്കുന്നത്. ഇവിടെ ഹനുമാന്റെ പ്രത്യേക പ്രതിഷ്ഠ ഇല്ലെങ്കിലും സാന്നിദ്ധ്യമുണ്ടെന്ന സങ്കൽപ്പത്തിൽ ഹനുമാന് പ്രത്യേക പൂജകളും വഴിപാടുകളുമുണ്ട്. ആദ്യം തൃപ്രയാറിൽ രാമനെ, ഇരിങ്ങാലക്കുട കൂടൽ മാണിക്യം ഭരതനെ, മൂഴിക്കുളത്ത് ലക്ഷ്മണനെ,പായമ്മൽ ശത്രുഘ്നനെ തൊഴുത് വീണ്ടും ശ്രീരാമനെ കണ്ട് വന്ദിച്ചാലെ നാലമ്പല ദർശനം പൂർത്തിയാകൂ എന്ന് പറയപ്പെടുന്നു. ഇപ്പോൾ ഇതുപോലെ മറ്റ് പല സ്ഥലങ്ങളിലും നാലമ്പലദർശനങ്ങൾ നടത്താറുണ്ട്.

പേമാരി ചൊരിയുന്ന കർക്കടകത്തിന്റെ ദുരിതാന്ധകാരമകറ്റുവാൻ, ജീവിത കഷ്ടതകളകറ്റുവാൻ, ശ്രേഷ്ഠത നേടുവാൻ, അധർമ്മം അകറ്റി ധർമ്മം പരിരക്ഷിക്കുവാൻ അസൂയ വെടിഞ്ഞ് സാഹോദര്യം നിലനിർത്തുവാൻ , സ്നേഹം, ത്യാഗം, പാതിവ്യത്യം, ഭക്തി, കർമ്മ നിരത, സഹനശക്തി, കാരുണ്യം എന്നിവ വളർത്തുവാൻ മര്യാദാപുരുഷനായ ശ്രീരാമന്റെ കഥ വിവരിക്കുന്ന ആദ്യ ഇതിഹാസ കാവ്യമായ രാമായണം നിത്യേന പാരായണം ചെയ്താൽ മതി . രാമൻ എന്നാൽ രഞ്ജിപ്പിക്കുന്നവൻ, ഇന്ന് അനുരഞ്ജനത്തിന്റെ വഴികളില്ലാതെ എന്തെങ്കിലും കാര്യം നടത്താനാകുമോ ? രാമായണം അജ്ഞാനാന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്കുള്ള പ്രയാണമാണ്, കർമ്മനിരതയുടെ, സംശുദ്ധിയുടെ വിളനിലമാണ്. ഇന്ന് അന്ധമായ സ്വാർത്ഥതയ്ക്ക് അടിമപ്പെട്ട, ദിശാബോധം നഷ്ടപ്പെട്ട മനുഷ്യന് രാമായണത്തിന്റെ സന്ദേശം കുളിർകാറ്റുപോലെ ശീതളിമ നൽകുന്നു. ജീവിതസംഘർഷങ്ങളിൽ നിന്നും മോചനം ലഭിക്കുന്നു. രാമായണങ്ങൾ പലരും രചിച്ചിട്ടുണ്ട്. വസിഷ്ഠ രാമായണം, സീതാവിജയം, അത്ഭുത രാമായണം, ആദ്ധ്യാത്മ രാമായണം, വാല്മീകി രാമായണം, ആനന്ദ രാമായണം, തുളസീദാസരാമായണം, കമ്പ രാമായണം, കണ്ണശ്ശ രാമായണം എന്നിങ്ങനെ പല രാമായണങ്ങളും ഉണ്ട്.

വേനലിൽ നിന്ന് മഴയിലേക്ക് മാറുന്നതോടെ ശരീരബലം കുറയുമ്പോൾ നഷ്ടപ്പെട്ട പ്രതിരോധശേഷി വീണ്ടെടുക്കുവാനായി നാം കർക്കടക ചികിത്സ നടത്തുന്നു. അതോടൊപ്പം പത്ഥ്യാഹാരവും വിശ്രമവും ആവശ്യമാണ്. ഈ കാലത്ത് മരുന്നു കഞ്ഞി സേവിക്കുന്നത് മറ്റൊരു പ്രത്യേകതയാണ്. ഇന്ന് പഞ്ഞമാസം കോടികൾ കൊയ്യുന്ന മാസമാണ്. ഇപ്പോൾ ഉഴിച്ചിൽ പിഴിച്ചിൽ ഞവരക്കിഴി ഇലക്കിഴി, ശിരോധാര, നസ്യം തുടങ്ങിയ സുഖചികിത്സക്കായി വിദേശികൾ പോലും ആയുർവ്വേദ വൈദ്യശാലകളിലെത്തുന്നു. അതിനായി താരനക്ഷത്രഹോട്ടലുകളിൽ പേര് രജിസ്റ്റർ ചെയ്ത് മുൻകൂട്ടി ബുക്ക് ചെയ്യുന്നു. ഈ ചികിത്സയുടെ സുഖം ഒരിക്കൽ അനുഭവിച്ചറിഞ്ഞാൽ വീണ്ടും വീണ്ടും ഇതിലേക്കാകർഷിക്കപ്പെടുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. ഇതിനോടൊപ്പം തന്നെ പ്രാധാന്യമുണ്ട് കർക്കിടക കഞ്ഞിക്കും. ഇതിന്റെ കിറ്റ് ഇന്ന് എവിടെയും സുലഭമായി ലഭിക്കുന്നു. കുറുന്തോട്ടിവേര്, കരിങ്കുറുഞ്ഞി, അരിയാറ്, ജീരകം, ഉലുവ, ആശാളി, അമുക്കുരം, പുത്തരിച്ചുണ്ടവേര്, ചുക്ക് മുതലായവയ്ക്കു പുറമെ തഴുതാമ, ദശപുഷ്പങ്ങളും ഔഷധകഞ്ഞിയിൽ ചേർക്കുന്നു. ഇത് ആരോഗ്യത്തിന് ഓജസ്സും തേജസ്സും നൽകുന്നു. നമ്മുടെ കുട്ടിക്കാലത്ത് നമുക്ക് ധാരാളം പറമ്പുണ്ടായിരുന്നതിനാൽ നമ്മുടെ തൊടിയിൽ നിന്നും മായമില്ലാതെ ലഭിക്കുമായിരുന്നു. ഇവയൊക്കെ. ഇന്ന് അതല്ലല്ലോ അവസ്ഥ. മറ്റൊരു പ്രാധാന്യം പത്തിലക്കറിയാണ്. ഇതുകൊണ്ട് തോരനും വയ്ക്കാം. ചേമ്പില, ചേനയില, തകരയില, പയറ്റില, കുമ്പളത്തില, മത്തയില, മുരുക്കില, ചീരയില, ചൊറിയണഞ്ഞില, തഴുതാമയില എന്നിവയാണ് പത്തിലകൾ. ശരീരത്തിൽ അലിഞ്ഞു കൂടി കിടക്കുന്ന വിഷാംശത്തെ പുറന്തള്ളുവാൻ ഈ ഇലക്കറികൾ സഹായിക്കുന്നു. എന്നാൽ കർക്കിടകത്തിൽ മുരങ്ങയിലയ്ക്ക് കട്ടുള്ളതിനാൽ ഉപയോഗിക്കുന്നില്ല. ഭൂമിയിലെ വിഷാംശം വേരിലൂടെ വലിച്ചെടുത്ത് ഇലയിലൂടെ പുറംതള്ളുന്ന സമയമാണിപ്പോൾ. തിരുവാതിര ഞാറ്റുവേലയിലെ മഴയിലൂടെ കിളിർത്ത് വരുന്ന ചെടികൾക്ക് ഔഷധഫലം ലഭിക്കുന്നു എന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്.

ശ്രേഷ്ഠമായ ചിന്താശുദ്ധിക്കു വേണ്ടി, ദുർഘടങ്ങളകറ്റുവാൻ, ശാന്തിയും, സമാധാനവും, ആയുരാരോഗ്യസൗഖ്യവും ലഭിക്കുവാൻ നമ്മുടെ ദിനരാത്രങ്ങൾ നന്മയുടെ പ്രഭചൊരിയുവാൻ കർക്കടകമാസാചരണം ഏറെ ഉപകരിക്കും.

ലോകാ സമസ്താ സുഖിനോ ഭവന്തു





ചിങ്ങം

ഓം


ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

# മാസഫലം


**2019 ഓഗസ്റ്റ് 15 മുതൽ സെപ്തംബർ15 വരെ**

Tel : TDM -2361160,
Mob : 96456 83491

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**



**മേടക്കൂറ് (അശ്വതി, ഭരണി, കാർത്തിക 1/4)**: രോഗപീഢയും ശത്രു വർദ്ധനയും തന്മൂലം ശത്രു ഭയവും സ്ഥാനചലനവും സർവ്വകാര്യങ്ങൾക്ക് തടസ്സം നേരിടുകയും ധനനാശവും കഠിന പരിശ്രമങ്ങൾക്ക് അനുസരിച്ചുള്ള ഫലസിദ്ധി ലഭിക്കായ്ക എന്നീ ദോഷഫലങ്ങൾക്ക് ആധിക്യം കൂടുകയും മാസം പകുതിക്ക് ശേഷം ധനസ്ഥിതി മെച്ചപ്പെടുകയും ബന്ധുഗുണം ലഭിക്കുകയും ചെയ്യും. വ്യാഴം അഷ്ടമത്തിലും ശനി ഭാഗ്യസ്ഥാനത്തും കൂടി ആകയാൽ ദോഷങ്ങൾക്ക് പരിഹാരമായി മഹാവിഷ്ണുവിന് പാൽ പായസനേദ്യവും ശനിയാഴ്ച ദിവസങ്ങളിൽ അയ്യപ്പന് നെയ്യ് വിളക്ക് കത്തിക്കുകയും ചെയ്യുക.



**ഇടവക്കൂറ് (കാർത്തിക 3/4 രോഹിണി, മകയിരം 1/2)**: വിദ്യാർത്ഥികൾക്ക് പഠനം ക്രമം വിട്ട് പോകുക, കള്ളം പറയേണ്ട സാഹചര്യങ്ങൾ ഉണ്ടാകുക, മുതിർന്നവർക്ക് വാക്ക് മൂലം ദോഷങ്ങൾ ഉണ്ടാകുക. കുടുംബത്ത് അഭിപ്രായവ്യത്യാസങ്ങൾ സംഭവിക്കുക. അകാരണമായ ഭയം തോന്നുക. അനാരോഗ്യം തുടങ്ങിയ ദോഷഫലങ്ങളും ബന്ധുഗുണവും ധനലാഭം, സ്ഥാനപ്രാപ്തി എന്നീ ഗുണദോഷ സമ്മിശ്ര ഫലങ്ങൾ ഈ ആഴ്ചയിൽ പ്രതീക്ഷിക്കാം. സർപ്പപ്രീതികരങ്ങളും ദേവീപ്രീതികരങ്ങളുമായ വഴിപാടുകൾ നടത്തുക.



**മിഥുനക്കൂറ് (മകയിരം 1/2, തിരുവാതിര, പുണർതം 3/4)**: തലവേദന അലർജി സംബന്ധമായ പ്രശ്നങ്ങൾ തൊണ്ടവേദന ദൂരയാത്രകൾ ദാമ്പത്യസുഖക്കുറവ് എന്നീ ദോഷങ്ങളും ധനലാഭം ഭാഗ്യസിദ്ധി, സ്ഥാനലാഭം എന്നീ ഗുണഫലങ്ങളും സമ്മിശ്രമായി അനുഭവപ്പെടുന്ന ഒരു മാസമായിരിക്കും ഇത്. ഷഷ്ഠമ വ്യാഴവും കളത്രസ്ഥാനത്തെ ശനിയും സൂചിപ്പിക്കുന്നത് ബന്ധനാവസ്ഥയും കാര്യതടസ്സവും ആണ്. ആയതിനാൽ ശനിദോഷ ശാന്തി അർച്ചനകൾ എല്ലാ ശനിയാഴ്ചകളിലും ചെയ്യുകയും വ്യാഴാഴ്ച ദിവസങ്ങളിൽ വിഷ്ണു ക്ഷേത്ര ദർശനവും നടത്തുകയും വേണം.



**കർക്കിടകക്കൂറ് (പുണർതം 1/4, പൂയം, ആയില്യം)**: സർക്കാർ കാര്യങ്ങളിൽ വിജയവും വലിയ കാര്യങ്ങൾക്ക് ധനം ചിലവഴിക്കാനും കഴിയും. പാരമ്പര്യം പൈതൃകം, സംരഭകത്വം എന്നിവയിലൂടെ വിജയവും, ശ്രദ്ധ കുറവുമൂലം ബുദ്ധിമുട്ടും ഉണ്ടാകും. എല്ലാ കർമ്മങ്ങളിൽ നിന്നും ധനനേട്ടവും ബന്ധുക്കളുമായി പൊരുത്തക്കേടും അനുഭവിക്കുവാൻ ഇടവരും. അലർജി സംബന്ധമായ പ്രശ്നങ്ങൾ തലവേദന നെഞ്ചിടിപ്പ് തുടങ്ങിയ അസ്വസ്ഥതകൾ ഉണ്ടാവും. ദേഷപരിഹാരമായി സർപ്പപ്രീതി വരുത്തുക.



**ചിങ്ങക്കൂറ് (മകം, പൂരം, ഉത്രം 1/4 )**: അന്തസ്സും ആദരവും കൈവരും. സഹാനുഭൂതി നേടിയെടുക്കും. കാര്യതടസ്സം ദേഹത്തിന് ക്ഷതം അനുഭവപ്പെടുക മറ്റുള്ളവരിലൂടെ നേട്ടങ്ങളുണ്ടാക്കുക ബന്ധുക്കളിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ ചതിയിലൂടെ സാമ്പത്തിക നഷ്ടം സംഭവിക്കുക. കാര്യമില്ലാതെയാണെങ്കിലും മനോദു:ഖം അനുഭവപ്പെടുക. രക്തസമ്മർദ്ധം തലവേദന നെഞ്ചെരിച്ചിൽ മുട്ടുവേദന എന്നീ ശാരീരികാസ്വസ്ഥതകൾ അനുഭവപ്പെടുക എന്നീ കാര്യങ്ങൾ ഉണ്ടാവും. ദോഷപരിഹാരമായി ശിവന് ധാര നടത്തുകയും പിൻവിളക്ക് കത്തിക്കുകയും കൂവള മാല ചാർത്തുകയും ചെയ്യുക.



**കന്നിക്കൂറ് (ഉത്രം 3/4, അത്തം, ചിത്തിര 1/2)**: ശത്രുജയം, വിദ്യാലാഭം ലൗകികവിഷയങ്ങളിൽ അഭിവൃദ്ധി വ്യയം ശാരീരിക സുഖക്കുറവ് നേത്രരോഗം, തോളിന് നീർക്കെട്ട് മുഖാന്തരം വേദന എന്നിവയ്ക്ക് സാധ്യതയുണ്ട്. വിവിധ ദ്രവ്യ ലാഭം സമൃദ്ധി ബഹു ധനലാഭം സൗഖ്യം കാര്യവിജയം സന്തോഷം എന്നീ ഗുണഫലങ്ങളും സമ്മിശ്രമായി അനുഭവപ്പെടും. ദോഷങ്ങൾക്ക് പരിഹാരമായി വിഷ്ണു സഹസ്ര നാമജപം നടത്തുകയും വ്യാഴാഴ്ച ദിവസം വിഷ്ണുക്ഷേത്ര ദർശനം നടത്തുകയും ചെയ്യുക.



**തുലാക്കൂറ് (ചിത്തിര 1/2 ചോതി, വിശാഖം 3/4)**: വിദ്യാ വിജയം ധനലാഭം കുടുംബസുഖം സഹായികളിൽ നിന്നും സഹോദരസ്ഥാനിയരിൽ നിന്നും സമ്മിശ്ര ഫലങ്ങൾ ഉണ്ടാകും. ആഗ്രഹസഫലീകരണം ഉറച്ച വിശ്വസ്തരായ സുഹൃത്തുക്കൾ ബന്ധുജനങ്ങൾ എന്നിവരിൽ നിന്നും അനുകൂല ഫലങ്ങൾ ലഭ്യമാകും. വ്യവസായം വിപുലീകരണം ലാഭം മെച്ചപ്പെട്ട നേട്ടം അംഗീകാരം ലഭിക്കൽ ഗൃഹത്തിൽ സന്തുഷ്ടി സംതൃപ്തിയും അനുഭവിക്കാനിടവരും. കഴുത്തിന് മുകളിലേക്ക് രോഗസാധ്യതയും ഇടയുള്ളതുകൊണ്ടും സർപ്പപ്രീതികരങ്ങളായ വഴിപാടുകൾ നടത്തുക.



**വൃശ്ചികക്കൂറ് (വിശാഖം 1/4 അനിഴം, തൃക്കേട്ട)**: ഉൽക്കർഷാഭിലാഷ പ്രവണത ധർമ്മത്തിലൂടെയും ആദരണീയതയും ജീവിത വിജയവും പലവിധ ദ്രവ്യലാഭവും വാതരോഗവും കലഹവും അനുഭവപ്പെടാനും സാധ്യതയുണ്ട്. ജന്മവ്യാഴം പല തരത്തിലുള്ള പ്രശ്നങ്ങൾക്ക് ഇടവരുത്തും. നാടും വീടും വിട്ട് പോകുവാൻ പോലും തോന്നുന്ന ചില അനുഭവങ്ങൾ വന്നു ചേരും. ചില സഹായികളിൽ നിന്നും ബന്ധുക്കളിൽ നിന്നും ചതി പറ്റി സാമ്പത്തിക നഷ്ടം വരുവാനും തൻ നിമിത്തം കുടുംബത്തിൽ സമാധാനം ഇല്ലാതാവാനും സാധ്യതയുണ്ട്. ശനി വ്യാഴഗ്രഹ ദോഷശാന്തി അർച്ചനകൾ നടത്തുക.



**ധനുക്കൂറ് (മൂലം, പൂരാടം, ഉത്രാടം1/4)**: സാധാരണയിൽ കവിഞ്ഞ വിശാല മനസ്കത തത്വചിന്താ പ്രവണത നിയമപരമായ വിഷയങ്ങളിലും വിദേശകാര്യ സംബന്ധമായ വിഷയത്തിലും അനുകൂലമായ ഫലങ്ങൾ സിദ്ധിക്കും. ദ്രവ്യ നാശം വ്യാധി വാതരോഗം എന്നീ ദോഷങ്ങൾ അലട്ടും. സ്ത്രീസുഖവും പ്രണയബന്ധങ്ങളിൽ കൂടുതൽ ഊഷ്മളത അനുഭവപ്പെടുകയും വിചാരിക്കാത്ത തരത്തിൽ ചില കാര്യതടസ്സങ്ങൾ നീങ്ങി കിട്ടും. ജന്മശനി കാലമായതിനാൽ ദോഷങ്ങൾക്ക് ശമനം ഉണ്ടാകാനും ഗുണങ്ങൾക്ക് പുഷ്ടി ഉണ്ടാകുവാനും ശാസ്താവിനെ ഭജിക്കുക.



**മകരക്കൂറ് (ഉത്രാടം 3/4, തിരുവോണം, അവിട്ടം 1/2)**: അപ്രതീക്ഷിത ഭാഗ്യം ഉണ്ടാകും. കച്ചവടക്കാർക്ക് അനുകൂല സമയമായിരിക്കും. ബന്ധുജനങ്ങൾ വിയോജിപ്പ് പ്രകടിപ്പിക്കും. ശരീരക്ഷീണം പരിക്ക് കാല് വേദന മലമൂത്രതടസ്സം എന്നിവ അനുഭവപ്പെടും. ധാനധർമ്മകാര്യങ്ങളിൽ താല്പര്യം വർദ്ധിക്കും. വിവാഹ കാര്യത്തിലും പ്രണയവിഷയത്തിലും അനുകൂലമായ സ്ഥിതി വരും. പൊതുവെ മാസം അനുകൂലമായിരിക്കും. എന്നാൽ ഏഴര ശനിക്കാലക്കാനയിൽ നവഗ്രഹ ക്ഷേരത്തിൽ ശനി ദോഷ നിവാരണ മന്ത്ര അർച്ചന നടത്തുക.



**കുംഭക്കൂറ് (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4)**: സുഹൃദ്ബന്ധം അനുകൂലമാകും. സാമ്പത്തികമായി വൈഷമ്യം നേരിടുമെങ്കിലും സാമ്പത്തിക നേട്ടം ഉണ്ടാകും. സന്തുഷ്ടമായ വിവാഹത്തിനും വിവാഹജീവിതത്തിനും ഭാഗ്യമുണ്ടാകും. ചില തീരുമാനങ്ങൾ വിവാദത്തിനും അഭിപ്രായ വ്യത്യാസത്തിനും ഇടയാകും. തൊഴിൽ പരമായി ചില അസ്വസ്ഥതകൾ അനുഭവപ്പെടും. സ്വയാർജിത വരുമാനത്തിൽ തടസ്സങ്ങൾ ഉണ്ടാകും. ഗുണദോഷ സമ്മിശ്രമാകും. ഈ മാസം വ്യാഴപ്രീതികരമായ വഴിപാടുകൾ നടത്തണം.



**മീനക്കൂറ്(പൂരുരുട്ടാതി 1/4, ഉത്രട്ടാതി, രേവതി)**: വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകും. ആരോഗ്യം മെച്ചപ്പെടും. കാര്യവിജയം എന്നീ ഗുണഫലങ്ങൾക്കൊപ്പം മനസുഖം മാറാതെ വരിക, ദാമ്പത്യത്തിൽ പൊരുത്തക്കേട് അനാവശ്യമായ ആകുലത പങ്കാളിക്ക് രോഗം കർമ്മരംഗത്ത് തടസ്സങ്ങൾ എന്നീ ദോഷങ്ങൾക്കും സാധ്യത ഉണ്ട്. ഭാഗ്യസ്ഥാനത്ത് വ്യാഴം ഉള്ളതിനാൽ വ്യാഴ പ്രതികരങ്ങളായ വഴിപാടുകളും വിഷ്ണു സഹസ്രനാമ ജപവും ക്ഷേത്രദർശ്ശനവും നടത്തുകയും നവഗ്രഹക്ഷേത്രത്തിൽ ശനിദോഷ നിവാരണ അർച്ചനകൾ നടത്തുകയും ചെയ്യുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

**തിങ്കൾ, വ്യാഴം, ശനി ദിവസങ്ങളിൽ 9.30 am to 1.30 pm വരെ ജ്യോതിഷാചര്യന്റെ സേവനം ലഭ്യമാണ്**


# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,28/163cm,Chothi, Wheatish, MA,Mphil,PhD(Doing),Assistant Professor,Govt College, Low vision girl, Pref: Having Higher Education Permanet Employ, Mob:9497736831/ 8547952471, Reg.No.22049

Email:drrsreek@gmail.com
Date of Birth:5-03-1991(10.35am)
Sishta Dasa:Rahu: 10-8-14





Contact Address:
DR.R.SREEKUMAR
SREEVALSAM
PUNNAMADA WARD
PUNNAMADA
ALAPPUZHA - 688006

---

Nair Girl,26/160cm,Chothi, Fair, M.Tech, Engineer in Non IT Company in Bangalore Pref: Grooms employed in Bangalore with similar education and job,Ph:0484-2444598,Mob: 9847002710, Reg.no.22127

Email:ajithkumartmbi@gmail.com
Date of Birth:1-9-1992(1.58pm)
Sishta Dasa:Rahu : 8-7-12.18





Contact Address:
MR.T. AJITH KUMAR
VASUNDHARA
PERUVARAM WEST
NORTH PARAVUR
ERNAKULAM - 683513

---

Nair Girl,30/165cm, Karthika, Wheatish, B.Sc, MBA (MKTG), Manager,Divorcee without issues, Pref: Nair/Menon Boy - Post Graduate, Employed -India or Abroad, Residency of Kochi, Trichur, Tvm,Ph: 0484-2354423,Mob: 9995449226, Reg.No.22128

Email:rknair1133@gmail.com
Date of Birth:02-09-1988(4.18am)
Sishta Dasa:4-0-16





Contact Address:
MR. R.K.NAIR
3RD FLOOR,
PALLIYIL LANE
39/3089C, DIWANS ROAD
ERNAKULAM - 682016

---

Nair Girl,24/160cm,Aswathy, Veryfair, MBBS,undergoing PG coaching, Pref: Doctors/Bank Officers/ Engineer, Non IT,Mob: 7012526268, Reg.No.22129

Email:unninair_64@yahoo,com
Date of Birth:22-9-1994(4.10pm)
Sishta Dasa:4-3-1





Contact Address:
MR.R.UNNIKRISHNAN NAIR
BRAHMAPUTRA
CLINT ROAD
AMBALAMEDU P O
ERNAKULAM 682303

---

Nair Girl,26/5'6",Karthika, Wheatish, Doing Ph D,Pref: Masters and above, , Any Europiean country/US working or doing PhD, Mob: 8893000893, Reg.No.22130

Email:mrjkurup28@gmail.com
Date of Birth:25-7-1992(1.16am)
Sishta Dasa:





Contact Address:
MR.JAYAPRAKASH
E 185,FEDERAL PARK
VENNALA P. O
PALARIVATTOM
ERNAKULAM - 682028

---

Nair Girl, 26/153cm,Magam, Medium, B.Tech (ECE),Technology Analyst (TCS, Kochi), Pref:B.Tech or above, masters degree, Central /State Employee, Software/ Doctor/Engineer,Civil Service, Mob: 9447303976/ 9496272738, Reg.No.22135

Email:sylajaharbour@gmail.com
Date of Birth:24-9-1992(10.21am)
Sishta Dasa:




Contact Address:
MR.HARIKUMAR
PRIYADARSINI
PALACE WARD
ALAPPUZHA - 688011






# MANGALYAM MATRIMONIAL

## വരനെ ആവശ്യമുണ്ട്



Nair Girl,25/160cm, Aayilyam, Fair, B.Com, CA,Final, Pref: Well educated and employed, Ph:0484-2321901, Mob:9846232190, Reg.No.22136

Email:tppurushothaman01@gmail.com
Date of Birth:24-02-1994(1.37pm)
Sishta Dasa:





Contact Address:
MR.T.P.PURUSHOTHAMAN
28/1030A, ANJALI
KORAKKANASSERY HOUSE
KADAVANTHRA P O
K.P.VALLON ROAD
KOCHI 682020

---

Nair Girl,25/5'5",Moolam, Fair, B.Com,Working in Nationalized Bank at Chennai, Pref: Degree,Public Limited/Govt preferred,fair, Mob: 7200670855, Reg.No.22138

Email:deepikad26@gmail.com
Date of Birth:14-12-1993(00.25am)
Sishta Dasa:





Contact Address:
MR.R.DILIP KUMAR
5B, SUPREME GRAZE FLAT
241,APPAR STREET
SENTHIL NAGAR
THIRUMULLAIVOYAL
CHENNAI - 600062

---

Nair Girl, 28/163, Rohini (Dosha Jathakam) , MBBS (Now Studying M D IInd Year), Now studying MD IInd Year, Pref : Doctors with MD/MS, IAS, IFS or Equal Status, Ph: 0478 2829253, Mob: 9387210853 Reg No: 22139

Email:sasiperumana@gmail.com
Date of Birth:18-04-1991 (10.05 am)
Sishta Dasa:





Contact Address:
MR. P. SASIKUMAR
PERUMANA
KADAKKARAPPALLY
CHERTHALA
ALAPPUZHA - 688529

---

Nair Girl, 24/5'1",Thiruvonam,Fair, BDS, Doing Internship, Pref: B.Tech/ BDS/MBBS,preferably working outside the State or Country, Mob: 9446535832, Reg.No.22145

Email:reshani08@gmail.com
Date of Birth:03-01-1995(9.20pm)
Sishta Dasa:Chandra : 4-0-15





Contact Address:

---

Nair Girl,24/163cm,Rohini, Fair, B.Com, M.Com and PG Diploma in Fashion Designing ,Looking after the accounts of family business,Pref:Well employed of age 25-29, who gives importance to family values and tradition,Mob: 9656876989, Reg.No.22147

Email:swethaunnikrishnan54@gmail.com
Date of Birth:02-08-1994(4.41pm)
Sishta Dasa:Chandra:3-9-30





Contact Address:
MR.UNNIKRISHNAN B
SFG, LEKHA APARTMENTS
OPP. POORNATHRAYEESHA
TEMPLE ROAD,
TRIPUNITHURA
ERNAKULAM - 682301

---

Nair Girl,30/160cm,Pooyam,White, MDS, Doctor,Ernakulam,Innocent Divorcee, Pref: suitably qualified and employed, Ph:0484-2689660, Mob: 9497196514, Reg.No.22150

Email:devarajan1896@gmail.com
Date of Birth:22-01-1989(2.40pm)
Sishta Dasa:




Contact Address:


# MANGALYAM MATRIMONIAL



## വരനെ ആവശ്യമുണ്ട്

Nair Girl,24/167cm,Moolam, Fair, MBBS,House Surgeon ,Pref: Doctors, Mob: 9447164340, Reg.No.22151


Email:minivijayakumar891@gmail.com
Date of Birth:24-03-1995
Sishta Dasa:




Contact Address:
MR.M.N.VIJAYAKUMAR
PRABHA
ASRAMAM ROAD
KALADY
ERNAKULAM - 683574

Nair Girl, 27/157cm,Makom,Wheat fair, BDS, Dentist, Pref: Doctor/ Engineer, PG/ME/MS/MDS,MD/MS, other masters degree/Professional degree,Mob: 9388005818/ 9388004884, Reg.No. 22152


Email:knkumar2005@rediffmail.com
Date of Birth:13-4-1992(5.15pm)
Sishta Dasa:Kethu : 1-4-3




Contact Address:
MR.K NANDAKUMAR
M/S.QUALITY TRADERS,
MES CENTRE 1ST FLOOR
MATHEW PAILY ROAD
NEAR TOWN HALL
KOCHI 682018

Nair Girl, 27/150, Moolam, Fair, MBA, Financial Asst. at Technopark, Ph: 8086009402, Reg No: 22153


Email:rajeshgkerala@gmail.com
Date of Birth:09/08/1992
Sishta Dasa:2.1.18




Contact Address:
MR. V.K. BALACHNDRA MENON
NARAYANI MANDIRAM
KADUKKACHUVADU
METHALA.P.O
KODUNGALLUR

Nair Girl, 23/147cm,Anizham, Medium, MSW, Pref: Graduation,only employed and settled ,non drinking and smoking, Mob: 9895464505, Reg.No. 22159

Email:collectionkitchen@gmail.com
Date of Birth:5-5-1996(8.20am)
Sishta Dasa:Sani : 5-9-4




Contact Address:
MR.KRISHNA KUMAR R
RADHAS
MULAKKULAM. S.P O
KOTTAYAM - 686610


**THOTTEKKATT DIWAN'S MEMMORIAL HALL**
**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com, Web: www.ernakulamkarayogam.com







# MANGALYAM MATRIMONIAL



## വധുവിനെ ആവശ്യമുണ്ട്


Nair boy, 30/176cm,Rohini,Fair,MBA from Reputed International University, Vice Chairman,Pref: PG, Age below 26 yrs, Must be from reputed family,Mob: 9446418773, Reg.No.21633

Email:grp.matrimony@gmail.com
Date of Birth:28-01-1988(11am - Saudi Arabia -Dammam time)
Sishta Dasa:Chandran:8.2.17




Nair Boy, 31/172, Aswathy, Fair, MBA (Finance) Accounts Executive (Dubai), Pref : Educated girls with Job, Employed in Dubai or Any Job in our State, Ph : 0484 - 2537555, Mob : 9645227959, Reg No: 21938


Email:krishnath.sudhakaran@gmail.com
Date of Birth:25-01-1988 (4.40 pm)
Sishta Dasa:Kethu : 4.1.12




Contact Address:
MR. K. SUDHAKARAN
KRISHNATH HOUSE
CHAMBADY ROAD
ELAMAKKARA. P.O
COCHIN-682 026

Nair Boy, 31/5'7"(170cm),Pooyam, Wheatish, B.Tech(Mech),MBA (XLRI Jamshedpur), Manager, MNC (MU Sigma Business Solutions P Ltd), Bangalore, Pref: looking for traditional, educated, qualified girls preferably placed in Bangalore or having Transferable jobs, Mob: 91+ 9447165744/ 7012667758, Reg.No. 22104


Email:sreemenon12@gmail.com
Date of Birth:17-06-1988(2.25pm)
Sishta Dasa:Sani: 13-4-17




Contact Address:
MR.SREEKUMAR V K
34/1214,PPRRA 27,
NARAYANEEYAM
PALAPARAMBU ROAD
ELAMAKKARA
COCHIN - 682026

Nair Boy, 30/6'2", Pooruruttathi, Wheatish, B.Tech, MBA, Asst. General Manager, Marketing, Pref : Post Graduate girls (from Cochin to Calicut side), Ph : 0484 2380386, Mob: 9447031310, Reg No: 22126


Email:deeparavisanker@gmail.com
Date of Birth:22.10.1988 (11.56 AM)
Sishta Dasa:




Contact Address:
MR. RAVISANKER. A
ACHATTIL
DIWANS ENCLAVE
DIWANS ROAD
COCHIN -682016

Nair Boy, 33/Uthradam, Fair, MBA, Manager, Hospitality, Bangalore, Divorcee, Pref: Post Graduate, Govt Employee/Engineer/Bank employee, Mob: 7558099043, Reg.No.22131


Email:parameswar9944@gmail.com
Date of Birth:02-04-1986(3.32pm)
Sishta Dasa:




Contact Address:
MR.A G GOPAKUMAR
NAKSHATRA HOUSE
KUNDUVELIL LANE
SOCIETY ROAD
MARADU
ERNAKULAM - 682304

Nair Boy, 35/172cm,Uthrattathi, fair,BCA,CCNA,Business,Pref: Graduate,Educated girl from middle class family,Ph:0484-2807504,Mob: 9446501408, 9446477504, Reg.No. 22132

Email:lathak@ymail.com
Date of Birth:13-12-1983(10.30am)
Sishta Dasa:17-8-1





Contact Address:
MR.T.B. SASIDHARAN
ARRAIA, ADAPPILLY ROAD
VENNALA P O
ERNAKULAM - 682028

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 31/177cm, Chothi, Fair, B.Tech, Mechanical Engineer, Ernakulam, Pref: Ernakulam/Thrissur/ Alappuzha/Palakad, Ph:0478-2811470, Mob: 9847541470, Reg.No.22137


Email:priyagopinath58@gmail.com
Date of Birth:02-05-1988(5.35am)
Sishta Dasa:




Contact Address:
MR.GOPINATH
INDUVIHAR,CMCX,
CHERTHALA P. O
KALIKULAM
ALLEPPEY - 688524

Nair Boy, 27/6'1",Chothi,Fair,MBA ,Marketing,Associate Vice Principal Southerland Global, Chennai,Pref: Working Girl,Ph:0484-2808227,Mob: 9447141699,Reg.No.22140


Email:vinayguide@gmail.com
Date of Birth:28-9-1992(1.28pm)
Sishta Dasa:Rahu: 16-9-21




Contact Address:
DR.T.VINAYAKUMAR
VELLATT VADAKKEMADOM
VENNALA
GOVT HIGH SCHOOL ROAD
COCHIN - 682028

Nair Boy, 27/183cm, Aswathy, Fair, B.Tech,MSc(Dual degree),Software Engineer,Pref: Professionals , Ph:0484-2606141,Mob:9847046141, Reg.No. 22141


Email:emcmony@gmail.com
Date of Birth:25-06-1992(12.35Noon)
Sishta Dasa:




Contact Address:
MR.M.C.MONY
VYSHAKHAM
EAST KADUNGALLUR
U.C.COLLEGE
ALUVA -683102

Nair Boy, 31/170cm, Visakham, Fair,Diploma in Computer Science, IT Executive,Ph:0485-2842780,Mob: 9446208680,Reg.No.22142


Email:ajireghunath@gmail.com
Date of Birth:9-3-1988(1.15pm)
Sishta Dasa:




Contact Address:
MR.REGHUNATHA KAIMAL
THAZHASSERY -
PUTHENKOTTA HOUSE
KOTTAPPADY P O
KOTHAMANGALAM
ERNAKULAM - 686692

Nair Boy, 30/175cm, Thiruvathira, Fair, MBA, HR, Marketing, Dubai, Pref: Good looking,PG holder, middle class, Non matching stars, Avittom, Uthradam 3/4, Thiruvonam, Thiruvathira, Ph: 0480 - 2642126, Mob: 9961882066, Reg.No .22143


Email:neethu.kkarunakaran@gmail.com
Date of Birth:10-5-1989(9.51pm)
Sishta Dasa:Rahu : 16-10-20.24




Contact Address:
MR.K. KARUNAKARAN
PULAPPARAMBIL HOUSE
CHAKARAPADAM ROAD
MATHILAM P O
THRISSUR - 680685

Nair Boy, 30/173cm,Ayilyam, Fair, B.Tech,MBA,Associate ,Goldman Sachs ,Bangalore,Pref: Employed girl,IT Banking service,Traditonal aristocractic nair family, simple, educated and god fearing, Ph: 0484-2622846,Mob: 9446814399/ 7356831040, Reg.No.22144

Email:renjith.babu.m4@gmail.com
Date of Birth:12-5-1989(8.30am)
Sishta Dasa:Budha:9-9-19




Contact Address:
MR.R MADHAVAKUMAR
PUTHEN VEEDU
TASS ROAD
ALUVA
ERNAKULAM - 683101






# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29/175cm, Moolam, Fair, MCA(Post Graduate), Software Engineer - EY (Earst & Young), Kochi, Pref: Engineer/Degree/Post Graduate, Employed and Non Employed, Mob: 9495477332/ 9895995582, Reg.No. 22146


Email:maheshrk06@gmail.com
Date of Birth:20-03-1990(2.30am)
Sishta Dasa:




Contact Address:
MR.N.RADHAKRISHNAN
PADINJARE KUTTU
PUTHANVEEDU
KUTHIATHODE P O
CHERTHALA
ALAPPUZHA - 688533

Nair Boy, 26/5'9",Karthika, White, B.Com, MBA, Self Employed - Exporters, Pref: well educated homely girl willing to settle at Coimbatore, Mob : + 919843215541, Reg.No. 22148


Email:surao50@gmail.com
Date of Birth:20-04-1993(7.08am)
Sishta Dasa:Ravi : 2-9-27.0




Contact Address:
MRS.SHEELA MENON
AASHRAY,
NO.340,NETAJI NAGAR
NANJUNDAPURAM ROAD
COIMBATORE
TAMILNADU- 641036

Nair Boy, 39/187cm,Uthrattathi, Fair, PreDegree, ITI, Electrical Supervisor, NPCC, Abudhabi, Mob:9746242104, Reg.No22149


Email:anithavazhvelil@gmail.com
Date of Birth:29-11-1979(4.13am)
Sishta Dasa:Shani: 10-0-0




Contact Address:
SMT.T. SANTHA KUMARI
VAZHUVELIL HOUSE
MULAVUKAD P O
ERNAKULAM -682504

Nair Boy, 27/5'4",Revathy,Wheatish, B.Tech (Mechanic) VIT University, Manager-Honey Well (US Firm), Bangalore, Mob: 9946459941, Reg.No. 22155


Email:hirensnair@gmail.com
Date of Birth:18-11-1991(8.50pm)
Sishta Dasa:




Contact Address:
MR.K. K SUDHAKARAN NAIR
KOCHERY HOUSE
MUPPATHADAM P O
ALUVA
ERNAKULAM 683110

Nair Boy, 30/182cm, Punartham, 4th padam, White, MBA, Asst Manager, Synthite Industries, Pref: Papasamyam, Degree / PG, age below 27 Mob: 9744199722 / 9995638126, Reg.No .22156


Email:vishnumohan089@gmail.com
Date of Birth:31-07-1989(7.33pm)
Sishta Dasa:Guru: 2-1-5




Contact Address:
MR.MOHANDAS T R
PUNNAMADATHIL HOUSE
THAIKKATTUKARA P O
VIDAKKUZHA
ALUVA
ERNAKULAM - 683106

Nair Boy, 33/174cm,Atham, Fair, B.Tech, Mechanical Engineer, Senior Engineer, Engineers India Ltd, Chennai (PSU),Upper middle class family, Divorced (not due to own reason) - formalities completed, Mob: 9566113231/ 9447473367, Reg.No. 22157

Email:gopancv@gmail.com
Date of Birth:14-07-1986(4.28am)
Sishta Dasa:Chandra: 5-1-24




Contact Address:
MR.GOPAKUMAR C VALIATHAN
AISWARYA - NJRA 184
VASANTH NAGAR ROAD
PALARIVATTOM P O
KOCHI - 682025


## MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 28/172cm, Pooruruttathi, White fair, MBA (Manipal University), Business,Pref:PG,Employment in reputed firm or Business, Mob: 9656668279, 9809701935, Reg No: 22158


Email:ama12343@gmail.com
Date of Birth:23-09-1991 (12.05 am)
Sishta Dasa: Guru : 14.1.14




Contact Address:
MR.UNNIKRISHNAN
SARASWAYTHI BHAVAN
VADACODE P O
KANGARAPPADY
TRIKKAKARA
ERNAKULAM - 682021

Nair Boy, 28/170, Uthradom, Medium, M.Tech, Structural Engineer,Mumbai, Pref: Graduation,Ph : 9447346514, Reg No: 22161


Email:sjmenon7@gmail.com
Date of Birth:08-04-1991 (3.31pm)
Sishta Dasa : Ravi : 1.6.3




Contact Address:
MR. JAYARAMAN. N
AKKARAKATIL
CHATHAKUDAM
VALLACHIRA. P.O
TRICHUR- 680562

Nair Boy, 26/5'4",Makham,Fair, B.Com, Now studying MBA at IT Carlow, Ireland, PartTime job, Pref: Graduation,Traditional families, Mob: 9995675409, Reg.No.22162

Email:bindhuhmenon@gmail.com
Date of Birth:15-12-1992(3.40pm)
Sishta Dasa:Kethu : 0-10-0




Contact Address:
SMT.BINDU K
PULICKKAL HOUSE
NO.MUTTRA 112,
MUKKOTTIL TEMPLE ROAD
VADAKKENADA,POONITHURA
ERNAKULAM - 682038

### എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം
### 2019 ആഗസ്റ്റ്/സെപ്റ്റംബർ മാസത്തെ പരിപാടികൾ

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 15.8.19 | ഡോ. സുന്ദരി. ജി. | ആർ. പി. നായർ മേനോൻ | ജാലിയൻവാലാബാഗിലെ കൂട്ടക്കൊലയും ബ്രിട്ടന്റെ ഖേദപ്രകടനവും | 1030 |
| 22.8.19 | കല്പകവല്ലി സോമരാജൻ | സി. രാമചന്ദ്രൻ | ചന്ദ്രയാൻ – 2 | 1031 |
| 29.08.19 | ഇ.സി.എഫ് ന്റെ 2019 – ലെ ഓണഘോഷ പരിപാടികൾ | | | 1032 |
| 05.09.19 | ഓണമാകയാൽ യോഗം ഉണ്ടായിരിക്കുന്നതല്ല. | | | |
| 12.09.19 | | ഡോ. കെ.ഹരിഹരൻ | വാസ്തു | 1033 |

ഒരു നിശ്ചയവുമില്ലൊന്നിനും
വരുമോരോ ദശ വന്നപോലെ പോം.
വിരയുന്നു മനുഷ്യനേതിനോ,
തിരിയാ ലോകരഹസ്യമാർക്കുമേ.

*കുമാരനാശാൻ. ചിന്താവിഷ്ടയായ സീത. പദ്യം-11.*
*സീതയുടെ ചിന്തയിൽ ഒരു ഭാഗം -*

→

*ഒന്നിനും ഒരു നിശ്ചയവുമില്ല. ഓരോ അവസ്ഥവരും, വന്നപോലെ പോകും. മനുഷ്യൻ എന്തിനോവേണ്ടി അന്വേഷിച്ചു നടക്കുന്നു. ലോകത്തിന്റെ യഥാർത്ഥരഹസ്യം ആർക്കും മനസ്സിലാവുകയില്ല.*




# ആയുഷ്യം മെഡിക്കൽസ്




എറണാകുളം കരയോഗത്തിന്റെ സേവന പ്രവർത്തനങ്ങളുടെ ഭാഗമായി ആയുഷ്യം മെഡിക്കൽസ് എന്ന പേരിൽ ഇംഗ്ലീഷ് മരുന്നുകൾ ലഭിക്കുന്ന ഒരു മെഡിക്കൽഷോപ്പ് ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിച്ചു കൊള്ളുന്നു. ഇവിടെ അലോപ്പതി മരുന്നുകൾക്ക് 5% മുതൽ 18% വരെ ഡിസ്കൗണ്ട് ലഭിക്കുന്നതായിരിക്കും.

ഹോം ഡലിവറി ആവശ്യമുള്ളവർ ആയുഷ്യം മെഡിക്കൽസുമായി ബന്ധപ്പെടുക.

**ഫോൺ : 9446488833**

ടി.ഡി.എം. ഹാൾ കോംപ്ലക്സ്
ഡർബാർ ഹാൾ റോഡ്, എറണാകുളം – 682016



upto **35%** discount

# AYUSHYAM POLY CLINIC

Ernakulam Karayogam Navathi Memorial Polyclinic

TDM Hall Complex, D H Road, Kochi-682 016, Ph: 0484 2366160
Email: eknmpolycliniclab@gmail.com, Web: www.ernakulamkarayogam.com

| TEST NAME | PACKAGE 1 | PACKAGE 2 | PACKAGE 3 |
|---|---|---|---|
| BLOOD SUGAR F | ✓ | ✓ | ✓ |
| LIPID PROFILE (Cholesterol, Triglycerides, HDL Cholesterol, LDL Cholesterol, VLDL) | ✓ | ✓ | ✓ |
| HBA1C | | | ✓ |
| LIVER FUNCTION TEST (Bilirubin Total, Bilirubin Direct, SGOT, SGPT, ALP, Total Protein, Albumin, Globulin, A/G Ratio) | | ✓ | ✓ |
| RENAL FUNCTION TEST (Urea, Creatinine, Uric Acid) | | ✓ | ✓ |
| BLOOD ROUTINE EXAMINATION | ✓ | ✓ | ✓ |
| URINE ROUTINE EXAMINATION | ✓ | ✓ | ✓ |
| THYROID FUNCTION TEST (T3, T4, TSH) | | (TSH only) | ✓ |
| ECG | | ✓ | ✓ |
| SPECIAL RATES | Rs.500/- | Rs.750/- | Rs.1000/- |

DATE OF PUBLICATION: 10-08-2019

RNI NO. KERMAL/2008/23515

REGISTERED NEWSPAPER

M6-57945/2007

REGISTERED KL/EKM/514/2018-20
LICENSE NO. KL/CR/EKM/WPP-15/2018-20
LICENSED TO POST WITHOUT PREPAYMENT

Volume No. 12 August 2019 Issue No. 8

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി



പ്രവേശനം സൗജന്യം

**കഥകളി : ബാണയുദ്ധം (ഉഷ-ചിത്രലേഖ)**

**27.8.2019, ചൊവ്വാഴ്ച, ടി.ഡി.എം. ഹാൾ ഗംഗ, 6.30 p.m.**

**ചിത്രലേഖ - ശ്രീമതി. ശശികല എസ്.നെടുങ്ങാടി**
**ഉഷ - ഡോ.ഹരിപ്രിയ നമ്പൂതിരി**
**പാട്ട് - കോട്ടക്കൽ മധു, കലാമണ്ഡലം കൃഷ്ണകുമാർ**
**ഇടയ്ക്ക - ശ്രീ.കലാനിലയം രതീഷ്**
**മദ്ദളം - ശ്രീ.കലാനിലയം മനോജ്**
**അണിയറ - സർവ്വശ്രീ.രാമചന്ദ്രൻ, സുരേന്ദ്രൻ, അരുൺ**

**കഥാസാരം :** മഹാബലിപുത്രനായ ബാണാസുരന്റെ മകളാണ് ഉഷ. ഉഷ തോഴിയായ ചിത്രലേഖയുമൊത്ത് ഉദ്യാനത്തിൽ കളിച്ച് അവശയായി വന്ന് ചിത്രലേഖയുടെ മടിയിൽ തലചായ്ച്ച് ഉറങ്ങുന്നു. ഉറക്കത്തിൽ ഒരു പുരുഷനെ സ്വപ്നം കണ്ട് കാമപരവശയായി ഉഷ പെട്ടെന്ന് എഴുന്നേൽക്കുന്നു. കാമദേവനു സമാനമായ രൂപമുള്ള ഒരു പുരുഷൻ ഉറക്കത്തിൽ അടുത്തു വന്നു എന്നും കാമകേളികൾ ആരംഭിച്ചുവെന്നും തന്റെ വസ്ത്രം പിടിച്ചഴിക്കാൻ നോക്കിയപ്പോൾ താൻ നിദ്രവിട്ട് ഉണർന്നു എന്നും തന്റെ തോഴിയായ ചിത്രലേഖയോട് ഉഷ പറയുന്നു. പല രാജകുമാരൻമാരേയും വരച്ച് വരച്ച് അവസാനം ഉഷയുടെ സ്വപ്നത്തിൽ വന്ന പുരുഷനെ ചിത്രലേഖ കൃത്യമായി വരച്ച് കൊടുക്കുന്നു. അതാകട്ടെ ശ്രീകൃഷ്ണന്റെ പൗത്രനായ അനിരുദ്ധനാണ്.ദ്വാരകയിൽ സ്വസ്ഥമായി ഉറങ്ങുന്ന അനിരുദ്ധനെ ചിത്രലേഖ തന്റെ മായാവിദ്യകൊണ്ട് ആരുമറിയാതെ ഉഷയുടെ അന്തഃപ്പുരത്തിൽ എത്തിയ്ക്കുന്നു. എന്നിട്ട് ഉഷയെ ഏൽപ്പിക്കുന്നു.






## എറണാകുളം കരയോഗം ഫിലിം ക്ലബ്ബ്

**2019 ആഗസ്റ്റ് 25, ഞായറാഴ്ച - വൈകീട്ട് 5.00ന്**


**അടുത്ത കാലത്ത് നോത്രദാമിലെ വിഖ്യാതമായ പള്ളി വീണ്ടും അഗ്നിക്കിരയായി എന്ന വാർത്ത വന്നപ്പോൾ എല്ലാവരും ഓർമ്മിച്ചത് വിക്ടർ യുഗോവിന്റെ കൂനനെയാണ്. ആ കഥയാണ്**

## നോത്രദാമിലെ കൂനൻ (The Hunchback of Nortre Dam)

**അഭിനേതാക്കൾ : ആന്റണി ക്വീനും, ജീനലോലോബ്രിഗിഢ**

**സംവിധാനം : ജീൻ ഡിലോണി**

പ്രവേശനം സൗജന്യം




*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.